

ശ്രീമൂലംമലയാളഭാഷാഗ്രന്ഥാവലി

ഗിരിജാകല്ല്യാണം

ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

ഗ്രന്ഥാങ്കം ൫.

ഗിരിജാകല്യാണം

ഗീതപ്രബന്ധം

തിരുവിതാംകൂർ ഗവർൺമെൻറു സെക്രട്ടേറിയറ്റിലെ

ഭാഷാഗ്രന്ഥപ്രകാശകനായ

കവിതിലകൻ എസ്. പരമേശ്വരയ്യർ, എം. എ., ബി. എൽ.,

പരിശോധിച്ചു

തിരുവിതാംകൂർ ഗവർൺമെൻറിൻെറ ആജ്ഞയനുസരിച്ചു

പ്രസിദ്ധപ്പെടുത്തുന്നതു്.



തിരുവനന്തപുരം.

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചതു.

൧൧൦൩.

THE SRÎ MÛLAM MALAYÂLAM SERIES.

No. VIII.

GIRIJÂKALYÂNAM

GÎTÂPRABANDHAM

EDITED

WITH AN INTRODUCTION

AND

AN APPENDIX

BY

S. PARAMESVARA AIYAR, M. A., B. L.,
[KAVITILAKA]

Secretary to the Government of Travancore,
and
Curator for the publication of Malayalam Manuscripts.

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS
1925.

അവതാരിക.

സുപ്രസിദ്ധമായ നളചരിതം നാലു ദിവസത്തെ കഥകളിപ്പാട്ടിൻെറ കത്താവായ മഹാകവി ഉണ്ണായിവാരിയരുടെ, അത്രമാത്രം തന്നെ പ്രസിദ്ധി സിദ്ധിച്ചിട്ടില്ലാത്തതും എന്നാൽ സിദ്ധിക്കുവാൻ സവ്ഥാ അഹതയുള്ളതുമായ, ഒരു വിശിഷ്ടകൃതിയാകുന്നു ഗിരിജാകല്യാണം ഗീതപ്രബന്ധം. ഈ കൃതി ആദ്യമായി ക്രി. പി. ൧൮൭൯-ൽ "പാവ്വതിസ്വയംബരം അല്ലെങ്കിൽ ഗിരിജകല്യാണം" എന്ന പേരിൽ കൊച്ചിയിൽ സെന്തോമസ്സ് അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടു. സ്ഖലിതദുഷ്ടമായ ആ പതിപ്പിനേപ്പററി ഗോവിന്ദപ്പിള്ള സവ്വാധികായ്യക്കാർ അവർകഠ കൊല്ലം ൧൦൬൪-ൽ പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്തിയ മലയാളഭാഷാചരിത്രം രണ്ടാം ഭാഗത്തിൽ ഒന്നും തന്നെ പ്രസ്താവിച്ചു കാണാത്ത സ്ഥിതിക്ക് അത് അദ്ദേഹത്തിന്റെ ദൃഷ്ടിഗോചരമായിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. "മലയാളസാഹിത്യചരിത്രസംഗ്രഹം" എന്ന പുസ്തകം ൧൦൯൬-ൽ പ്രസിദ്ധപ്പെടുത്തിയ ശ്രീമാൻ പി. ശങ്കരൻ നമ്പിയാർ എം. ഏ. ഗിരിജാകല്യാണത്തെ "കിളി(ഹംസ)പ്പാട്ട്" എന്നു നിവ്വചിക്കുന്നതിൽനിന്ന് അക്കാലത്ത് അദ്ദേഹത്തിന് ആ ഗ്രന്ഥത്തേപ്പററി കേട്ടുകേഴ്‌വിയല്ലാതെ മറെറാരറിവുമുണ്ടായിരുന്നതായി വിചാരിക്കുവാൻ ന്യായം കാണുന്നില്ല. ഗിരിജാകല്യാണം ഒരു കിളിപ്പാട്ടോ ഹംസപ്പാട്ടോ അല്ലെന്നും കവി സ്വമേധയായി കഥ പറഞ്ഞുകൊണ്ടു പോകുന്നതും അദ്ദേഹം ഗീതപ്രബന്ധം എന്നു നാമകരണം ചെയ്തിട്ടുള്ളതുമായ ഒരു ഗാനമാണെന്നും പറയേണ്ടതില്ലല്ലോ. സെന്തോമസ്സ് അച്ചുക്കൂടക്കാരുടെ ആ പഴയപതിപ്പു ഞാൻ ബാല്യത്തിൽ എവിടെവച്ചോ വായിച്ചു ഒരോമ്മ അദ്ധവിസ്മൃതിയിൽ ആണ്ടുകിടന്നതിനാൽ വത്തമാനപ്പത്രം വഴി അതിനേപ്പററി തിരക്കുകയും അതിൻെറ ഫലമായി മാന്നാററു കുട്ടമ്പേരൂർ ശ്രീവിദ്യാപ്രകാശിനീസംസ്കൃതപാഠശാലയിൽ ഒരദ്ധ്യാപകനായ എൻെറ സ്നേഹിതൻ ശ്രീമാൻ

വി. ജി. കൊച്ചുകൃഷ്ണനാശാന്റെ കൈവശമുണ്ടായിരുന്ന അതിന്റെ ഒരു പ്രതി എനിക്കു കിട്ടുവാനിടവരികയും ചെയ്തു. എന്റെ പതിപ്പിന്റെ അച്ചടി കഴിഞ്ഞതിനുമേലാണ് എനിക്ക് ആ പുസ്തകം കിട്ടിയതെന്നുവരികിലും ഒരൊററ ഗ്രന്ഥത്തെ മാത്രം ആശ്രയിച്ചതും ആരും തന്നെ പരിശോധിക്കാത്തതുമായ- അതു മുൻകൂട്ടി ലഭിക്കാത്തത് ഒരു നഷ്ടമായി തോന്നിയില്ല. ഗിരിജാകല്യാണത്തിന്റെ പ്രഥമകാണ്ഡം (ഖണ്ഡമെന്നും ചില ഗ്രന്ഥങ്ങളിൽ കാണുന്നു) പ്രശസ്തപണ്ഡിതനായ എന്റെ സ്നേഹിതൻ ശ്രീമാൻ പി. കെ. നാരായണപിള്ളയുടെ ഒരു ചെറിയ ടിപ്പണിയോടുകൂടി ചേർത്തല ദിവാൻബഹദൂർ കൃഷ്ണൻനായർ വായനശാലയുടെ ഭാരവാഹികൾ ൧൦൮൦-ൽ അച്ചടിപ്പിക്കയുണ്ടായി. എന്റെ പതിപ്പിനു ഞാൻ ഉദയമ്പേരൂർ മങ്ഗലശ്ശേരി ഇല്ലത്തു ശ്രീമാൻ ശ്രീധരൻ കണ്ടൻ നമ്പൂരിയുടെപക്കൽനിന്നും മററും മഹാമഹോപാദ്ധ്യായൻ ഗണപതിശാസ്ത്രി അവർകൾ സമ്പാദിച്ച രണ്ടും, കല്ലൂർകോട്ടു കിഴക്കേടത്തു ശ്രീമാൻ ചന്ദ്രശേഖരവാരിയരുടെ ഗ്രന്ഥശാലയിൽനിന്നു പണ്ഡിതർ വടക്കുംകൂർ രാജരാജവർമ്മരാജാവു കൊണ്ടുവന്ന ഒന്നും, ഇങ്ങനെ മൂന്നു ഗ്രന്ഥങ്ങളെ അവലംബിച്ചു. ഗണപതിശാസ്ത്രികൾ സമ്പാദിച്ചതിൽ ഒരു ഗ്രന്ഥം

"കോപ്പതെല്ലാം കണ്ടു താൽപരിയം പൂണ്ടു
കൂപ്പിടാതേ നിന്നു ശീഷ്ടതി ചൊല്ലിനാൻ."

എന്ന ഭാഗത്തിൽ അവസാനിക്കുന്നു. മററു രണ്ടു ഗ്രന്ഥങ്ങളും സാമഗ്രങ്ങൾ തന്നെ. ഒന്നിലധികം ഘട്ടങ്ങളിൽ എന്റെ മനസ്സിനു നിർദ്ദോഷമെന്നു തോന്നിയ ഒരു പാഠം കണ്ടുപിടിക്കുവാൻ ഒട്ടുവളരെ പണിപ്പെടേണ്ടിവന്നു എന്നുപറയേണ്ടതില്ലല്ലോ.

ഉണ്ണായിവാരിയരുടെ കാലത്തേയും കവിതകളെയും പററി അനേകം അന്വേഷണങ്ങൾ നടത്തിയതിന്റെ ഫലമായി ഇതുവരെ കേരളീയരുടെ അറിവിൽപ്പെട്ടിട്ടില്ലാത്ത ഏതാനും ചില വിവരങ്ങൾ ലഭിക്കുവാൻ ഇടവന്നു. അവയെ ഈ അവസരത്തിൽ ഭാഷാഭിമാനികളെ ഗ്രഹിപ്പിക്കുന്നതിന് എനിക്കു പ്രത്യേകം സന്തോഷമുണ്ട്. ഈ വിഷയത്തിൽ എനിക്ക് അമൂല്യങ്ങളായ പല സഹായങ്ങളും ചെയ്തുതന്നിട്ടുള്ള എന്റെ സ്നേഹിതൻ കേരളപുത്രാദിഗ്രന്ഥകർത്താവായ ശ്രീമാൻ അമ്പാടി നാരായണപ്പു

ത്തുവാളുടെ പേരിൽ എനിക്കുള്ള കൃതജ്ഞത വാക്കുകളാൽ പരിച്ഛേദിക്കാവുന്നതല്ല.

കൊച്ചിസ്സീമയിൽ പ്രസിദ്ധവും പാവനവും ആയ ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിന്റെ തെക്കേഗോപുരത്തോട് അടുത്തുകിടക്കുന്ന 'അകത്തൂട്ട വാരിയ'ത്തിലാണ് നമ്മുടെ മഹാകവി ജനിച്ചത്. അകത്തൂട്ട വാരിയന്മാർക്കു പണ്ടേക്കുപണ്ടേ കൂടൽമാണിക്യക്ഷേത്രത്തിൽ കഴകമുണ്ട്. ഉണ്ണായിവാരിയരുടെ സാക്ഷാൽ നാമധേയം രാമൻ എന്ന് ആയിരുന്നു. രാമൻ 'ഉണ്ണിരാമൻ' ആയും ഉണ്ണിരാമൻ (ഉണ്ണിരാമവാരിയർ= ഉൺരാമവാരിയർ=ഉൺരായിവാരിയർ=ഉണ്ണായിവാരിയർ) ഉണ്ണായിയായും പരിണമിച്ചാണ് രാമവാരിയർ ഉണ്ണായിവാരിയരായി തീൎന്നത്. സ്വന്തം അമ്മാവൻ തന്നെയായിരുന്നു വാരിയരുടെ ഗുരുനാഥൻ. ബാല്യത്തിൽ ഒരിക്കൽ അമ്പലത്തിലെ കഴകപ്രവൃത്തിക്ക് എന്തോ വീഴ്ച വരുത്തുകയാൽ മാതുലനു മരുമകനെ ശാസിക്കേണ്ടിവന്നു. അപ്പോഴം അദ്ദേഹത്തിന്റെ മുഖത്തിൽനിന്നു നിൎഗ്ഗമിച്ച ഒരു ഭൃതകവനമാണ് താഴെക്കാണുന്ന ഭാഷാശ്ലോകം.

> താഡിക്കേണ്ടെന്നു ചൊല്ലിക്കൊടിയ തടിയുമായ്
>   പ്രാണനിൎയ്യാണകാല-
> ത്തോടിച്ചാടിക്കൃതാന്തത്തടിയനടിയനെ-
>   പ്പേടിപ്പാട്ടും ദശായാം
> കോടക്കാർമേഘവൎണ്ണം തഴുകിയ വനമാ-
>   ലാവിഭൂഷാഞ്ചിതം തേ
> കൂടക്കാണായ്‌വരേണം തിരുവുടലരികേ
>   കൂടൽമാണിക്യമേ! മേ.

'താഡിക്കേണ്ട്' എന്നുവച്ചാൽ 'താഡിക്കുന്നുണ്ട്' എന്നാണൎത്ഥം. ഇതുകൂടാതെ വാരിയരുടെ വകയായി ഒരു ഭാഷാശ്ലോകം കൂടി കേട്ടിട്ടുള്ളതു താഴെ ഉദ്ധരിക്കാം.

> നില്ലപ്പാ! നിലനില്ല പോത്തുമിവിടെ-
>   ത്തന്നേ മലർക്കന്നിയാം
> വല്ലിക്കെട്ടുമണിഞ്ഞു മൃന്നുചകിലും
>   വിസ്താൎയ്യ പത്രാവലിം

തെല്ലുറംച്ചേന്നു കലീപിനീപരിസരേ
നില്ക്കുന്ന കല്പദ്രുമം
ചൊല്ലിക്കൊണ്ടതു നല്കും; എന്തിനു മന-
ക്കാമ്പേ! മഹീചങ്ക്രമം?

കലീപിനി' ഇരങ്ങാലക്കുടക്ഷേത്രക്കുളത്തിന്റെ പേരാണത്രേ.

വാരിയരുടെ കവിതകളിൽ സർവ്വഥാ പ്രാധാന്യം വഹിക്കുന്നതു 'രാമപഞ്ചശതീസ്തോത്രം' എന്ന സംസ്കൃതകാവ്യമാണ്. അതു മഹാകവി മേല്പുത്തൂർ നാരായണഭട്ടതിരിയുടെ ഗുരുവായുപുരേശസ്തവമായ 'നാരായണീയ'ത്തെ അനുകരിച്ചു നിർമ്മിച്ചിട്ടുള്ളതും അൻപതു ദശകങ്ങളിലായി അഞ്ഞൂറിൽപ്പരം ശ്ലോകങ്ങളടങ്ങിയതുമായ ഒരു സാരസ്വതപ്രവാഹമാകുന്നു. രാമായണമാണ് കാവ്യത്തിലെ പ്രതിപാദ്യവിഷയം; രാമനാണ് കാവ്യകർത്താവ്. അതിനാൽ ഭട്ടതിരിയുടെ കാവ്യം എങ്ങനെ 'ഭേധാ നാരായണീയ'മോ അതുപോലെ വാരിയരുടെ കാവ്യവും 'ഭേധാ രാമപഞ്ചശതീസ്തോത്രം' തന്നെ. പരിണതപ്രജ്ഞനും ഭാവനാകുശലനും ആയ വാരിയർ ഈ കാവ്യത്തിൽ ശബ്ദവിഷയകമായി പ്രസാദംകൊണ്ടല്ലെങ്കിലും പ്രൌഢതകൊണ്ടു ഭട്ടതിരിയേക്കൂടി ഒന്നു തല കുനിപ്പിക്കുന്നില്ലയോ എന്നു തോന്നിപ്പോകുന്നു. ഉദാഹരണത്തിനായി ആദ്യത്തെ ദശകം ഉദ്ധരിക്കാം.

ആനന്ദോദയഹേതുരിന്ദുദൃഷദാ-
മിന്ദുർമ്മുനീനാം ധിയാ-
മാവൃന്ദാരകമാലിപീലികമിഹിരഃ
പ്രസ്യന്ദസൂത്രനിര്യാ സരിതഃ
ശ്രീവത്സാദ്ഭുതകൌസ്തുഭോജ്ജ്വലവപുഃ
ശ്രീവാസുദേവസ്സ്വയം
ശ്രീമത്സംഗമമന്ദിരേ വിഹരതേ
ശ്രേയഃപ്രദായീ നൃണാം.

ഗുണപൻ ഷഡ്ഗുണധൃദ്ഗുണൻ സ്വതമനാ
സ്സം ചിന്തയൻ സന്തതം
തന്പന്നച്ഛനവന്ദനേ ഭജതി യോ
യസ്യൈവ ദാസ്യം ഗതഃ

ധന്യോ/ന്യസ്യ മനോജഃ കദാപി ന പുനഃ
സ്തന്യം ജനന്യാഃ പിബേൽ;
തം നാഥം ജഗതാം നമാമി ശിരസാ
ശ്രീസംഗമേശം ഹരിം.

മഞ്ജുസ്വർണ്ണകിരീടമഞ്ജനശിലാ-
ഭാളീകചഞ്ചൽകചം
കിഞ്ജല്ക്കോപമചില്ലിവല്ലിവലനൈ-
വ്യഞ്ജൽപ്രപഞ്ചസ്ഥിതിം
കഞ്ജാന്തർദ്ദളനേത്രമുന്നസമഭി-
ന്യഞ്ചന്മണീകുണ്ഡലം
സഞ്ജല്പാമൃതഫേനപുഞ്ജഹസിതം
സഞ്ചിന്തയേ തേ മുഖം.

കണ്ഠാലംകൃതകൌസ്തുഭം കരലസൽ-
കൌമോദകീകംബുരാം-
കണ്ഠാരാതിസുദർശനാക്ഷഗുണധികം
ശ്രീവത്സലക്ഷ്മാങ്കിതം
നിക്ഷിപ്തത്രിജഗൽകൃശോദരലസ-
ന്നാഭിസ്ഥനാളീകജ-
ന്യക്ഷിപ്താദ്രിതവേദമാനമതു മേ
മോദം തവേദം വപുഃ

പ്രീതം ഗാഢനിവീതപീതവസന-
വ്യാസംഗികാഞ്ചീഗുണ-
ബാധിപ്രാപ്രപദീനനീവിനിഭൃതം
പീനോരുമാരാധ്യമേ
ആപീദൽസനകാദ്ഭുതം പദയുഗം
പാസീനധാത്രീരമാ-
ദാസീചാരിതചാമരം വരമിദേ
തച്ചം സംഗമേശ്വര!

പൂർവം പുഷ്കരവിഷ്ടരഃ പുനരഹോ
വിഷ്ണുഃ പുനാരുദ്ര ഇ-
ത്യേവം യുഷ്മരതാം പൃഥഗ്വ്യവഹൃതിഃ കിം
സൃഷ്ടിസ്ഥിതിധ്വംസനേ?

സൃഷ്ടം രക്ഷസി; രക്ഷ; രക്ഷിതമലം
സംഹൃത്യ; കൃത്യാദിതോ
ദുഷ്ടാത്തിഷ്ഠ വിരമ്യ; സമ്യഗിതി കിം
പിത്രാസി വിത്രാസിതഃ?

ന്യസ്തം ചേതസി യദ്യദദ്യ യതിതും
നിസ്തന്ദ്രചിത്തൈർന്നദി-
സ്തത്തൽ സ്മര്യത ഏവ സുപ്തബുധിതൈ
ർദത്തം തവയേത്യൈഹികം;
വിത്തം വസ്ത്രമപത്യമിത്രദയിതാ-
ഭൃത്യാദി വാ ഭക്തയേ
പ്രത്തം ഭക്തജനായ തത്തദവിതും
യത്തോഽസി തത്തോഷിതഃ.

പുന്നഃപുണ്യപരംപരാമിഹജനേഷു
ജാനാതി മർത്ത്യോ ന താം
...ന്നഃപുണ്യചിതാം പുരാതനജനേഷു
ഽസ്വപ്നാതിയത്നേന യഃ
പ്രീണാതി ശ്രുവണത്വഗക്ഷിരസന-
ഘ്രാണാനി യേനാനിശം
പ്രാണാതിപ്രണയാവശേ ബത പശൌ
ദേവേ ദയാർദ്രേ ദൃശൌ.

...ത്യുരത്നമയോഘനോസ്ത്യപഘനോ
രായോംബുധാരാസമാ
ജാ...പുത്രമുഖാ ജനാശ്ച ബഹവ-
സ്സന്ത്യന്തികേ യദ്യപി
രായുരച്ഛദവൽ തഥാപി മമ ഭ്രൂ-
ന്മാലിന്യമന്യത്ര മാ;
...പീയൂഷപ്രവാഹം ബിഭ്രഷ്ട നയനേ
ദൃഷ്ടീതാനനകമ്പാഘനേ.

ഹീനപ്രായമവൈരിതോഽന്യദഫലം
ജാനദ്ഭിരേവാഖിലം
ധ്യാനപ്രാഘുണികീകൃതം യദതാപീ-
ന്യൂനപ്രഭം യോഗിഭിഃ

ഏനൽ പാവനതാസുധാകതശശട്ടൽ
ഭാനുപ്രകാശാംശുസ-
ഹ്യാനല്പാമൃതമീക്ഷിതും തവ വപു
പ്രാണപ്രയാണേ വൃണേ.

ആരണ്യകാണ്ഡത്തിൽ നിന്ന് ഒരു പദ്യം താഴെ ചേർത്തുകൊള്ളുന്നു.

നിരവർണയൽ സ വരവർണിനീമുഖം
മതിനിർണയായ യതിവർണയാ ദൃശാ
സമവർണയച്ചരണചണ്ഡതാം തവ
സ്വരവർണശുദ്ധപദഷണ്ഡയാ ഗിരാ.

താഴെ കാണുന്നതു സുന്ദരകാണ്ഡത്തിലെ ഒരു പദ്യമാണ്.

സൌധേ ഹർമ്മ്യേ സഞ്ജവനേ ചാപ്യവരോധേ
സീതാദേവീമേഷ വിചിന്വന്നവലോക്യ
കങ്കേളീനാം കല്പതരൂണാം വിപിനേ/സൌ
ക്ലാന്തോ മദ്ധ്യേശിംശപമാസ്ത ക്ഷണമാത്രം.

യുദ്ധകാണ്ഡത്തിൽനിന്ന് ഒരു ശ്ലോകംകൂടി ഉദ്ധരിക്കട്ടെ.

ത്വദ്ബാണേഭ്യസ്സബിഭ്യത്ത്വരിതമവരജം
ബോധയൻ കുംഭകർണ്ണം
തദ്ബാഹുച്ഛായയാർത്തൻ സ്വരിപുമുപശമ-
യ്യാസ്ത പുത്രേണ സാർദ്ധം;
കല്പാന്തോന്നിദ്രരുദ്രപ്രതിഭടവപുഷാ
ശൂലിനാ തേന തേനേ
ദുർബാധാ യാ കപീനാമശനിരജനി സാ
പാദപാതാ തവാന്തേ.

നാല്പത്തൊൻപതാമത്തെ ദശകത്തിൽ ഗ്രന്ഥകർത്താവു തന്നെപ്പറ്റി പ്രകടമായി ചില വിവരങ്ങൾ പ്രസ്താവിക്കുന്നുണ്ട്.

ഭവന്മാലാകാരോ ഭജനവിമലാകാരകരണോ
സ്മൃഹം രാമോ രാമായണമഭണമേവം തവ പുരാ;
സുഖം മാലേയൈതൽ സരസപദപുഷ്പൈരുരചിതാ
ജഗന്മാതുർമോദം ദിശതു സാററാസാതതവ ഹൃദി.

ഇതിൽനിന്നു കവിയുടെ നാമധേയം രാമനെന്നും അദ്ദേഹത്തിന്റെ വൃത്തി ഇരിങ്ങാലക്കുടക്ഷേത്രത്തിൽ മാലകെട്ടെന്നും വിശദമാകുന്നുണ്ടല്ലോ. ആ ദശകത്തിൽ തന്നെയുള്ള മറ്റൊരു ശ്ലോകമാണ് താഴെ കുറിക്കുന്നത്.

ബുധോ വാ മൂഢോ വാസ്ത്വിഹ കവയിതാ സ്യാൽ കിമിയതാ?
ശ്രുത്വാ വാത്മീകീയാദ്ഗുരുപതികഥാ യേന ഹി യഥാ
തദ്ഗേയം. തസ്യാ യദ്ഭ്രമകലനകാലേ പരിണമേത്
പ്രസത്ത്യൈ ശ്രോതൄണാം ഫലമിദമൃതേ കിം കവികൃതേ?"

ഗ്രന്ഥസമാപ്തിയിലുള്ളതാണ് അധോലിഖിതമായ പദ്യം.

ശീതം നാതി സഹേ ന ചോഷ്ണമപി ച
ശ്രീസംഗമാധീശ്വര!
സ്വാതന്ത്ര്യേ ചകിതസ്തദസ്മി; സുഖിത
സ്ത്വൽപാരതന്ത്ര്യേ സ്മൃതേ;
ദേഹേ ധാതുഷു ചേന്ദ്രിയേഷു ശിരസി
സ്വാന്തേ തഥാന്തർബ്ബഹി
സ്സർവ്വാംഗേഷ്വപി മേ തവൈവ കരുണാ
പീയൂഷധാരായതാം."

ഈ സ്തോത്രത്തിൽ പ്രഥമശതകം കൂടൽമാണിക്യസ്വാമിയുടെ കേശാദിപാദമാണെന്നു കണ്ടുവല്ലോ. അന്ത്യദശകം പാദാദികേശമാണ്. ഈ വിഷയത്തിൽ വാരിയർ ഭട്ടതിരിപ്പാട്ടിലെ അനുകരിക്കുന്നില്ല. ഭട്ടതിരി തന്റെ കാവ്യം ഒരു കേശാദിപാദംകൊണ്ടത്രേ സമാപിപ്പിക്കുന്നത്.

രാമപഞ്ചശതീസ്തോത്രത്തിനു പത്തുപതു കൊല്ലങ്ങൾക്കു മുൻപു രാമൻനമ്പിടി എന്നൊരു വിദ്വാൻ ഒരു ലഘുവ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. അത് അന്ന് ഇരിങ്ങാലക്കുടവാരിയത്തിൽ മൂപ്പായിരുന്ന പ്രസിദ്ധജ്യോതിഷികൻ ശങ്കുവാരിയരുടെ ആവശ്യപ്രകാരം ആയിരുന്നു എന്നു താഴെ ഉദ്ധരിക്കുന്ന വ്യാഖ്യാതൃപദ്യത്തിൽനിന്നു വെളിവാകും.

ധീമാൻ പാരശവാഗ്രണീർവ്വിജയതേ
ജ്യോതിർവ്വിദഗ്രേസരഃ
ഖ്യാതോ ദക്ഷിണമന്ദരസ്വാധിവാസൻ
യഃ ശൂദ്രാഖ്യോഽമലഃ

രാമസ്തസ്യ ഗിരാഽവികല്പിതമതി
സ്സ്വല്പസ്യ ചാത്മാമിത
സ്സ്യേമാം പഞ്ചശതീസ്തവസ്യ വിവൃതിം
കുവേ യഥാമത്യഹം.

ഏറെക്കാലം ഇരിങ്ങാലക്കുടയിൽ കഴിച്ചുകൂട്ടിയതിനു ശേഷം വാരിയർ കുറെ നാശം തൃശ്ശിവപേരൂർ താമസിച്ചു വടക്കുന്നാഥസ്വാമിയെ ഭജിക്കുകയുണ്ടായി. അക്കാലത്ത് അദ്ദേഹം വടക്കുന്നാഥസ്തുതിയായി പല കീത്തനങ്ങളും നിമ്മിച്ചിട്ടുള്ളതിൽ ഏതാനും ചിലത് എൻെറ കൈവശം വന്നുചേന്നിട്ടുണ്ട്. അവ ഒരം ഗ്രന്ഥത്തിൻെറ അനുബന്ധമായി ഒടുവിൽ പ്രസിദ്ധപ്പെടുത്തുന്നു. ആ അവസരത്തിൽ അന്നു തൃശ്ശൂരിലും മററും നാടുവാഴിസ്ഥാനമുണ്ടായിരുന്ന ചങ്ങരൻകോതകത്താവുമായി വാരിയക്കു പരിചയപ്പെട്ടവാൻ ഇടയാകുകയും കത്താവിൻെറ ആജ്ഞാനുസാരം വടക്കുന്നാഥക്ഷേത്രത്തിലേക്കു തൻെറ ഒരു വഴിപാടെന്ന നിലയിൽ ആ മഹാകവി ഗിരിജാകല്യാണം ഗീതപ്രബന്ധം നിമ്മിക്കുകയും ചെയ്തു. ഇത് എൻെറ കൈവശം കിട്ടീട്ടുള്ള ഒരു ഗ്രന്ഥത്തിൻെറ അവസാനത്തിൽ ഗ്രന്ഥകത്താവു തന്നെ കുറിച്ചിട്ടുള്ള ഒരു പദ്യത്തിൽനിന്നു വിശദമാകുന്നു

„ഗിരിജാകല്യാണമിദം
നിരമാദലിഖച്ച രാമപാരശവഃ
സങ്കടമോചനഹേതോ-
ശ്ശങ്കരഗോദപ്രഭോന്നിദേശേന."

ഇതിൽനിന്നു ഗിരിജാകല്യാണം കവിതന്നെ നിമ്മിച്ച് ആദ്യം ഒരു ഗ്രന്ഥത്തിൽ എഴുതിയതായി കാണുന്നു.

നളചരിതം കഥകളിപ്പാട്ടു വാരിയരുടെ ഒടുവിലത്തെ കൃതി എന്ന് ഊഹിക്കുന്നു.

ഉണ്ണായിവാരിയരുടെ ജീവിതകാലത്തേപ്പററി ഒരഭിപ്രായം പറയുന്നതിനു വളരെ ആലോചിക്കേണ്ടിയിരിക്കുന്നു വാരിയർ കൊല്ലം ൻ൦..൫-ാ മാണ്ടിടയ്ക്കു ജനിച്ചു എന്നും ൻ൯൫-ാമാണ്ടിടയ്ക്കു തിരുവനന്തപുരത്തു വന്നു കാത്തികതിരുനാറം രാമവമ്മ മഹാരാജാവു തിരുമനസ്സിലേ മുഖംകാണിച്ചു എന്നും അന്നു ഇവിടെ വച്ചു മഹാകവി കുഞ്ചൻനമ്പിയാരുമായി പരിചയപ്പെട്ടു എന്നും ടിപ്പുവുമായുള്ള യുദ്ധത്തേപ്പററി

ചില മണിപ്രവാളശ്ലോകങ്ങൾ ഉണ്ടാക്കിയെന്നും ൯൨൭-ാമാണ്ട് ഇരിങ്ങാലക്കുടവച്ച് ൬൧-ാമത്തെ വയസ്സിൽ മരിച്ചു എന്നും സൂക്ഷ്മം പോലെ ൧൦൫൬-ലെ ഭാഷാചരിത്രം ഒന്നാംപതിപ്പിൽ പറഞ്ഞു കാണുന്നതു യാതൊരു രേഖയേയും അടിസ്ഥാനപ്പെടുത്തിയല്ലെന്നു തെളിയിക്കുവാൻ പ്രയാസമില്ല. രണ്ടാംപതിപ്പിൽ ൯൫൫-ന് ഇടയ്ക്കു് അല്ല ൯൮൦-ന് ഇടയ്ക്കാണ് വാരിയർ കാർത്തികതിരുനാൾ തിരുമേനിയെ മുഖംകാണിച്ചത് എന്നു പഴയ ഐതിഹ്യത്തെ സ്വല്പം ഭേദപ്പെടുത്തി പറഞ്ഞിരിക്കുന്നതും വിശ്വാസയോഗ്യമല്ല.

> "അപി ച മമ ദയിതാ
> കളിയല്ലനതിചിരസൂതാ
> പ്രാണൻ കളയുമതിവിധുരാ
> എന്നാൽ കുലമിതഖിലവുമറുതിവന്നിതു."

എന്ന നളചരിതം ഒന്നാംദിവസത്തെ കഥയിലെ പദഖണ്ഡം അറമാണ് എന്നൊരൈതിഹ്യമുണ്ടു് എന്നും ഉണ്ണായിവാരിയർ സന്തതിയില്ലാതെയാണ് മരിച്ചത് എന്നും ഉള്ളതു നിർവിവാദമാണ്. വാരിയരുടെ മരണശേഷം അകന്ന ഒരു ശാഖയിൽ ഒററയായി ശേഷിച്ച ഒരനന്തരവൻ തൃശ്ശൂരിനടുത്തു കുട്ടനല്ലൂർ വാരിയത്തുനിന്ന് അകത്തൂട്ടവാരിയത്തേക്കു ദത്തുവച്ചു. അതിനു രണ്ടു തലമുറയ്ക്കുമേലാണ് ഒരു പ്രസിദ്ധജ്യോതിശ്ശാസ്ത്രജ്ഞനായ ഇട്ടുണ്ണിക്കണ്ടവാരിയർ കുടുംബത്തിൽ മൂപ്പനായതെന്നത്രേ ഐതിഹ്യം. ഇട്ടുണ്ണിക്കണ്ടവാരിയർ ൯൯൨-ൽ തന്റെ മകൻ തൃപ്പാലക്കടത്തു ശങ്കുവാരിയരെ അമ്മയോടുകൂടി ദത്തെടുത്തു കുടുംബത്തേക്ക് അവകാശിയാക്കിത്തീർത്തു. ആ ദത്തുപത്രം ഇപ്പോഴും ഉണ്ട്. അദ്ദേഹം ൭൦-ൽ ചില്വാനം വയസ്സു ജീവിച്ചിരുന്നതിനു ശേഷം കൊല്ലം ൧൦൨൦-ാമാണ്ടിടയ്ക്കു കാലധർമ്മത്തെ പ്രാപിച്ചു. പിന്നീടു രാമൻനമ്പിടിയെക്കൊണ്ടു രാമപഞ്ചാശതീസ്തോത്രം വ്യാഖ്യാനിപ്പിച്ച ശങ്കുവാരിയർ മൂപ്പനായി. അദ്ദേഹം ൭൮-വയസ്സോളം ജീവിച്ചിരുന്ന് ൧൦൬൮-ൽ അന്തരിച്ചു. ശങ്കുവാരിയർ ശ്രാദ്ധം ഊട്ടിവന്ന പൂർവികന്മാരുടെ കൂട്ടത്തിൽ രാമൻ എന്നൊരു പേർ കാണുന്നില്ല. ഉണ്ണായിവാരിയർ ഇട്ടുണ്ണിക്കണ്ടവാരിയരുടെ അടുത്ത പൂർവികനായിരുന്നില്ല എന്നുള്ളത് ഇതിൽനിന്നു വിശദമാകും. ശങ്കുവാരിയരുടെ കാലത്തിനിപ്പുറം കുറേക്കൊല്ലം ജ്യോതി

ഷവിദ്വാൻ കുട്ടൻവാരിയർ കുലമഹിമയെ പരിപാലിച്ചു പോന്നിരുന്നു. ഇപ്പോഴത്തെ കാരണവൻ ഈശ്വരവാരിയരാണ്.

കുഞ്ചൻനമ്പിയാർക്ക് എന്നതുപോലെ യാതൊരു ക്ഷേത്രാനുഭവവും കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ഉണ്ണായിവാരിയർക്കു പതിച്ചുകൊടുത്തതായി കാണുന്നില്ല. കായംകുളം രാജ്യം പിടിച്ചടക്കിയ അവകാശവഴിയാണല്ലോ തിരുവിതാംകൂറിലേക്ക് ഇരിങ്ങാലക്കുടക്ഷേത്രത്തിലെ മേൽക്കോയിമ്മസ്ഥാനം സിദ്ധിച്ചത്. പണ്ഡിതപക്ഷപാതിയായ കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ഇരിങ്ങാലക്കുടക്ഷേത്രത്തിലെ കഴകപ്രവൃത്തിക്കാരനായ ഒരു മഹാകവി തന്നെ സന്ദർശിച്ചിരുന്നാൽ അദ്ദേഹത്തിനു വല്ല പ്രത്യേകാനുഭവങ്ങളും ആ ക്ഷേത്രത്തിൽത്തന്നെ പതിച്ചുകൊടുത്തിരിക്കുവാൻ ഇടയുണ്ടു്. അവിടുന്നു സ്ഥാപിച്ച വലിയകൊട്ടാരം ഗ്രന്ഥപ്പുരയിൽ ഗിരിജാകല്യാണം ഗീതപ്രബന്ധത്തിന്റെയോ രാമപഞ്ചശതീസ്തോത്രത്തിന്റെയോ ഒരു താളിയോലപ്രതിപോലും കാണുന്നില്ല. നളചരിതം കഥകളി തിരുവനന്തപുരത്തുവച്ചു നിൎമ്മിച്ചു എന്നുള്ളതിനു യാതൊരു തെളിവുമില്ല. നേരേമറിച്ചു ൯൭൦-ാമാണ്ടിടയ്ക്കു വാരിയർ ഇവിടെ വരികയും കുറേക്കാലം താമസിക്കയും ചെയ്തിരുന്നു എങ്കിൽ വലിയ ഒരു സംസ്കൃതപണ്ഡിതനായ അദ്ദേഹം മഹാകവി അശ്വതിതിരുനാൾ തിരുമേനിയെ അനുകരിച്ചു സംസ്കൃതശ്ലോകങ്ങൾ കൊണ്ടു തന്നെ ആദ്യന്തം തന്റെ കഥകളി പൂരിപ്പിച്ചിരുന്നിരിക്കുവാനാണ് എളുപ്പമുള്ളതു്. "കാതിലോലാ; നല്ലതാളി" "കരി കലക്കിയ കുളം; കളഭം കലക്കിയ കുളം" "ചോററിൽക്കിടക്കുന്ന പന്നിത്തടിയനും; പായേ ശയിക്കുന്ന പോത്രിപ്രവരനും"; ഈ മൂന്ന് ഐതിഹ്യങ്ങൾക്കും വലിയ വിലയൊന്നും വയ്ക്കേണ്ടതില്ല. കാളിദാസനേയും ഭവഭൂതിയേയുമോ എഴുത്തച്ഛനേയും കണ്ണശ്ശനേയുമോ പററിയുള്ള ഐതിഹ്യങ്ങളേയും, "പരിപാതതി പയോനിധൌ പതംഗഃ" "പുടായ്ക്കിൽത്തുളസീദളം യമഭടത്തല്ലിന്നു പൂടായ്‌വരും" മുതലായ പദ്യങ്ങളുടെ കർത്തൃത്വത്തെ സംബന്ധിച്ചുള്ള പഴങ്കഥകളേയും, ഇക്കാലത്ത് ആർ വിശ്വസിക്കുന്നു? ഉദ്ദണ്ഡശാസ്ത്രികൾക്കും കാക്കശ്ശേരിഭട്ടതിരിക്കും തമ്മിൽ നടന്നതായി കേരളീയൈതിഹ്യം ഘോഷിക്കുന്ന "ആകാരോ ഹ്രസ്വഃ; നാഹി നാസ്യാകാരോ ദീൎഘഃ" ഇത്യാദി സംഭാഷണം ചോളദേശ

ത്തിൽ വേദാന്തദേശികനും ഒരു അദ്വൈതിക്കും നടന്നതായത്രേ ഐതിഹ്യം. വേദാന്തദേശികർ ഉദ്ദണ്ഡനെ അപേക്ഷിച്ചു പ്രാക്തനനായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

മേൽ വിവരിച്ച ന്യായങ്ങളാൽ ഉണ്ണായിവാരിയർ കുഞ്ചൻനമ്പിയാരുടെ സമകാലികനായിരുന്നു എന്നുള്ള വിശ്വാസത്തിനു സാരമായ ഉടവു തട്ടുന്നുണ്ട്. ഇനി കൊല്ലം പത്താംശതകത്തിന്റെ മദ്ധ്യകാലത്തല്ല അദ്ദേഹം ജീവിച്ചിരുന്നതെങ്കിൽ പിന്നെ ഏതുകാലത്തായിരുന്നു എന്നു നോക്കാം. രാമപഞ്ചശതീസ്തോത്രം ൪൯-ാം ദശകത്തിൽനിന്നു ഞാൻ ഉപരി ഉദ്ധരിച്ച ഒരു പദ്യത്തിൽ "അനുകലനകാലേ പരിണമേൽ പ്രസത്യൈ" എന്നൊരു ഭാഗം കാണുന്നുണ്ടല്ലോ. അതിൽ "പരിണമേൽ പ്രസത്യൈ" എന്നുള്ളത് അനുകലനകാലമായ കലിദിനത്തെ കാണിക്കുന്നു എന്നത്രേ ചില പണ്ഡിതന്മാരുടെ പക്ഷം. അങ്ങനെയാണെങ്കിൽ കൊല്ലം ൬൯൮ ഇടവമാസം ൫൫-ാനു വെള്ളിയാഴ്ച നാൾ ആ ശ്ലോകം നിർമ്മിച്ചതായി വരുന്നു. എന്നാൽ ആ ഭാഗം കലിസംഖ്യയെ സൂചിപ്പിക്കുന്നതായി രാമൻനമ്പിടി അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞുകാണുന്നില്ല.

രാമനാട്ടത്തിന്റെ ഉദയം കൃഷ്ണനാട്ടത്തിന്റെ ആവിർഭാവത്തിനു മേലായിരുന്നു എന്നുള്ളതു നിസ്തർക്കമാണല്ലോ. കൃഷ്ണനാട്ടത്തിന്റെയും പൂർവ്വഭാരതചമ്പുവിന്റെയും കർത്താവായ മഹാകവി കോഴിക്കോട്ടു മാനവേദൻ രാജാവ് ആ രണ്ടു ഗ്രന്ഥങ്ങളും നിർമ്മിച്ച കാലം അവയിൽതന്നെ കലിസംഖ്യകളാൽ കുറിച്ചിട്ടുണ്ട്. "പാപോപാദ്യല്ലാലസോ$\prime$യം കലിഃ" എന്നു പൂർവ്വഭാരതചമ്പുവിൽ കാണുന്നതിൽ നിന്ന് ആ ഗ്രന്ഥം കൊല്ലം ൮൨൯-ലും "ഗ്രാഹ്യാസ്തുതിർഗ്ഗാഥകൈഃ" എന്നു കൃഷ്ണനാട്ടത്തിൽ കാണുന്നതിൽ നിന്ന് ആ ഗ്രന്ഥം കൊല്ലം ൮൩൯ ാമാണ്ടു ധനുമാസം ൨൦-ാനു ഞായറാഴ്ച ദിവസത്തിലും ആണ് അവസാനിച്ചതെന്ന് ഊഹിക്കാം. കവി തന്റെ ഗുരുവായ ആനായത്തു കൃഷ്ണപ്പിഷാരടിയെ രണ്ടു ഗ്രന്ഥങ്ങളിലും സ്തുതിച്ചിട്ടുമുണ്ട്.

അഘവിഹതികരാണാം കൃഷ്ണനാമ്നാം ഗുരൂണാ-
മനവരതമപാംഗപ്രാവൃഷേണ്യാംബുവാഹഃ
പ്രവിസരദനുകമ്പാവാരിസംഭാരസാന്ദ്രോ
മമ ഹൃദയമയൂരം നർത്തയേദാത്തമോദം.

(പൂർവ്വഭാരതചമ്പു,

പ്രേമ്ണാലം ലാള്യമാനഃ സദയമിഹ സദാ-
നന്ദനന്ദേന പിത്രാ
രാമേണ ജ്യായസാ വാ വിവശമതി യശോ-
ദാഖ്യയാ വാ ജനന്യാ
ആഭീർവൃത്തിവ്യഗ്രവ്യാ വിബുധപരിവൃഢോ
ഭിഷ്ടദാതാഘമോക്ഷം
പുഷ്ണൻ കൃഷ്ണോ ഗുരുർമേ പരമതമപദോ-
ദ്ഭാസകോ ബോധവീതു.

(കൃഷ്ണനാട്ടം)

എല്ലാംകൊണ്ടും

"സ്ഥായദ്ഭക്തിഭരേണ സന്നമനസാ
ശ്രീമാനവേദാഭിധ-
ക്ഷോണീന്ദ്രേണ കൃതാ നിരാകൃതകലിർ-
ഗ്രാഹ്യാ സ്തുതിർഗാഥകൈഃ."

ഇത്യാദി പദ്യം കലിസൂചകമാണെന്നുള്ളതിനേപ്പററി ആരും സംശയിക്കേണമെന്നില്ല. കൊട്ടാരക്കരത്തമ്പുരാൻ മാനവേദരാജാവിൻെറ സമകാലികനും രോഹിണീനക്ഷത്രത്തിൽ തിരുവവതാരമാന്ന തിരുവിതാംകൂർ ഉണ്ണിക്കേരളവമ്മ മഹാരാജാവിൻെറ സ്വസ്രീയനും ആയിരുന്നു. അദ്ദേഹം രാമനാട്ടം ഏർപ്പെടുത്തിയതും രാമായണവിഷയകമായി എട്ട് ആട്ടക്കഥ നിമ്മിച്ചതും ഉണ്ണിക്കേരളവമ്മ മഹാരാജാവു നാടുനീങ്ങിയ കൊല്ലം ൮൩൫-നു മുൻപായിരിക്കണം. അങ്ങനെയാണെങ്കിൽ നളചരിതം നാലുദിവസത്തെ കഥകളി ആ പ്രസ്ഥാനത്തെ അനുകരിച്ച് ഉണ്ണായിവാരിയർ ൮൫൦-നു മുൻപു നിമ്മിച്ചു എന്നു വരാൻ പാടില്ലായ്കയില്ല. കൊച്ചിരാജ്യത്തിലെ ഒരു പ്രഭുവിനെ ആശ്രയിച്ചുപാത്തിരുന്ന ഒരു മഹാകവി കൊച്ചിയുടെ ജന്മശത്രുവായ സാമൂതിരിമഹാരാജകുടുംബത്തിലെ രംഗത്തോടുള്ള സാഹിത്യമത്സരത്തിൽ ഭാഗഭാക്കാകുന്നത് അസംഭവവുമല്ല. നളചരിതത്തിലേയും ഗിരിജാകല്യാണത്തിലേയും പല ഭാഗങ്ങളിലെ ഭാഷാരീതി പരിശോധിക്കുന്നപക്ഷം ആ ഗ്രന്ഥങ്ങൾ കൊല്ലം പത്താം ശതവർഷത്തിൻെറ ഉത്തരാർദ്ധത്തേക്കാൾ ഒൻപതാം ശതവർഷത്തിൻെറ പൂർവാർദ്ധത്തിലോ ഉത്തരാർദ്ധത്തിലോ നിമ്മിക്കപ്പെട്ടു എന്നു വരാനാണ് ന്യായം അധികമുള്ളത്. 'പ്രാരിണമേൽ പ്രസന്നൈ' എന്ന

വാക്യം 'അനകലനകാലേ' എന്ന പദത്തെ പിൻതുടൎന്നു വരുന്നതിനാൽ അതു കലിസംഖ്യാസൂചകമല്ലെന്നു ഖണ്ഡിച്ചു പറവാൻ നിവൃത്തിയുമില്ല. അതു കലിസംഖ്യതന്നെയാണെങ്കിൽ രാമപഞ്ചശതീസ്തോത്രം വാരിയരുടെ യൌവനത്തിലേയും നളചരിതം വാൎദ്ധക്യത്തിലേയും കവിതയാണെന്ന് ഇതിൽ കൂടുതൽ തെളിവുകൾ നമുക്കു കിട്ടുന്നതുവരെ വിശ്വസിക്കുന്നതിൽ അനൌചിത്യമില്ല.

ഈ മഹാകവിയുടെ കവിതാരീതിയെപ്പററി പരേതനായ പ്രൊഫസർ എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ തൻെറ നളചരിതത്തിൻെറ പ്രൌഢവ്യാഖ്യയായ കാന്താരതാരകത്തിൻെറ അവതാരികയിൽ രേഖപ്പെടുത്തിട്ടുള്ളതിൽനിന്ന് അധികമായി ഒന്നും ഈ അവസരത്തിൽ പ്രസ്താവിക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. ഉണ്ണായിവാരിയരും ഗ്രന്ഥാന്തത്തിൽ,

ഗ്രന്ഥഗ്രന്ഥിരിഹ ക്വചിത് ക്വചിദപി
ന്യാസി പ്രയത്നാന്മയാ
പ്രാജ്ഞമ്മന്യമനാ ഹഠേന പഠിതി
മാസ്മിൻ ഖലഃ ഖേലതു
ശ്രദ്ധാരാദ്ധഗുരുശ്ലഥീകൃതദൃഢ
ഗ്രന്ഥിസ്സമാസാദയ
ത്വേതൽകാവ്യരസോൎമ്മിമജ്ജനസുഖ
വ്യാസജ്ജനം സജ്ജനഃ.

എന്നു തൻെറ ഉദ്ദേശത്തെ വിളിച്ചുപറയാമായിരുന്നു എന്നു പ്രൊഫെസർ തമ്പുരാൻ ആ അവതാരികയിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുതന്നെ ഗിരിജാകല്യാണത്തിൻെറ അവസാനത്തിൽ കവി മുക്തകണ്ഠം ഘോഷിച്ചിരിക്കുന്നു എന്നുള്ളതു സ്മരണീയമാണ്.

“കൊറിന്തയുമിടയിടയിൽ വരുവതുമിരുമ്പിനാൽ
കൂപ്പർ മരംകൊണ്ടു കല്പിക്കിലേവനും.
അഭയമിതു ഭവജലധിനടുവിലടിതും കപ്പ-
ലഭ്യസിച്ചീടിനാലൎത്ഥമുണ്ടാം ബഹു.
മറുകരയിലണവതിനുമരികിൽ മതിയായ്‌വരും
മലോകരേ! ഘോരസംസാരസാഗരേ.”

എന്ന ഭാഗം നോക്കുക.

ഗിരിജാകല്യാണം ദ്വിതീയഖണ്ഡത്തിൽ പാർവ്വതീദേവിയുടെ സൌന്ദൎയ്യവൎണ്ണനാഘട്ടത്തിലും മററും കാണുന്ന കാഠിന്യത്തിനു കണക്കില്ല. ഗ്രന്ഥിജടിലമായ ഈ ഗ്രന്ഥത്തിനു വിസ്തരിച്ചു 'കാന്താരതാരകം' പോലെ ഒരു വ്യാഖ്യാനമുണ്ടായാൽ മാത്രമേ സാമാന്യന്മാരായ വായനക്കാൎക്കു പൂൎണ്ണമായി അൎത്ഥബോധം സിദ്ധിക്കുകയുള്ളൂ. അത് എന്റെ ഉദ്യോഗകൃത്യപരിധിയിൽപ്പെടുന്നതല്ലാത്തതിനാൽ അതിലേക്കായി ഈ സന്ദൎഭത്തിൽ ഒരുങ്ങുന്നില്ല.

ഉണ്ണായിവാരിയരെക്കാൾ മഹാനുഭാവനായ ഒരു കവി കേരളത്തിൽ ഒരുകാലത്തും ജനിച്ചിട്ടില്ലെന്നു നളചരിതംപോലെ തന്നെ ഗിരിജാകല്യാണവും തുറന്നു പറയുന്നുണ്ട്.

"ജയ ജനനി! ജഗദുദയഭരണഹരണൈകകാരണേ!
ജംഗമാജംഗമബ്രഹ്മവിദ്യാമയി!
ജയ ജനനി! ശിവകമനി! ജയ ഭഗവതി! ശിവേ!
ജന്തുസന്താനസന്തോഷപാരായണേ!
തവ ഭൎത്തൃ പരമശിവനിനി മുഴുവനിഷ്ടദൻ
ശാരദബ്രഹ്മശരച്ചന്ദ്രചന്ദ്രികേ!
ജനനി! തവ മഹിമയിതു ജഗതി തത്തമെപ്പൊഴും
ഉന്മാദി ഞങ്ങൾക്കു വേണ്ടി വേണ്ടിത്തരാ;
ശരണമിഹ തവ ചരണയുഗളമിതു മാദൃശാം
ശങ്കരാലിംഗനശൃംഗാരശൃംഗമേ!"

ഇത്യാദി ഭാഗങ്ങളിൽ കാണുന്ന ശബ്ദധോരണിയുടെ സൌന്ദൎയ്യം പരമാനന്ദപ്രദമായിരിക്കുന്നു. ശ്രീപരമേശ്വരൻ കാമദേവനെ ദഹിപ്പിക്കുവാൻ അഗ്നിനേത്രം തുറക്കുന്ന

"എന്നേരമുണ്ടായൊരിന്ദ്രിയക്ഷോഭത്തി-
നെന്തു നിമിത്തമെന്നാത്മനി ചിന്തിച്ചു
തൃക്കണ്ണടച്ചങ്ങരയ്ക്കാൽ പിനാകിക
നിഷ്കമ്പഗംഭീരിമാ ദിവ്യചക്ഷുഷാ
നില്ക്കുന്ന മാരനേക്കണ്ടു സമീപത്തു-
ദിക്കുന്ന കോപാങ്കുരത്തെക്കരുതെഴും
സൽകൃപാവജ്രടങ്കംകൊണ്ടു ഖണ്ഡിച്ചു
തച്ചങ്ങരച്ചു പരാണുവായ്ത്തീൎപ്പിച്ചു

വച്ചൊളിപ്പാനായ്ത്തുനിഞ്ഞുള്ളവെത്ര്യയും
സൂക്ഷ്മമായോരു പരാണ പുറത്തു ഫാ-
ലേക്ഷണദ്വാരം കടന്നുപോരും വിധൌ
ഏൺമണിയെട്ടുക്കുറിട്ടതിലൊന്നോള-
മമ്മിഴിവഹ്നിക്കണവും തുണയായി.
വിസ്മയമെന്തു പറയാവു കാൽക്ഷണാൽ
ഭസ്മാവശേഷനായ്ത്തീൎന്നു മനോഭവൻ”

എന്നഭാഗം “ഭസ്മാവശേഷം മദനം ചകാര” എന്ന പാദത്തിൽ അവസാനിക്കുന്ന കുമാരസംഭവത്തിലെ കാളിദാസവൎണ്ണനത്തെപ്പോലും ജയിക്കുന്നു എന്നുള്ളതിനു സംശയമില്ല. “പോരുമേതാഗിരോ വാരുമേ മാധവ” മുതലായ ദിക്കുകളിൽ കവി പ്രദൎശിപ്പിച്ചിരിക്കുന്ന നിരങ്കുശത്വത്തെ നമസ്കരിക്കുകതന്നെ വേണം. ഈ നിരങ്കുശത്വം ഇതുപോലെ തന്നെയോ ഇതിലുമധികമായോ രാമപഞ്ചശതീസ്തോത്രത്തിലും കാണാം. കേരളീയരായ സംസ്കൃതകവികളിൽ ഇത്ര നിരങ്കുശനായി മഹാകവി ഇലത്തൂർ രാമശാസ്ത്രികൾ ഒരാൾ മാത്രമേ എന്റെ സ്മൃതിപഥത്തെ പ്രവേശിക്കുന്നുള്ളു. “പ്രതിഭാതിയുണ്ടെന്നാകിൽ പഠിച്ചു പാടിക്കൊൾവാൻ” എന്നു കവി പറയുന്നതിൽനിന്നു ഗിരിജാകല്യാണം സാമാന്യസ്ത്രീകളുടെ ആവശ്യത്തെ പുരസ്കരിച്ചു നിൎമ്മിച്ചതല്ലെന്നു വെളിവാകുന്നു.

“കനകമെത്രവും സുധ കണക്കേപ്പെട്ടനിരയും
അനൎഗ്ഗളം യമകവുമനുപ്രാസമുപമാദി
ഇണക്കം കലൎന്നു രമ്യം ജനിക്കും നൽസാരസ്വതം
നിനക്കും നിൻദയിതക്കും നിനയ്ക്കുന്നവൎക്കും പിന്നെ”.

എന്നു നളചരിതത്തിൽ സരസ്വതീദേവി നളചക്രവൎത്തിക്കു കൊടുക്കുന്ന വരം വാരിയരുടെ ഒരു പ്രബന്ധകടാക്ഷമെന്നത്രേ ഞാൻ കരുതുന്നത്. ആമാതിരിയിലുള്ള ഒരു വരപ്രദാനത്തിനു ഗിരിജാകല്യാണസരസ്വതിയും സന്നദ്ധയായിത്തന്നെ നിലകൊള്ളുന്നു.

എസ്. പരമേശ്വരയ്യർ.

തിരുവനന്തപുരം.
൧൯൨൮-൧൧-൨൦

ഗിരിജാകല്യാണം

പ്രഥമഖണ്ഡം.

കനകനിറംപൂണ്ട ഘനകാരുണ്യമൂർത്തേ!
മനകാമ്പിങ്കൽ വാണീടനഘ! കരിമുഖ!
ഗണനാസരണിയിലണയാഗുണഗണ!
ഗണനായക! പോററി! തുണയായിരിക്ക നീ.
ഭണിതിമാതാവേ! നീ പിണിതീർത്തരുളുവാൻ
മണിദീപികപോലെ മനസി വിളങ്ങുക.
പരിഭൂതികളെന്നും വരുമോ നമുക്കില്ലേ
ഗുരുഭൂതന്മാർ തുണ മരുഭൂമിയിങ്കലും?
ഗുരുഭാരതീഗുണപരിപാകങ്ങളോർത്താൽ
സുരപാദപം തൃണം; സുരഭി കരഭിയാം
സുരമാമുനിനവഗ്രഹകാരുണ്യമിപ്പോ-
ളൊരുമകലർന്നിങ്ങു പെരുമാറണമെങ്കൽ.
ശരണം പ്രാപിക്കുന്നേൻ ധരണീസുരന്മാരെ-
ക്കരുണാനിധികളാം കവികൾ പലരെയും.
ആധിമാറുവാനെന്തു മേദിനീതലേ മരു-
ന്നാദിമകവിവചനാദിമ[illegible]യുള്ളൂ.
ആ രസമറിഞ്ഞല്ലോ ഭാരതം വ്യാസൻ ചൊല്ലി;
ദൂരതോ ഗിരാമതിൻ ചാരുത വിചാരിച്ചാൽ
ആളുകളിവരെന്നു മൂളുവിനനുവാദം
കാളിദാസാദികളേ! കേളികേൾപ്പാനും പാരിൽ.
സൽപുരാണാദികേട്ടു മുപ്പുരാരാതികഥ
തപ്പുകൂടാതെ നിത്യമുൾപ്പൂവിലുറപ്പിച്ചാൽ
ഉൾപ്പരിതാപം നീങ്ങു;മഭ്യുദയങ്ങൾവരും;
സൽപുരുഷാർത്ഥലാഭമപ്പുറം ദൂരമല്ല.
ഹര ശങ്കരേത്യാദി തിരുനാമങ്ങൾ കേട്ടാ-
ലുരിയാടാതെ തൂഷ്ണീമിരിയെന്നാരും ചൊല്ലാ

G. P. T. 4472. 1000. 26-2-1100.   B

പെരിയ സൂരികൾക്കുമരിശമുണ്ടായ്‌വരാ;
പരമാൎത്ഥിയാമെന്നിൽപ്പരിതോഷമേ വരൂ.
പരിചോടേവം ചിന്തിച്ചരിയ ഭാഷയായി-
ഗ്ഗിരിജാകല്യാണം ഞാനരചെയ്യുന്നേനെന്നാൽ.

എങ്കിലോ കേൾക്ക പണ്ടു ശങ്കരൻതിരുവടി-
യങ്കിലോചനനരൻ പുംഗവകേതുപുരാൻ
അംഗനാനാശംകൊണ്ടു തിങ്ങിന വിഷാദത്താൽ
മങ്ങിന മനസ്സിങ്കൽപ്പൊങ്ങിന വിരക്തിയാൽ
തുംഗമാം ഹിമാദ്രിമേലങ്ങൊരു ഭാഗത്തിങ്കൽ
*തങ്കലേ തന്നെക്കണ്ടു തിങ്കൾമൌലിയും വാണു.
നന്ദികേശപരഭൃംഗിപുംഗവാദികൾ ഭൃത-
വൃന്ദവും തപസ്സിന തന്നെയങ്ങൊരുമ്പെട്ടാർ.
തന്നുടേ തത്വംകണ്ടങ്ങന്യചിന്തയും വിട്ടു
സന്തതമിരുന്നിതങ്ങന്തകാന്തകൻ ചിരം.
കപൎദ്ദിതന്നെക്കാൺമാൻ തരത്തിലവസരം
തപസ്വിജനങ്ങൾക്കും പ്രയത്നം ചെയ്കേ വരൂ.
കനത്ത സന്ദേഹങ്ങൾ സമസ്തശാസ്ത്രത്തില്വ-
മുണൎത്തുമവൎക്ക മററനൎത്ഥ†മേകിക്കൂടാ.
ഒട്ടനേകം നാളേവം നഷ്ടലൌകികചിന്ത-
മഷ്ടമൂൎത്തിതാൻ തപോനിഷ്ഠനായ് മരുവുന്നാൾ
വിഷ്ടപവാസികൾക്ക പെട്ടപാടെന്തു ചൊല്‌വൂ;
കഷ്ടമായ്‌ലോകതന്ത്രം; ഭ്രഷ്ടമായ്‌കാമതന്ത്രം;
ത്തുക്കമേ കാമരസമോക്കിലുമില്ലാതെയായ്
വാർകുഴലിമാരെല്ലാം ഹീക്കമാധിയാൽ മേവി.
ദേവനനവമധുസേവനരതിയില്ല
ന്നേവനും നാവിൽ മഹാദേവനാമമെയുള്ളൂ.
ദേവകൾ മുനികളെന്നേവമില്ലഞ്ഞ ഭേദം;
കേവലം മുനികളായേവരുമെന്നേ വേണ്ടു.
ദേവനാരിഞ്ഞ ശിവഭാവനാപരമാരായ്
മേവിനാർ മന്ദാകിനീപാവനതീരങ്ങളിൽ.
നിഷ്ഫലബഹുഫലപുഷ്പപല്ലവങ്ങളായ്-

* 'ആത്മാനമാത്മന്യവലോകയന്തം' കുമാരസംഭവം. †'എങ്കിൽക്കൂടാ' (പാഠാന്തരം)

കല്പവൃക്ഷങ്ങൾ വലഞ്ഞെപ്പോഴും വശംകെട്ടു.
കേവലം കാമനമ്പും കൈവെടിഞ്ഞില്ലവില്ലും
ദേവപൂജയ്ക്കുകൊള്ളാം പൂവിതെന്നുറയ്ക്കയാൽ.
ഈവണ്ണമുള്ള [illegible] മൂവുലകിലും കണ്ടു
ജീവനന്നുരചെയ്തു ദേവരാജനോടേവം:
"ഇന്ദ്ര! നീയെന്തീവണ്ണം മന്ദനായിരുന്നതും;
വന്നിതു വിപര്യ്യാസം മന്നിടം മൂന്നിങ്കലും.
ഐഹികമാർക്കുംവേണ്ടാ ദേഹികൾക്കെന്നാലുണ്ടോ
ലോകമീരേഴും നിലപ്പൂ പാകശാസന! പാർക്ക.
വൈകരുതിനിയെത്തും പോക നാം സത്യലോകേ
വൈകൃതം ലോകേ വന്നതാകെ നാമുണർത്തണം.
നൈഷ്ഠികനായ സുരജ്യേഷ്ഠനോടിന്നേ ചെന്നു
പാട്ടിൽ നാമുണർത്താഞ്ഞാൽ കാട്ടിയതെല്ലാം കുറ്റം
ഗീഷ്പതിമൊഴികേട്ടു വായ്പോടേ മഹേന്ദ്രനും
തീപ്പതർമുകം വജ്രം ദിവ്യമകക്കൈ ധരിച്ചു
കൂപ്പിനാൻ ഗുരുപാദം; നോക്കിനാൻ സുരന്മാരെ;
തീർപ്പതിനാധിഭാരം കോപ്പോടേ പുറപ്പെട്ടു
സത്യലോകവും പുക്കു ഹൃദ്യമാം സഭാമദ്ധ്യേ
സ്വസ്ഥനാകും പത്മാസനനെ ഭക്ത്യാ ചെന്നുപാസിച്ചു.
"ഇന്ദ്രാദികളേ! നിങ്ങൾക്കിന്നേതോ സൌഖ്യമല്ലീ
യെന്നുകേട്ടുണർത്തിച്ചാനിന്ദ്രനും ബ്രഹ്മനോടേ:
"സംപ്രതി ~~സൌഖ്യ~~ത്തന്നേ; കിം പരമുണർത്തിപ്പൂ?
തമ്പുരാൻ നീതാനേകനമ്പരാം ഞങ്ങൾക്കെല്ലാം.
ഷഡ്മമാരുണർത്തിപ്പൂ പത്മജ! ഭവാനോടു?
അല്പമല്ലൊരുതാപമിപ്പോഴുണ്ടതു കേൾക്ക.
മാലിയന്നെങ്ങൾ ചെന്നു ശൂലിതൻപാദംപുക്കാൻ.
പാലകനല്ലോ മുന്നം ബാലകാമതിമൂഢൻ;
നീലകന്ധരൻ പരൻ കാലകാലനങ്ങിപ്പോൾ
നാളനേകംനാളായി പാളയം വേറെ പുക്കാൻ.
ആരെയും വേണ്ടാ തനിക്കാരോടും കോപമില്ല;
ധീരമൈത്ര്യയും ചിത്തം നീരസം ലോകതന്ത്രേ.
കാരുണികത്വം മുന്നമാരിലേ കാണ്മാനുള്ളു;
താരണികഴൽ കാണ്മാനാരുമാളല്ല ഞങ്ങൾ.

ശോകമിന്നാൎക്കുമില്ല ലോകവാസികൾക്കിനി-
ശ്ശോകമേകദാ വന്നാൽ നാകനാഥന്ന ദോഷം.
ആകുലം മററൊന്നില്ലാ; ലോകമിങ്ങനേ നില്ലാ;
നീ കനിഞ്ഞരുളണം ലോകരക്ഷോപായത്തെ."

ആവലാതികളേവമാവതങ്ങുണൎത്തിന
ദേവരാജനെക്കരുണാവലോകനം കൊണ്ടു
പാവനംചെയ്തു ബ്രഹ്മദേവനൊന്നരുൾചെയ്തു:
"ജീവശിഷ്യരേ! നിങ്ങൾ ജീവത ചിര"മെന്നു.
ഖിന്നത തീൎത്തു സുഖമുന്നതം വരുമാറ-
ക്കണ്ണുകളെട്ടുംകൊണ്ടു വിണ്ണവരെയും നോക്കി
കണ്ണടച്ചൊന്നങ്ങോൎത്തു പിന്നെയൊന്നരുൾചെയ്തു.
"വന്നതുനന്നായ് നിങ്ങളൊന്നറിയണമിതിൽ.
ചൊന്നതു മററൊന്നല്ല: ഖിന്നതയുണ്ടാകേണ്ടാ;
നന്നായ നിമിത്തങ്ങളെന്നിയേ കാണ്മാനില്ല;
ചന്ദ്രശേഖരപ്രിയാ സുന്ദരീ സതീദേവി-
തന്നുടേ പിതാ മമ നന്ദനനായ ദക്ഷൻ
ഉന്നതശിവദ്വേഷി മുന്നമേ ചെയ്ത കൎമ്മം
നിന്ദിതമതിൻഫലമിന്നതെന്തോട്ടൊട്ടങ്ങില.
നാഥനാരുമേകിനെന്നേതുമേ നിനയാതെ
വാദനാബലാൽ പ്രജാപാലനക്ഷമ നവ-
രാധവാനായ നീചനേതുനാൾ വരും സുഖം?
താതനോടാൎക്കുമെല്ലാ ശാസനമെന്നുകണ്ടു
കാതരാക്ഷിയാം സതി ചെയ്തതിനില്ല കുററം;
പാതകഭീയാ പതിപാദപങ്കജേ ചേൎന്നു.
നാരദഗിരാ ശൂലധാരിയക്കഥകേട്ടു
വീരഭദ്രനേ വിട്ടു; നരാസമെന്തു ചൊല്വൂ;
ധാരണ നിങ്ങൾക്കില്ലേ ദാരുണഭൂതവൃന്ദ-
ഘോരത കേട്ടും കണ്ടും ഭീരുതയുണ്ടായതും.?
ഓടിവന്നെല്ലാരുമെന്നോടതുപറഞ്ഞതും
പീഡയാ നിങ്ങളോടുകൂടേ ഞാൻ പുറപ്പെട്ടു
തേടിച്ചെന്നീഡിച്ചീശനാടോപം *വാടിച്ചതു-
മാടിന്റെ താടി ഭൃഗുമോടൊക്ക മേടിച്ചതും;
മിത്രനേത്രത്താൽ ഭഗനിത്രനാൾ കാണുന്നതും;

* 'പാടിച്ചതും' (പാഠാന്തരം.)

വക്രത്വവും പൊത്തിപ്പൃഷാ സത്വപം മേവുന്നതും;
ഒട്ടൊഴിയാതെ പാർത്താൽ കഷ്ടമക്കർമ്മദോഷം,
നഷ്ടമാഷ്വന്നി ല്ലതിൽശിഷ്ടമിന്നനുഭവം.
മാരിതനായ ദക്ഷൻ ജീവിതനായി; പിന്നെ-
പ്പൂരിതമായി യാഗം നേരിനു തക്കവണ്ണം.
ദാരിതം പാപദാരുവേരിതെന്നോരാതെപായ്;
ഗൌരിതൻവിരഹത്താൽപ്പാരിടമനാഥമായ്.
ഓതുവനുപായം ഞാനാദിതേയരേ! നിങ്ങൾ
ചെയ്തുകൊള്ളണം ലോകമാതാവിൻ പാദാർച്ചനം.
മാധവസഹോദരി മാതാവായതു മമ
ഭൂതനായകപ്രിയ പ്രീതയായ് വരുമെന്നാൽ.
സാദരമുടൻ ദേവി ഭൂധരസുതയായി-
ച്ചെയ്തീടുമവതാരമാധിപോമന്നു പാരിൽ.
നാഥനോടവൾചേർന്നാലേതുമില്ലാർക്കും ഭയം;
ഭൂതനാഥനോടവൾ പാതിമെയ് വാങ്ങിക്കൊള്ളും.
ചൂതബാണനിൽ പ്രീതചേതനനായിപ്പാര-
മാദരിച്ചീടും രതിചാതുരീവിധികളെ.
പിച്ചകബാണനിന്നു വാച്ചൊരാധികൾ വിട്ടു-
മുജ്ജ്വലരസമെററമുജ്ജ്വലമെന്നും വരും.
ഹൃജ്ജ്വരം നീക്കി നിങ്ങൾ നിർജ്ജരന്മാരേ! നിത്യ-
മർച്ചനം ചെയ്തീടുവിൻ വിശ്വമാതാവിൻ പദം.
വിശ്വയല്ലയോ ദേവീനൽച്ചരിതങ്ങളോർത്താൽ
പച്ചയാമുണങ്ങിയ ഉച്ചമാം കുഴിഞ്ഞതും;
കച്ചതും മധുരമാ;മുച്ചയാം നിശീഥവും;
തച്ചു തിന്നുന്ന മൃഗം നിശ്ചയം സഹായമാം;
കച്ചരം പടച്ചരം വച്ചരമററച്ചുടൻ
ദുശ്ചരം ചൊറി ചുണങ്ങച്ചരങ്ങിത്യാദിയാൽ;
പിച്ചയേററുണ്ണുന്നവനർച്യനാമെല്ലാരാലും;
വിശ്വസിപ്പവർക്കമ്മേ നിശ്ചയം കല്പവല്ലി."

ചതുരാനനൻചൊന്ന മധുരാലാപമേവ
മസുരവിരോധിനാം വിധുരഭാവംപോക്കി.
അമരാവതിപതി കമലാസനനോടു
വിമലമുപദേശം സകലം വീണ്ടുപോന്നു.

അമൃതാശനപതി സുമതി ശചീപതി
ക്രമമേറ്റരഭക്ത്യാ സമുപാസിച്ചു ദേവീം.
സമയാ മന്ദാകിനീമമലേ മണിഗൃഹേ
മതിമാൻ ചിന്താമണിപ്രതിമാം പ്രതിഷ്ഠിച്ചു,
സുരഭിയുടെപാൽകൊണ്ടഭിഷേചനംചെയ്തു;
സുരഭിദ്ധ്രുപദീപാദ്യുപഹാരങ്ങൾ നല്കി;
വലവൈരിക്കു ചെയ്തു പലരും പരികർമ്മം;
കുലിശായുധൻ സുധാകലശം നിവേദിച്ചു.
സുരവീരന്മാർ നാലുപുറവും തൊഴുതിരു-
ന്നിരവുപകൽചെയ്തു നിരവേ പുഷ്പാഞ്ജലിം.
ഭജിക്ക സുഖമെന്നു രുചിക്കായവർമനം;
വശമറ്റപ്പോയ് വാനിൽ വസിക്കും മരങ്ങൾക്കും
അശക്യമായഭാരം ത്യജിക്കായ്വന്നു പാട്ടി-
ലമർത്ത്യനാരിമാർക്കും പ്രവൃത്തിയതൊന്നായി.
അടിച്ചുതളി ചിലർ; പടിച്ചു പാടി ഗീതം;
നടിച്ചു നാട്യം ചിലർ; മടിച്ചീലാരുമൊന്നും;
നിരുപമസൗന്ദര്യമുതെറസ്സുവാദിതവേണു-
മദ്ദളവാദ്യഘോഷം പത്തുദിക്കിലും ചേന്നു.
ഇത്തരം കോലാഹലം വിസ്തരമെന്നേവേണ്ടു;
വൃത്രവൈരിക്കു നിത്യമുത്സവം മറ്റൊന്നില്ല.
ഭക്തിവന്നുദിച്ചതിൽ ശക്തിയും വന്നു; നന്നാ-
യുൾത്തെളിവോടേ വാഴ്ത്തി നിത്യവും നതിചെയ്തു.
വരദേ! നിരുപമചരിതേ! മഹേശപരി!
പെരിയദുഃഖാർണ്ണവകര കാട്ടണമമ്മേ!
പരമശിവപ്രിയേ! ഹര മേ ദുരിതം നീ
ചിരമെങ്ങളെപ്പാലിച്ചരുളു കാമപ്രദേ!
പതിചെയ്യതിന്നതിചതുരേ! തായേ! ജഗ-
ത്ത്രിതയോദയസ്ഥിതിക്ഷയകാരിണി! മായേ!
മധുകൈടഭാസുരമഥനപ്രരോചിതേ!
മദനവധൂമധുമദവൈഭവപ്രദേ!
മഹിഷനിഷ്പേഷണേ! നിഹതധൂമ്രേക്ഷണേ!
മഹിഷാസനപുരപ്രഹിതചണ്ഡമുണ്ഡേ!
രുധിരബീജവ്രജപതിരാനലജ്വാലേ!

നഖരായുധാസനേ! മുഖരശരാസനേ!
അതുലമഹാഹവകുതുകാദനേകധാ
ഭിദുരീകൃതാകൃതേ! ബധിരീകൃതശ്രുതേ!
നിലിമ്പവിരോധിനാം ബലം ബാധിതും യുധി
വിളംബാസഹമതേ! നിതംബാലസഗതേ!
കളംബനിപാതിതനിസുംഭാസുരാഹരേ!
ന സംഭാവിതാ പുരാ തവാംബാധുനാ പരാ.
സംഭൃതാടോപം യുധി സ്തംഭിതഭുജസ്തംഭ
സുംഭദാനവം ഹത്വാ ലംഭിതസുഖലോകേ,
കിന്നുനരെഴുദാസീന്യം സമ്പ്രതി തമ്പുരാട്ടി!
ത്ര്യംബകേ! ശരണ്യേ! നി നമ്മയെന്തുപേക്ഷിപ്പാൻ?
ചിന്മയി! ശിശുക്കളോടമ്മമാർ വിവർണ്ണം ചെയ്യാൾ
നന്മയല്ലെന്നോരാഞ്ഞാൽ ധർമ്മസ്ഥാദയാ
പന്നഗവിഭൂഷണനനഘമാകുമാറിൽ
നിന്നടൽകാണാഞ്ഞതിഖിന്നനായ് മരുവുന്നു.
നിർണ്ണയമപർണ്ണേ! നീ നാമ്പന്നിരിയാഞ്ഞതാ-
ലിന്ദുചൂഡനു മററില്ലൊന്നിലും കുതൂഹലം.
വിശ്വമോഹനവിദ്യ വച്ചു മന്മഥനിന്നു
നിഷ്ഫലേ ശിവലിംഗാർച്ചനം ചെയ്തിടുന്നു.
ഈയുലകിൽ വന്നു നീയവതരിയാഞ്ഞതാൽ
പോയി കേളിന്നേ ലോകനായികേ! ലോകസ്ഥിതി.
നാമഗതികളീശകാമിനി, ഞങ്ങൾക്കിനി
സ്വാമിനി! നിന്നെയ്കാണാഞ്ഞാമയാവികർ ഞങ്ങൾ.
ഒരിടത്തൊരുതരു മുരടുപോയാൽ നില്ലാ;
ചരടില്ലെന്നാൽ മണി തരമായണിയാമോ?
ഭുവനമശേഷവുമവിടും നീയില്ലെന്നാ-
ലെവനറിയിതു സത്യം നവനാകിതോ തവ?
വഴികാണാഞ്ഞു ഞങ്ങളുഴലാതെ കുഴൽപുക്കാർ
പിഴകൾ മുന്നചെയ്തതൊക്കെയും ക്ഷമിക്കണം ദേവി!
ഒഴുകീടുന്ന കൃപ ചൊരിയും കടാക്ഷത്താൽ
കഴുകിദോഷങ്ങൾകൾ വഴിയിൽ കൂട്ടീടുക.
സപക്ഷകതജനം വിലസുമുദ്രനടുവിന്നു
സമുദ്ധരണംചെയ്യാൻ സമർത്ഥേ! ജയജയ!

പുമൎത്ഥചതുഷ്ടയനിമിത്ത നമസ്തേ! ജയ
സമസ്തേശ്വരി! ജയ നമസ്തേ നമോസ്തു തേ!
ഇത്തരം പുരുഹൂതനത്യന്തഭക്തിയോടേ
ശക്തിപൂജനസ്തുതിസക്തനായിരിക്കുമ്പോൾ
മദ്ദളമൃദംഗാദിശബ്ദമേളിതഗീത-
നൃത്തകോലാഹലങ്ങൾ നിറയുന്ന നേരത്തിങ്കൽ
മത്തകോകിലാലാപമത്തൽപൂണ്ടൊട്ടുമാറു
നിസ്തുലമാധുൎയ്യമായ് സുസ്വരവൎണ്ണപദ-
വ്യക്തതകൊണ്ടുമൎത്ഥഗൌരവതകൊണ്ടും മനോ
മുത്തുവന്നെത്തുമാറു തത്ര കേൾക്കായി വാക്യം
"അദിതി[illegible] ഗുണവിതതിനികേതമേ!
ഭവതു [illegible]സ്സുമുഖ, ശതമഖ!
മഹിതഭക്തിസ്തുതി, മതതാമഹിതേ തേ!
മയി തേ ഭക്തികൊണ്ടിന്നാൾ പ്രസാദിച്ചേൻ.
ഉദിതസ്തുതികൾക്കു ലളിതം മനോരമം;
തദിദം മഹാരസം യദിദം ഭവോചിതം;
ഹിമവൽസുതയായി ക്രമവൎദ്ധിതയായി
സമവൎത്ത്യരികഞ്ഞാൻ പ്രമദാമദംകെട്ടി
ശ്രമവൎജ്ജിതയായിസ്സമവാസിതയായി
മദനസ്ഥിതിഫലമതിലും വരുത്തുവൻ.
അത്രയുമല്ല നിന്നാലുക്തമിസ്തവമെനി-
ക്കെത്രയും പ്രിയം ഹൃദി; തൃപ്തിയില്ലിതുകേട്ടാൽ
വത്സ! വാസവ! ഞാനോ വത്സല നിന്നിൽപ്പാരം
തൽസുഖമോരുന്നതോന്നതോത്സവം പുണ്ടേ മമ.
അസുരിയല്ലിന്നു ഞാൻ പുത്രരങ്ങൊടിനാളിൽ
പത്ഥ്യരക്ഷയായാവാൻ സുത്രാമിന്നൊരുബദ്ധൻ.
വസ്തുതയെല്ലാം പറഞ്ഞനം; ബുദ്ധിമാനല്ലോ നീയു-
മസ്തു തേ വാസ്തോഷ്പതേ! സ്വസ്തി വിസ്തീൎണ്ണകീൎത്തേ!
അമിതരസം വാക്യമശരീരമായവ-
മമരാധിപൻതാനമരന്മാരും കേട്ടു.
"കിമഹോ കൎണ്ണേ വീണാതമൃതോ പരിചിതം?
സ്വാഗതാനുക്രമാൎത്ഥപൂൎവ്വിതം ഭണിതമോ?
മുദിതാ നമ്മിൽ ദേവി; ഗദിതം തയെവേദം;

കഥിതം ധാതാവിനാൽ വിതഥമായിട്ടുമോ?
ഇയതാ വന്നു സുഖം നിയതമെന്നാകിലും
ക്രിയ താൻ കാണ്മാളവും ക്രിയതാം ദേവീപൂജാ.”
എന്നെല്ലാം നിനച്ചുറച്ചിന്ദ്രാദിസുരന്മാരു-
മുന്നതാനന്ദം ഭക്ത്യാ പിന്നെയും ചെയ്തു സേവ.
നാകഭോഗങ്ങളെല്ലാമാകവേ ദേവിക്കാക്കി-
പ്പാകശാസനൻ പാരിലേകശാസനം വാണു.
വിണ്ണവർസേവകണ്ടു തിണ്ണമാനന്ദംപൂണ്ടു
ചണ്ഡിക ജനിപ്പതിനൊന്നങ്ങു മുതിർന്നുടൻ
കണ്ണടച്ചിരുന്നുള്ള മിന്ദുചൂഡന്റെ മുന്നിൽ
കന്യകാവേഷംപൂണ്ടു നിന്നാളങ്ങൊരുദിനം.
സുന്ദരകായകാന്തികന്ദളംചെന്നു ദേവന്റെ
കണ്ണിണയുണർത്തുമാറെന്നുറച്ചുണ~~ഞ്ഞപ്പോൾ~~
ഒന്നങ്ങു കുളുർത്തുള്ളം മന്ദമസ്സമാധിയിൽ
നിന്നിറങ്ങിച്ചു ചിത്തം കണ്ണുകൾകൊണ്ടു സുഖം
മുന്നിലേ വിനീതയായ് വന്ദിച്ചു മന്ദാക്ഷിണി
കന്നൽനേർമിഴിയായ കന്യകതന്നെക്കണ്ടു
നിർണ്ണയമിയം പ്രിയാ സുന്ദരി ദാക്ഷായണി
നിന്നതെന്നിന്ദുമൌലിക്കന്നേരമുള്ളിൽത്തോന്നി.
“വന്നതാരാശരാമലേ! നിന്നതെന്തെടോ! ദൂരേ
നിന്നുടൽ കാണാഞ്ഞെന്റെ കണ്ണുകൾക്കെത്ര ഖേദം!”
എന്നതുകേട്ടു ലജ്ജവന്നതും നീക്കി വന്ദി-
ച്ചൊന്നുണർത്തിനാൾ ദേവി മന്ദഹാസവും തൂകി.
“ചന്ദ്രശേഖര! ~~അങ്ങേ നാഥന്നേ~~; നിൻപാദദ്വയം
മന്ദിരമെനിക്കെന്നാലൊന്നിരക്കുന്നേനിന്നു.
നിന്ദക~~ൾ കേൾക്കേൾ~~ നിങ്ങളെന്നുടെ പിതാവിനാ
വന്നകപ്പെട്ടതെല്ലാമിന്നഹംകൃതിമൂലം.
പന്നഗാഭരണ! കേളെന്തതുപറഞ്ഞിട്ടു?
ഛിന്നകണ്ഠനായവൻ പിന്നെജ്ജീവിതനായി.
മംഗളാകൃതേ! ശിവ! ശങ്കര! കൃപാങ്കുര-
മെങ്കലുണ്ടെന്നു വന്നു; സങ്കടംതീർന്നു പാരിൽ.
നിൻവശേ നില്ക്കേണം ഞാനെൻവശേ മറ്റെല്ലാരു-
മെന്നതു ബോധിക്കായ്കി വന്നിതു; പോരുമിനി.

എന്തൊരുകുലേ പുരനാന്തകാന്തക! നിന്നെ
സ്വന്തം സേവിക്കാറാകയെന്നരുൾചെയ്തീടണം.
സ്വാതന്ത്ര്യമെനിക്കെങ്ങു കൊൾകാൽ സ്നേഹത്തിനാൽ
ഭീതം താവകം ചിത്തം പൂതം തേ കൃപയാലെ.
ജാതം കേവലമെനിക്കാതങ്കമേതെങ്കിലും
പാദങ്ങൾ ശുശ്രൂഷിപ്പാൻ നീ തരികനുജ്ഞയേ.
തന്നീലെന്നാകിൽചൊല്ലാം വന്നീടുമനത്ഥവും
നന്ദീശപ്രിയ! നിനക്കൊന്നാവുമില്ല ഖേദം.
എന്നെയും നിന്നെയും നീയൊന്നായ് നിനച്ചീടും;
പിന്നെയാരുമുള്ളൂ ലോകേ; വന്നീടും പ്രളയവും.
ഒന്നൊഴിയാതെ ചൊന്നേനെന്നാഴലെല്ലാമിപ്പോൾ;
നിന്നഭിമതം മമ സന്ദേഹമില്ല കേൾപ്പാൻ."

ഈവണ്ണം ദേവീഗിരം ദേവദേവേശൻ കേട്ടു
താല്പര്യമുൾക്കൊണ്ടുടൻ പ്രീതിയോടരുൾചെയ്തു.
"ദേവതേ നമ്മെപ്പതിദേവതേ! ഹിമഗിരി,
ദേവതാമൂർത്തി, മേനാദേവിതൻ പ്രിയതമൻ.
ആഗ്രഹമവർക്കുണ്ടു കേൾക്ക നീ പുത്രിയാവാൻ
കാൽക്ഷണംപോലും വൃഥാ പോക്കരുതിനിയെന്നാൽ.
ആകമോടവർക്കിനാ യോഗ്യയാം കുമാരിയായ്
ശീഘ്രം നീ ജനിക്കണം മാർഗ്ഗമിന്നതു നല്ല.
ഇക്കഥയിപ്പോളാരും കേൾക്കയും വേണ്ടാതാനും;
സാക്ഷാൽഞാൻ നിന്മെയ് കണ്ടാലോർക്കുമച്ചൊന്നതെല്ലാം.
എങ്കിലങ്ങനെയെന്നു തങ്ങളിൽ പറഞ്ഞാത്തു
പുംഗവാസനൻ സത്വമംഗലാദേവിതാനും
സ്പർശനാദികൾ പുനർദ്ദർശനത്തിനുമെന്നാൾ
ദശനംവച്ചു താപകർശനം ലഭിച്ചവർ
പിരിഞ്ഞ വൃത്തമേതുമറിഞ്ഞീലാരുമത്ര
വിരിഞ്ചവിരചിതപ്രപഞ്ചസാക്ഷികളിൽ.

അക്കാലം പിൽക്കാതലിൻ തൃക്കാൽവിന്യാസംകൊണ്ടു
സൽകാരയോഗ്യൻ മഹാഭാഗ്യവാൻ ഹിമഗിരി
ആചന്ദ്രതാരം മേലിലാശയേ തനിക്കൊരു
ലേശവും ക്ലേശാങ്കുരമേശരുതെന്നു നിത്യം
ആശയുണ്ടാകുന്നതുമീശങ്കൽ സമർപ്പിച്ചു

പൂജിച്ചു ഭൂതേശനെ മേനയാ സാകം വാണു;
സ്ഥാവരരാജനിവൻ; ദേവതകളിലേകൻ;
ദേവരാജനു സമൻ; പീവരഗുണഭൂമി;
ശ്രീപതി, ശിവഭക്തിദീപദീപിതചിത്തൻ
ശേവധിപതിക്കാപ്തൻ, പാവനാചാരവൃത്തൻ,
ബ്രഹ്മവാത്സല്യശുദ്ധൻ, സമ്മതതപോവൃദ്ധൻ,
ജിഹ്മവാഗ[illegible]ഭേദ*ബുദ്ധനമ്മഹേശ്വരഭക്തൻ.
പാഴ്വരാതേ സുഖം വാഴ്വാനവന്നു-
ണ്ടോഷധീസാരാകരമോഷധിപ്രസ്ഥം പുരം.
ദ്വേഷമാത്സര്യാസൂയാദോഷവർജ്ജിതപൌരം
പുഷ്പഭാസ്വരമണിഭീഷിതാന്തരധ്വാന്തം.
അമരാവതി സഖി, മധുരായോദ്ധ്യാ ചേട്യൌ
വിതരാസ്തച്ചേടികൾ; നിതരാം നന്നപ്പുരി.
ഉദരേ വാഴുന്നവരജരാമരർ; തേഷാം
മുദിരമാർഗ്ഗം പാർശ്വേ നദരാജനും പാർശ്വേ.
സുതരാം ദൂരാനന്ദമസുരാദികൾക്കതെ
മിതരൊന്നിരിക്കട്ടേ; കഥയാമ്യഹം കഥാം.

മാനനീയോരുഗുണൻ സാനുമാനൊരുദിനം
ഭാനുമാനുദിക്കുമ്പോൾ സ്നാനസംഭ്രമവശാൽ
മാനസം സരോവരം മീനസംഘട്ടോജ്ജ്വലൽ-
ഫേനസംഭിന്നവീചീമീനസന്ധീനപ്രവൃദ്ധി-
നാനസഞ്ചാരിഹംസ സ്വാനസ[illegible] മുഗ്ദ്ധ-
സ്ഥാനസംപ്രദർശനമാനസല്ലാപപരം
ഘ്രാണസമ്പുടദ്വന്ദ്വപ്രീണനഗന്ധവാഹ-
ദാനസമ്മാനകരം മാനസദോഷഹരം
മേനാവല്ലഭൻ പ്രാപിച്ചു നാതിരേകഹീനം
പീനഗംഭീരപൂരം പാനകസുധാസ്വാദു-
ശീതനിർമ്മലജലം പൂതസന്മണിതീർത്ഥ-
മാതപജ്യോൽസ്നാവാതപാതപാവിതം നിത്യം
ഏനോമർഷണജപസ്നാനസപര്യാദി-
ദ്ധ്യാനതർപ്പണസ്വാദ്ധ്യായാദികനിത്യകർമ്മം
ചെയ്തു സംപ്രീതനായി നൽച്ചേലസംവീതനായി-
പ്പൂതനായ് നികേതനം യാത്രമാരംഭിച്ചപ്പോൾ
പഞ്ചയജ്ഞാദിപുണ്യസഞ്ചയം സ്വയം വാ കിം?

കിഞ്ചന നോക്കിങ്ങെന്നു കൊഞ്ചുന്ന മൊഴികേട്ടു.
അമ്മൊഴി തേടിച്ചെന്നു കണ്മുന മനസ്സുമാ-
യുന്മനായിതം ക്ഷണം തന്മയും വന്നു ഘനം.
കല്പകവല്ലീപുഷ്പതല്പശായിതം കായ-
മത്ഭുതം കന്യാരത്നമക്ഷിഗോചരമായി.
ദൃഷ്ടികൾക്കതു സുധാവൃഷ്ടിയെന്നതു ~~തോന്നി~~;
തുഷ്ടിയും പൂണ്ടു നിധികിട്ടിയപോലേ മനം.
എന്നപ്പോൾ ഹിമഗിരിമന്നനാനന്ദമന്ദം
തന്നെത്താനറിയാതെ നിന്നുപോയ് വിസ്മേരനായ്
ചെന്നപ്പെൺകിടാവിനെസ്സന്നിധൌ നിന്നുകണ്ടു
കന്ദർപ്പബീജകാന്തികന്ദളവിളനിലം.

"എന്നപ്പാ! നന്നേ! നല്ലൊരുണ്ണിപ്പെണ്ണിന്റെ രൂപം
വർണ്ണിപ്പാനാരാലാവൂ? കണ്ണിപ്പോൾ കണ്ണായി മേ.
ചന്ദ്രബിംബായുതാഭം സുന്ദരമുഖാംബുജം
കുന്ദമന്ദാരോദാരമന്ദഹാസാലംകൃതം.
ചാരുപാദങ്ങൾ കണ്ടു തീരു ഞാനുരചെയ്യാം
പാരിജാതങ്ങളെല്ലാം ഭൂരജാതികൾ പാരിൽ.
പാരിജാതങ്ങളെന്നാൽ മേരുജാതങ്ങളെന്നാം;
മേ രുജാ താനേപോയി: തീരുമെന്നാധിശേഷം.
ഭൂരിശോഭാലവാലം വാരിളേ ഭൂദമൂലം
താരിലേ ഗാഢവൈരം സാരലാവണ്യപൂരം.
ഭൂരിശോ ബാല്യോചിതസ്വൈരചാപലനേ പദേ
മാറിലാമ്മാറു ചേർപ്പാനു പാരമാരോരാൾവൂ പോൽ!
ഭൂരജോമേളമുണ്ടോ പാരമെന്നാലും കോളേ;
ഹീരശോഭയ്ക്കോ ഹാനി ഹരി! രജോരാജിമേളേ?
ദാരികാകാരാ ഭസ്മം ദുർല്ലഭാ ഗിരാ.-
മാരഹോ? ജാനേ കഥം താർ~~[illegible]~~?
കാ രതിശചീരംഭാമേനകോർവ്വശ്യാദികൾ?
ഭാരതീലക്ഷ്മീധാത്രിമാരിലാരെന്നോർക്കണം.
വെണ്മതിത്തെല്ലോ മല്ലീനന്മലരല്ലോ മൌലൌ
കിമ്മുഖേ കാൺമൂ, എന്നാൽ മന്മഹേ മഹേശ്വരീ."

അദ്രിരാജന്യൻ ധന്യൻ ചിദ്രസായനം പിബൻ
ക്ഷുദ്രസംസാരഭദ്രനിദ്രയും കളഞ്ഞേവം

ഹൃദ്യജാദരിദ്രാണൻ മൃദ്രനദരിദ്രാണൻ,
തദ്രകാമിനീമറിഞ്ഞുദ്രസം കൂപ്പി വാഴ്ത്തി.
“കുമ്മ ഹേ നമസ്കാരമംബ! ഹേ! പ്രസീദ മേ,
സംഭവേഹവാകിലോകസ്തംഭഹേതവേ തുഭ്യം.
നിമ്മദേ! നിത്യോന്നതേ! ശമ്മദേ! ശോണാധരേ!
ധമ്മദേവതേ! കംബുനിമ്മലാശയേ! ജയ.
പാരിൽ നീളെയും വ്യാപ്താ പാലിൽ നെയ്പോലെ പാ-
നീലരത്നാഭാ ദീപ്തമബാലികാരൂപം പ്രാപ്താ. [ത്താൽ
ഭൂലതാസൃഷ്ടലോകപാലനത്തിനോ ചൊൽ നീ
നീലലോഹിതവാമേ! കാലമോ ലീലായിതേ?
പാലമോ ഭവാണ്ണവേ കോലമിക്കാണായതും?
ശീലമോ നിൻചില്ലികൾ പാലനം ജഗത്തിന്റെ?
തൽകാലോചിതയുക്തിതക്കാലോചിതം ഭേദം
ദൃഗ്ലാളിതം തവ ദൃക്കാലോ തിരവതും?
അക്കാദിപ്രിയമാണം ദിക്കാലനിവേദനം
സൽക്കാരപൂവ്വം തയാ ദൃക്കാലോ നിയോജിതം?
ദൃക്കാലോടണവതോ തിക്കാലാവതല്ല മേ;
ദുഃഖാലാവതു കേണെൻ; വൈകല്ലോചനമെങ്ങൾ.
ദുഗ്ഗേ! ദുഗ്ഗദൈത്യവഗ്ഗവിച്ഛേദിലോംഗേ!
മൽഗേഹം പാഹി ഭദ്രേ! മൃൽഗരശ്രുലോദഗ്രേ!
അംബികേ! മമ ഹൃദി ചിന്മയമിദം രൂപ-
മുന്മിഷേദനാരതം കന്മഷവിശോഷധം
ധൌമ്യനാരദാദീനാം ബ്രാഹ്മണദേവർഷീണാം
ചാമ്മണം കൺകൊണ്ടാകിൽ കാണ്മാനും കിട്ടാ നിന്നെ.
വാങ്മനസാതിഭ്രമിം ത്വാം മനീഷികൾ ചൊല്ലു;
ഞാൻ മഹാജാല്മനിന്നു കാണ്മതിന്നാളല്ലസ്സം.
ആണ്മയെന്നമേ കിം മേ? കാണ്മനോ? മൌഢ്യം ദൂഢം;
തീമ്മ കേളെന്നോ യാചേ; മാം മഹേശരി! പാഹി!
പ്രാക്ശുദ്ധം മനോ; മമ വാക്ശുദ്ധിയിപ്പോൾ വന്നു;
ദ്രാക് ശാധി ദേഹശുദ്ധൈ ദാക്ഷിണ്യദയാനിധേ!”

ഇപ്രകാരത്തിലോരോന്നൾപ്രകാശേന ചൊല്ലി-
ത്തൽപ്പദേ വീണു തൊഴുതല്പകാലം നില്ക്കുമ്പോൾ
നില്പോരു ഗിരീന്ദ്രനോടപ്പോഴുതരുൾചെയ്താ-

ളൽപലദളശ്യാമാ ചിൽപരിവൃഢമനോരമാ.
“സജ്ജനശിരോമണേ! നിർജ്ജനവനേ കിട-
ന്നിജ്ജനം മുഷിയുന്നു; വഞ്ജനം ചെയ്യായ്ക നീ.
മച്ചരിതങ്ങൾ ചൊല്ലാം, മച്ഛനില്ലമ്മയില്ല;
മിച്ചമില്ലൊരു ബന്ധു; പശ്യ ഞാനേകാകിനീ.
അച്ഛിതൻ വിശേഷകനാമച്യുതേശാനപ്രിയ-
നച്ഛനായത്ത ഭവാനിജ്ജനത്തിനെന്നോർക്ക.
സത്യമെന്നമ്മ നിന്റെ പത്നിയാം മേനാദേവി;
നൃത്യ മാമംഗളോത്സവാംഗേ കൃത്യങ്ങളെല്ലാം ചെയ്ക.”
ശാശപതി ഭഗവതി ചൊച്ചുവച്ചൊരു വാചാ
വാച്ചൊരു തപത്തിന്റെ കാഴപോയ് രാജാവിതും.
ചേർച്ചയോടെടുത്തുകൊണ്ടാശ്വസിപ്പിച്ചു കൊഞ്ചി
മാഞ്ജയൻ മുദാ നേത്രു വീഴ്വ വാരാതെ മാറിൽ
ഊർജ്ജിതാനന്ദവേഗപൂർവ്വമാ വേഗം പോന്ന
ധൂർജ്ജടിഭക്തൻ, ഭാഗ്യാബ്ധിച്ഛദപ്പാഗ്രേ കാണ്മാൻ.
“പ്രേയസി! പിതൃകന്യേ! നീയതിദയാഹീനാ;
പ്രീയസേ മറ്റോരോന്നിൽ; പായിതാ ഞേയം കുചൈവ.
തന്നുടേ ചെറുപൈതൽ കണ്ണുനീർ തൂകിത്തൂകി
നെണ്ണിനെണ്ണി കൊണ്ടഗ്രേ തിണ്ണമാക്രന്ദിക്കുമ്പോൾ
വന്നെടുത്തംഗേ ചേർത്തു സ്തന്യമാനവുമെന്നി-
യന്യതോ നോക്കും വാക്കും നന്ദനന്നാരംഭവും!”
ഇങ്ങനേ ദൂരത്തുന്നോ തിങ്ങുമുൾക്കൊമ്പോട്
ജംഗമേതരരാജൻ ഭംഗുരഭ്രുകുടിയായ്
അങ്ങു ചെന്നണയുമ്പോ“ളെങ്ങുയെൻ കാവിങ്ങുവാ-
യിങ്ങു കാണട്ടെ”യെന്നാളംഗനാശിരോമണി.
ഓടിച്ചെന്നുദ്ധാരതരം മേടിച്ചു മേനാദേവി
ഗാഢം നാലഞ്ചു പുല്കി മാടണ്ണും മുല നൽകി.
കൈതവപ്പൈതലപ്പോൾ പ്രീതിഗദ്ഗദരോഷം
മാതുരാനനം നോക്കിച്ചെയ്തു തൽസ്തന്യപാനം.
കണ്ടിരിക്കവേ താതൻ കന്യകാമണിയപ്പോൾ
കണ്ണമക്കൈയും രണ്ടായ്ക്കാണായി ദിഗംബരാ
വിണ്ണിൽ നിന്നപ്പോൾ വീണു തിണ്ണമായ് പുഷ്പവൃഷ്ടി
കണ്ണിൽ പൂമ്പൊടി പാറി; പെണ്ണിനും കണ്ണീർ വന്നു

ശംഖമദ്ദളനാദം മംഗളമാശീർവാദം
തുംഗസംഗീതമേളമംഗനോലൃല്ധ്വനി.
അപ്സരോലാസ്യം ദിവി; ഝർഝരവാദ്യം ഭുവി;
നിർജ്ജരോപാസ്തി ദിവി; ഗർജ്ജിതവ്യാപ്തി ഭുവി;
ഉദ്ധതനാട്യം ദിവി; പുസ്തകവാച്യം ഭുവി;
താനദാനാദി ദിവി; ദാനമാനാദി ഭുവി;
ഭാനമാനേകൻ ദിവി; സാനമാനേകൻ ഭുവി;
ചന്ദ്രികാപൂർത്തി ദിവി; ചണ്ഡികാമൂർത്തി ഭുവി;
താപസഗോഷ്ഠി ദിവി; താപസമ്മാർഷ്ടി ഭുവി;
ദേവയാനാളി ദിവി; സേവകപാളി ഭുവി;
അംബികാജന്മോത്സവസൽ[illegible] കോലാഹലം
മമ്മഹാഭോഗീന്ദ്രനാമുണ്മയോടോതീടുമൊ?

അന്നഹോ ഗിരിഗഹേ ചെന്നവക്കെല്ലാം കാണായ്-
വന്നിതാകാശദേശം പൊൻനിറം മിന്നൽ പോലെ.
ചന്നഗരിപു സുഖം വന്നിറങ്ങുന്നനേരം
മന്ദരസഖൻ മുദാ ചെന്നെതിരേല്ക്കുന്നതും;
സന്നിധൌ നാരായണനണ്ണവകാന്തിയോടു-
മിന്ദിരാദേവിയോടും വന്നകംപുകുന്നതും.
ബ്രഹ്മാവിങ്ങെഴുന്നള്ളി നിർമ്മായം ഗിരീന്ദ്രനാ
ലുന്മേഷത്തോടു ബഹുധർമ്മസംപ്രശ്നോത്തര
സമ്മാനനമ്മാലാപസമ്മോദസമ്മേളന,-
മല്ലാനബ്രഹ്മാനന്ദനിർമ്മാണമംബാലബ്ധം.
„ദിക്പാലന്മാരെല്ലാം ചെററില്പാലേ[illegible]ന്നീടുവി-
നിപ്പോൾ നല്ലവസരം; നില്പാനാമെന്നാകിലോ.
മൽബാല! മൈനാകമേ! മുൽപ്പാടേ ചെല്ലങ്ങു നീ-
യഭ്യാശേ സഭ്യന്മാരെയൊപ്പമങ്ങിരുത്തുക.
ഇപ്രായം സൽകർമ്മസു തപ്പാതേ നടക്കണം;
ദപ്പാദി തടുക്കണം; സത്ഭാവമെടുക്കണം.
ഉൽപാതങ്ങളും ബഹുകല്പാന്തങ്ങളും കണ്ടേ-
നൽപ്രീതിപൂണ്ടേ;നിന്നെന്തുംഭ്രാന്തിക്കൊരുമൂലം?„
ഇത്യാദി സുതനോടു കൃത്യാദി പറകയും
തത്ത്യാഗം പടിയാണ്ടെത്തൊട്ടുദ്യോഗാൽ നടക്കയും.
"നിരൃതിയമാനിലവരുണന്മാരേ കനി-

ഞെരുങ്ങേണമേ,യിരുന്നാലേണമേ സുഖം.
സുരന്മാർപരിവൃഢൻ വരുന്നാകിലോ കാണാം;
പരന്ന സഭയിൽ നാമിരുന്നാലല്ലോ സുഖം.
ജ്വലന! ഭവാനിനിപ്പലനാൾ പിരിയൊല്ലാ;
നിലവും നിന്റേതു കേൾ കുലവും കുബേര! മേ;
ഗിരീശ! കൈതൊഴുതേൻ ഞാൻ ക്ലേശാദി കളക നീ-
യാശാധിപതിക്കോ ഞാനാചാരം പഠിക്കേണ്ടൂ.
കോശാനാം ക്ഷയമെനിക്കുള്ളുകിൽ ക്ലേശമില്ല;
നാശമില്ലാത്ത സമ്പത്താശയത്തുഷ്ടിയല്ലോ."
ഇങ്ങനേ യഥോചിതം സംഭാവനമാനങ്ങ-
ളെങ്ങുമേ; രസഭംഗസംഗതിയാക്കുണ്ടാവൂ
ചിൽപതിശക്തിയെന്ന കല്പകവല്ലി വന്നി-
ട്ടുത്ഭവിച്ചതിൽ സുഖമല്ലമല്ലോ ഭോഗാവക.
താനാകുംവണ്ണമെല്ലാം മൈനാകകുമാരനും
മാനിച്ചാനെല്ലാരെയും പ്രീണിച്ചു സൌജന്യത്താൽ:
"മലയ! മഹേന്ദ്രമേ! വലിയ ചിത്രകൂട!
വിളയാടുക; വൃഥാ കളയായ്കെടോ കാലം;
നിലയാക്കറല്ലേപ്പോ? തലയാക്കേണ്ടെ ചൊല്ക്കാം?
ഞെളിക ക്രൂനാ ചെറ്റു; ഞെളിക കണിക *നീ;
വെളിവെന്തേറെവന്നതളികേ ക്ഷണപ്രിയ!
കളികാഞ്ചൻ! കൈലാസമേ! തെളികേ വരിക നീ;
~~[illegible]~~ കളിയും വേണ്ടാ വൃഥാ:
പലരുമിതിൽപ്പുറമുപയുള്ളവർ ഞങ്ങൾ.
ചാരുവാം കാന്തിപൂണ്ടിങ്ങാരുവാൻ വരുന്നതു?
മേരുവോ? പിന്നാലെയപ്പാരിയാത്രമോ കൂടെ?"
സമ്മദംപൂണ്ടിങ്ങനെ വന്മലത്തലവന്മാർ
നർമ്മസല്ലാപം കളിനന്മയിൽ മേളംകൂട്ടി.
വസിഷ്ഠനത്രി ഭൃഗു ~~[illegible]~~ പുലസ്ത്യനും
ഹ്രസിഷ്ഠനഗസ്ത്യനും ~~[illegible]~~ നാരദനും
സാധിഷ്ഠൻ മരീചിയും കോപിഷ്ഠൻ ദുർവ്വാസാവും
ഭൂയിഷ്ഠം മുനിജനമാവിഷ്ടം മഹാമുദാ.
പടുധീകളാമവർ ഝടിതി വന്നു പല
വടുകൾ ദണ്ഡും മെതിയടികൾ കൃഷ്ണാജിനം

* 'ഞെളിയാ കണിക നീ' (പാഠാന്തരം).

മടിയിൽ വെക്ക ചിലർ; കടന്നാലടിപിടി
രടിതം നിർഭത്സനമിടയിലഭിവാദ്യം;
ഉടനങ്ങനുഗ്രഹം ദൃഢമായാലിംഗനം
ഘടിതബഹുശ്രുതിപഠനസ്തുതിനതി;
നടനമവതാളമുടനേ നിപതനം
ത്രുടിതയജ്ഞസൂത്രഘടനം വിലോഡനം.
മുഹുരിങ്ങനേ മുനിസംസദാ തദാ
മൃഗരാജിയെ ജ്ജിച്ചതികൌതുകാന്ധയാ
മുഖരീകൃതം ചിരം ശിഖരീശപുരം;
സുഖരീതികൾ വേറെ നഗരീവരാ ദധേ.

കവ്യവാഹനൻ സോമനൎയ്യമാവഗ്നിഷ്വാത്തൻ
ദിവ്യരാം മറ്റാർകളും നവ്യമാം സുഖോദയാൽ
ഊഹിച്ചങ്ങറിഞ്ഞുടൻ ദൌഹിത്രീജനനം നിജ-
ലോകത്തിൽ നിന്നു മണ്ടി വേഗത്തിൽപ്പിതൃഗണം.
സ്നേഹിച്ചു സ്വധാദേവി മേടിച്ചു കുമാരിയെ
ആകൃത്യാ നന്മകണ്ടു മോഹിച്ചു മനോരാജ്യം.
ദാഹിച്ചു തിലോദകം യോജിച്ചു കുടിച്ചിതു-
ന്നേകിച്ചു ഹിമാലയേ പൂകിച്ചാരാശിസ്സുകൾ.
അദിതി ലോപാമുദ്രാപ്യനസൂയാരുന്ധതീ
ധരണീ ലക്ഷ്മീ വാണീ സംജ്ഞയും സാവിത്രിയും
യമുനാ ഗംഗാ സരസ്വതിയും ഗോദാവരീ
വിനതാ സ്വാഹാദേവീ ദേവഹൂത്യാദികളും
പെരിയ പതിവ്രതാപരിഷൽ കൂടിപ്പൂരേ
പരിരംഭണം തമ്മിൽ പരിതോഷാഭാഷണം.
പരമന്നവരുടേ ചരിതം മനോഹരം
പരമശിവ! മമ പറയാവതല്ലേതും.
പരിതോ മേനാദേവിക്കരികേ ചുഴന്നിരു-
ന്നൊരുമിച്ചാശീർവ്വാദം നിരവേ ബഹുവിധം;
കരതാരിലേ മേടിച്ചരിയോരാലാളനം;
ചിരസാന്ത്വനം; പുനരുരസാ സംഭാവനം;
മൃദുഹാസാക്ഷ്യാദി കണ്ടിതരേതരം
മിതരക്കരാർപ്പണം മൃദുഗാത്രാമർശനം.
കളിച്ചു വളരെന്നും ഖലരേ മുടിയെന്നും
ഗതി നീ സതാമെന്നും ഘനശ്യാമളയെന്നും

ചതുരാശ്രയാ എന്നും ഛലയാരാതിമെന്നും
ജനനി ജയിക്കെന്നും ഝടിതി വർദ്ധിക്കെന്നും.
ടഠഡഢായും ഢായും പഠ; വാമാ; വാ മമ
ഞമങ്ങണനപ്രായേ ഭണിതേ കൊതിയെന്നും
തരളാ മാസ്യാ ബാലേ തവ ഞാൻ മാതാവെന്നും
ദളിതാജ്ഞാനകായേ ദയിതം ജയിക്കെന്നും.
ധവവത്സലാ ഭവ; ധയ മേ കുചമെന്നും
നതവത്സലേ ത്വയാ ന വയം ഹേയാ എന്നും
പരമശിവഭക്ത്യാ പഠ നീ വിദ്യയെന്നും
ഫലിയാ പാപമെന്നും ഫലിതം ജന്മമെന്നും
ബലവാൻ ഭാരസ്തവ ബഹു ബന്ധുതയെന്നും
ഭഗവൽപ്രിയാ ഭവ ഭജ കാരുണ്യമെന്നും
മദനാശിനി ഭവ മഹിഷി ശിവന്നെന്നും
യമനിർഭയാ ചിരം യശസാ വർത്തിക്കെന്നും
രസവിൽപ്രിയാദ്ഭുതാ രതിമാൻ പതിയെന്നും
ലലനാർച്ചിതാ ഭവ ലളിതാകൃതേ! യെന്നും
വശഗാ പദജ്ജുഷാം വരദാ ഭവയെന്നും
ശശിമൌലിവത്സലാം ശരണം ഭൂയാ എന്നും
ഷട്പദള്യതേ ഭവ ഷഡ്ഗുണാസ്പദമെന്നും
സത്യസംഗരേ ഭവ സത്വശാലിനിയെന്നും
ഹര നോ ദുഃഖമതി ഹരവല്ലഭേ! യെന്നും
പരമാശീർവ്വാദങ്ങൾ പരയാ മുദാ ചെയ്തു.
പരിചിൽ കരാൽകരം പകർന്നു മകളെയും
പരചിന്മയിയായ പരമേശ്വരിയെക്കൊ-
ണ്ടുരുസന്തോഷാലവർ പരമാനന്ദം പൂണ്ടാർ.

സഹസ്രേക്ഷണൻ വന്നു സമസ്തസുരന്മാരും
ബഹു പ്രാഭൃതം കെട്ടിവഹിപ്പിച്ചോരോതരം
നിബിഡം ഗിരിവരനികടേ നിറഞ്ഞുനി-
ന്നെവിടേ തവ മകളിവിടേ കാണാകണം"
പുരന്ദരോക്തികേട്ടു ധരേന്ദ്രനിയോഗത്താൽ-
പ്പറന്നു മൈനാകം പോയ്പ്പറഞ്ഞ വാർത്താമാത്രേ
സകലേശ്വരിയായ മകളെയെടുത്തുകൊ-
ണ്ടകമേ നിന്നു മാതാ മാറിലാജനമദ്ധ്യേ

ഒഴിഞ്ഞു വഴിനീളെപ്പൊഴിഞ്ഞു നറുമലർ;
വഴിഞ്ഞ മോദാലിന്ദ്രനുഴിഞ്ഞു നീരാജനം.
ജനകൻമുമ്പിൽ സുരജനങ്ങൾ വച്ചു കാഴ്ച
മണികൾ ജാംബൂനദം കനകപട്ടാംബരം
സാനേകഭേദം ബഹുവാനോർകൾ വച്ചു കാഴ്ച
താനേകൻ തെരുതെരെ മൈനാകമെടുത്തുതേ.
നാനാഗന്ധർവ്വസിദ്ധസേനാ കുതുകിൽ കപാപി-
ന്ധാനേ യക്ഷരും നിന്നു കോണേ കിമ്പുരുഷരും
മേനക തിലോത്തമ മാനിനി രംഭ മുമ്പാം
വാനവനാരിമാരും പ്രീണിതാ പൌലോമിയും
ക്ഷീണത കളഞ്ഞിഹ ക്ഷോണിയിൽ വന്നു മെല്ലെ
മേനതൻ ചുഴലവുമാനതിചെയ്തു നിന്നു.
"അമ്മേ! കേൾ [illegible]ദേവി നിങ്ങൾ ജയിക്കണം;
ചിന്മയി ജയിക്കുമ്പോൾ നന്മയാം നമുക്കെല്ലാം.
പെണ്മയും വപുസ്സിങ്കൽ വെണ്മയും കർമ്മങ്ങളിൽ
തണ്മയും മനസ്സിങ്കൽ നിങ്ങൾക്കു തന്നീടണം.
ഭംഗികൾ പറകയല്ലെങ്ങൾക്കു വിശേഷിച്ചും
തൊങ്ങൾക്കും പൊടിപ്പിനും ഭംഗം വന്നിരിക്കുന്നു.
സംഗരേ ഭഗ്നദന്തൻ വൻകരിയെന്നപോലെ
ശങ്കിച്ചു പങ്ങിപ്പങ്ങി മങ്ങുന്നു മനോഭവൻ.
പൊന്മലമീതെ മേവുമിമ്മഹാലോകരെല്ലാം
നിങ്ങൾക്കടിമയായ്ക്കണ്മുനകൊതിക്കുന്നു.
മന്മഥൻ തനിക്കുള്ള കർമ്മവും മതിയാക്കി-
ധർമ്മമൊട്ടേറെച്ചെയ്തു നിങ്ങളുണ്ടാവാനായ്.
ചെറ്റുമില്ലവന്നിനി മറ്റൊരാലംബമമ്മേ!
മുറ്റും നീ ഗതി മക്കളുറ്റതാനറിവോളം.
മുറ്റമിങ്ങടിക്കുമെ വിറ്റുതിന്നീടും ഞങ്ങ-
ളുറ്റുപോകാതെ ദാസ്യം പറ്റിയാലാരും വിടാ
ധർമ്മചാരിണിമാർക്കോ ധർമ്മമുണ്ടവലംബം;
നർമ്മകാരിണിമാർക്കോ നിങ്ങൾ പരദൈവം."

ഇങ്ങനേ നാകസ്ത്രീകൾ തങ്ങടേ വാക്യമദ്ധ്യേ
ശങ്കയാ ദൂരേനിന്നിട്ടുംഗജൻ കഴൽക്കൂപ്പി.
പങ്കജബാണനങ്ങിൽ സങ്കടം പോമല്ലോ

പെൺകിടാവൊന്നു നോക്കി തൻകടാക്ഷത്താൽ മെല്ലെ.
നിന്നവൎക്കെല്ലാമുള്ളിൽ വന്നിതാശ്ചൎയ്യമപ്പോൾ;
വന്ദിച്ചാനലർശരൻ മുന്നുരുവട്ടം തദാ.
മുരളുന്നൊരു ഞാണും മധുരമായ വില്ലും
സുരഭിതരങ്ങളാം ശരങ്ങളഞ്ചും കൂട്ടി
സ്മരവല്ലഭ രതിയരികിൽക്കൊണ്ടുചെന്നു
ഗിരിജാദേവിമുഗ്ദ്ധാഭരണം തൊടിയിച്ചു.
പരിചിൽ മദനന്റെ കരതാരിലേ നല്കി;
ശിരസാ നമിച്ചവൻ തരസാ വാങ്ങിക്കൊണ്ടാൻ.
ഇടവും വലവും ഞാൻ വിട്ടുള്ള ശരത്തിനി-
ത്തടവാനാരെന്നൊരു മിടമപ്പൂണ്ടു മാരൻ.
മധുമാസവും മുഗ്ദ്ധമതിയും മദനനും
മധുരോക്തികൾ പികസ്തുതിപാഠകന്മാരും
മലയസമീരനും പരന്നാൾക്കൂടിത്തമ്മിൽ
ബലവത്തുക്കളിവർ നിലയുറ്റതൊരുമിച്ചു.
അമരിമാൎക്കും ഏറി ശ്രമമില്ലാത്തൊരു
മരീചിലം പാരിൽഭ്രമരീഭാവം ചേൎന്നു.
ഭുവനജനനിതൻ സവിധേ വിവിധമായ്
നവനാടകനാട്യമവരങ്ങാരംഭിച്ചു.
തദനു ശൃംഗാരമാം തപരാജനം തന്റെ
സംഗീതമനോരമായിസ്സദസി പെരുമാറി
ജഗദീശ്വരിയുടെ ജനനദിനോത്സവം
ജളനെന്തറിവു ഞാൻ? ജയതാം ജല്ലാകതാ.
ബഹുധാ സംഭൃതമുപദാധനോച്ചയം
ഹിമവാൻ നല്കീടിനാൻ സമവേതന്മാൎക്കെല്ലാം.
ബഹുതസ്സമ്മാനങ്ങൾ ബഹുധാ ലഭിച്ചിതു
സകലജനങ്ങൾക്കും സ്വഗുണോചിതാധികം.
ഹിമവാനത്രെ പാരിൽഭ്രമവാൻ ഗുണോന്നതൻ
സമവാക്യവിവൎണ്ണമായ്; കിമിവാത്ഭുതം പരം?
ശിവദേ! ശിവേ! ജയ തവ ദാസോഽഹം ദേവി!
ശിവശങ്കര! ഹര! വിവശം പാഹീശ മാം.
ശുംഭശാസനിയുടെ സംഭവകഥയിതു
സംഭവഭയമെന്നാലിന്നമാറ്റുകതമായി.

കിം ഫലമെന്നു ചോദ്യം സംപ്രതി കലിയുഗേ;
ലുമ്പതി ഭൂരിതാപം തമ്പുരാനെന്നുത്തരം.
ഇത്തരം നന്നു ശേഷം വക്തുമർഹതിയെന്നാൽ
വക്തവ്യം നിർവ്വാഹവുമെത്തുമങ്ങൊരുവണ്ണം.
ദുരിതക്ഷയം കൊതി കവിതയ്ക്കില്ലെന്നാലും;
ഹരമാഹാത്മ്യം ചൊന്നാൽ വിവിധം ഗുണോദയം.
ശിശുവിന്നായുസ്സുണ്ടാം; രസവേദിയാം യുവാ;
വശഗം വർഷീയസോ മരണരോഗൌഷധം;
ദുരിതഹരം പരം; പുരുഷാർത്ഥാകർഷണം;
[illegible]രസം [illegible]ാരിമാക്കും ഹരമാഹാത്മ്യം ദൃഢം.
പഠിച്ചു പാടുന്നോർക്കും രസിച്ചു കേൾക്കുന്നോർക്കും
ഫലത്തിന്നില്ല ഭേദം പലർക്കുമൊരുപോലെ;
കുലസ്ത്രീകൾക്കും യോഗ്യം വിമുക്തിഫലപ്രദം;
വിശുദ്ധി പോരായ്കിലും വിരുദ്ധമല്ല കേൾക്കിൽ.
വിഭക്തിയുണ്ടെന്നാകിൽ പഠിച്ചു പാടിക്കൊൾവിൻ
വിഭക്തിബോധത്തിന്നും വിശുദ്ധിലാഭത്തിന്നും
[illegible]ഭാവത്തിന്നും വിദഗ്ധഭാവത്തിനും
നിവൃത്തി[illegible] നിമിത്തം മോക്ഷത്തിനും.

ഇതി ഗിരിജാകല്യാണേ സങ്കല്പഖണ്ഡം സമാപ്തം.

ദ്വിതീയഖണ്ഡം.

ഏങ്കിലോ പണ്ടു ജഗൽപിതാവായൊരു
ശങ്കരൻ ശാശ്വതനീശൻ മഹേശ്വരൻ
ഭാര്യാവിയോഗജം ശോകം ത്വലൌകികം
ധൈര്യവിരോധീതി ദേഹിനാം ബോധയൻ
സർവ്വസംഗങ്ങൾ വെടിഞ്ഞു ഹിമാലയ-
പർവ്വതദേശേ തപസ്സു ചെയ്യുന്ന നാൾ
ഭോഗികൾക്കൊക്കയും ഭോഗവിരാഗേണ
ലോകസ്ഥിതിക്കുവിളക്കം വരികയാൽ
ലോകേശവാചാ ശതമഖസേവിതാ

* 'വിശുദ്ധിയുണ്ടെന്നാകിൽ പരസ്ത്രീകൾക്കും യോഗ്യം' എന്നു് ഒരു ഗ്രന്ഥത്തിൽ കൂടുതലായി ഒരു വരി കാണുന്നു.

ലോകമാതാവായ മായാഭഗവതി
ആദരപൂൎവ്വകം നാഥൻമതമറി-
ഞ്ഞാധി ലോകത്തിനു വന്നതു പോക്കുവാൻ
ഭൂധരരാജനു പുത്രിയായിങ്ങനെ
ഭൂതലത്തിങ്കൽ പിറന്നോരനന്തരം
പൂതനായോരു ഭുവനമരാമരം
കാതലായുള്ളൊരാണായി കാൎക്കണ്ണനം കൊണ്ടഹോ.
പാൎത്ഥങ്ങൾക്കു പതിന്നാറിനുമുള്ളൊ-
രാൎത്തികെടുപ്പാനൊരാണ്ഡനായികാ
ധാത്രീധരേന്ദ്രനു പുത്രിയായ് വന്നതു
കാൎത്തികീപൌൎണ്ണമാസിയിങ്കലാകയാൽ
രാത്രിന്ദിവമനു ക്രൂരികൾ ക്രൂരങ്ങ-
ളിത്രിലോകത്തിലിരുന്നക്രടായ്ക്കൊൾ
ആൎത്തിയേയുള്ളൊരു ദുഷ്ടുവാച്ചുംകൊണ്ടു
ഉള്ളുരുകുമെയ്പ്പോടു പാൎത്തിരിപ്പിരം
ഒത്തൊരുമിച്ചു തന്നാശ്രയം കാണാഞ്ഞു
ദൈത്യജനത്തിൻ മനസ്സിലകംപുക.
പാൎത്തിരപോലെ പരമേശ്വരിയുടെ
കീൎത്തികൾ ചെന്നങ്ങലച്ചിതവിടെയും.

മൂൎത്തികണ്ടാലെത്ര മോഹനം. കാരുണ്യ
വാൎദ്ധിതന്നെ മനം; കാൽത്തളിർ കല്പകം;
നേത്രാമൃതം പാരിലിദൃശമാകുമേ
നാസ്തി നോദേഷ്യതി നാഭൂൽ കദാചന.
മിണ്ടാതെ നിന്നതുകണ്ട പരിഷയിൽ-
ക്കണ്ടുമതിയെന്നു തോന്നിയതാൎക്കുപോൽ!

ചിത്രമവിടുന്നു പോയവരാരുമേ
ചിത്തമാളായീല കൊണ്ടുപൊയ്ക്കൊള്ളുവാൻ.
"കാറൊളികാന്തിയും ക്രൂരിളംക്കുന്തലും
ഭൂരികാരുണ്യധാരാളകടാക്ഷവും
ചാരു മന്ദഹാസമെന്നിവ കണ്ടങ്ങു
പാരമാനന്ദിച്ചു നിന്നോരളവഹോ!
ആരു ശാസിച്ചിട്ടു ദൂരത്തു പോന്നു നാം
നീരസമായിനി നേരവും പോകുമോ?
പെട്ടെന്നിനിയുമവിടെയ്ക്കു പോകെന്ന
തൊട്ടല്ലയൌത്സുക്യം നാളെയെന്നേ വരൂ."
വിഷ്ടപവാസികൾക്കിങ്ങനേ സന്തത-
മൊട്ടല്ലൊരൌൽസുക്യമെന്നു പറയാവു.
നീരദശ്യാമളകോമളഗാത്രിയെ
മാറിലെടുത്തുകൊണ്ടാരോമലച്ഛനൻ
പാരം പുരന്നു മുദം കൊടുത്താനനം
ചാരുസ്മിതം കണ്ടിരുന്നിതു മേനയും.
പുണ്യവാനാമൊരു പുത്രരത്നം
കണ്ണുകൾ കൊണ്ടു മകളെയും കണ്ടിരു-
ന്നന്തമില്ലാത്തൊരാനന്ദവാരാന്നിധൌ
മന്ദരംപോലെ മറിഞ്ഞു മഹീധ്രനാഥൻ.
കാലേ യഥോചിതം പുത്രിക്കു മന്നവൻ
കാളിയെന്നിങ്ങനെ പേരിട്ടു കൌതുകാൽ.
പാവകചന്ദ്രാതിശായിമുഖിതന്നെ-
പ്പാർവ്വതിയെന്നു വിളിപ്പൂതെല്ലാവരും.
മേനയാം ദേവി വിളിപ്പതുമയെന്നും:
മാനിനിമാരെല്ലാമുണ്ണിയുമയെന്നും.
നാരായണന്റെ ഭഗിനിയെന്നോർക്കയാൽ
നാരായണിയെന്നു നാകനിവാസികൾ.
ദുർഗ്രഹമാഹാത്മ്യശാലിനിയെന്നിട്ടു
ദുർഗ്ഗയെന്നോതി മുനികളെല്ലാവരും.
സീമയില്ലാതഗുണഗണനിർമ്മിത-
നാമസഹസ്രമവൾക്കായി മേൽക്കുമേൽ.
നന്നായ്ക്കളിപ്പിച്ചു ഭസ്മം തൊടുവിച്ചു

കണ്ണെഴുതിച്ചു വയമ്പും കൊടുത്തുടൻ
പിന്നെ മുലയുംകൊടുത്തു കിടത്തിനാൾ;
കണ്ണുകൾക്കാനന്ദമെന്തു പറവതും?
ഒട്ടൊട്ടറിവും മമത്വവും തോന്നിച്ചു
ദൃഷ്ടിവിലാസങ്ങൾ ചെറ്ററ്റ പുഞ്ചിരി
നിശ്ചലഭാവവും കൈകാൽകുടച്ചിലു-
മിച്ഛ മുലയിലുൾക്കൊണ്ടു കരച്ചിലും.
അച്ഛനെന്നമ്മയെന്നോരോ സമയത്തി
ലുച്ചാരണച്ഛായ തോന്നിച്ചൊരൊച്ചയും
നിച്ചലും കണ്ടങ്ങനുഭവിച്ചമ്മയു-
മച്ഛനും മററുള്ള ബന്ധുജനങ്ങളും
ഉച്ചൈരനാരതം വച്ചന്യകൌതുക-
മച്ചോ! രമിച്ചതുരച്ചാലൊടുങ്ങുമോ?
ചെന്നു പലനാളനന്തരമേകദാ
മന്ദം കമിഴ്ന്നു; നിവിർന്നീല കന്യമാ.
പിന്നങ്ങു മാതാവുയർത്തിക്കഴെത്തുടൻ
മന്ദമെടുത്തു മുല കൊടുത്തീടിനാൾ.
പെണ്ണിനോ പിന്നെയതഭ്യാസമായ്‌വന്നു;
നന്നായ്ക്കമിഴും കിടത്തിയാലപ്പോഴേ.
എത്തിയെത്താതെ സമീപത്തുവച്ചത-
ങ്ങെത്തിപ്പിടിപ്പാൻ പടുത്വമുണ്ടായ്‌വന്നു.
നാലഞ്ചുനാൾ കഴിഞ്ഞപ്പോളതിൽപ്പരം
മേളം തുടങ്ങിയതെന്തു ചൊല്ലാവതും.
കാന്തികലർന്നൊരു കണ്മയപ്പൊൻപൈതൽ
നീന്തിനടന്നിതു നീളെ നിരാകുലം
"നിമ്നോന്നതങ്ങളറികയില്ലേതുമേ;
നിന്നോരപായങ്ങൾ നോക്കുകെന്നേ വരൂ.
കണ്ണൊരേടത്തു വഴുതിയെന്നാകിലോ
പെണ്ണവൾ വീഴുമേ വല്ലകണക്കിലും.
ചെറു മുലകുടിച്ചീടിനാലപ്പോഴേ
മുററത്തു പോവാനിവൾക്കു കുതൂഹലം.
പല്ലവപുഷ്പാദി പാരത്തു കാൺകിലു-
മില്ലാ കൊതി;യെങ്ങു ദൂരത്തുകണ്ടതിൽ?

നെല്ലുമരിയുമുമിയുമിരിപ്പത്തിൽ
നല്ല രസമിവൾക്കേകീ *കരിക്കയിൽ.
പല്ലു നാലഞ്ചുണ്ടു വന്നിട്ടതുകൊണ്ടു
കല്ലും കടിപ്പാൻ മടിയില്ല കിട്ടുകിൽ.
ഇങ്ങനേ കൌതുകവാത്സല്യസംഭ്രമാ-
ംഗനമാർകളോടമ്മ പറകയും
തിങ്ങിന മോദാൽവർച്ചെന്നൊട്ടുകയു-
മിംഗിതം പൈതല്യ, മറെറാന്നു കാൺകയും.
മണ്ടി മറെറങ്ങാനും കൊണ്ടെക്കളിപ്പിച്ചു
കൊണ്ടുവന്നമ്മതൻ കൈയിൽ കൊടുക്കയും;
കൊഞ്ചിയും വച്ചുമെടുത്തും കളിപ്പിച്ചു-
മഞ്ചുമാസം കഴിഞ്ഞെന്നു ഗിരിവരൻ
മോദസമ്മേളിതം ജ്ഞാതിജനമാനമോ-
ടോദനപ്രാശനം ചെയ്തു യഥാവിധി.
ദേവതായക്ഷഗന്ധർവ്വാദിദത്തമാം



ച്ചു വച്ചതാളുച്ചത്തിൽ
നന്നു തോന്നീ തദാ.
ത്തി ന ട-
ന്നൊട്ടു വീണന്തരാ
പ്രിയം;
തുടങ്ങിനാൾ.
മൃദമായ്
പട്ടു പണി.
ങ്ങളും പുഞ്ചിരി;
ല്യാജനത്തിലും.
ദവിഭാഗവ്യ-
പാസ്സുന്നു.
ിക്കാന്തപുര.
ലാകാന്തരാ
ിസമാവൃതാ
ച്ചു തതഃപരം
ണ്ടത്തിനന്തരം

മെയ്മേൽ തൊടിയി
മാമേതു വേറെയൊ
ട്ടുമേ വൈകീല മുട്ടു
ന്നിഷ്ടമായ്പ്പിച്ചനി
ട്ടുനടക്ക,മെട്ടുകുന്നത
പെട്ടെന്നു മണ്ടിനടന്നു
കഷ്ടം ജനനമെട്ടുത്തു
വിഷ്ടപമാതാവുമൊട്ടു
അവ്യക്തവർണ്ണവചനങ്ങ
നിർവ്യാജകാരുണ്യ
സംവ്യാപസവ്യദിഗ്ഭേ
മുർദ്ധീധരേന്ദ്രസുതയ്ക്കുള
കങ്കണകിങ്കിണീകാഞ്ചീ
ത്ധംകൃണിതാകൃഷ്ടസ
അങ്കണംതോറുമങ്ങോളം
രിംഖണം ചെയ്തു കളി
അവ്വണ്ണമാണ്ടു രണ്ടു

* 'കരി കൈയിൽ' (പാഠാ
ഠ.ന്ത.).

സൌവൎണ്ണമാടയും ചാൎത്തി ത്തുടങ്ങിനാൾ.
അഞ്ജനവൎണ്ണയ്ക്കു ചേൎന്നതിതെന്നിട്ടു
മഞ്ഞത്തുകിൽ പലതും വച്ചു കാഴ്ചയും.
വച്ചുമൊളിച്ചുമെടുത്തുമുടുത്തുമ-
ങ്ങച്ചേലയെല്ലാം മുഷിച്ചിതു നിച്ചലും.
അംബരന്റെ മടിയിൽച്ചെന്നിരുന്നുകൊ
ണ്ടിഷ്ടമപാരം ലഭിച്ചുകൊള്ളും സദാ.
സമ്മോദസല്ലാപഭേദങ്ങൾ ചെയ്തുകൊ-
ണ്ടമ്മയ്ക്കുമുന്മേഷമുള്ളിൽ വിളയിക്കും.
നിത്യവുംവന്നു സേവിക്കുന്നവൎക്കെല്ലാം
ഇഷ്ടവസ്തുക്കൾ കൊടുക്കുമത്യന്തം.
നൃത്തഗീതാദികൾ ചെയ്തു സേവിച്ചുകൊ-
ണ്ടപ്സരസ്ത്രീകൾ പോവാൻ തുടങ്ങും വിധൌ
അംബരനോടപ്പോൾ തന്നിരയിച്ചു
പൊൻചേലകഞ്ചുളീദിവ്യാഭരണാദി
വിശ്രാണനംചെയ്തു നാളെ വരികെന്നു
വിശ്വൈകമാതാവയച്ചിതവൎകളെ.
ഇത്രയും പ്രീതിപൂണ്ടവർ പോയാലൊ-
രുദ്യോഗമാളിമാരോടൊന്നിച്ചു
നിത്യമായ്ക്കണ്ടതും കേട്ടതും കുതുകാൽ
നൃത്തഗീതാദ്യമനുകരിച്ചീടുവാൻ.
തച്ചരിതങ്ങളൊക്കെത്താൻ മുമ്പിലാ
മംബരനറിയരുതെന്നുണ്ടു നിശ്ചയം.
തൽക്ഷണമക്കോപ്പുറിഞ്ഞു പതീമുഖാ-
ലക്ഷീണവാസനാം വിദ്യാസു താം സുതാം
ശിക്ഷിപ്പിച്ചൂ പിതാ സൽമുഹൂൎത്തത്തിങ്ക
ലക്ഷരാഭ്യാസമദ്ദിനങ്ങളിൽ തുടങ്ങിച്ചു.
സൎവ്വലിപികൾ പഠിച്ചു ദൃഢമട
നവ്യയസ്സിങ്കലിറക്കി തിരുമുടി.
ഉൎവ്വരാഭൎത്താവു താനേ പഠിപ്പിച്ചു
സൎവ്വസാഹിത്യസംഗീതകലകളെ.
വാസനയെല്ലാററിനും കണ്ടു പ്രീതനായ്;
വേധനം ചെയ്തു കാതേഴാം വയസ്സിങ്കൽ

പാട്ടിൽപ്പഴപ്പിച്ചുണക്കിക്കരടിട്ടു;
നീട്ടിത്തുടങ്ങി തിരുമുടി മെല്ലവെ.
ചൊല്ലിക്കൊടുക്കണമേകവാരം തദാ
കില്ലില്ലവൾക്കു പഠിച്ചീടുമതപ്പൊഴേ.
ഇല്ലാ മറവിയും സംശയലേശവും;
കല്ലിന്മേലുള്ള കീററിന്നതു തുല്യമാം;
കേൾപ്പാൻ കൊതിച്ചവൾ കേട്ടാൽ ഗ്രഹിച്ചുകൊ
ണ്ടോപ്പവൾ താനേ വികല്പവും തീപ്പവൾ;
താൽപര്യവുമതിൻ തത്വവും കാണുമവൾ;
നൈഷ്ഫല്യമെങ്ങു തദഭ്യാസസാദ്ധ്യമാം?
ലക്ഷസംഖ്യം തദാ ഗന്ധർവ്വകിന്നര-
യക്ഷവിദ്യാധരരാജകുമാരിമാർ
ശിക്ഷാദിഭിക്ഷാദിസൽഗുണദക്ഷമാർ;
പക്ഷപാതംപൂണ്ടവരിലെല്ലാരുമൊ-
ട്ടല്ല വാത്സല്യകാരുണ്യമുള്ളിലി-
ങ്ങൊട്ടല്ലവൾക്കിങ്ങോട്ടും പ്രതിപത്തി.
സഖ്യം സഖികൾ ചേടിത്വം സഖിത്വവും
മുഖ്യസംബന്ധമിയന്നവരുമതിൽ
ഒട്ടൊട്ടറിഞ്ഞുതാൻ മുട്ടക്കളിച്ചുനാ
വിട്ടുപോകാതെ സഹോദരസ്നേഹേന
പൂഴിക്കളത്തിലെഴുത്തുപാഠത്തിലും
തോഴികളായിപ്പലരുണ്ടതെങ്കിലും
എന്നതിൽവച്ചു വിശേഷിച്ചു തൽഗുണ-
മൊന്നിലേ സക്തമാരായിതു രണ്ടുപേർ.
ഒന്നു വിജയയെന്നന്യ ജയയെന്നും
ധന്യധന്യേ ദിവ്യകന്യേ ഉമേ [illegible].
തന്നെ നിഴൽപോലെയെന്നുമേ കാത്തവർ
സന്നിധിയിൽനിന്നൊരു നേരം പിരിയാതെ
താതൻ മടിയിലേ താൻചെന്നിരിക്കുമ്പോഴും
സാദരം തൊഴുതങ്ങു താഴത്തു [illegible]വർ*
കർമ്മകുശലമാരമ്മയ്ക്കുമിഷ്ടമാർ
നർമ്മനിപുണമാർ നിർമ്മലചിത്തമാർ;

* 'ചാരത്തുവർകളും' (പാഠഭേദം).

വിദ്യാവിനോദേ വിദഗ്ദ്ധമാരെത്രയും
ഭൃത്യാഭിമാനം വിടാതെ നടപ്പവർ;
പൌരുഷ്യമാർദ്ദവ സമ്പത്തുകളും നല്ല
ചാരുതാസൌഭാഗ്യസിദ്ധികളും തഥാ
കണ്ണു കൈകാൽ ചെവിയെന്നിരട്ടിയാ-
ണ്ടെന്നതൊന്നും വണ്ണമുണ്ണിയുമല്ലൊരോ!
നിത്യവും കാലേ കുളിച്ചു നിയമേന
ഏറ്റവും ചെറുചേല ചാർത്തിക്കുറി തൊട്ടു
ഭക്തിയോടേ ശിവപൂജ നമസ്കാര-
മിത്യാദി കൃത്യങ്ങളോരോ വ്രതങ്ങളും
വിദ്യാപരിശ്രമം വിദ്വൽസഭാജനം
ഭൃത്യസംഭാവനം മദ്ധ്യേ കളികളു-
മുത്തരകൃത്യമം വേണ്ടുന്നതെന്നിവ
വൃത്തമരക്ഷണം ചൊല്ലിപ്പാതെയായ്.
ചിന്നിച്ചിതറിച്ചുരുണ്ടിരുണ്ടക്കുന്തളം
പിന്നിൽക്കുഴഞ്ഞു കവിഞ്ഞു വളർന്നേ
ചെന്മണിക്കരടിട്ടിരുകാതിലും
മിന്നും മണിമോതിരം പൂണ്ട കണ്ഠവും:
തോൾവള കൈവള രത്നാംഗുലീയങ്ങ-
ളാവോളം ശോഭിതകോമളം കൈയിണ:
സഞ്ജാതഗുഞ്ജാശലാങ്കുരം കുചം
പൊൻചായമായ തിരുവുടയാടയും;
മഞ്ജുമണികാഞ്ചി പാദകടകവും
ശിഞ്ജാനമാകവേ സഞ്ചാരചാതുരി
കണ്ടവർക്കെല്ലാം കുതൂഹലവിസ്മയം
പണ്ടേതിലേറെയുമുണ്ടായിതന്നേരം.
കണ്ടവർ കൊണ്ടാടിയോരോന്നു ചോദിക്കിൽ
മിണ്ടാതെ നിൽക്കും; കുറയെപ്പറകിലാം:
ലജ്ജാവിവശതയുള്ളിൽ മുളച്ചിതു
തച്ചാതിഗൂഢമൊളിച്ചായി ഭാവവും.
ഒന്നുരണ്ടാണ്ടു ദിനങ്ങനെ ചെന്നപ്പോൾ
വന്നിതു കാലം വയോരാജിമദ്ധ്യമം.
ഈശചരക്ഷെപ്പുക്രമാതിക്രമം തേടി-

* 'ഇരട്ടിയോ' (പാഠാന്തരം).

ഞ്ഞാശ്രയിച്ചംഗം ചരാചരാധാരിനാം
ഭ്രാന്തികൊണ്ടുണ്ടായ താന്തി പോക്കീടുവാൻ
താൻ തിരുവച്ചാനിതു നല്ലതെന്നവൻ.
വന്നു ഹിമഗിരികന്യകാമാനാളു
വന്ദനംചെയ്തു കാലുന്നതാകൌതുകാൽ
"എന്നെയുമെന്നമ്മ ലാളിച്ചു വാഴിക്കെ"
ന്നന്പാഹം വന്നണ്ടിരന്നു നിന്നു ചിരം
"ന്നിന്നുടലെന്നുടേ രാജ്യമായ്ക്കൊള്ളുവാൻ
വന്നേനവകാശി ഞാനിനിമേലെന്നും.
എന്നെബ്ഭരിക്കണമന്യജനതുല്യ-
മെന്നും വെടിയരുതെന്ന നീ"യെന്നമും.
"മുന്നമിരുന്നോനെയിന്നു വെടിഞ്ഞു ഞാൻ
നിന്നെയിരുത്തുന്നതന്യായമായ്വരും.
എന്നാലവനോടു മേളിച്ചിരുന്നുകൊൾ"
കെന്നങ്ങു ദേവീമതമറിഞ്ഞേകദാ
നല്ലോരുനേരവും നോക്കിക്കുടിപുക്ക
തെല്ലങ്ങൊഴികെന്നു മെല്ലവേ സല്ലപൻ
കല്പനയാ കടന്നുരംപ്പുക്ക യൌവനം
മൽപുരമിപ്പൂവൽമെയ്യെന്നു കല്പയൻ.
"ട്ടെന്നാം വാണിതു; വിട്ടുപോയാൽ മമ
കിട്ടുമേ കീർത്തികേ"ടെന്നായി ബാല്യവും.
ധൃഷ്ടൻ കടന്നുവന്നൊട്ടും മടിയാതെ
മുട്ടസ്ഥലംവച്ചു വട്ടവും കൂട്ടിനാൻ.
ബാല്യനിർമ്മാല്യമംഗം വധൂമൌലിമേൽ
മാല്യമായ്വച്ചു പകത്തി ദിനംപ്രതി.
അന്നേരമങ്ങതിൻമുന്നമേ കണ്ടോർകൾ
ക്കെന്നേ രസമേറെ *ന്നൊന്നു തോന്നീ മുദാ.
നേർവരാ മെയ്യിൽ നിന്നാൽ പറഞ്ഞാലെന്തു
കാർവര നമ്മോടു ചോരിനെന്നാത്തുടൻ
ദിഗ്ജയം ചെയ്യതിന്നിച്ഛയും മാനസേ
വച്ചു സന്നാഹവും നിശ്ചയം നിശ്ചലം
കാർണ്ണ്യമെഴും കംസ തുഷ്ണീമിഹ സ്വയം
പാർഷ്ണിസംശോധനം ചെയ്തു നിയന്ത്രണം.

* 'എന്ന രസമുമയെന്നു തോന്നീ' (പാഠാന്തരം).

നെററിരംഗേ നെറിവുററ ലാസ്യക്രമം
പാററി ചില്ലീനടിക്കററമില്ലാരസം.
[illegible]പ്പാഴ് മുഭമിഴിപ്പക്ഷ്മ[illegible]ങ്ങളാം
ചെപ്പടിതൽപരം കോപ്പിടയും മിഴി
പാടവാ[illegible]വാൻ [illegible]വാടീവിടന്
കേടക[illegible]നാനനാ[illegible]കൃത്യം [illegible]
ഈടണഞ്ഞാങ്ങിരുപാട്ടും [illegible]മൂർത്തിയായ്;
തോടയെന്നേ നിനച്ചീടുവോൾ [illegible] തം.
[illegible]
[illegible]
വണ്ണ[illegible] [illegible]
[illegible]
[illegible]
[illegible] വന്നടൻ
[illegible] തൽക്കമനീയമായ്
നൽക്കഴപ്പു[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible];
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]?
[illegible]
[illegible]
[illegible];

ചൈത്രന്റെ കൌമുദിക്കിത്തോഴിയെത്തുമോ?
ഉത്തോല്യമാം തങ്ങൾതങ്ങളെ ഗാന്ധർവ്വ-
വേദോക്തലക്ഷണം സപ്തസ്വരങ്ങൾക്ക
ധൃതാദ്ധ്യായോദം നടന്നാനൊരുവഴി
വീതാർത്തിവൈഖരി നാരിമാർക്കും സുഖം
ശ്രാവ്യാർത്ഥമല്ലിഹ രേഖാത്രയം ചാരി-
വേകാത്ര സൂത്രൻ ഭ്രമാൽ ത്രിണേത്രനെ
ന്നെതാണമൊന്നിനെന്നോതാവു ഉവ്വൃതി
ന്നൊതാദൃശം ജഗന്മാതാവുതൻ ഗളം
കൈ തദാ രണ്ടുമുരണ്ടു മുളക്കളോൽ;
കൈതവമേസ്തോത്രമിവിടെയുണ്ടാ . . .
മാർദ്ദവമേറിയാൽപ്പാരമുരളുമെ-
ന്നോർത്തുവരത്തശാസ്ത്രോദേശോല്യമാം
പാർവ്വയുല്ല്യ ദീനാർത്തിസന്തോഷണ
പാർത്ഥിവപുത്ര്യാ നതാർത്തിമോഷണത്തിലും.
ശേഷം പലക്കു സന്തോഷമെങ്കിൽ . . . -
ന്മോഷണം ദോഷമല്ലേതു ണാശാനിനാ:
ഈഷിവില്ലീഹകൊണ്ടാണിതിങ്ങനെ
ഭൂഷണായ സതാം ദോഷങ്ങളെങ്ങളോ;
ഭൂഷണകങ്കണോല്ലാഷണവ്യാജേന
പോഷണധ . . . ദീഷണി . . . കയോ:
ശൈശവയൌവനമൈത്രിയുദയത്തിന്ന
പേശലമൈക്യകരേഖത്തുടങ്ങളോ;
നീചാസുരയുദ്ധകാരണങ്ങളോ;
ഈശാനകാമധുക്കിന്റെ പാശങ്ങളോ;
ആദ്യം ചതുർത്ഥം ച ഭാഗം പരാർത്ഥമോ
ന്നാസ്ഥയാ മററതിങ്ങർത്ഥകാംക്ഷ്യദം
പാണിതലാം മൃദുശോണ . . . ംഗുലി-
വീണാവിരാവണപ്രീണിതവിഷ്ടപാം
നാനാനഖമണിശ്രേണിരഞ്ജിതാന
ഘെനിലരത്താംഗുലീയദ്യുതിജാലം
വാഴ്ത്തു നമ്രാർത്തിമൂർച്ഛാധികിതരസാൽസുകം
പേർത്തു ഞാൻ വാഴ്ത്തുവാനാർത്തതെൻ കൌതുകം.

മാനസ്യം പാവനം മാനിതമായതം
ആനന്ദസാരമതിനിങ്ങുരസന്ദം.
പീനകാരുണ്യപൂരാമ്രഭ്രൂലാനീത
ശോണാബ്ജകുഗ്മളയുഗ്മമീവ സ്പഷ്ടം.
കാമദിങ്നാഗകുംഭദ്വയം വാർ[illegible]
കോമളമായ കുചാങ്കുരശങ്കകൾ.
ബ്രഹ്മനായുസ്സ്[illegible]ശന്റെ തേജസ്സും
ശംബരവൈരിക്കു പാരിലധിപത്യവും
ജംഭാരിമുമ്പാം നിലിമ്പകൾക്കൊട്ടവിഭവവും
കമ്പവും തദ്വി[illegible] സരാൽ
കുമ്പിട്ടൊരുപൊട്ടു ജൃംഭിച്ചെറുമെണ-
ല്ലത്രൃദായം പിടിച്ചുപിച്ചു കിഴവൻ ഉരു
നിമ്പൂരമാമെണ [illegible] ട്ടും
മുഷ്ടിമിതമദ്ധ്യവല്ലി[illegible]
പൊട്ടിടെന്നിട്ടു മട്ടു [illegible]
നട്ടിതാമോ രുചി [illegible]
ത്ര്യംബകപുണ്യ[illegible]ശ്രേണി-
കംബുമംശാമിത[illegible]:
വമ്പലരമ്പന്റെ [illegible]
പൊൻപടമാം പ്രതി[illegible] ബന്ധിച്ചു
രമ്യകാഞ്ചീമണിപ്പൊന്നരിച്ചും വച്ചു
ധർമ്മയുദ്ധാത്തി[illegible]പ്പു[illegible] മഹാശരം.
താംബികതൻതുട [illegible]
മൻ[illegible]കണ്ടിട്ട്[illegible]ചെട്ടു
വമ്പെട്ടുകമ്പിച്ചു [illegible]പൊൻചെട്ടു
തുമ്പിക്കരങ്ങൾ [illegible]
ചെമ്പൊൻകദളി തൊടുന്നോരം പൊല്പിവത്തും
ശംഭോ! ശിവാ! ബാല കിം[illegible] വാ!
ആശ്ചര്യമെന്തുചെയ്താവൂ! [illegible]
ചേർച്ചയുണ്ടേ തദൂരു[illegible]ത്തിൽ:
അത്രയിക്കനോക്കിവരും [illegible]തി-
ന്നൊന്നപ്പോഴ്പൂർണ്ണം [illegible]യോ?
അക്കണങ്കാലിണയ്ക്കു[illegible] വാഴ്ച്ചയും

ചിക്കനേ വന്നിടംപുക്കനേരം ഭീയാ
രുക്മരുക്കേതകീകുഡ്മളങ്ങൾ മഹാ-
തിഗ്മമുൾക്കുഗ്മമുൾപ്പൂക്കളൊളിക്കുന്നതും
കോമളത്വം കണ്ടു കാണ്മനിതെപ്പൊഴും
കാമിനിത്തുപോലെ തീർത്ത തുണിയുഗം.
വഞ്ചിതൻ മൌലിമേൽ വച്ച കിരീടത്തി-
ലുജ്ജ്വലയായുള്ള വജ്രരത്നാവലി
തച്ചെടുപ്പിച്ചുടൻ തച്ചരിൽ മുമ്പനാം
വിശ്വകർമ്മാവിനോടിച്ഛകേൾപ്പിച്ചുടൻ
മെച്ചമായ്‌വച്ചു ചമച്ച മണിച്ചില-
നുജ്ജ്വലം തീർച്ചയിൽ ചേർച്ചയും വാച്ചയും;
ഉച്ചമൊന്നിൽ സ്വരം ഷഡ്ജമിണയിലും
നിശ്ചലേപി സ്ഫുരിതം നിച്ചലും ശിഞ്ജിതം;
പിച്ചയായ്ക്കൊണ്ടതു കാഴ്ചയായ്‌വച്ചതോ
നിശ്ചയം ദേവിതൻ തൃച്ചരണാബ്ജമേ
വച്ചലംകൃത്യ ഹേമാമുച്ചെ [illegible] ഗ്രഹി-
ച്ചാച്ചയും നേർച്ചയും വേഴ്ചയിൽ കൈക്കൊണ്ടു
മഞ്ജുള സജ്ജയായ് വിശ്വനാഥേ! വിഭ-
ങ്ങളും ചിരിവച്ചു ദേഹ്യമുച്ചലച്ഛകാരുണ്യ
പിച്ഛരിലമാനസം ശശ്വന്നിരാശ്രയ
മിജ്ജനമാനന്ദമജ്ജനം തന്നു ക-
ല്പിച്ചരുളീടുമെന്നോർച്ചപോം നിശ്ചയം.
ലജ്ജയാ മേവുന്ന സജ്ജനസംസദി-
തൃച്ഛതരോദരി ദേവ്യവനാർത്ഥിതാ
ഋച്ചെവിക്കൊൾകയാൽ നച്ചിരോപാസിതാ
വർജ്ജ്യമല്ലെന്നുവച്ചച്ചെത്തദാദരി-
ച്ചിച്ഛയെന്നെക്കണ്ടരിശിച്ചു പാദമേഴേ.
ഉച്ചൈസ്സരോരുഹമുച്ചിച്ഛരവിച്ഛദാ
ഗുച്ഛമച്ഛത്തരനൊച്ചാതുരാതിങ്ങി
വിശ്വം തഞ്ചപ്പിച്ചു ചിജ്ഞരമാക്കിനാ-
ളാശ്വാസവും വന്നു നിർജ്ജരാണാം തദാ
അപ്പുറം പാർശ്വമേൽപ്പുരയാലരാ-
മപ്പുറം തോൾക്കൊരുത്താകാരമായ്
പൊൽപ്പെരും കല്പകനൽപ്പൂപ്പൂങ്കുല

പ്പോൽ പലാശങ്ങൾക്കു നിഷ്പ്രതീകാരമാം
ഉൾപ്പരിവർത്ത്യോരു ശുഭ്രാംഗുലികളി-
ലർപ്പിതമഗ്രേ സമുല്പന്നകൌതുകം
ശില്പിനാ വിശ്വസ്യ പുഷ്പബാണേന വാ
നൽപർവതാരേശനെപ്പുത്തബന്ധിച്ചു-
തൊപ്പുമോൾ പുഷ്പവും ശില്പവും കല്പിച്ചു
ദീപ്രനഖാങ്ഘ്രി താൽപര്യശാലിനാ?
കെഞ്ചാതെ വഞ്ചിച്ചു മഞ്ചാടിയഞ്ചോര-
മഞ്ചാതെ ഗുഞ്ജാരുചാം ... ബന്ധക-
പുഞ്ജാളിമാനഞ്ച ... ഞ്ചാരവേദാസ്യ
സഞ്ജാതസൌഭാഗ്യമഞ്ചാതെ ശോഭയും
തത്യന്ന ത്രികാൽത്തലം പാദങ്ങളാവണ്യ-
മുഞ്ഞ് മാർജ്ജനാംചെയ്തു സന്തർപ്പനായാം
കഞ്ജാതജാതികൾ നെഞ്ചാകെ ശോകിച്ചു
ചിന്ത് മടാതലത്ര്യ... താന്താംഘ്രിരാം
ശിഞ്ജാനമഞ്ജീരരഞ്ജിതമായ്ക്കൊണ്ടു
തൻപാദു താനേ തുനിഞ്ഞാവിലും തോയ്ക്കു;
എന്നാകിൽ നന്നായി ദിവ്യാതപം ദാസ്ത്രി
തൻനേര ... ബോധവാം
ചൊന്നാലൊട്ടുണ്ടോ ജ... നാളികോത്ഭവ-
സൌന്ദര്യസമ്പത്തനന്തമനന്താഭം.

വന്നോരു യൌവനം തന്നോടനാസ്ഥയാ
സന്നാഹമീദൃശം നന്നായ്ത്തുടർന്നാൾ
എന്നാലൊരാവതെന്തെന്നായി കൌമാര
"മന്ദ്യാദ്ദശമംശവന്യാസമെന്തി
ന്നന്യായമമ്മേ ചിരം നാമിരുന്നേട-
മിന്നേഷ വന്നാശു താരുണ്യപാഷണ്ഡ-
നൊന്നാകലീകരിച്ചെന്നാശ്രയം പോക്കി-
യെന്നാലടിയനെന്തന്യഗതിയെന്നു
നന്നായതുൾചെയ്കിലിന്നേ വിടകൊൾവ-
നെന്താവതിഞ്ഞാനധന്യാഗ്രണി"യെന്നു
സന്താപഭാഷിതം *കന്ദായിതം ചെവി-
ക്കന്നേരമാകർണ്ണ്യ ചിന്താപി പാർവ്വതി

* 'സന്താപവാചികം' (പാഠാന്തരം).

“വന്നവനിന്നിവനന്വഹം ചെയ്തതു
നിന്നോടല്ലെന്നോടത്രേ നിനയ്ക്കും വിധൌ
നിന്നെ ഞാനെന്നുമേ നിർണ്ണയം കൈവിടാ
ഖിന്നതയ്ക്കെന്തെടോ ഹന്ത തേ ബന്ധു’,മെ-
ന്നന്തരംഗം തണുപ്പിച്ചു സാന്ത്വാമൃതൈ-
സ്സന്തതമന്തികേവച്ചഭിഷിഞ്ചതീ
ജാതു നോ മുഞ്ചതീ പോതഭാവം ച തം
ജാതഗംഭീരതാ താതസംഭാവിതാ
പ്രീതസദ്ബന്ധുതാ സ്ഫീതനാനാവ്രതാ
മാധുരീപൂരിതാ മാതൃഭിർല്ലാളിതാ
ആപ്തസഖീയുതാ ദീപ്തകാന്ത്യാവൃതാ
മൂർത്തിത്രയേശ്വരവാർത്താസകൌതുകാ
നിത്യം പിതുസ്സഭായാം ചെന്നിരുന്നുകൊ-
ണ്ടത്യന്തരമ്യം മുനിവരഭാഷിതം
തത്തൽക്കഥാന്തരേ ശങ്കരമാഹാത്മ്യ-
മത്തൽക്കൊരൌഷധം കേൾക്കും കുതൂഹലാൽ.
നിത്യം മുനികൾ പലരും വരും തത്ര;
ഭക്ത്യാ ഗിരിവരൻ മാനിച്ചിരുത്തിയാൽ
ഹൃദ്യം ത്രിഭുവനവൃത്താന്തമോരോന്നു
സത്യമായ്ച്ചൊല്ലും സഭയിലിരുന്നവർ.
വിദ്യാപ്രസംഗങ്ങൾ മർത്ത്യാദിചേഷ്ടിത-
മത്യത്ഭുതേശതപസ്യാവിധിക്രമം;
ഇത്യാദികൾ ബഹുവിസ്തരസംക്ഷേപ
യുക്തിയുക്തങ്ങൾ നിമിത്തഭേദങ്ങളും;
നിത്യേശ്വരിക്കതു കേൾക്കയിൽ കൌതുക-
മത്യന്തമുണ്ടായി ചിത്തേ നിരന്തരം.
കൌതുകം ഭക്തിയായ് ഭക്തിയും സക്തിയായ്;
ചേതോമഹാസക്തി തത്വവിജ്ഞാനമായ്;
തത്വബോധം ഹൃദി പ്രത്യഭിജ്ഞാനമായ്;
പ്രത്യഭിജ്ഞാ ചിരം മൃത്യുഞ്ജയൈക്യമായ്;
ചിത്തേ ശിവൈക്യം സമാധിയായ് ദേവിക്കു;
മദ്ധ്യേ കഥാവസാനം വിരഹാർത്തിയായ്
വാസം വിവിക്തേ ശിവധ്യാനശീലനം

ചേതനാവേദനാനോദനേ സാധനം.
ഏവം ചില്ദിനം ചെന്നനാളേകദാ
വൈരാഞ്ചികൻ മുനി ധീരൻ ചിരന്തനൻ
ചീരം ജടാഭാരമാരഞ്ജിതം വഹൻ
വൈരിഞ്ചി നാരദൻ വന്നാനൊരുദിനം.
ചെന്നങ്ങെതിരേറ്റു സൽകരിച്ചു ഗിരി
മന്നൻ പ്രസന്നനിരുന്നു തത്സന്നിധൌ.
"നന്നിവിടെയ്ക്കെഴുന്നള്ളിയവാറിന്നു
ധന്യനായേൻ ഞാനതിനില്ല സംശയം.
ആത്മവൃത്താന്തം മനസ്സറിയുംപോലെ
യുഷ്മാകമൈശ്വരം തത്ത്വം ഹൃദിസ്ഥമാം.
ബാഹ്യേന്ദ്രിയങ്ങൾക്കുപോലെ വയം തപോദൃശാം
സാഹ്യമുണ്ടെങ്കിൽ സകർമ്മമനുഷ്ഠിപ്പൂ.
ഉണ്ടൊരാതങ്കമെന്നുള്ളിലിക്കാലത്തു
കണ്ടുണർത്തിപ്പാൻ കൊതിച്ചിരിക്കുന്നതൊൻ
പണ്ടുമിന്നും മേലുമെന്നൊരുകാലമേ
ഖണ്ഡിപ്പരെങ്ങൾ ഭവാനതിനൊന്നുമേ.
പുത്രീ മമാദ്യ നാ പൂർണ്ണതാരുണ്യയാം,-
യിത്രിലോകത്തിങ്കലാർക്കു നല്കാവു താൻ?
ദൈവഗതിയോർത്തു യാതൊന്നുമേവനും
ചെയ്യ്വതുചിതമാം; നോക്കാതനുചിതം.
ഏവനെൻ ജാമാതൃഭാവേ വിധിയെന്നു
ദേവമുനേ! പാർക്ക ഭാവന്മതിബലം
ഇന്നേ കളയണമെന്നുള്ളിൽനിന്നു നീ
കന്യാപിതാവിന്നു വന്നീടുമാധികൾ."
കുന്നിൻ മൊഴികേട്ടിരുന്നൊരു നാരദൻ
മന്ദം കപണത്തീം മഹതിയാം വീണയെ
തന്നങ്കദേശേ വിലങ്ങത്തിൽ വച്ചുകൊ
ണ്ടൊന്നങ്ങു നോക്കി നിന്നോരെയെല്ലാരെയും,
തന്നന്തികേ വന്നിരുന്ന ഗിരീന്ദ്രന്റെ
സന്നിധൌ ചെന്നൊരു കന്യാമണിയെയും
ശോഭാവിനീതിസമ്മേളപുണ്യാം ചിരാ-

ദാപാദചൂഡമാലോകയന്നാനതാം,
ഉൾക്കാമ്പിലാക്കിയത്തൂക്കാൽ "മഹേശ്വരി!
ദുർഗ്ഗേ! ശിവേ! പാഹി"യെന്നുള്ളിലോർത്തുടൻ
"എൻപോററി ശംഭോ! മഹാദേവ! പാഹീ"തി
സംഭാവ്യ സാനമാനോടു ചൊല്ലീടിനാൻ.
"കീർത്തിയുമാനന്ദപൂർത്തിയും വർദ്ധിക്ക;
ഗോത്രഗോത്രോത്തംസ! ശാസ്ത്രതത്വജ്ഞ! തേ
ആർത്തസ്വരം നിനക്കോർത്താലസംഗതം;
ചീർത്തൊരു പുണ്യവാനിത്രിലോക്യാം ഭവാൻ.
കാർത്തസ്വരാദി നിൻ കാൽത്താർ പണിയുമേ
വാർത്താസു നിൻഗുണം വാഴ്ത്തുമേ സജ്ജനം;
പേർത്തു നീ ചോദിച്ചതോർത്തറിഞ്ഞീടാരാൻ;
ധൂർത്തല്ല കേൾ; പരമാർത്ഥം മയോച്യതേ
മൂർത്തികൾ മൂവർക്കുമാർത്തിപോക്കീടുവാൻ
മൂർത്തിതാനെട്ടെടുത്താർത്തോളം പ്രത്യക്ഷം
ആർത്തീലാവിനോദാത്മമൂർത്ത്യാത്മനാം
തീർത്തു കാർത്തുള്ളിലേ ചേർത്തുകൊള്ളുന്നവൻ;
സാത്വികമൂർത്തി കപർദ്ദി മൃത്യുഞ്ജയൻ
നേത്രരാത്രീശനെ മൂർദ്ധനി ചേർത്തവൻ;
ആർത്തവബാണനെ നൽത്തിരുക്കണ്ണുകൊ-
ണ്ടാർത്തി വളർച്ചവൻ; ഭേത്താ പുരാത്മനാം;
ദീപ്തതേജോമൂർത്തം വാർത്ത കടാക്ഷവാ-
നാർത്തപരായണനാർത്തഹാരിഭൂഷണൻ;
ചീർത്തൊരു വൻവിഷമാർത്തു കുടിച്ചവൻ
കൈത്താരിലൊന്നിൽ മൃഗത്തെ ധരിച്ചവൻ;
വസ്ത്രാദികൂടാതെ നൃത്തം നടിച്ചവൻ;
മൂർത്ത മഴുകൊണ്ടും കൂർത്ത ശൂലം കൊണ്ടും
പാർത്തലേ ദുഷ്ടരാം ദൈത്യരോടാർത്തണ-
ഞ്ഞാർത്തരോഷം ചേർത്തു പാർത്താന്തമന്തികം
സ്വാസ്ഥ്യം നിലിമ്പർക്കരുളുന്ന തമ്പുരാൻ;
കൃത്യാന്തരേ നിസ്തൃവൃത്തിയുതനവൻ;
വൃത്രാന്തകാദികൾക്കത്തൽ കെടുത്തവൻ;
കൃതാന്തകൻ പാശിശുദ്ധാന്തവത്സലൻ;

ദ്വന്ദ്വാന്തഹാ വേദസിദ്ധാന്തവിഗ്രഹൻ;
വിത്താധിപസഖൻ വിദ്യാമഹാനിധി;
വിദ്ധ്വസ്തപാപൻ വിചിത്രപരാക്രമൻ;
വീതദ്വൈതശജനാൎത്തനദുൎഗ്ഗമൻ;
ശാസ്ത്രപ്രമേയൻ ശരദിന്ദുകാന്തിമാൻ;
വ്യാപ്തൻ ജഗദ്വാസിനാമുള്ളിലക്ഷയൻ;
ക്ഷേത്രജ്ഞനാദ്യന്തഹീനൻ പരൻ പുമാൻ;
പൂൎത്തേഷ്ടദത്താദിനാനാസുകൃതിനാം
പ്രാപ്തവ്യഭാസ്യൻ പരബ്രഹ്മനിഷ്കളൻ;
ശ്രീമഹാദേവൻ ഗിരീശൻ സദാശിവൻ
ജാമാതൃഭാവം തവാംഗീകരിഷ്യതി.
ക്ഷേമായ ലോകസ്യ കാമാരിയോടുമാ
വാമാംഗവും വാങ്ങുമാമോദപൂൎവ്വകം.
മാ മാസ്തു തേ ഖേദമേതാദൃശോത്സവം
കാണ്മാൻ ഭവാനും നമുക്കും തരം വരും.
സാമോദമിപ്പോൾ ഗിരീന്ദ്രനും വരം തരും
നീ മാനനീയനാം ധീമാൻ; പ്രസീദ നീ."
ഈവണ്ണമിത്ഥം ദേവമുനീന്ദ്രനാ-
ലാകൎണ്യ കന്യകാ നിന്നാളധോമുഖീ.
കാമന്നരാതിപോലാപന്നവത്സല-
നേവം നണ്ണിച്ചെന്തുകേട്ടതെന്നോമ്മയാ
ഭാവം നിറംകേട്ടു ദാ പന്നഗാത്മജ-
യ്ക്കാവന്നശങ്ക തത്താതനുമൎക്കപ്പുകൾ;
താവന്നമിച്ചു തദ്ഭാവം നിരീക്ഷിച്ചു
മേവുന്ന യോഗിയോടേവമുണൎത്തിച്ചു.
"ആവുന്നതാനന്ദമേകി നിൻ വാക്കുകൾ;
നോവുന്നവാറെന്തു കേട്ടതു രണ്ടുരു?
കാമന്നപായമുണ്ടോ വന്നു? ശങ്കരൻ
ഭീമൻ നിജനാമമിപ്പോളെടുത്തിതോ?
ജീവൻ കെടുത്തിതോ ജീവലോകത്തിനു?
പൂവമ്പനോടീശനേവം തുടങ്ങുമോ?
ശൈവൻ നറുമലർസായകനെത്രയും;
ദേവകളെന്തു പിഴച്ചിതവന്നഹോ?

നൂനതാ നിൻഗിരോ നാനൃതാ ജാതുചിൽ
ഞാനതു ചിന്തിച്ചു ദീനതയ്ക്കൌഷധം
സ്ഥാനമല്ലാഞ്ഞുദാസീനതായാ മുനേ!
സ്വാനതേ ത്വേ മയി ജ്ഞാനതേജോനിധേ!
ഉത്തമസത്തമനർദ്ധേന്ദുശേഖരൻ
ചിത്തജശത്രുവെന്നിത്ഥമിപ്പോൾ ഭവാൻ
ഉക്തവാനായതിന്നർത്ഥമരുൾചെയ്തു
തപ്തം തണുപ്പിക്ക ചിത്തമെന്നർത്ഥയേ."
ഇങ്ങനേ കേട്ടുളവിംഗിതജ്ഞൻ മുനി
ശങ്കിതം പൃഷ്ടം തുടങ്ങീതറിയിപ്പാൻ.
"സങ്കേതഭൂമേ! ഗുണങ്ങൾക്ക ഹേ സഖേ!
ശങ്കയുണ്ടായതു സംഗതം തന്നെ കേൾ.
ഭംഗം മനോഭവനങ്ങുവന്നു ഭൃശം;
തിങ്ങൾ തികഞ്ഞില്ലതെങ്കിലും നിന്നോടു
വല്ലവരും വന്നു ചൊല്ലാതിരിക്കയി-
ല്ലല്ലോ നിനച്ചു ഞാൻ ചൊല്ലിയതിങ്ങനെ.
സങ്കടം വന്നു പറവാൻ മടിക്കൊണ്ടു
ശങ്ക ധരിച്ചവരാരും വരാഞ്ഞതും.
എങ്കിലതാദിയേ ചൊല്ലാം ചുരുക്കി ഞാ
നംഗജഭംഗ,മസംഗതി നഗതം.
ദൂരെ മനസ്സിനും വാക്കിനും വാഴുന്ന
കാരുണ്യവാരിധി നാരായണപ്രിയൻ
വാരാണസീപതി പാരം പ്രസാദിച്ചു
ശൂരപത്മാസുരഘോരതപസ്സിനാൽ
ആയിരത്തെട്ടു ബ്രഹ്മാണ്ഡങ്ങൾ നല്കിനാ-
നാധിപത്യത്തിനവനുള്ള നാളേയ്ക്കു.
അത്രയെല്ലാം ചെയ്കതെത്രയും കഷ്ടമെ-
ന്നത്ര നീയോരായ്ക; രുദ്രദോഷം മൃഷാ.
സന്തതം രോമകൂപങ്ങളോരോന്നിലു-
ണ്ടന്തമില്ലാതൊളം ബ്രഹ്മാണ്ഡമീദൃശം.
താൻതന്നെ കല്പിച്ചവരതിലൊക്കയും;
ഭ്രാന്തെന്നു തോന്നായ്ക നേരു ചൊല്ലുന്നു ഞാൻ.
ആയിരത്തെട്ടതിലേകനു നല്കിയാൽ

പോയതങ്ങെത്തുവാനെത്രനാളെയ്ക്കു വാൻ?
തന്നെയും ഭക്തൎക്കു വേണ്ടുകിൽ നല്കുന്ന
ചന്ദ്രചൂഡന്നിതിലെന്തു ചേതം വരും?
ദൈതേയനെത്രയും പ്രീതനായായതിൽ
പ്പാതിയും സോദരന്മാൎക്കു നല്കീടിനാൻ.
ക്രൂരകൎമ്മാള്യതൻ സിംഹവക്ത്രനെന്നും
താരകനെന്നും സഹോദരന്മാൎക്കു പേർ
പാരം പരപ്പിൽ പറയുന്നതെന്തിനു
താരകനായതി ബ്രഹ്മാണ്ഡനായകൻ
ക്രൗഞ്ചഗിരിമേലവനു നിവാസമായ്;
വാഞ്ഛയാ വാനോരെ വെല്ലുവാനെപ്പൊഴും.
കാമരൂപൻ ബലൻ മായാവിശാരദൻ
ഗ്രാമനഗരാദിഭ്രമിൻ വിനാശയൻ
ദേവലോകം നിജഭൃത്യരെക്കൊണ്ടവ
നാശമാക്കിനാനിക്കാലമൊക്കവെ.
നിൎജ്ജരന്മാരെയും തല്ലുപായിച്ചു
~~[illegible]~~നാൻ നാകമത്താരകൻ.
സ്വാധികാരം വെടിഞ്ഞാദിതേയന്മാരു-
മാധിപൂണ്ടോടി വിധാതാവിനെക്കണ്ടു.
വൃത്താന്തമോതുവാൻ ബ്രഹ്മാദികൾ ചെന്നു
ദുഗ്ദ്ധാംബുധിപുരംപുക്കു തിരഞ്ഞനാൾ
വിഷ്ണുഭഗവാനെയെങ്ങുമേ കാണാഞ്ഞു
വിഷ്ടപം തോറും തിരഞ്ഞു പലരുമായ്
മേരുഗിരിഗുഹതന്നിലൊരേടത്തു
നാരായണൻ കിടക്കുന്നതു കണ്ടതി
സന്തോഷമോടടുത്തണഞ്ഞു ജഗത്ത്രയീ-
ബന്ധോ! ജയിക്കെന്നു പത്മജാദികൾ
വാഴ്ത്തിയവസ്ഥകളെല്ലാമുണൎത്തിച്ചു
കാത്തീടുകെന്നു ശരണവും പ്രാപിച്ചു.
പത്മനാഭൻ തദാ പത്മജന്മാവുമാ-
യല്പകാലം ഗുണദോഷം വിചാരിച്ചു
പഞ്ചശരനേ വരുത്തുവാൻ കല്പിച്ചു
സസ്മാര കാമം സഹസ്രനേത്രൻ തദാ

* 'വരുവാൻ നിയോഗിച്ചു' (പാഠാന്തരം).

മന്മഥനപ്പോഴേ വന്നാനവിടേയ്ക്കു
ധർമ്മപത്നീമധുമാസമേളകോമളൻ.
ഇന്ദ്രനവനോടേ കൈപിടിച്ചുംകൊണ്ടു
ചെന്നു വന്ദിച്ചു മുകുന്ദവിധികളെ.
പത്മജനപ്പോളരുൾചെയ്തു കാമനോ-
ടിപ്പോൾ മദന! നിന്തൃക്കൾ കാട്ടേണമേ.
ലോകങ്ങളെല്ലാമസുരക്കടക്കമായ്;
നാകികളോടിയൊളിച്ചു ഗുഹയിലായ്.
വൻപങ്ങവർക്കോ പരം; പരമേശ്വരൻ
തമ്പുരാൻ ഞങ്ങൾക്കിദാനീം ദുരാസദൻ;
കിം പുനരേറെപ്പറഞ്ഞിട്ടൊരു ഫലം?
ശംഭുചിത്തം നീ വശീകരിച്ചീടുക.
ദക്ഷജാംഗക്ഷയാൽ ബദ്ധദീക്ഷനായുള്ളി-
ലക്ഷ്യവാറെന്നുപലക്ഷ്യതേ മേരുമേൽ.
ദക്ഷിണാമൂർത്തി മുനികളോടും വട-
വൃക്ഷമൂലേ വാണു വിദ്യാവിനോദമായ്.
നീയാകിലിന്നു ശിവനെ വരുത്തുക
ഭൂയോ വിവാഹായ സത്വരമുദ്യമം."
പൂമകൻവാക്കുകളിങ്ങനെ കേട്ടിട്ടു
കാമനടിതൊഴുതപ്പോളുണർത്തിനാൻ.
"എൻപോററി പങ്കജസംഭവ! നിൻപദം
തമ്പുരാനേ ഞാൻ തൊഴുന്നേൻ; പ്രസീദ മേ.
അൻപോടരുൾചെയ്തു കാര്യമെനിക്കിന്നു
നിൻപാദമാണെ നിനച്ചാലസാദ്ധ്യമാം.
ശംഭോസ്സമീപേ സമീഹിതസിദ്ധയേ
വൻപോ പിണക്കമോ കൊണ്ടു ചെല്ലാവു ഞാൻ?
സമ്പ്രതി രണ്ടും ഫലിക്കയില്ലെന്നുള്ള
കമ്പമെനിക്കില്ലേ നിങ്ങൾക്കുമുണ്ടുള്ളിൽ.
വിൽക്കുലച്ചന്തികേ പൂക്കു ഞാനന്നുതൊ-
ട്ടക്കമന്നേരമേ ഭഗ്നനെന്മെയ് രുഷാ
തൃക്കനൽക്കണ്ണിൽ ദഹിച്ചു കളകിലാം
ഗുല്ഗുലുസജ്ജരസാഗുരുധൂളിപോൽ.
നില്ക്കതങ്ങൊക്കയുമുൾക്കമ്പമെന്തിനു?
നിഷ്കരിഷിച്ചവർ നിങ്ങൾക്കളൊക്കുമേ.

ഏറ്റെയും മേ ഭയം വേറെയൊന്നുണ്ടതും
ഗീരുതാരുമെ തിങ്ങ ഞാനോതുവൻ.
വന്ന ശിവദ്രോഹമെന്നാലവൻ പുറം-
രെന്നും നരകത്തിൽ നിന്നു കരേറുമോ?
എന്നതിൽവച്ചെനിക്കെന്നുടേ തമ്പുരാൻ
തന്നതല്ലാതെയില്ലൊന്നുമേ വൈഭവം.
സ്ഥാനവും മാനവും രൂപവും ചാപവും
ബാണവും ത്രാണവും സൌഭാഗ്യഭോഗവും
സർവം മറന്നു ഞാൻ ഗർവിതനായ്ച്ചെന്നു
തെറ്റിച്ചെയ്വതും ശർവനേ വേണ്ടതോ?
ക്ഷമമെങ്ങു മമ? പ്രേമമൊക്കു മയി?
സ്വാമിയെ ദ്രോഹിച്ച പാപിമഹാപാപി ഞാൻ!
ശംശപരന്മാരെനിക്കില്ലൊരുദിന്നിങ്ങു,-
ളീശപരൻ നിങ്ങൾക്കെനിക്കും മഹേശപരൻ
തിങ്ങുമുഗ്രം കാരുണ്യമെങ്കൽ നിങ്ങൾക്കുളെ:
ഭംഗമില്ലാത ശരങ്ങളഞ്ചുണ്ടു മേ;
കൈകളിൽ ചേർത്തു ഞാനെന്തന്നിരിക്കിലും
പുൽകരുതാതവരെപ്പുൽകുമേവനും.
മേനിയോ ചൊന്നതു വാണീരമണ! ഞാൻ?
ഉണ്ണിയെൻപ്രേയസീവേണിയല്ലോ മമ.
വഞ്ചയും വിട്ടു താൻ മെച്ചമില്ലേതുമു
സജ്ജനാഗ്രത്തിൽ വിധിച്ചതല്ലാൽമേ.
നിശ്ചയിച്ചോന്നരുളിച്ചെയ്കിൽ ഞാനതെ
നാശമനാണമ്മാവനാണ ചെയ്തീട്ടുവൻ."
ശ്രുപ്പ്കാരാതിവക്രോൽപ്രതോദംകൊണ്ടു
ബാഷ്പതോയൌഘ വാഗ്സ്താഷ്ടതി മുങ്ങിനാൻ.
നാല്പതോദം ഹരി നാല്പതോടെൺപതോ-
ടോപ്പതുമന്തരാ വീപ്പതും കാണായി.
വാക്പതിതാനഥ വാരപ്പവിയോടു ചെ-
ന്നേൽപ്പാര സർവദാ തോല്പരെന്നോതിനാൻ.
പാൽപ്പയോരാശൌ ശയിപ്പവനംഗജൻ
തീപ്പെട്ടമെന്നാധിയാൽപ്പുനരുചിവാൻ
പാപ്പതെല്ലാം ചണി; ക്ലപ്പതല്ലെന്മതി;

ശീഘ്രതേ! ചൊല്ലു നീ കിമർപ്പെട്ടായും നയം."
ക്കോപ്പുതെല്ലാം കണ്ടുതാല്പരിയം പൂണ്ടു
ക്രൂപ്പിടാതേ നിന്ന ശീഘ്രതി ചൊല്ലിനാൻ.
"ശ്രേയവയൊന്നേ നമുക്കാവൃതാവോളവും
ദേവദേവപ്രസാദാവലോകാവധി.
ധീവശക്രോധകാമാവലേപേ ശിവേ
ശൈവവശ്യേ നയം നൈവ ശക്യം ബ്രുവേ.
സേവ ചെയ്താൽ മഹാദേവനദ്ദേവനും
ഭാവനാവശ്യനില്ലാർക്കുവിശേഷം ക്വചിൽ."
ജീവവാക്യം വാസുദേവനും കൊണ്ടാടി;
ജീവ രാജേന്ദ്രി ധാതാവുമോതീടിനാൻ.
താവതാ നിശ്ചയം ദേവകൾക്കും വന്നു
സാവധാനം മഹാദേവസേവാവിധൌ.
പത്മനാഭൻ തെളിഞ്ഞപ്പോളരുൾ ചെയ്തു:
"സൽപ്രമാണം നാസ്തി വിപ്രവാക്യാൽ പരം.
ഇപ്പോഴും സേവ ചെയ്യേണ്ടും പ്രഭുവിന-
ങ്ങേപ്രിയം കാണ്മാനുമില്ല ബഹുമതി.
അപ്രകാരം സുരന്മാർക്കുണ്ടു ദുസ്ഥില-
മിപ്രകാരം വരുമ്പോളുതിസാധുകരം;
തൽപ്രമാണം വിട്ടു ദർപ്പാൽ നടന്നതു
തൽപ്രണാമം കൊണ്ടു പോക്കുവാൻ നോക്കുവിൻ.
ഭ്രംശിതസ്ഥാനമാനന്മാർ തികഞ്ഞിനി
ത്വാം ശരണമെന്നു ചൊല്ലുവാൻ ചെല്ലുവിൻ.
അന്തികേ നിങ്ങളോടൊരുമിച്ചില്ലാഞ്ഞു
രാശ്ചര്യവും കണ്ടു കടന്നാരസുരകം.
മണ്ടി നാട്ടുംവിട്ടു കണ്ടു നമ്മെ നിങ്ങൾ.
കണ്ടീല ഞാനും സുഖമായിരുന്നാലും.
താഴ്ചയില്ലാത്ത പ്രഭുത്വം നമുക്കുണ്ട്:
കാഴ്ചവരുന്നതു കണ്ണുനീരെപ്പോഴും;
വാശ്ശുരുമിച്ഛയിൽച്ചേർച്ചയായ് ചൊല്ലിനേൻ;
തീർച്ച ചൊല്ലാമിനിക്കേതുമേ ശതക്രതോ!
പല്ലവകോമളയല്ലോ ഫണിശയ്യ;
തെല്ലുമുറക്കമാറില്ല ഞാനെന്നുമേ.

ചെമ്പൻചിടമുടി ശുംഭൽഫണിവിധു-
തുമ്പപ്പൂതുമലരുമ്പർധുനീജലം
ശംഭുപദസ്പോടമിമ്പത്തിന്നാസ്പദം
സംഭരിച്ചിട്ടുണ്ടു സമ്പൽപ്രദം നിധി.
തൽപദമാജ്ജനം പുഷ്പൈസ്സമച്ചനം
തദ്ഭാവനം ഹൃദി തല്ലേയുറക്കമാം.
തല്ലേ കിടക്കിലെന്തെപ്പോഴുമിത്തരം-
തൽപാദമൂലേ മനസ്സു രമിക്കിലോ.
ക്ലേശപ്രമാജ്ജനേ ചെന്നു യത്നം ചെയ്ക;
വാചസ്പതി തവ ദേശികനല്ലയോ?
മേരുഗുഹയിൽ കിടക്കുന്നു ഞാൻ പരം;
ക്ഷീരാംബുധിപുരേ താരകബാധയാ.
കണ്ടുകൂടാതോരു ദേശം ഭവാനക്ക.
പണ്ടുപണ്ടേയിതു ശങ്കരശാസനാൽ.
യോഗം പിരിയാതെ ഭോഗകടോ വൈകാതെ:
ചെയ്ക ശിവസേവ പാരവിഭേദനം.
ശ്രീകൈലമാമല പൂകചെന്നേവരും;
സാഹസസംപൂണ്ടുപോയ് പൂകായ്ക സന്നിധൌ.
തണ്ടാർശരനെന്തു മിണ്ടാതെ നിന്നതു?
കൊണ്ടുപോകെന്നുണ്ണി വിണ്ണോരെയൊക്കയും.
സങ്കമിഞ്ഞൊന്നുണ്ടു സാഹായ്യകത്തിന്നു
സാഹസംചെയ്യിലൊന്നാകാതെയും വരും.
മൃതിയില്ല പാരിലിന്നാർത്തിയതുചൊല്ലി
മൂർത്തികളൊകിലും കീർത്തികളൊഴിയൊലാ.
മൂർത്തിപോയാൽ മററു മൂർത്തിയുണ്ടാം; പിന്നെ
കീർത്തിപൊയ്പ്പോകിലപകീർത്തി നരകമാം.
ത്യജേദേകൻ കുലത്തിനായെന്നാകിൽ;
ഗൃഹ്യമാം ഗ്രാമമെങ്കിൽക്കുലം ത്യാജ്യമാം;
രാജ്യരക്ഷാർത്ഥമായ് ത്യാജ്യമാം ഗ്രാമവും;
രാജ്യവും നോക്കുകാത്മനാശേ ഭയേ.
ആത്മാവു ദേഹമെന്നാദ്യമല്ലോ പര-
മാത്മർത്ഥം ചെററന്നു ഭവവേദ്യമാം.
സാധുരക്ഷാർത്ഥം ശരീരം വഹാമി ഞാൻ;
ബോധിക്ക കാര്യം ബുധന്മാക്കു സമ്മതം.

സ്ത്രീപുംസസമ്മേളനത്തിനാളായ്നിന-
ക്കേവൻ സഹായൻ മധുമാധവാദൃതേ?
തപൽക്കർമ്മമിന്നഹോ സൽക്കർമ്മമാസ്ഥനം;
നില്ക്കും മഹേശൻ നിനക്കെങ്കിലോ വശേ.
ഒന്ന ഞാൻ ചൊല്ലുവനണ്ണീ ധരിക്ക നീ
ബ്രഹ്മാവുമിന്ദ്രനും കേൾക്കണം ജീവനും.
തമ്മിൽപ്പിരിഞ്ഞു ജഗൽപ്പതിദമ്പതി;
നമ്മെച്ചതിപ്പതിന്നിമ്മഹേശോദ്യമം.
ജന്മം നമുക്കിതു കണ്ണാക്ഷിഹീനമാം
സമ്മിശ്രഭാവമവർക്കു വരായ്കിലോ.
മന്മഥനെന്നിയേ മററാരധികാരി
കർമ്മത്തിനിന്നിതിലോർക്കിലിന്ന[illegible]ലം
നാളെവേണ്ടുന്നതിന്നിന്നെങ്കിലുത്തമം;
കാലമാമോളവും പാർക്കാമശക്തിയിൽ.
കോലിടുന്നാകിലോ തോലിവന്നാലകാ;
കാലൊടിഞ്ഞിട്ടും പിടിക്കണമണ്ണാനെ.
പംഗുവെന്നാരവനെപ്പററവൂ? പാരി-
ലംഗഭംഗം മാനഭംഗമൊന്നല്ലയോ?
ദൈതേയക്രൂരികൾപ്പാതിരാവിൽച്ചന്ദ്ര
നാതിരനാൾവന്നു ജാതൻ/മഹേശ്വരൻ
കാർത്തികനാമം പുറന്നോരു ധമനിയിൽ
ക്കാർത്തികക്കണ്ടെദിപ്പോളം ഭേവ്യതാം.
അത്തൽ മതി; മതി ചിത്തപരിഭ്രമം;
കൃത്യങ്ങൾ ചെയ്കിലോ സിദ്ധമാമിഷ്ടവും.
യാതൊരേടത്തും തുണയുണ്ടു നിങ്ങൾക്കു
സാദരം ബ്രഹ്മനും ഞാനുമിക്കർമ്മണി.
നിങ്ങളും സേവിക്കിൽ ഞങ്ങളുടേ മത-
മംഗീകരിക്കുമവശ്യം മഹേശ്വരൻ."

ഈവണ്ണമെല്ലാമരുൾചെയ്തിരിക്കവേ
കാർവണ്ണനങ്ങു മറഞ്ഞു വിരിഞ്ചനും.
പിന്നെയുള്ളോർ പിരിയാതെ നടകൊണ്ടു
ചെന്നു കൈലാസേ ശിവാച്ഛന
നന്നായനാദ്യാനമ്യും പൂണ്ടനാൾ ചിരാൽ
പൊന്നിധി കിട്ടിയപോലെ ദരിദ്രർക്കു

നന്ദീശ്വരൻ ദ്വാരി നിന്നതു കാണായി
വന്ദിച്ചിരന്നു വിവശരാശാന്തരേ.
"ചന്ദ്രചൂഡപ്രിയ! നന്ദീശ്വര! തവ
വന്ദാമഹേ പദം വൃന്ദാരകാ വയം.
നാഥന്നു മൂർത്തി നവമി നീതാനഹോ;
ദാസജനത്തിന്നു നീതാൻ മഹേശ്വരൻ.
നേത്രം ചതുർത്ഥം ത്രിണേത്രന്നു നീയല്ലൊ;
നേത്രഭാജാം ശിവസൂര്യാരുണനോ ഭവാൻ.
പാത്രമീഞങ്ങളും കൃപാകടാക്ഷത്തിന്നു;
മൈത്രി ഭവാനുള്ളിൽ ഞങ്ങളിൽ വേണമേ;
വേത്രിയായ് നീ വാതിൽ കാത്തിട്ടു നില്ക്കയും
പാർത്തലമെല്ലാം മുടികയും ചെയ്കയോ?
ഈശഭക്തികൾ ഭവാനെപ്പോലൊരു
മാർത്തകാരുണ്യപുണ്യാർജ്ജനമെന്നിയേ?
ഓർക്കിലൊട്ടങ്ങാതെ ആർത്തിയുണ്ടെങ്ങൾക്കു;
പാൽത്തളിർ കണ്ടുണർത്തിപ്പാൻ കഴിവരാ.
പേർത്തു സാധിപ്പാൻ വഴിയില്ലാ ഞങ്ങൾ;
മാത്രം മനസ്സിൽ ഭവാനുണ്ടു വേണമേ
ശാസ്ത്രം പടിച്ചില്ല* യോഗികൾക്കെങ്കിലും
നേത്രകോണം വർത്തിക്കണമേ ഞങ്ങളിൽ.
ഖണ്ഡേന്ദുശേഖരകാരുണ്യപൂരത്തെ
പണ്ടേ നദീമാതൃകം ജഗത്തൊക്കെയും.
കണ്ടാലുമിന്നിഹ വന്നോരു ദുർഭിക്ഷ-
മുണ്ടുവാഴുന്നവരുണ്ടോ ജഗത്ത്രയേ?
ഉന്നതദേശോപകാരിയാം വാരിപോൽ
ചെന്നു ചാടീ സ്വയം നീതാങ്കൾക്കു കനം?
ക്ഷേത്രമുഴുതു കൃഷിയതു തരംകെട്ടു
പാത്രികളെന്നു മന്നൻ കൃഷീവലൻ.
വാസ്തവം ചൊല്ലുവാൻ ഞങ്ങളശക്തരേ;
ശാസനനല്ലോ നീ ജഗത്സ്വാമിമന്ദിരേ."
എന്നിവണ്ണം ഞങ്ങൾ ചൊന്ന മൊഴി കേട്ടു

* 'ശാസ്ത്രം പഠിച്ചില്ല' (പാഠാന്തരം).

നന്ദി നിനച്ചു നിന്നൊന്നു ചൊന്നാൻ തദാ.
"നിൽപ്പിൻ നികടേ; പരിഭ്രമമെന്തിനു?
നിഷ്ഫലമെന്നോടു ജല്പിതമിദൃശം.
അപ്രതികാരമായൊന്നില്ലധീശനോ;
വിപ്രതീസാരമിന്നിങ്ങൾക്കു വേണ്ടതും.
ഉത്തരം മററെന്തുവേണ്ടു വിശേഷിച്ചു;
ചിൽപ്രതിസേവയ്ക്കവസരം ചൊല്ലുവൻ.
പുഷ്പബാണന്നൊ കടപ്പാൻ തടവില്ല
നില്പതെന്തേ പുറത്തെന്നുടെ ദോഷമോ?"
ചെററങ്ങവസരം കണ്ടാലുണർത്തിച്ചു
മററുള്ളവരെ ഞാനേററു കടത്തുവൻ.
കാവലായ് വാതുക്കൽ നിൽക്കുന്നവനൊ-
ന്നാവലാതിപ്രകാരം പറഞ്ഞീടുന്നു!"
ശങ്കരകിങ്കരവാക്കു കേട്ടിങ്ങനെ
ശങ്കിച്ചു തത്രൈവ ഞങ്ങളും നിൽക്കവേ വിധൌ
ശങ്കാവിഹീനനായ് തൻകാമിനിയോടു
അംഗജൻ വില്ലുമായങ്ങു കടന്നുപോയ്.
"സാഹസം ചെയ്യൊല്ല, കാന്ത! നീ"യെന്നവൾ;
"സാഹസമല്ലിതെൻ കാര്യ"മെന്നാനവൻ.
ന്യഗ്രോധമൂലേ സനകാദികളോടും
തെക്കുനോക്കിക്കൊണ്ടിരിക്കുന്ന ദേവന്റെ
മിക്കതുമന്തികേ പുക്കു വത്തുചെ-
ന്നഗ്രേ സമീപത്തു കണ്ടു തദ്രൂപവും
പിംഗജടാഭരം തിങ്കൾശകലവു-
മങ്കിമിഴിയും ഭുജംഗക്കുഴയിണ
രാപ്പകൽമൂലമാമീക്ഷണയുഗ്മവും
ഭ്രൂവല്ലികളാ[illegible]കദിപ്രായം നാസയും
ഫുല്ലരത്നാദർശതുല്യകപോലങ്ങളും
വിഭ്രമകാന്തിവിശിഷ്ടമോഷ്ഠദ്വയം
നീലമാം കണ്ഠവും നാലു തൃക്കൈകളും
ബാലമൃഗടങ്കശൂലചിൻമുദ്രയും
മാലാഭസിതസമ്മേളിതം മാറിടം
മേഖലയായ്ച്ചേർത്ത ശാർദ്ദൂലചർമ്മാഭയും

നാഗഭോഗോത്കൃഷ്ടയോഗപട്ടാഞ്ചലം
യോഗാസനം പൂണ്ടിരിപ്പു ഗാംഭീര്യവും
സൌന്ദൎയ്യസൌഭാഗ്യമാധുൎയ്യധൈൎയ്യാദി-
സന്ദോഹസങ്കേതമന്ദിരം ശങ്കരം
ചന്ദ്രധവളം സനന്ദാദിസേവിത-
മന്തികേ ദക്ഷിണാമൂൎത്തിയെക്കണ്ടവൻ
കൎത്തവ്യമൂഢനായിത്തിരിനേരമ-
ങ്ങെത്തൽ പൂണ്ടാൻ പുനരുത്തമഭക്തിമാൻ.
പ്രഹർഷിതനേ നമസ്കൃത്യ തൊഴുതുനി-
ന്നാത്മസുഖം കണ്ടൊരത്യത്ഭുതാകൃതിം
ചിത്തത്തിലാക്കിയക്ഷിദ്വയമാമീല്യ
രുദ്രാക്ഷമാലികാം കൈക്കൊണ്ടു മാധവൻ
മൃത്യുഞ്ജയമന്ത്രരുദ്രസൂക്താദിയും
രുദ്രനാമങ്ങളും ഭക്ത്യാ ജപിച്ചുടൻ
ബുദ്ധ്യാ വിചാരിച്ചു കൃത്യം വിനിശ്ചിത്യ
പുത്തൻ കരിമ്പുവില്ലിൽ കത്തിയൊഴിയവേ
സുസ്ഥിരമായ്ക്കലാപൃത്ഥ്യമദ്ധ്യമ
ഹൃദ്യം ചെറുതൊരു ണാലിയിട്ടൊരുമ്പെട്ടു
നൽത്താർശരമൊന്നെടുത്തു പിടിച്ചുമോ-
ടത്തു തൊടുത്തഭിമന്ത്രിച്ചു മന്ത്രവും.
"ശ്രീപുരുഷോത്തമശ്രീപുത്രനേഷ ഞാൻ
കാപുരുഷാദ്ധ്വനി സഞ്ചരിച്ചീടിലും
സ്ത്രീപുരുഷദ്വന്ദ്വമേളനകർമ്മണി
നൈപുണം മേ തന്നതീശ്വരനെങ്കിലോ
രൂപലാവണ്യമേറുന്നോരു നാരിയിൽ-
ച്ചാപലം പൂണ്ടു രമിക്കേണമീശനും."
എന്നു മൊഴിയും പറഞ്ഞു കുലിച്ചവൻ
കർണ്ണാന്തമാനീയ മുക്തവാൻ സായകം
മന്ദേതരമതു ചെന്നു തിരുമാറി-
ലന്യൂനശൃംഗാരസാരം മഹാശരം
ഉന്നം പിഴയാതെ തന്നേ തറച്ചാത്തു
ഭിന്നമാക്കാതെ കടന്നു പുക്കു ഹൃദി
മുന്നിലിരുന്ന സനകാദികളിലും.

മെന്നേ പിശാചങ്ങളേയെന്നൊരീർഷ്യയായ്.
അന്യായമെന്നു തോന്നിച്ചു തപസ്യയെ-
പ്പിണ്യാകമെന്നു തോന്നിച്ചിതദ്വൈതവും.
വന്യനിവാസം കമന്യാ വിയോഗമെ-
ന്നന്യാദൃശം ബഹു പിന്നെയും തോന്നിച്ചു.
പൂർണ്ണോസ്മ്യഹം; ഗതാ തന്വീ വിഹായ മാം;
പൂർണ്ണോസ്മി; മാമകം ധൈര്യം മനോഭവം;
ഈശോസ്മ്യഹം; ക്വ സാ മൽപ്രാണനായികാ?
ക്ലേശോऽസ്മിതാ; ഹന്ത വീതോസ്മി കാന്തയാ!
സന്യാസി ഞാൻ; ശുഭകന്യാ ക്വ ലഭ്യതേ?
എന്നേവമുണ്ടായോരിന്ദ്രിയക്ഷോഭത്തി-
നെന്തേ നിമിത്തമെന്നാത്മനി ചിന്തിച്ചു
തൃക്കണ്ണടച്ചങ്ങരയ്ക്കാൽ വിനാഴിക
നിഷ്കമ്പഗംഭീരിമാ ദിവ്യചക്ഷുഷാ
നിൽക്കുന്ന മാരനെക്കണ്ടു സമീപത്തു-
ദിക്കുന്ന കോപാങ്കുരത്തെക്കരുത്തെഴും
സൽകൃപാവജ്രകുടങ്ങാകൊണ്ടു ഖണ്ഡിച്ചു
തച്ചങ്ങരച്ചു പരാണവമായ് തീർപ്പിച്ചു
പൊളിപ്പാനായ് തുനിഞ്ഞതുമെത്രയും
സൂക്ഷ്മമായോരു പരാണു പറത്തു പാ-
ലെക്ഷണദ്വാരം കടന്നുതപ്പോരും വിധൌ
എൺമണിയെട്ടുകുറിട്ടതിനൊന്നൊള-
മമ്മിഴിവഹ്നികണവും തുണയായി.
വിസ്മയമെന്തു പറയാവൂ! തൽക്ഷണാൽ
ഭസ്മാവശേഷനായ് ~~തീർന്നു~~ മനോഭവൻ.

അത്ഥം വിചാരിച്ചിരുന്നോരു യോഗിക-
ളിത്തൊഴിലൊന്നുമറിഞ്ഞതില്ലെന്നുമേ.
ചിത്തനാഥാംഗം വെള്ളത്തുപോയെന്നെന്നു
ചിത്തേ ~~വിചാരി~~ച്ചു ഹസ്തേ പിടിച്ചുടൻ
തപ്തഭസ്മോദ്ധൂളിതാംഗി, രതി, ശുചാ
തത്തദപിലാപം തുടങ്ങി ശിവാന്തികേ.
"മൽപ്രാണനാഥ! പതിവ്രതാ ദാസിയെ?

പുഷ്പായുധ! കഥമം ന പ്രതിഭാഷസേ?
മൽപാലനത്തിനാരെപ്പറഞ്ഞാക്കീ നീ?
വിസ്ഫാരമെന്തു കേളാത്തു ധനുസ്സിൻെറ?
ഓരോ പ്രണയകലഹപ്രശാന്തിയിൽ
മാറണച്ചെന്നെ മേലാരു ലാളിപ്പതും?
ചാരു സൌന്ദൎയ്യമിവണ്ണമെന്നാക്കാനു-
മാരുപമാനത്തിനുള്ളു ജഗത്ത്രയേ?
നാരിമാൎക്കെല്ലാമുദാരവിലാസങ്ങ-
ളാരൊരുവൻ പടിപ്പിപ്പതു യൌവനേ?
ദൂരെയിരുന്നാലെരിപൊരികൊള്ളിച്ചു
നേരേ തരുണൎക്കു മേളകനാരിനി?
ധാരകനാരിനിത്താരമ്പിനഞ്ചിനും?
പ്രേരകനാരിനി പ്രേമകോപങ്ങൾക്കും?
താരേശനാൎക്കു കുടയായിരിക്കേണ്ടു?-
താരേ തുണയഭിസാരികാണാം നിശി?
നീരസമായി സംസാരമിന്നാകിലോ;
ചാരു ഫലിതം സനകാദികാമിതം.
ആരു വസന്തത്തിനുള്ളതിനിബ്ബന്ധു?
ക്രൂരമ്പവൻ തീൎത്താക്കിനി വേണ്ടു പോൽ?
ത്വൽപാദമേ ഗതിയല്ലൊ മഹേശ്വര!
തൽഫാലവഹ്നി [illegible]റിപ്പാൽ വിട്ടുക നീ.
ഇപ്പാഴി ഞാനോ മരിപ്പാൻ പുറന്നവൾ;
കല്പാഗ്നിപോലും തണുപ്പായ്‌വരും മമ.
ഉദ്ബന്ധനമോ വിഷപ്രാശനാദിയോ
നിഷ്പ്രയാസം മേ മരിപ്പാനിനി നല്ലു?
ഉററുമെൻകാന്ത! നീ ചെററു പാൎത്തീ[illegible]കിൽ
കുററമെന്തൊന്നിച്ചു തെററെന്നു പോകിലാം
വിട്ടുകളഞ്ഞു നീയെന്നെ നടകിലോ
മററൊരുനാരിയുണ്ടാകുമോ കാന്തയായ്?"

ഇപ്രകാരേണ രതിപ്രലാപം കേട്ടു
സൎപ്പവിഭൂഷണൻ [illegible] കൃപാലുവായ്
നന്ദിയോടൊന്നു കണ്ണത്തിലരുൾചെയ്തു;
ചെന്നവനൂചിവാൻ കന്ദൎപ്പകാമിനീം

"ഭദ്രേ! രതിദേവി! രുദ്രനരുൾചെയ്തു
ഹൃദ്രുജാം ചെററു വെടിഞ്ഞു നീ വാഴുവാൻ.
രുദ്രാണി ദാക്ഷായണീ സതീദേവി താൻ
വർത്തതേ ഭൂഭർത്തൃപുത്രിയായൂഴിയിൽ.
തദ്വിവാഹം ചെയ്തു ഞാനിരിക്കുന്ന നാ-
ളെത്തുക നീയെന്നോടിത്തരമോതുവാൻ
ത്വൽപ്രിയനംഗം തരുന്നുണ്ടു ഞാനന്ന-
തിപ്പൊഴുതേതിലുമത്യന്തരമ്യമാം.
നിശ്ചയമുണ്ടതു വിശ്വസിച്ചിനിപ്പോയ്
നിശ്ചലമെന്നെബ്ഭജിച്ചു വാണീടു നീ.
അല്പകാലം നീ വിരഹം പൊറുക്കേണ-
മിപ്രകാരം *ഞാനിരന്നതുപോലവേ.
ഇപ്പോഴിവിടെ വിലാപമോ നിഷ്ഫല-
മപ്പോൾ വിലപിതം ക്ഷിപ്രം ഫലിതമാം.
ഉദ്ബന്ധനാദികൾ ചെയ്യൊല്ലാ സാഹസാൽ;
പുഷ്പബാണപ്രിയേ! യാഹി നീ മന്ദിരം."
ശൈലാദിവാക്യമതുകേട്ടവൾ പോയി
നീലകണ്ഠാർച്ചനവ്യഗ്രാ വിരഹിണീ
കാലമക്കേട്ടതേ പാർത്തുവാണാ കൃശാ
ബാലേന്ദുലേഖവ സന്ധ്യാസമാഗമം.
പിന്നെപ്പിനാകി സനകാദികളോടു
സന്നാഹഭേദമരുൾചെയ്തു സംഗതം
നന്നായവർക്കു വേണ്ടുന്നതരുൾചെയ്തു
പിന്നെയോ നാളെയാമെന്നുമരുൾചെയ്തു.
നന്ദിച്ചു വന്ദിച്ചു പോയി സനകസ-
നന്ദാദിയോഗികൾ ലൌകികജ്ഞാനികൾ.
നന്ദീശ്വരനോടരുൾചെയ്തു: "ലോകത്തി-
ലെന്തുള്ളൂ വാർത്തയെന്തുണ്ടോ ധരിച്ചു നീ?"
എന്നതുകേട്ടുണർത്തിച്ചു നന്ദീശ്വരൻ
വന്ദിച്ചു വിച്ഛാദിതാസ്യം വിനീതനായ്.
നാകികൾ വന്നു ബഹുകാലമായിഹ
ശോകമുണർത്തുവാനാകവേ നില്ക്കുന്നു-
ലൂകവിഭീഷിതകാകാനുകാരികൾ;
പോകെന്നു ചൊല്ലിയാൽപ്പോകയില്ലാരുമേ.

* 'ഞാനിരുന്നതുപോലവേ' (പാഠാന്തരം).

ഭോഗമിവിടെക്കളകെന്നുറച്ചിളു
മാകന്ദബാണനെപ്പോലമരർകളും.
വൈകുണ്ഠകുണ്ഠിതന്മാർ കണ്ടിതെത്രയേ
ഭന്നകദേശം? ഭിയാ ലോകേശനോ കൃശൻ.
പാകാരിയാകിലോ ചാപമാതെ നിന്നവൻ;
യാഗാംശഭോജികൾക്കൊക്കയാത കാലമായ്
ഈവണ്ണമാകണ്ണു മേവുന്ന ദേവന്നോ
രാപന്നകാരുണ്യപൂർണ്ണമായ് മാനസം.
"നല്ല ചിത്തം; ദോഷമെല്ലാം നമുക്കായി;-
തെല്ലാരുമായാന്തു; ചൊല്ലാല്ലുളള ചൊല്ലു നീ."
എന്നിപ്രഭോരാജ്ഞ വന്ദിപ്പൂം ചൊന്ന
നന്ദിപ്രഭാവത്തെ വർണ്ണിപ്പതാരുപോൽ!
മുന്നേ കടന്നു മുകുന്ദനെഴുന്നള്ളി;
പിന്നാലെ ബ്രഹ്മനും പിന്നെ മഹേന്ദ്രനും.
പിമ്പാട്ടു വഹ്ന്യാദിദിക്പാലകന്മാരു-
മപ്പോലെയെല്ലാരുമപ്പോളനന്തരം.
മുല്പാട്ടു ചെന്നു ശരൽപാർവ്വണമേഘാഭാ-
കല്പനിരിപ്പോരു കാരുണ്യവിഗ്രഹം
ഉൽപാടിതാശേഷദുഷ്പാപശാപ്പും സ-
മുൽപാദിതാനന്ദചിൽപ്രാഭവപ്രഭം
അഭ്രാപഗാതോയവിഭ്രാജികോടീര
സപ്താവലീവീഢശുഭ്രാംശുശേഖരം
ദർപ്പകാംഗാസപാദത്രപ്പഫാലേക്ഷണം
നിർഭരാനക്രോശഗർഭിതാക്ഷിദ്വയം
അല്പാറാസാക്ഷിപ്തകർപ്പൂരവിഭ്രമം
വിഷ്ഫുരൽകണ്ഡലം സുപ്രസന്നാനനം
സസ്മിതാലാപലീലാപരം നന്ദിനാ
ഭസ്മഭാസംക്രാന്തികർബ്ബുരകന്ധരം
ഉൽപൂരിതോൽപരിവാകമാതിമള-
ലുപ്പിവക്ഷോലഗ്നരുദ്രാക്ഷമണ്ഡിതം
ദോർഭിസ്ത്രിശൂലം കുഠാരം മൃഗം ചാപി
ബിഭ്രാണമഭ്രാന്തജല്പാകകാരണം
*സന്ധിതം മൃത്യുഞ്ജയം കൃത്തിവാസസം

* 'സുസന്ധിതം' (പാഠാന്തരം).

ഭൂതിമുക്തിപ്രദപാദകല്പദ്രുമം
ശിക്ഷണരക്ഷണദക്ഷിണം ഭോഗിനാ-
മക്ഷീണരക്ഷ്യദാക്ഷിണ്യപുണ്യാകൃതിം
അക്ഷോഭ്യഗാംഭീര്യമക്ഷാമവീക്ഷണൈ-
ർദ്ദക്ഷിണാമൂർത്തിം ശിവം വിശ്വസാക്ഷിണം
"ശംഭോ! മഹാദേവ, സമ്പൂർണ്ണരൂപായ
സംഭേദഹീനകൈവല്യസമ്പന്മയാത്മനേ!
സംഭാവനീയായ സമ്പന്നകാരുണ്യ-
സംഭാരസാരായ നിത്യം നമോസ്തു തേ!
ലോകോസി ദേശോസി ജീവോസി കാലോസി;
ജായസേ ത്രായസേ സ്ഥീയസേ ക്ഷീയസേ;
കർത്താസി ഭർത്താസി ഹർത്താസി ഭോക്താസി;
ഗീയസേ സ്തൂയസേ ലീയസേ ശ്രീയസേ;
സ്വാതന്ത്ര്യജാതസാന്ദ്രാനന്ദശീധുസാ-
രാമ[illegible]തിസാദ്ധ്യാമോദമേദസേ;
ദൂരതോധൂതസാംസാരികസ്രോതസേ
ഭീനദീരോധസേ തേ നമോ വേധസേ.
അഷ്ടമൂർത്തേ! ഭവാൻ വിഷ്ടപാനാം കഥം
സൃഷ്ടിരക്ഷാക്ഷയേഷ്വിഷ്ടവച്ചേഷ്ടസേ?
ദുഷ്ടദോഷേ പദേ ശിഷ്ടവാഞ്ഛാ കഥം?
ദുഷ്ടതാ നാസ്തി കിം വിഷ്ടപേഷേ സതാം?
ഹർഷകാമക്രോധഗർവവൈരാമോദി-
സർവലോകാതിഗ! ശർവ! തേജോനിധേ!
നിർവിളംബം വിദ്ധ്യവിദ്യാൻ ഗർവിതാൻ
കുർവനക്രോശബുദ്ധ്യാത്ര നോ നിർവൃതാൻ.
നാഥ [illegible]ൽ പുരാ നാഥതാ, ഭോഗിനാം
നാ[illegible]വദാദ്ദൂരതോ നാഥനോ നാ[illegible]കിം?
നാഥ! സാ നോചിതാ ഹേതുമേകാം; കൃപാ
പാഥസാ പൂരിതാ ചേതസോദാരതാ;
പ്രീയസേ കർമ്മണാം; ത്രായസേ നർമ്മണാം;
ധീയസേ ചേതസി ശ്രേയസേ ഭൂയസേ;
സ്ഥീയസേ വാക്ഷയേ ഭൂയസേ ചേൽ സ്വയം
നീയസേ കേനചിൽ കാശ്യപീയസേ നോ കഥം?

സ്വാദശാലിൻ! യഥാ സ്വാ ദശാ ചേന്മതാ
വാദചാപല്യശല്യേന കല്പ്യേത കിം?
ഈദൃശം മാദൃശാം ചാതിശാന്തം മഹോ;
ദ്വാദശാന്തസ്ഥമപ്യസ്തുവ തന്മൃഗ്യതേ.
സർവലോകൈകകന്ദം ശരണ്യം ശിവം
സന്തതം സന്തമന്തസ്സമന്താദപി
ശങ്കരം ശാശ്വതം ചന്ദ്രചൂഡം മൃഡം
ശംഭുമവ്യാഹതൈശ്വര്യമാശാസ്മഹേ."
നേരായ ഗീരായ താരാലൊരോരോപ്ര-
കാരാദരാൽ സമാരാദ്ധ്യ സന്നതാൻ
മാരാരി ചാരുസ്മിതംചെയ്തരുൾചെയ്തു
നാരായണബ്രഹ്മശക്രജീവാദികാൻ:
"പോരുമേതാ ഗിരോ; വാരുമേ മാധവ!
നീരജാവാസ! കിം നാസനേ സ്ഥീയസേ?
നാരദാദ്യാശ്ശുനാസീരമുഖ്യാസ്സുഖം
ദൂരതോ വന്നിതെല്ലാരുമൊന്നിച്ചഹോ!
ചാരമെന്തേ രുജാ? നേരു ചൊല്ലീടുവിൻ;
താരകോപദ്രവം തീരുമാറാകുവൻ.
പൂരിതാ മേ ബ്രഹ്മചാരിതാ; ചാരു സൗ
ന്ദാരനെപ്പാരണയ്ക്കാരടച്ചാർ മമ?
നീരസം ചെററത്തും നേരു കൂട്ടീടുവിൻ:
ചാരു വെണ്ണീർ ഞാൻ കോരുവൻ പൂശുവൻ;
ചാരുവാം പൌരുഷം മാരനേണ്ടാക്കുവൻ;
പാരമൊട്ടേറെയെന്നോരായ്ക്ക താമസം.
ദാരമാപത്തു സമ്പത്തിനെന്നാകുവൻ;
പാരമേറുന്ന ദേഹാരിദുശ്ചേഷ്ടിതം.
നാവെരിക്കുന്നിതോ നാരദ! ചാരെ വാ!
നാവെരിക്കപ്പെടും തിന്ന മുഷികിലോ
നൽവരിക്കയ്ക്കുണ്ടു രുച്യോരുകുന്ന ഞാ-
നാർവിട്ടൽക്കന്നി പെററുണ്ണിയാളാം വിധൌ.
കാലം കലഹപ്രിയ! കുറയപ്പാക്ക്;
വേലൻ വിലാസം കിലാസനാസംഗതം.
തുലങ്ങൾ പോവതും ശാലഭം ചാവതും

പോലെ ഭയലീനലോലാസുരാഹവം.''
ഇത്തരമോരോന്നരുളിച്ചെയ്താനിധി
തത്രൈവ ചിത്രം മറഞ്ഞു മഹേശ്വരൻ.
മൂർത്തികൾ മററിരുപേരെയും കണ്ടീല
വിദ്ര്യയറിയരുതീശ്വരന്മാരുടെ.
ഉള്ളിൽബ്ഭയം പോയി നല്ല സന്തോഷമായ്;
തെല്ലിനിയും പാൎക്ക വല്ലതുമെന്നായി
വെള്ളിമലയിൽ മറെറല്ലാവരും വാണു;
കൊല്ലുമേ മേരുമേൽച്ചെല്ലുകിൽ ദാനവൻ.
അല്ലേ ഹിമാലയ! വല്ലനാളെങ്കിലും
കല്ലെഴുത്തായിങ്ങിക്കല്യാണസംഗതി.
മല്ലീഷുവൈരീതി ചൊല്ലീ ഭവാനോട-
തല്ലീ വചോഹേതു? കില്ലീഷലെന്തിനി?
ചില്ലാനമല്ലിനിത്തൊല്ല പലതുണ്ട
സല്ലാപലീലയ്ക്കിതല്ലാ സമയമോ.
വല്ലാതെ ലോകങ്ങളെല്ലാമലയ്ക്കുന്ന
വില്ലാളി മന്മഥൻ നല്ലാൾ മരിക്കയാൽ.
എല്ലാരെയുംപോലെയല്ലാ നമുക്കിനി-
ച്ചൊല്ലാമിനിക്കേൾക്ക നല്ലോരു സാരവും.
എല്ലായിലും വേണ്ടതല്ലാ മനോഭംഗ
മുല്ലാസശീലന്ന തെല്ലാകിലും തവ.
ഇല്ലോകസൌന്ദര്യകല്ലോലസാഗര-
മല്ലോ ഹരാംഗമിതെല്ലാക്കണക്കിലും;
ഫുല്ലായിതം നഗമെല്ലാമിരുന്നിട്ടു
മില്ലാ ഫലമെന്ന മല്ലാരിനന്ദനൻ
ശല്യവ്യഥകൊണ്ടു കല്യമുടൽവെടി-
ഞ്ഞുള്ളിൽക്കുടികൊണ്ടിതല്ലോ ശിവന്നവൻ.
തെല്ലല്ലധീശന്ന വില്ലങ്കമത്തപം
തല്ലിക്കളയുമനല്പംഘല്യവിക്രമൻ.
കൊല്ലുമേ വൈരിയെന്നല്ലയോ സംഭ്രമ-
മില്ലതെന്നാചവൻചൊല്ലിലാമേവരും.
ഇല്ലന്തരമതോൎത്തുള്ളം തണുക്ക നി
ന്നില്ലം തണുക്കഹോ; വല്ലന്തിയെന്തിനി?

കല്ലതു നെല്ലിതെന്നെല്ലാം വിട്ടുത്തുവ-
ല്ലുല്ലാസലനായ് വാഴ്ക നിർല്ലാഘവം സഖേ!
ഫുല്ലാരവിന്ദനൽക്കലേറാരമാലതി-
ത്തുല്യകീർത്തേ! നിനക്കില്ല മാൽമൂറവും.
ചൊല്ലാമെനിക്കിനി നില്ലാ കുതൂഹലം
ചൊല്ലാതെ ഞാനെങ്കിലെല്ലാമൊട്ടും തഥാ.”
ചൊല്ലിനാനിങ്ങനെ വല്ലകി തോളേറി
മെല്ലേ നടകൊണ്ടു നല്ലോരു നാരദൻ.

അത്ഭുതവീരശാന്താദി സേനയെ
കൽപ്പടയേറിന ശൃംഗാരമാം രസം
അപ്രമേയാഭോഗപുഷ്പകിസലയ-
കല്പവൃക്ഷാഭമായ് പോരുന്ന സൽക്കഥം
സർവജനങ്ങളും ചർവണം ചെയ്തതി-
നിർവൃതികൈക്കൊണ്ടു പർവതരാജനാം.
ദർവഹകൌതുകസംവിധാനന്ദാശ്രു-
പർവമേറിച്ചിരം നിർവികാരാന്തരം
സർവതോ ഭിത്തിയിൽ ചിത്രമതുപോലെ
നിർവികല്പം മരുവീടിനാരേവരും.

അദ്രികന്യയ്ക്കു സഖീജനത്തൂപിണി-
കൈത്തൊയില്ലാപ്രകാരം വികാരം തഥാ.
വിച്ഛ്യയും ചാച്ഛ്യയും നിശ്ചലഭാവവും
പൃച്ഛയിച്ചിച്ചയുമുച്ചിതലജ്ജയും
ഉച്ചൈർവൈവശ്യവും നിശ്വാസിതം മുദാ
കച്ചയിന്തരാ വിശ്ലഥിഭാവവും
കഃ ശ്ശ്രരോമാഞ്ചനൈരാശ്യമനോരാജ്യ
കൈശ്യശൈഥില്യവേഗോദ്വേഗമോദാദി
ശ്രിശ്രം സഖീമുഖേ ദൃശ്യം കടാക്ഷവും
മശ്രുപാതം മുഹുരശ്രുതിനാട്യവും
ശശ്വദുച്ചിതബാഹ്യാശ്രിതചാപല്യവും
പ്രശ്രയഗംഭീരവിവേകസൌന്ദര്യവും
ഇത്യാദിഭാവങ്ങൾ; മറ്റു സഖിമാരി
ലത്യാദരം; നിങ്ങളുറ്റ വിശേഷമാം,
[illegible]

ല്ലൾക്കാമ്പിലെന്തെന്ന തങ്കലില്ലാ പിടി.
പൊയ്പ്പോൾകീക്കമല്ല* നിച്ചരുതൊട്ടുമേ
കൈക്കലെല്ലാ മനം തസ്കരൻ കൊണ്ടുപോയ്;
സൂക്ഷ്മതക്രുടാതെ കാല്ക്കലായീ ദൃഷ്ടി;
ചില്ക്കലൊകൌമുദി നില്ക്കലായിങ്ങനെ
തൽ കില കാഴ്ച ജയയ്ക്കും വിജയയ്ക്കു,–
മക്ഷികൾക്കില്ലന്നവക്കന്യദുത്സവം.
അക്കിഴിയെന്നിയവക്കെന്തൊരു ധനം?
തൽഗുണഭോഗമവക്കൊന്നനുഗ്രഹം.
ഒക്കെയും ദേവിയവക്കറിയിക്കുമേ
കിക്കിളി കൈവിട്ട മിക്കതും തന്മതം.
തൽക്ഷണം താതസംഭയിന്നു പോയങ്ങു
പുക്കു വിജനേ സഖിമാരുമായുമ.
"തൃക്കാൽ തളന്നിതോ നില്ക്കയാലയ്യോ കി–
ടക്കമേലേറിസ്സുയിക്ക തെ"ല്ലെന്നവർ.
"നില്ക്കയാലല്ല നിനയ്ക്കയാലാലസ്യ–
മിക്കാലിണയ്ക്കല്ലൊരുൾക്കാമ്പിലാളി! കേൾ.
ഉൾക്കാമ്പിനുണ്ടോ കിടക്ക വിരിച്ചു നീ?
യക്കഥ കേട്ടെന്തു ദുഃഖമില്ലാത്തു വാം?"
"കണ്ടവരോ ഞങ്ങൾ? നിന്മനക്കാമ്പിനോ
പണ്ടേ കിടക്ക പരമശിവൻമടി."
"അക്കാമനെച്ചുട്ട നിഷ്കാരണദ്വേഷി
സൽക്കാരവശ്യനല്ലിക്കാലമാക്കുമേ."
"അത്യന്തധിക്കാരിയെത്തിയെസ്സാനെങ്കി–
ലെത്രയും കഷ്ടമോ കത്തിച്ചതീശ്വരൻ?"
"കോകിലകാകളലൊലേ ഹതേ മന്മഥേ
വ്യാകുലേ വിഷ്ണപേ പാകിലേ നല്ലതും."
"നാരദോദീരിതസാരവും കേട്ടു നീ
നീരജാക്ഷി! കഥം നീരുജാ നാഥനാ?"
"നാരദൻ സൂചകൻ പോരിലേ കൌതുകി
സാരമായ്ച്ചൊന്നതിങ്ങാരു ബോധിച്ചഹോ?"
"ഒന്നു നേരല്ല മറെറാന്നു നേരെന്നുമ–
ച്ചൊന്നതല്ലത്ര നന്നന്യഥാ നിണ്ണയം."

* 'പൊയ്പ്പോൾകതാമല്ല' (പാഠാന്തരം).

“മുക്തശ്രമം മദ്ധ്യമർത്തർക്കുമില്ലഹോ
ദുസ്തർക്കദാക്ഷ്യമൊരുത്തർക്കു നിന്നോളം.
കേൾപ്പതേ സാരമെന്നോർപ്പവർ നന്നു നീ;
താൽപര്യമൊ ഗിരാം പാർപ്പതായാസമാം.
പേച്ചിലോരൊന്നിലേ വാച്യമാരായ പോയ്
പാച്ചിൽ വച്ചീടിനാൽ കാഴ്ചയെങ്ങു ധിയാം?
ഇച്ഛയാ കേട്ടു ചിന്തിച്ചു യാവന്മതി
നിശ്ചയിച്ചാർക്കുമാരാച്യതാമുത്തരം.
ഉച്ചമായുജ്ജ്വലിച്ചൊച്ച കേട്ടപ്പൊഴേ
തച്ചു മൂക്കം പറിച്ചിച്ഛയാ പോകിലോ
നിശ്ചയം ചൊല്ലുവൻ പുച്ഛമില്ലാത്തയാ-
ലച്ഛഭല്ലം നമുക്കെച്ഛനല്ലെന്നതും.”
“പെന്താട്ടവിദ്യയല്ലന്താദിപദ്യമ-
ല്ലെൻതോഴിമാർക്കാക സന്തോഷസംഭ്രമം.
നിർണ്ണേത്രിമാർ നിങ്ങളെന്നോർത്തു ചോദ്യമ-
ല്ലെന്നായിച്ചൊല്ലുന്നു നിന്നോടും നിന്നോടും.
[illegible] കന്ദർപ്പനംഗവും
വെന്തപ്പൊള[illegible]ം മന്ദിപ്പതെന്തരം!
എന്തിപ്രകാരങ്ങൾ ചിന്തിപ്പതേറെ ഞാ-
നെന്നിൽ പ്രളവിന്ന നന്നിപ്രമോദവും!
ഇന്നിപ്പതിനാലു മന്നിൽപ്പലർക്കെന്നെ
നിന്ദിപ്പതിൻ വഴി സന്ദിഗ്ദ്ധമെന്തിനി?
മർമ്മവും നൊന്തിനിജ്ജന്മവും വേണമോ
ശർമ്മവും ധർമ്മവും നർമ്മവും പോയനാൾ?
ദുഷ്ടദൈത്യന്മാർക്കു വിഷ്ടപം നല്കിയ-
ന്നിഷ്ടനാം കാമനെച്ചുട്ടവനത്തമൻ!
ഒട്ടു നന്നോർക്കിൽ ത്രിവിഷ്ടപവാസിനാ-
മൊട്ടുനാൾ മാം ഭജിച്ചിട്ടു വന്ന സുഖം!
വിഷ്ടരാദീന്ദ്രനും ഭ്രഷ്ടനായ്; ദേവകൾ
നഷ്ടരായീശ്ലിപിവിവിഷ്ട[illegible]ഷ്ടദർ
പാരമിങ്ങില്ല വിസ്താരമോ ബുദ്ധികൾ;
ധീരത തോഴിയു,ണ്ടാരു കാത്തീടു താം?
നേരൊരു ബന്ധുവുണ്ടാരവരെച്ചൊല്ലു?
നേരണീയം ബഹു; സ്വൈരിണിയല്ല ഞാൻ;

തീരുറച്ചേ, നിക്കൊന്നരിളക്കീട്ടുവാൻ?
മാരധർമ്മാരണകാരണം കീദൃശം?
നേരു ചൊല്ലേണമെൻ ചാരെ വന്നീശ്വരൻ;
ഘോരഘോരം തപസ്സാരഭേ താദൃശം.
ചീരയുഗ്മം വടക്ഷീരവും ഭസ്മവും
നീരപാത്രം നല്ല സാരംഗചർമ്മവും
കോപ്പിതെല്ലാം വച്ചു പാർപ്പിനെൻ നിർഗ്ഗമം;
മാൽപ്രതികാരേഷു ബാഷ്പമസംഗതം.
താൽപര്യമമ്മയേക്കേൾപ്പിച്ചു താതനെ-
ക്കുപ്പിത്തൊഴുതു പുറപ്പെട്ടും ഞാൻ ദ്രുതം.''
ഇപ്രകാരം പരമാത്ഭുതരൂപിണി
തോല്പിച്ചു തോഴിമാർക്കേല്പിച്ചു നിശ്ചയം
കൂർപ്പിച്ചു ബുദ്ധിയെക്കാല്പയോജം ചൂടി
വായൊടു മാതാവൊടീപ്സിതം ചൊല്ലിനാൾ.
"അമ്മേ! തവ സ്നേഹമെന്മേലധികമു-
ണ്ടുന്മേഷമോടെങ്കിൽ നന്മയാമേവരും
അമ്മതന്നന്നമൊട്ടുണ്ടതുണ്ടനാഹം;
സന്മതം നിർമ്മിതം നമ്മളുണ്ടപ്പോഴും.
എന്മകൾക്കെപ്പോഴും നന്മയാകേണമെ-
ന്നമ്മ നേരുന്നതേ നന്മയുള്ളു മമ.
ധർമ്മമൊട്ടിന്നിമേലെന്മകൾക്കാവോളം
സംഭരിച്ചീടുകെന്നമ്മ ചൊല്ലും വിധൌ
നൻമുനിവാക്കിലുമിമ്മൊഴി തോന്നുന്നു;
ധർമ്മതത്വം ചെറുക കാണ്മതും വേലയാ
ണിന്നതൊട്ടിന്നിമേലൊന്നെനിക്കാഗ്രഹ-
മന്യഹം നിന്നുടെ സന്നിധിനന്നിധൌ
മന്ത്രവും ചൊല്ലുമച്ഛൻതരുമാജ്ഞയും;
ചന്ദ്രചൂഡാർച്ചനേ ന്നു മേ കൌതുകം;
അമ്മ താനേ പറഞ്ഞമ്മതമച്ഛനും
സമ്മതമാകകിൽ പൊൻ മണം കാണുമേ.
നന്മയും തിന്മയും കിം മയാ വർണ്ണ്യതേ?
മന്മതിക്കീദൃശം കർമ്മമിച്ഛാപദം.
സാധിയാഞ്ഞാലതിൽ ആധിയാം വ്യാധിയാം;
ശാധി മാം പ്രീതയേ ചാതിയത്തോദ്യതാം.

ഇങ്ങനെ തന്മകൾക്കിംഗിതം മേന കേ-
ട്ടങ്ങതിൽ ഭംഗയത്നങ്ങളെലോൎത്തയാൽ
സങ്കടം തൻകണവങ്കലോതി; ഗിരി-
പുംഗവൻ ചൊല്ലിനാൻ തിങ്ങുമുൾക്കൌതുകാൽ.
"എൻകിടാവിൻ മതമിങ്ങനെയെങ്കിലോ
ശങ്കവെന്തിങ്ങതിൽ സങ്കടം തീരുമേ.
മംഗളമായ്‌വരും മങ്ങരുതോമലേ!
ശങ്കരശ്വശ്രുഭാവം കൊതിച്ചീട്ട നീ.
നാരദോദീരിതം ഭൂരി ഞാൻ കേട്ടിതൊ-
ട്ടേറെയോതീ മുനി ഗൌരിതൻ വൈഭവം.
ആസുരീബാധവന്നാധിയാൽ വാനവ-
ക്കാതുരീഭാവവും ചാതുരീഹാനിയും
മാധവീയം മതം സാധു പൈതാമഹം
പൂൎത്ത[illegible]ംഗദാഹാദിയും കേട്ടു ഞാൻ.
ഏതൊരു ജാതിയും ശീതാംശുശേഖരൻ
പാദശുശ്രൂഷയാലേ തദായത്തമാം.
പന്നഗചൂഡനിൽച്ചെന്നു ചേൎന്നീടുവാൻ
വന്നു പുറന്നപോൽ നമ്മുടെ നന്ദനാ.
അൎണ്ണവേ ഗംഗപോയ്ച്ചെന്നാപ്പുക്കിലയോ-
യെന്നപോലേയിവൾ ചന്ദ്രചൂഡാൎദ്ധിനീ
നന്നു രണ്ടും നമുക്കുന്നതകീൎത്തിക്കു-
മെന്നുമാനന്ദാനുഭൂതിക്കുമോൎക്ക നീ.
അന്നദീവേഗവും നിന്നതല്ലിന്നിനി-
യിന്നിവൾ ഭാവമൊട്ടെന്നതിലും ഖരം.
നന്നായനുഗ്രഹിച്ചിങ്ങയച്ചീട്ട നീ;
മന്ത്രവും ഞാൻ പറയുന്നുണ്ട പൂജയും."
എന്നോരോ വാക്കിനാൽക്കുന്നരശൻ പ്രിയാം
നന്നായ്ത്തെളിപ്പിച്ചു, നന്ദനയെ സ്വയം
വേറേ വിളിച്ചു വരുത്തിയി[illegible]ത്തി മ-
റ്റാരുമേ കേളാതെ മന്ത്രം കേൾപ്പിച്ചു
ചാരുസേവാപ്രകാരത്തെദ്ധരിപ്പിച്ചു
പാരം പ്രസാദിച്ചനുഗ്രഹിച്ചീടിനാൻ.
താതാനുശാസനം ജാതമോദം കേട്ടു
മാതാവിനും ചെയ്തു പാദാഭിവന്ദനം.

ധമ്മദേവാർച്ചനം ബ്രാഹ്മണപ്രീണനം
ചെമ്മേ പിതൃപൂജ ദേവതാരാധനം
ഇത്യാദി മററു സൽകൃത്യങ്ങളും ചെയ്തു
ബദ്ധശുകശാരികാദിവിമോക്ഷവും
സ്നിഗ്ദ്ധജനങ്ങൾക്കു ചിത്തം കുളുക്കവേ
പ്രത്യേകമോരോന്നു ഹൃദ്യമതുൾചെയ്തു
ലഗ്നേ ശുഭേ ഗൃഹാൽ പ്രസ്ഥാനവും ചെയ്തു
സസ്നേഹബന്ധുതാകീഞ്ഞ പ്ലാനയാത്രയായ്
ഖേദേന സർവാൻ നിവത്തനം ചെയ്യിച്ചു
മന്ദേന ചേതസാ തൃപ്താ മഹേശചരേ
വിസ്തീർണ്ണമായ ശിഖരം ഹിമഗിരേ-
രത്യന്തപാവനം പ്രാപിച്ചു ശോഭനം
സത്തീത്ഥവാരി തപോവൃദ്ധസേവിത-
മുത്തമദേശമധിവസിച്ചാളുമ.
ആളിമാരുള്ളവരെല്ലാരുമങ്ങായി
കേളീശുകശാരികാദികളൊക്കയും.
ഭൃത്യജനങ്ങളുമെത്തീതവിടേയ്ക്കു
"ചെത്തേണ്ടതെന്തു? തളിക്കേണ്ടതെന്തു ചൊൽ?"
കുദ്ദാലവുമൊരു കത്തിയും കൈക്കൊണ്ടു
തത്ര വേണുന്നതന്നദ്രിജാശാസനം
വ്യക്തം പറഞ്ഞു വിജയ തൊഴിയിച്ചു
ഭൃത്യരങ്ങോഷധിപ്രസ്ഥമകംപുക്കു.
തീത്ഥേ കുളിച്ചുമ നേരത്തൊരു നൽച്ചേല
വീഴ്ത്തര തന്നിലേ ചേത്താം മരവിരി.
ന്യസ്താണ്ഡഭോഗിനീ പൊത്തിന്നൊഴിയുമോ?
തത്താദൃശീ തദാ രത്നകാഞ്ചീദശാ.
ധീരമിഴികൊണ്ടു തീരതുംകണ്ടതും
ദൂരീകരിച്ചാരരയിൽ നിന്നാളിമാർ.
"ഞാൻ കേളുടൻ വരും; നീങ്ങാ മമ പദം;
കാൺകാ"ണിങ്ങെന്നോതി ക്രേങ്കാരി കാഞ്ചിയും.
ഞങ്ങളും വൈകാതെയിങ്ങണയു"മെന്നു
കങ്കണാല്യാഭരണങ്ങൾ വാങ്ങും വിധൌ
സംക്രന്ദനാറ്റിതേ മങ്ങാത നൂപുരേ

ചഞ്ചാതമായവക്കുണ്ടയച്ചു സമം.
പാദാന്തപാതിനീ വേണിയഴിച്ചിട്ടു
ഖേദാന്ധമൂകമാരായി നിന്നാളിമാർ
സേകവും ചെയ്തങ്ങനേ വടപ്പാൽകൊണ്ടു
കൈകളാൽ കുത്തിപ്പിരിച്ചു ജടകളും.
കോടീരവും ചീരശാടീയുഗളവും
കൂടി മേളം ഭസ്മപാടീരപുണ്ഡവും
രുദ്രാക്ഷമാലയും വേഷമേതാദൃശം
നിദ്രാക്ഷയമേകി താപസചേതസാം.
ഒന്നെങ്ങരുൾചെയ്തപർണ്ണയയയ്ക്കവാ-
ലന്യസഖീജനം ചെന്നു പുക്കു പുരേ.
അത്ര ജയയും വിജയയുമെന്നിയേ
സത്രമാകാ; തപോവിഘ്നമെന്നാളുമ.
താനുമവരുമായ് കെട്ടിച്ചമച്ചിതു
പാനീയസന്നിധൌ നല്ലോരുടജവും.
സ്നാനമരുണോദയത്തിനു മുന്നമേ
ദീനതയെന്നിയേ നിത്യം നിയമമായ്.
ധ്യാനം ജപം ഹോമദേവപൂജാതിഥി-
മാനനം നിത്യം ത്രിഷവണസ്നാനവും
നാനാവിടപിലതാബീജവാപവും
ദീനമൃഗപക്ഷിയൂഥസൌഹാർദ്ദവും
കന്ദഫലമൂലനീവാരസഞ്ചയ-
മെന്നുവേണ്ടാ ബഹുകൃത്യം നിരാകുലം
ട്ടൊവതോരോന്നു മുട്ടാതെ ചെയ്തുകൊ-
ണ്ടിഷ്ടാന്തരായൌഘകുട്ടാകചേഷ്ടിതാ
പട്ടാംഗപാശേന പെട്ടാം ഋഷിടി മുനി
ദൃഷ്ടാന്തനാനാത്മമഷ്ടാംഗയോഗവും.
നിത്യം യമങ്ങൾ നിയമങ്ങളാസനം
പ്രത്യേകശീലനം പ്രാണായമനവും
പ്രത്യാഹരണവും പ്രത്യക്ഷസിദ്ധമായ്
സിദ്ധാന്തധാരണാ ധ്യാനം സമാധിയും.
പത്ഥ്യം തനിക്കിതെന്ന*ത്യന്തമാസ്ഥയാ
ശശ്വാനുഗുണ്യേന നിത്യാനുശാസനാൽ

* 'തനിക്കിതന്നു' (പാഠഭേദം).

ഹൃദ്യാ തതോ യോഗവിദ്യാ വശത്തായി;
നിത്യാനവദ്യാംഗി നക്തംദിവം തയാ
നിദ്ധ്യഞ്ജനത്താൽ നിധികൾ കാണുംപോലെ
ബുദ്ധ്യന്തരീശം ദ്വിധ്യോദ്യന്തമദ്വയം
നിഷ്കമ്പരൂപം സകളം ച നിഷ്കളം
ചിൽകന്ദളം കണ്ടിതക്കുന്നിൽമാതഹൊ.
ദൃശ്യമായ്‌വന്നു വിളിച്ചാൽ വെളിച്ചത്തു
ദൃശ്യവമായ്‌വന്നു ശശ്വത്സമാധിയും.
നിശ്ശങ്കമെപ്പൊഴുമശ്ശങ്കരൻമേനി
വച്ചന്തരംഗേ ഭജിച്ചാൾ ഭഗവതി.
ഉപ്തബീജങ്ങൾ മുളച്ചിരിലയിട്ടു
കൢപ്തസേകത്താൽ വളൎന്നു വലുതായു-
രത്ത ശാഖോപശാഖാവിടപോത്ഭേദ-
ബദ്ധപ്രവാളമുകുളപുഷ്പങ്ങളായ്
തത്തല്ലതാമേളസിദ്ധസൌഭാഗ്യം ക-
ലൎന്നു സഫല്യോപയുക്തങ്ങളായ് ചിരം.
നിസ്തന്ദ്രമൎദ്ധേന്ദുചൂഡങ്കൽ മേവുന്ന
ചിത്തത്തിലന്യാ വളൎത്തിയൽകണ്ടയും.
വന്നന്നിവിടെപ്പുറന്ന കുരംഗങ്ങൾ
തന്നാൽ വിടപ്പെട്ട പുണ്യാംബുതൃണ്യാബ-
ലിന്യാസനീവാരപിണ്ഡാദിഭോഗേന
നന്നായിണങ്ങിവളൎന്നിണമേളിച്ചു
മന്ദമന്ദം നിജച്ഛന്ദവിഹൃതി ക-
ലൎന്നപൎണ്ണയ്ക്കു തന്നിലും നിന്ദയായ്.
പിന്നെയും തന്നുടൽതന്നേ തപോമയ-
വഹ്നിയിൽ വാടിച്ചു തേടീ തപോധനം.
കന്ദഫലാദിയും പൎണ്ണവും കൈവെടി-
ഞ്ഞപൎണ്ണാപി നിന്നിതു വായുഭക്ഷാ ചിരം.
പഞ്ചാഗ്നിമദ്ധ്യേ തപസ്യാ തപാതപേ;
മഞ്ഞുകാലം നീരിൽ, വൎഷകാലത്തിലും;
ഉദ്ദീപനേഷു ശരദ്വസന്തങ്ങളിൽ
ഋത്തുവേ നിത്യവും മൃത്യുഞ്ജയപ്രിയാ
മൎഷിതചണ്ഡമാ മഹൎഷിബഹുമതാ

തഹർഷാദ്വൈരധർഷിതമാനസാ
ദർശയന്തീ ക്രമോൽകർഷമവിഭ്രമം
കർശയന്തീ തനും ഹർഷയന്തീ സുരാൻ.

ഇങ്ങനേ പാർവതീ തിങ്ങിന ധൈര്യേണ
തുംഗനൈരാശ്യമിണങ്ങിയഭംഗുരം
തിങ്ങൾതോറും ദിവസങ്ങൾതോറും കരേ-
ററങ്ങൾ കാണക്കാണ വിങ്ങി ജഗദന്ധ-
മങ്ങലിക്കുള്ള ധൂമങ്ങളിൽ മങ്ങുമാ-
റംഗഖില്ലാഖ്യ തപസ്യ ഗൃതിന്നാൾ
ചങ്ങലജാലം നടതള്ളയും പൂണ്ടു
ഭൃംഗാവലീഢോത്തരംഗമദംപററി
മങ്ങി മയങ്ങിപ്പുരുങ്ങിച്ചുരുങ്ങിപ്പി-
ണങ്ങീടുവാനെന്തനങ്ങീടവല്ലാഞ്ഞി-
ണങ്ങിവണങ്ങിപ്പുഴുങ്ങി വഴുങ്ങിപ്പു-
ഴുങ്ങൾ ഫലങ്ങൾ പുഴുങ്ങും കിഴങ്ങും ഗു-
ളങ്ങൾ കരിമ്പും പനങ്കൊമ്പുമെല്ലാം ത-
രംകണ്ടണഞ്ഞക്കരംകൊണ്ടു വായിൽക്കൊ-
ടുത്താലതെല്ലാം പിടഞ്ഞങ്ങിറക്കിച്ചെ-
രുക്കാതെ നോക്കിപ്പണിക്കും സൃണിക്കും നി-
ശേശാൽച്ചൂഡൻ വശാനാഥനേകൻ വി-
ശേഷിച്ചെനിക്കോ വശേ നിൽക്കുമെന്നിട്ട-
ശാന്താവലേപോ ദൃശാ ദഗ്ദ്ധദേഹോപ്യ-
ശേഷോഷ്മശാലീ വിശാലാപദാനോ വി-
നോദായ ചേന്നാ മനോഭ്രനിഷാദീ രു-
ഷാ ദീപ്തചേതാസ്സദാ ചെയ്തു തജ്ജപം.

സ്വൈരം സമാധിയിൽ നീരന്ധ്രമായ്ക്കൊണ്ടു
ക്രൂരിതുൾപ്പൂരമകാരണം ദാരുണം
ചീരം ധരിച്ച തൻ ദാരങ്ങളെന്നോർത്തു
പാരം കലങ്ങി വികാരം ബഹു പൂണ്ടു
പാരിന്നധീശ്വരനാരുമേ കാണാതെ
പാരമുടയോരു ധീരതാവാരിധി
നാരായണാദിസമാരാധനേന വാ
മാരാശുഗപാതവീരായിതേന വാ

ഗൌരീതപോരീതിഘോരക്രമങ്ങളെ-
പ്പാരാതെ കാണ്മതിന്നാരുഢലാലസം
ദ്വാരസ്ഥിതപരിവാരാദികൾപോലു-
മാരുമറിയാതെ നേരെ പുറപ്പെട്ടു.
ഗൌരീശിഖരേ പുരാരിയെഴുന്നെള്ളി;
മൂരിമേലല്ല വിസ്മേരതാക്കണ്ടിലേ.
കണ്ടു ഗിരിജയെ വിണ്ണിലേ നിന്നു താൻ
പണ്ടു പറഞ്ഞതിലുണ്ടായിതോൎമ്മയും.
"പണ്ടേതിലേറുമഖണ്ഡിതസൌന്ദൎയ്യ-
മുണ്ടായിതിത്ര ലാവണ്യപൂരം കഥം?
അന്യൂനശൈശവസന്നാഹി യൌവന-
മന്യോന്യസൌഹൃദമെന്നേ മനോഹരം.
കണ്ണുള്ളവൎക്കിതു നിൎണ്ണയമുത്സവം;
കണ്ണിണ വഞ്ചിച്ചു ഹന്ത വാണേൻ വൃഥാ.
പാതിമെയ്യായതിപ്പാർവതിതാൻ മമ;
പ്രീതി മുഴുവനിയം മൂൎത്തിധാരിണി;
തയ്യലിരുൾകുഴലയ്യോ ചടയായി.
കയ്യേററമിങ്ങായി; ചെയ്യാമിനിപ്പിഴ.
വക്ഷോരുഹങ്ങളിൽ വല്കലം പൂക്കതെ-
ന്നൾകളെ ക്കാമിവൎക്കൊക്കയുമോതുവാൻ;
രത്നാഭരണങ്ങളിത്തളിർമെയ്യിന്നു-
കൃത്യമെന്നോൎത്തങ്ങു പ്രസ്ഥിതരായിപോൽ
ദീനാനുകമ്പി ഞാനീക്കതിനീരസൻ
ന്യൂനമതോതുവാൻ നാനാദിഗന്തരേ.
ആസ്ഥാമതീതകാൎയ്യാൎത്ഥാവധാരണ-
മോൎത്താലതീവ ഞാനാധിമൂലം ദൃഢം.
വാഴ്ത്താവതല്ല മേ നേർത്തോരു മേനിക
ണ്ടാസ്ഥാ കുതൂഹലമാൎദ്രതയും ഹൃദി.
മൽഗതഭാവമിവൾക്കിനിയെങ്ങനേ?
തൽ കില ബോദ്ധ്യമെന്നൊക്കയുമോൎത്തുടൻ
ഉൾക്കനിവും പൂണ്ടു നിൽക്കുന്ന ദേവന്റ
തക്കവും കാണായി വെക്കമക്കൎമ്മണി.

പുക്കു സമീപത്തു സൽകാരവും ചീണ്ടി-

രിക്കും മുനികൾ വചിക്കുന്ന വാർത്തകൾ
ഒക്കെയും കേട്ടു വണക്കമില്ലാക്കവു-
മക്കുന്നിൽമാതിന്നു ദൃഢമായ്ക്കാൺകയാൽ
അദ്ധ്വശ്രമത്താലശക്തി നടിച്ചൊരു
വൃദ്ധമുനിയായടുത്തു മഹേശ്വരൻ.
മൂത്തുനരച്ചു കുരച്ചു വടിയൂന്നി
വീർത്തുമിരുന്നും കിതച്ചുമിടയിടെ
"ആര്യകളുള്ളൊരാശ്രമമിക്കണ്ടതത്ര ഞാ-
നാക്കം കെടുന്നു; കിടാങ്ങളേ! [illegible]വാൻ.
എന്നു പറഞ്ഞങ്ങു ചെന്നണയും വിധൌ
ചെന്നു കൈതാങ്ങീ ജയയും വിജയയും.
"താത! മുനിവര! ഖേദമിനി മതി;
പാദശുശ്രൂഷയ്ക്കു നീ തരികാശിഷം.
നേരേ പറഞ്ഞിന്നു പോരായ്മയെന്തിഹ ?
ചാരേ വിചാരിക്ക ഗൌരീതപോവനം.
സാദരം കാൺക നീ ഭൂധരപുത്രിയേ;
മോദമവൾക്കോ ഭവാദൃശാം ദർശനേ.
മാർഗ്ഗഖേദം തവ തീർക്കയും ഞങ്ങൾക്കു
കേൾക്കയുമാം ധർമ്മമോർക്കിൽ നന്നിദ്ദിനം.
"ഭൂരിശുഭമസ്തു ദാരികേ! നിങ്ങൾക്കു?
ഗൌരിയെന്നാരിവൾ? നാരിയോ ദേവിയോ?
ഭൂധരപുത്രിയെന്നോതിയപ്പോൾ തോന്നി;
മോതിരം നല്കി ഞാനോദനപ്രാശനേ.
കേട്ടു തപസ്സതിനിഷ്ഠുരം ചെയ്വതി-
ക്കാട്ടിലോ ഹന്ത! കാണട്ടേ ചിരാദിമാം."
എന്നു പറഞ്ഞതിമന്ദം നടന്നങ്ങു
പർണ്ണകുടീരമകംപുക്കു വൃദ്ധനും.
സാദരമാസനം നല്കി ഗിരിമകൾ
പാദം കഴുകിച്ചു തജ്ജലമേററു താൻ
അർഘ്യം മധുപർക്കമിത്യാദിയും നല്കി
തൽക്കാലിണയ്ക്കൽ നമസ്കാരവന്ദനം
പൂജനവീജനപാദസംവാഹന-
മാചരിച്ചാചരിച്ചേവമുപേ മിതം.

„സ്വാഗതം തേ മുനേ! മോഹതമശ്ഛിദേ;
ബ്രൂഹി കിം തേ മയാ കാൎയ്യമന്തർദൃശേ?
കുത്ര ഗന്തും ത്വയാ പ്രസ്ഥിതം വാ കുതോ
നിത്യസന്തോഷിണാ? ഹൃദ്യമുച്യേതചേൽ.'
ഇക്കണക്കിൽ കണക്കുള്ള വർണ്ണാവലീ-
സ്രുകപിണീക്ഷിപ്തഹാസാർദ്രഭ്രചലാ തദാ
ത്രീക്ഷണഭഗ്നസ്രഗ്വിണി തൽക്ഷണേ
ചിക്കനെച്ചിത്തമുൾപ്പുക്കനേകീ കനം.
വാൎദ്ധക്യനാട്യായ മുമ്പേ ശിരഃകമ്പ-
മോതിത്തൊട്ടുകാട്ടുന്ന ധൂൎത്തന്നചിന്തിതം
മാധ്വീകമാർദ്ദവം വാൎത്ത മൊഴികേട്ടു-
മൂൎദ്ധകമ്പത്തിനു മാത്രം മുടക്കമായ്;
കാൽത്താർ തൊഴുതടുത്താത്താദരേണ തൻ
വാൎത്തകൾ കേൾപ്പതിനായ് തുനിഞ്ഞാസ്ഥിതാം
മൂൎത്ത മുനീശ്വരനാൎത്താശിഷം ചൊല്ലി-
യോൎത്തുമാം വാഴ്ത്തുവാനായ് ത്തുടങ്ങി മുദാ.
„കായം മനോഹരം; പ്രായം സുഖകരം;
പീയൂഷവാഹിനി നി[illegible]ത്തുമിമ്മൊഴി.
താരുണ്യലാവണ്യസൌജന്യകാരുണ്യ-
നൈപുണ്യപുണ്യാപ്തിമേ! ശുഭമസ്തു തേ.
ആശീരിയം തേഽസ്തു; കാശീനിവാസി ഞാൻ;
പ്രാചീനപുണ്യാൽ സമീചീനവംശജൻ.
ദ്വാശീതിവർഷൻ സുകേശി! നിന്നെക്കണ്ടു
പേശിടുവാൻ വന്ന കേൾ ശീലശീതളേ!
ആശീവിഷാധീശദേശീയരുക് ക്വാപി,
കാശാവദാതപ്രകാശാ ച കുത്രചിൽ,
നൈശാകരം ക്വാപി വൈശദ്യമാശ്രിതാ,
ദേശേഷു നിൻ കീർത്തി വിശ്രുത പേശലാ.
ക്ലേശിച്ചു നീ തപസ്സാചരിക്കുന്നതിൽ
ക്ലേശമെല്ലാക്കുമുണ്ടാശയേ ദേഹിനാം.
ആശയുണ്ടാകിലൊന്നേശാതെ[illegible]തേ
നീ ചാപലം ചെയ്യതോശയ്ക്കു നാശമാം.
നീ ചീരവും പൂണ്ടു പൂശ! വെണ്ണീറുമി-

ക്ലേശം ചിടയാക്കി; വാശിയെന്തീദൃശം?
കേൾപ്പതിന്നാശ നിൻ താൽപര്യമെന്തെന്നു;
വാക്യോടു ചൊല്ലു നീ ഗോപ്യമല്ലെങ്കിലോ.
ദൌർബ്ബല്യമംഗത്തിനോപ്പന്നേകാദശീ
നോല്പതുപോലും മഹാപ്രയാസം തവ.
തീപ്പുകയേററഹോ രാപ്പകൽ നാല്പത;-
ല്ലിപ്പണി കീർത്തിക്കു പൂപ്പലായി വൃഥാ.
നാല്പമക്കാരിയം ഗോപ്യമെന്നാകിലും
മാൽപ്രതി ഭ്രൂരു കണ്ടാൽ പൊതിയേണ്ടതോ?
ദുർല്ലഭനായൊരു വല്ലഭനെക്കൊതി-
ച്ചല്ലയോവാ,നതും ചൊ,ല്ലൊളിയായ്ക നീ.
തെല്ലുമററാരോടും ചൊല്ലുവന,ല്ലവ
നുള്ളറിഞ്ഞിങ്ങു ഞാൻ ചൊല്ലുവാനാളെടോ.
ഇല്ല മേ സംശയം നല്ലവനല്ലവൻ
വല്ലവനെങ്കിലും മല്ലവിലോചനേ!
ചൊല്ലുവാൻ വായിൽ നാവുള്ളവനുമല്ല
വല്ലതുമൊന്നുകേൾ ചൊല്ലണമെങ്കിലും.
കല്ലിനെക്കാൾക്കട്ടുത്തുള്ളമെന്നുള്ളതി-
പ്പല്ലവമേനികൊണ്ടല്ലയോ ചൊല്ലിനാൻ?
ഇല്ലിപ്പണികണ്ടു ശല്യമെന്നാലിനി-
ക്കൊല്ലിപ്പതിന്നവനില്ല കില്ലോർക്കിലോ.
കല്യാണി! കന്യാമതല്ലി! നിന്നംഗങ്ങൾ
പല്ലവതുല്യകല്യങ്ങളല്ലോ പരം!
കല്യാണയോഗ്യമായുള്ളോരു നാളിവ
വല്ലാതെ വാട്ടിയാലെല്ലാം ധരിക്ക നീ.
ഉള്ളിൽക്കിടപ്പതിങ്ങുള്ളവണ്ണം കേൾക്കി-
ലുള്ള ഫലവുമെന്തുള്ളതെന്നോതുവൻ.
കൊള്ളാമെനിക്കിതെന്നുള്ളിലും തോന്നുകി-
ലെള്ളോളമാകിലുമില്ലൊരുസംശയം
ചില്ലാനമല്ല മേ നല്ല തപോധനം
മല്ലാക്ഷി! കേൾ നിനക്കെല്ലാം തരുന്നു ഞാൻ.
ലോകാത്മമാർജ്ജിതം പാകോൻമുഖം ബഹു
നാകാഭിലാഷിയശ്ലേകാകി യോഗി ഞാൻ.

ശ്ലാഘ്യമയത്നമെല്ലാർക്കും പ്രതിഗ്രഹം;
സൌഖ്യം തവൈവ കേളോർക്കിലെന്നാശ്രയം.
വാക്കിതു സൂത്രമാം; വ്യാഖ്യയാം കർമ്മവും;
നീക്കമില്ലീപ്സിതം ശീഘ്രമേവോച്യതാം",
വൃദ്ധൻ മുനിവരനിത്തരം വാക്കുകൾ
ബദ്ധപ്രണയം പറഞ്ഞു വിരമിച്ചു.
ഭക്തിവിശ്വാസബഹുമതിപൂർവ്വകം
പൃഥ്വീധരസുത കേട്ടാളതൊക്കവേ.
സ്നിഗ്ദ്ധസഖിയോടു മുഗ്ദ്ധമുഖി ദൃശാ
വക്തവ്യമിദ്ദേഹേ സത്യമെന്നോതിനാൾ.
ബുദ്ധ്വാ തദിംഗിതമറിഞ്ഞാ വിജയയും
നത്വാ വിനീതിപൂണ്ടിത്ഥമൂചേ മുനിം.
"കൃത്യജ്ഞ! താപസസത്തമ! ഞങ്ങളോ
മുഗ്ദ്ധമാരെത്രയും; വക്തവ്യമല്ലതും.
ഉത്തമന്മാരാം ഭവാദൃശന്മാരോടു
സത്യമൊഴിഞ്ഞൊന്നുണർത്തുവാനാരഹോ?
അസ്മൽപ്രിയസഖി യുഷ്മൽകൃപ കണ്ടു
വിസ്മയപ്പെട്ടൊരു നില്പിതു മുൽബ്ബലാൽ.
കെല്ലാകിലിപ്രായമിപ്പോൾ മുനിവര,
ജല്പാകിയല്ലിവൾ മുല്പാടുമേകദാ.
സത്ഭാവമെന്റെയെന്നാൾപ്പൂവിലോരായ്ക;
മത്ഭാഷകൊണ്ടിവളിപ്പോൾപ്പറയുന്നു.
ത്വാദൃശന്മാർ ബഹുപ്രീതിപൂണ്ടിങ്ങനേ
സാദരം ചോദിക്കിലെങ്ങൊളിച്ചോതു നാം?
എന്തു കൊതിച്ചു തപം തുടങ്ങിയെന്നു
ചിന്തയുണ്ടാകുവാനെന്തു തേ കാരണം?
സന്തതം ത്വാദൃശന്മാരും തപിക്കുന്നു
ചന്ദ്രചൂഡൻ പ്രസാദം തരാഞ്ഞല്ലയോ?
എന്നതു തന്നേയിവൾക്കും തപോമൂല-
മൊന്നുമാത്രം ഭേദമെന്തു ചൊല്ലാമതും.
ഭക്താനുകമ്പി ഭഗവാൻ ഭവാൻ ഭവേൽ
ഭർത്താവെനിക്കെന്നിവൾക്കു മനോരഥം.
തത്താദൃശം മതം സിദ്ധിപ്പതെന്നിനി-
യത്രനാളും തപസ്സിതാപി നിശ്ചയം.

ബുദ്ധിയല്ലോ കാൎയ്യസിദ്ധിമൂലം; ദേഹ-
ശക്തിയതിന്നു പുറത്തുള്ളതല്ലയോ?
ചിത്തജദേഹദാഹത്തെയറിഞ്ഞന്നാൾ
ഭക്ഷണവിട്ടു തപസ്സിനായുദ്യമം.
ചിത്തമിവൾക്കുപോയ് സക്തമായി ശിവേ;
ധ്വസ്തമായ് ദേഹമമത്വമക്കാരണാൽ.
ഭർത്താവിനന്നേ രതി തെളിവൂ; തന്റെ
ഭർത്താവിനെക്കണ്ടുടൻ തെളിവൂ രതി.
എത്രനാൾ തിങ്ങളോടബ്ദമോ കല്പമോ
വസ്ത്രമിങ്ങെത്രനാൾ വല്ക്കലമെന്നിവൾ
വച്ചു തന്മാനസേ നിശ്ചയമെത്രയും
നിശ്ചലമെന്നതിന്നൊച്ചയായ്‌നിളെയും.
തച്ഛീല*മമ്മയ്ക്കുമച്ഛനും സമ്മതം;
പശ്യ മററാരോ മറിച്ചു വച്ചീടുവാൻ?
ചൊന്നതിലൊന്നിലില്ലന്യഥാത്വം മുനേ!
നിൎണ്ണയിക്കാവതോ ധന്യതാധന്യതേ?
നന്നു സൌന്ദൎയ്യതാരുണ്യലാവണ്യങ്ങ-
ളെന്നു തോന്നേണ്ടതുമന്യജനത്തിനോ.
ചെന്നറിഞ്ഞമ്മതം വന്നു ചൊല്ലേണമി-
ങ്ങെന്നിരക്കേണ്ടതുമന്യജനത്തിനോ?
സന്ദേഹനിൎണ്ണയസന്ധാനമുണ്ടോ ദോഷ-
ചിന്താവിഭാഗപ്രയാസവുമെന്തിതിൽ?
നിർബന്ധപൃഷ്ടം മറയ്പതനുചിത-
മിപ്പരമാൎത്ഥമതുകൊണ്ടുദീരിതം.
തൽപ്രീതികൊണ്ടിതെളുപ്പമായ് സാധിക്കി-
ലപ്രിയമെന്നും ഭവിക്കുമില്ല കേൾ.”
ഇത്ഥം വിജയതന്മൊഴികേട്ടു മുനി-
യിത്തിരി ചിന്തിച്ചു ചിത്തഗാംഭീൎയ്യവാൻ.
‘ഉക്തമെന്തേതയോ? സത്യമായ് ചൊല്ലൂ’കെ-
ന്നദ്രിപുത്രീം പ്രതി പ്രത്യേകമോതിനാൻ.
ഉത്തരീയാന്തേന വക്ത്രം മറച്ചതി
ചിത്തഭാവം മുനേ! സത്യ’മെന്നാളുമ.

* ‘തച്ഛീലമമ്മക്കും’ (പാഠാന്തരം)

മായാമുനീശ്വരനായ മഹേശ്വരൻ
ജായാമതംകേട്ടനായാസമാനസൻ
ന്യായമന്യായമെന്നാക്കിയങ്ങായതു
തായമടീട്ടുവാനായരുളീടിനാൻ.
"പാർവതി! നിന്മതം ചാർവതീവേതി കേൾ;
നേർ വെടിഞ്ഞോതി ഞാൻ പോവതില്ലെങ്ങുമേ;
പാഴ്‌വിധിബാധയാലോർനദീകർദ്ദമേ
താഴ്‌വതിന്നീയൊഴിഞ്ഞാർ കൊതിച്ചു പരാ?
ഭൂതനാംനായകസ്സ്വപിതാവായ ത-
ന്നോടമേതുള്ളതേ? കോപമുണ്ടാകൊലാ.
പാപത്തിലെന്തഹോ! നീ ബുദ്ധിവച്ചതി-
സ്ത്രീബുദ്ധിചാപലം താപത്തിനാസ്പദം.
ദാനവരുണ്ടിഹ ദാനവനാഥരും
മാനവവീരരും മാനികളായ്പ്പലർ;
ദിക്കു പ്രഥിതരാം തക്ഷകനാദികൾ
ചക്ഷുശ്രവസ്സുകൾ പക്ഷേ പലരഹോ
സുന്ദരന്മാർ നല്ല ഗന്ധർവ്വചാരണ
കിന്നരയക്ഷരുണ്ടന്തമില്ലാതോളം.
ജാതിയും പ്രീതിയും നീതിയും ദേഹിനാം
ഭീതി നല്കും വീര്യഭൂതിയും പാർക്കിലോ
സൌഖ്യമാരോഗ്യവും ഭാഗ്യവും ഭോഗ്യവു-
മാക്കുപോലെന്നതും നോക്കാഞ്ഞതെന്തു നീ?
ഭൂതേശനോ ശിവൻ; പ്രേതേശനോ ശിവൻ;
വേതാളകൂശ്മാണ്ഡജാതീശനോ ശിവൻ;
ജാതിബഹിഷ്കൃതൻ, ഗുണാദിഹീന, നമ-
സ്ഥ്യാദി, കപാലി, നികേതഹീനൻ ധ്രുവം
ധർമ്മാർത്ഥകാമമോക്ഷാനധികാരവാ,-
നന്മാർഗ്ഗവർത്തി, വിരൂപ, നശൌചികൻ;
ബന്ധുതാവർജ്ജിതൻ വന്ധ്യകർമ്മാ ഹന്ത!
സന്ധ്യാഭ്രകംസൻ പിതൃവനവാടിയിൽ;
മത്തൻ പ്രമത്തൻ ക്രമമത്ത വെടിഞ്ഞവൻ
ഭർത്താവയുക്തൻ മമതാഹീനൻ തവ.
മുഗ്ദ്ധേ! നിനക്കെന്തു ചിത്തഭ്രമം വൃഥാ;

യുക്തം ഹിതം തവ ~~വക്ഷ്യാമി~~ കേൾക്ക നീ.
ഇത്തൊഴിൽ നന്നല്ലബദ്ധമായ്പ്പോകൊലാ!
ചിത്രം ചരിത്രം പരിത്യാജ്യമായ്വരും.
സ്നാനം നിയമം വ്രതങ്ങൾ ധർമ്മങ്ങളു-
മാനന്ദമൂലമാം ധ്യാനം നമുക്കഹോ.
വേണുന്നതൊന്നുമേ കാണുന്നതോ തത്ര?
നീ നന്നിതൊന്നുമോരായുന്നതെന്തെടോ?
വൃദ്ധൻ പറയുമുന്മത്തമൊഴിയെന്ന
~~ചിത്തമോർക്കിൽ കഷ്ടം~~ കഥ്യതാം പഥ്യവും?
പൃഥ്വീധരേന്ദ്രനു പുത്രിയൊരുത്തി നീ
ശുദ്ധം കുലമപ്യശുദ്ധമാക്കീടൊലാ.
തത്ത്വവിചാരേണ ബുദ്ധിവരികിലോ
കൃത്യമാർഗ്ഗം ഞാൻ വിഭക്തമായ്ക്കാട്ടുവൻ.
കുത്സിതസ്ത്രീബുദ്ധിദുസ്സ്വഭാവവ്യാധി
വത്സേ! ചികിത്സിതും ഭത്സനമൌഷധം.
അപ്രിയമെങ്കിലില്ലിപ്പുറമപ്രിയം;
വിപ്രവൃദ്ധൻ ഞാൻ; വെറുപ്പതാരെന്നോടും?
തോഴിമാർ ദോഷിമാർ ശേഷമെന്തോതുമോ?
ദ്വേഷിയോ ചൊല്ക, ഹിതൈഷിയോ ഞാൻ തവ?
പാഴിൽപ്പറവതു ദൂഷിപ്പരവരും
യോഷിത്സു വിപ്രിയം ഭാഷിപ്പതേറെയും.
വിപ്രൻ ദശമീ ശമീ ദമീ സംയമീ
വിപ്രലാപത്തിന്നതിപ്രൌഢനല്ല ഞാൻ.
ത്വൽപിതൃസ്നേഹമനല്പമൊന്നെന്നിമേ
ഹൃൽപങ്കജത്തിലിരിപ്പതില്ലാ മലം.
ത്വൽപ്രീതികണ്ടു സുഖിപ്പതിജ്ജന്മത്തൊ-
രല്പകാലം മേ ലഭിപ്പതൊന്നേ കൊതി.”

ഇപ്രകാരമരുളി പരമേശനി-
രിപ്പൊളം ദേവീ വികല്പിച്ചു ചേതസാ.
‘വൃദ്ധനെന്തിങ്ങനേ? മുശ്ധനോ? ദുഷ്ടനോ?
സ്നിഗ്ദ്ധനത്രേ സാധു”രിത്ഥമോരോതരം
ഉക്തിവിരതിയിലുത്തരം ചൊല്ലുവാ-

സഞ്ചരിച്ചുന്നതാം നിത്തി ലജ്ജാം നിജാം
തത്ര തുണന്നിത്തി മെത്തുമാലാപൂർവ്വം
വൃദ്ധമുനീന്ദ്രനോടിത്ഥമരുൾചെയ്തു.
"സാധു വൈശേഷ്യം സമാധിവശ്യം മുനേ!
ശാന്തിതം മാനസം; ബോധവും വന്നു മേ.
ചൊത്തത്വവക്രമുള്ളാധിപ്രമാർജ്ജനം
സാധിപ്പതിന്നിതോ നീതിപ്രകാശനം?
ബോധിച്ചു ഞാനിതെൻ ചേതസ്സിലെത്രയും,
മോദിക്കവേനസ്മദാദികൾ നന്നു നീ!
പ്രീതിക്കിതോ വഴി ജാതിമധു തെളി
നീതിപ്രവർത്തനേ? കാ തത്ര ഭംഗിപോൽ?
ഏതത്തദീരിതമാത്രത്യ ചേതോരെൻ
കാതെത്ര നന്നഹോ! വേദത്രയസ്മൃതീ-
രോർ പ്രകാശ്യനല്ലാശിവതത്തെ
വീതിപ്പെരുമരം ദൈവതത്തമായ
തോതിൽ പ്രമാണിച്ചു നീ തത്ര ചൊല്ലിട്ടു;
ഭേദിപ്പതിന്നു ഞാൻ വീതപ്രയോജനം.
വാദിപ്പരാർ പ്രതിവാദിപ്പരതിയ-
ങ്ങേതിപ്പറഞ്ഞുന്ന ഞെട്ടേപ്പു വാദിനാ?
ഭൂതയേ നീ ചൊന്നതല്ലോ ചെറുതാണു? നീ
ചെയ്തു തപഃപ്രഭം പാരിതിന്നോരുകൾ?
ജ്ഞാതിപ്രമോദായ ജാതപ്രജാഗരൻ
താതപ്രണയനേ ഖേദിപ്പതാക നീ."
"നാനാഃപരം ഗിരശ് ശ്രോതുമിച്ഛേദൃശോ;
ഹാ ധിക് പ്രമാദാൽ വിധാതാവു നിർഗ്ഘൃണൻ!
ആദിഭൂതന്നിലൊ ഗ്ധിപെന്നാദിരെൻ
പ്രേതവേതാളസാദൃശ്യമയാർജ്ജികൾ
ദുർവ്വാനിന്നിയു മാതൃവാഗ്ഭുതീ?
ശ്രോത്രം നമുക്കിവിരുതൊന്നു കൌതുകം?
ചുണ്ടിളകുന്നുണ്ടു; കണ്ടില്ലയോ സഖി?
മണ്ടുകയെന്നിയേ കണ്ടില്ല ഞാൻ ഗതി."
ഇങ്ങനെ തന്മതഭംഗം വരുമാറ
ശങ്കമരുൾചെയ്തു ന ഗതതൈവരന്നു

മങ്ങു തിരിഞ്ഞു ദൃഢം ഗന്തുമുദ്യതാം
മംഗലാംഗീം കണ്ടു കയ്യടീകൻ ജവാൽ
തിണ്ണം പ്രസാദിച്ചു തന്നംഗമാണ്ടു താൻ
മുന്നിൽക്കടന്നുനിന്നൊന്നരുളീ മുദാ.
"ഹന്ത ഹേ! സുന്ദരി പിന്തിരിഞ്ഞെന്തു? നി
ന്നന്തികേ വന്നിരുന്നെന്നിലോ നീരസം?
എന്നെ വെടിവതിനെന്തു തോന്നീടുവാൻ?
വെന്തുനീറുന്നിതെന്നന്തരംഗം പ്രിയേ!
നീയിത്തപസ്സിൽ നിൻ കായത്തെ വാട്ടിയ
ന്നായുസ്സൊടുക്കുവാനായിത്തുടങ്ങൊലാ.
ആയത്തമന്വഹം ത്രായസ്വ മാമുമേ!
ശ്രേയസ്തതോ ഭവേൽ ഭൂയസ്തരം തവ.
ദേഹവിയോഗം നമുക്കുവന്നാന്ന തൊ
ട്ടുകളേശം ദിനം മുപ്പതിപ്പുറം
ആകിൽ ഞാൻ ചെയ്ത തപോദാനധർമ്മങ്ങ-
ളേകം ഫലം തന്നു ദേഹം തവൈവ മേ.
ദേഹം മമൈവ രണ്ടേകോഽഹമൊന്നു നീ;-
യേകൻ പ്രമാണമീ ഞാനിതു രണ്ടിനും.
സോഽഹം പറയുന്നു ദേഹം വെറുക്കായ്ക;
ഭോഗം നികേതനം പൂകുന്നു നിന്നൊടും.
ദുഃഖവാരാകരേ മുക്കൊലാ നമ്മെ നീ;
വില്ക്കൊലാ കൊണ്ടു നീ ദുഃഖമാകിങ്കരം.
വല്ഗുലാവണ്യേ! വരൽഗുണാംബനേ!
വയ്ക്കൊലാ മേനിമേൽ വല്ക്കലമിന്നിമേൽ.
അത്ഭുതശൃംഗാരപൊല്പുതാകെ! ശൃണു
ത്വൽചിതാ ത്വാമേനിക്കപ്പിതവാൻ ധിയാ.
ത്വൽപ്രണയം മയി; മൽപ്രണയം ത്വയി;
സ്വല്പമല്ലിത്തരം കല്പനയാരുടേ?
ചെയ്ത തപസ്സിന്നുചിതം ഫലം തവ
ദാതുമിങ്ങാവതല്ലാവതിന്നൊതുവൻ.
[illegible]രമെന്നിൽ നീ ചെയ്ത തപസ്സിനാൽ
ക്രീതനായ് പ്രീതനായ് ദാസനായേൻ തവ."

ദേവദേവേശനങ്ങേവമരുൾചെയ്തു

ഭാവപ്രസാദേന മേവും ദശാന്തരേ
ദേവീ സസംഭ്രമം കൈവണങ്ങീടിനാൾ
വ്യാവിദ്ധധമ്മില്ലാ വൈവശ്യശാലിനി
ഭാവനാശീലിനീ പാവനപാവനം
ദേവമദ്ധ്യാ! ശിവമാവോളം മാനവം
ദേവതാബുദ്ധ്യാ കൃതാവധാനാ കണ്ടു
നേർമിഴികൊണ്ടതിവേപിതാംഗീ സ്ത്രീയം
രോമാഞ്ചകഞ്ചുകസംഛാദാംഗ്യഭ്രംഷിതാ
പ്രേമാതുരാ നിന്നു സാമോദമാനതാ.
"വ്യോമകേശൻ ദൃശാ ധാമനേത്രവൻ
വാമദേവൻ സതാം കാമധേനുസ്വയം
മാമുനിവൃദ്ധൻറെ പേമൊഴി കേട്ടിതോ?
പോയ്മറഞ്ഞാനെങ്ങു പൊയ്മറാകശ്മലൻ?
താമസൻ പോകാഞ്ഞു താമസിച്ചാനെങ്കി-
ലീമഹശേക്ഷണേ ഹോമമായ്പ്പോകട്ടെ!
മാമകേ മാനസേ ക്ഷോഭമായി ദൃശം*
സ്വാമിദോഷങ്ങൾ കേട്ടുമസംഭ്രമം.
നാമതു പോക്കുവാനിമ്മഹാദേവനെ-
സ്സ്വാമെങ്കിലോ സഖി! സോമമുഖാകവെ.
കേൾ മമ തോഴി കാൺക മേ മനോനാഥനെ-
ത്തുമയിൽ നീ, യെനിക്കാമെല്ല; നാണമാം
ഭൂമിട്ടൽക്കണ്ണി തൻ കോമളത്തു കൊണ്ടു
ഭാമിനി തോഴിയോടേവമോതിടിനാൾ.
ധീമന്മനോമണിധാമനി മേവുന്ന
യാമിനീകാമിനീകാമുകശേഖരൻ
താമരപ്പൂമുഖപ്രേമനന്നാറിനീം
കോൾമയിർക്കൊണ്ടതിശ്യാമളാംഗീമുമാം
കണ്ടുകണ്ടങ്ങുനിന്നിങ്ങൽ പോക്കി നീവ-
കണ്ടനരുൾചെയ്തു രണ്ടാമതും മുദാ. —
"പണ്ഡിതമാനിനി! ചണ്ഡികേ! നിൻ തപം
കണ്ടു വിലക്കുവാൻ മണ്ടിവന്നേനഹം.
ശ്രീമതി! പാർവതി! ഞാൻ മുനിവൃദ്ധനായ്
ധീമതി നീ; മതി; മേ [illegible] താമാം

* 'ക്ഷോഭമോയിദൃശം' (പാഠാന്തരം).

കാമദാഹം കേട്ടു നീ മതി ഖേദിച്ചു-
കോമളേ! ജീവിതം കാമനു നല്കുവൻ.
തമ്മിൽ വേർപാടിനി നമ്മിലില്ലെന്നുമാ-
ബ്രഹ്മകാലത്തിലെന്നോർമ്മ ചൊല്ലുന്നുമേ!
മന്മഥസായകം നമ്മെയും വെന്നു കേൾ;
നിന്മനസ്സെന്നിയാലംബനമില്ല മേ.
നൻമുഹൂർത്തേ ഹിമവന്മലമന്നവൻ
നിന്മൃദുകൈ മമ നിർമ്മലാംഗി! തരും.
ഈസ്ഥലം പുണ്യമായ്; സിദ്ധമായ് നിൻതപ-
മുത്തമേ പോക നീ പിത്രന്തികേ സ്വയം;
വൃത്തം തപസ്തവ സ്മൃതപാ മുനികൾക്കു
തപ്തവ്യമായ് മമ ചിത്തത്തിനും തഥാ.
തത്തപസ്യാ മമ വൃദ്ധമുനിതപവൃ-
മത്ര നാം പശ്ചാദ്യുക്തിയുമുക്തിയും
ഭക്തിയോടോത്തിനിക്കിന്നയിഷ്യത്തുകൾ-
കത്തൽ പോ,മാപ്പയാം ഭുക്തിയും മുക്തിയും.
ഉദ്ദേശമാസാദ്യ ജപ്തമെൻ പേരിനി
മദ്ധ്യേ വഹിച്ചു വരുത്തുമിന്നമ്മയും.
യത്രകുത്രാപി വാണിദ്ദേശമോർത്തുടൻ
ജപ്തമെന്നാവുകിൽ ശുദ്ധിദം സിദ്ധിദം.
വസ്ത്രം ധരിക്ക നീ മുക്തദർവ്വല്ക്കലം;
ത്യക്തപാ ജടാഭരം ഭക്തം ഭുജിക്ക നീ;
സ്നിഗ്ദ്ധഹരിനീലരത്നാഭവേണിയായ്-
ച്ചതപാശ്വഹരാനി നീ നപസ്ഥാ വസാലയേ.
നത്തം ജഗദാധി നിസ്തുല്യയാം തപയാം;
പൃഥ്വീധരാനപായപുത്രനന്തംസമേ!
നിത്യം തവാനുഗ്രഹത്തിലമൊന്നിനി-
ല്ലത്യന്തഭാവവും സത്യമെനിക്കിനി
വക്തവ്യമൊന്നിനി; പ്രസാദാനന്ദമെം
ചിത്തേ ജനിച്ചുവു നിന്നരുളുത്തമേ!
സപരമോഷധിപ്രസ്ഥമകംപുക;
ചിത്രമേ ചെയ്ക നീ പിത്രോർമംഗലം പരം;
സ്നിഗ്ദ്ധജനങ്ങൾക്കമത്തൽ നീക്കീടു നീ;
മുഗ്ദ്ധേ വ്രജാമി ഞാൻ കർത്തവ്യക്ലൃപ്തയേ.”

ഇത്ഥമരുൾചെയ്തു പൃഥ്വീധരാത്മജാ-
ചിത്തം തെളിയിച്ചു മുഗ്ദ്ധേന്ദുശേഖരൻ
ഉദ്ദാമമുദ്രാസവിസ്താരസന്താര-
സന്ത്രാസസന്താപം തദ്ദൃശാ വീതനാ-
യെത്ര പണിപ്പെട്ടു രക്ഷേന ചിത്തേന
ധൃത്വാ ധരാത്മജാമദ്ധാ മറഞ്ഞുപോ-
സ്തബ്ധേവ മുഗ്ദ്ധേവ മത്തേവ തൃപ്തേവ
ബദ്ധേവ മുക്തേവ തന്ദ്രേവ പാർവതീ
ദ്വിത്രാ വിനാഡികാ സഹിതാ ഗൃഹം പ്രതി
പ്രസ്ഥാതുമുദ്യതാ കൃത്യാപ്രമാദിനീ.
സ്നിഗ്ദ്ധസഖിമാരൊടൊത്തു കുടമെടു-
ത്തുദ്യോഗശാലിനി സികതലതാതത്രൻ
പ്രത്യേകമേതാൻ പെരുത്തോരു വാത്സല്യ-
ബദ്ധാ പരാമൃശ്യ ദത്തൊരു ദോഹളാ
പുത്രാനിവൈവരസാൻ നിത്യം ഭരിക്കുന്ന
ഭക്താ വനദേവതാ വിളിച്ചു ചുഷി
പുത്രീകൃതമൃഗമത്താനയാത്രയായ്
തത്രതത്രാദിശ്യ തത്ത്രാണമപ്യുമാ
പ്രസ്തോമനേന താൻ മുക്ത്വാ തഥാപ്യുമാ
ഗത്വാ ശനൈസ്സനെരാപ്താളിമാരോടും
പുക്കു നിജപുരമുൾപ്പുലകൌതുകം
ഏൽഗൃദ്ധസന്തോഷവദ്ഗ്ലാനന്മുഖി.
നവ്യാംബരം പൂണ്ടു ദിവ്യാഭരണവും
നിർവ്യാജനീലവേണ്യുർവീധരാത്മജാ
വീതശ്രമം ചെന്നു പാദപ്രണാമേന
മാതാപിതാക്കൾക്കു മോദം വരുത്തിനാൾ.
കാണ്ഡം തപസ്യാത്മകമിതു ലോകരേ
വേണ്ടുന്ന~~തൊക്കെയും~~ * കേൾക്കയും ചൊല്കയും
ഹൃദ്യയാം വിദ്യയും വിത്തസമ്പത്തിയും
സദ്യോ മനശ്ശുദ്ധി ഭക്തിയുമേകുമേ.

ഇതി ഗിരിജാകല്യാണേ [illegible].

* 'വേണ്ടുന്നതെപ്പോഴും കേൾക്കയുമോർക്കയും' (പാഠഭേദം).

തൃതീയഖണ്ഡം.

അഥ ഗിരിശനഗസുതയിവർശ്ശരത്തരാൽ പിണ-
ഞ്ഞഞ്ജസാ തദ്വിവാഹം ചെയ്തുകൊള്ളുവാൻ
കൊതി പെരുകി മതി മറുകി; വിധി മുറകിയെത്തുവാൻ
കൌശലം തോന്നി മഹേശനക്കർമ്മണി.
സകലജഗദുപകരണപരിണതതപോധനൻ
സപ്തമുനികളെച്ചിത്തേ നിരൂപിച്ചു.
അതുപൊഴുതിലുല്ക്കടയൊരെഴുവർ മുനിവരരു-
മന്തികേ വന്നാരരുന്ധതീസനാഥമായ്.
ദിവസമനു പരമശിവഭജനപരിപൂതരായ്
ദിവ്യതേജോമയഭവ്യാകൃതികളായ്
കനകനിറമുടയ ചിടമുടികൾ ബഹുതാടിയും
കൈത്താരിലമ്പൊടൊരോ രുദ്രാക്ഷമാലയും
ദശനരുചിബഹുലമിതയുതഹസിതധവള-
ദരലോകാനന്ദനിസ്സീമമൂർത്തികൾ
അരയിലുടനുടുപുടകളുമരതരുവല്ക്കങ്ങ-
[illegible]
അതിമധുരമുടൽവടിവുമരുളു പുകഴ്വാനവ-
രദൈവതനന്ദനകല്പദ്രുമങ്ങളോ?
അമിതമൊരു തപോവിഭവമുടലൊടു നടക്കയോ?
ഐശ്വര്യസിദ്ധികൾക്കാശ്ചര്യസീമയോ?
അസുരസുരകലഗുരു മരീചിയുമംഗിര-
സ്സത്രി പുലസ്ത്യൻ പുലഹൻ ക്രതുസ്തഥാ
അതുലഗുണനിധി പുനരരുന്ധതീകാന്തനാ-
മത്ഭുതചേഷ്ടിതനാകും വസിഷ്ഠനും
മുനിവൃഷഭരെഴുവരവർ മുഴുവനൊരുമയൊടീശ
മുമ്പിൽ വന്നന്നേരം കുമ്പിട്ടുണർത്തിനാർ.
"ജയ ഗിരിശ! പരമശിവ! ഹര! വരദ! ധൂർജ്ജടേ!
ജംഗമാജംഗമേശാംഗജാരേ! വിഭോ!
ഭവ! ഭുവനഭയശമന! പരമാത്ഭുതാകാര!
ഭദ്രവരവാഹ! രുദ്ര! പ്രസീദ നീ.
പരശുമൃഗധര! ഭസിതഫണികുലവിഭൂഷണ!
ഭക്തബന്ധോ! കൃപാമൂർത്തേ! ജഗൽഗുരോ!

തവ ചരണസുരധരണിരുഹതണലിൽ ഞങ്ങളെ-
ത്താപംവിനാ വച്ചു ഗോപനം ചെയ്ക നീ.
യതിമതികൾ തിരകിൽ മുഹുരുതകമുടൽ താവക-
മേവം മിഴികളിലേപനം ദുർല്ലഭം.
അപരമിതിലധികമൊരു പുതുമയിനിയെന്തുള്ള-
തങ്ങനേയുള്ള നീ ഞങ്ങളേയോർത്തതും.
അമിതമൊരു സുകൃതഫലവിലസിതമിതെത്രയു-
മാശ്ചര്യമെന്നൊഴിഞ്ഞെന്തു ചൊല്ലാവതും!
അപരിമിതമൊരുകൗതുകമകതളിരിലസ്മാക-
മാജ്ഞാനിയോഗം ലഭിച്ചുകൊണ്ടീടുവാൻ.
അതിനു കനിവിനിയരുൾക കരുത്തു ബഹുതാമസ-
മാത്തബന്ധാ! തവ കാൽത്തളിർ കൂപ്പിടാം."
സരസമിതി സവിധഭുവി സനതിനുതിസംഗതാൻ
സപ്തർഷികളൊടങ്ങിതമൂചേ ശിവൻ;
"അതിമഹിതമതിരമ്യമജതനയരേ! നിങ്ങ-
ളച്ചനം ചെയ്യുമേ ശശ്വന്മമപദം.
അനഘജനനിരതജനനിനവിന്ന പരാധീന
മംഗം മമാന്തരം നിങ്ങളറിയുമേ.
നിരുപധികനിരവധികനിരുപമമുരുപ്രേമ
നിങ്ങളിലുണ്ടു മേ; നിങ്ങൾക്കതെന്നിലും;
ചല മൊഴികൾ പറവനിഹ ശിതമതികളേ! നിങ്ങൾ
ചിന്തിച്ചു ചൊല്ലുവിൻ ബന്ധകൃത്യോചിതം.
ജ്വലദനലമിഴിയിൽ മമ ശലഭത ലഭിച്ചുപോയ്
പുഷ്പായുധൻ സർവ്വഭൂതസുഖാവഹൻ.
ധൃതമവനൊരുടൽ കനിവോടഹമിഹ കൊടായ്കിലോ
ദ്വൈതപ്രപഞ്ചവിച്ഛേദമുടൻ വരും.
അഗതിയൊടു ഗതിയൊടു രതിയൊടു കുറിച്ചു ഞാ-
"നദ്രിജോദ്വാഹാദനന്തര"മെന്നതും.
അസുരകൃതമമരഭയമപി നനു വിനേതവ്യ-
മദ്രിപുത്ര്യാം മമ പുത്രനുണ്ടാകിലേ.
ജഗദവനവിധികൾ പതികതളിരിൽ വേണമെന്നു
ചെമ്മേ സഹായമായ് നിങ്ങളിരിക്കിലോ.
പലമൊഴികൾ വഴികൾ മമ കുലഗിരിസുതോദ്വാഹ-

പൌരോഹിതീയോഗ്യമാരോഹതാസനം.
ഉചിതവിധി ഫലതതിന്നുപദിശത കർത്തവ്യ-
മൂനാതിരേകവിഹീനം വിചാര്യ മേ.
പ്രണയമിതു മമ; തദിദമനുമതമിതാകിലോ
പ്രാപ്തകാലം കർമ്മ പേർത്തു തുടങ്ങുക.
തുഹിനഗിരിയോടു സുതയെ മമ തരികയെന്നു പോയ്
തോഷേണ യാചിപ്പി,നീഷലുണ്ടാകൊലാ.
മലയരശനിതു മനസി തെളികിലുമരുന്ധതീ
മാനിച്ചറിയണം മേനാമനോഗതം.
ഇനിയരുതു മുനിവരരെ! ലവമപി വിളംബന-
മിങ്ങു വാഴുന്നു ഞാൻ നിങ്ങൾ വരുവോളം.'

പരമശിവമൊഴികളിതി സുരമുനികളും കേട്ടു
പാരം പ്രസാദിച്ചിതാരംഭസത്വരം.
ധൃതമിതകുതുകമൊടു സമുചിതമുണർത്തിച്ചു
തുഷ്ട്യാ നടപ്പാൻ നമസ്കാരവും ചെയ്തു:
"അഘനികരനിരയഭയമുയരെ നിവിരാസ്ത്തി-
നാനന്ദമൃത്യോ! നമസ്തുഭ്യമീശ! തേ;
വയമിവിടെ വരുമളവുമിഹ വസ മഹാദേവ!
വന്ദാമഹേ പദമെന്നു നടകൊണ്ടു.
ഉടനുയരി വിരവൊടവർ തുഹിനഗിരിമന്ദിര-
മോഷധിപ്രസ്ഥനഗരമകംപുക്കു.

അതുള പുനരചലപതിപുരവിഭവമോതുവാ-
നബ്ജഭൂവിന്നുമനന്തനാം ജീവനും.
അതുപൊഴുതിലവിടെയുടനടമയൊടകംപുക്കൊ-
രാദിപുരുഷസുതന്മാർക്കുമവർക്കും
അനുപമമൊരനുഭവമതുകളിതിലൊക്കിലി-
ന്നാരുമവരിലുമാളല്ല ചൊല്ലുവാൻ.
ഒരുവനൊരു കഥപറകിലപരനതു കേൾക്കിലു-
ണ്ടോടേണമേ ബുദ്ധിയെന്നുവച്ചോതുവൻ.*
അവനിഭുവരമരപദമഹജനതപസ്സത്യ-
മാദിയാം ലോകങ്ങളേഴിലുമില്ല[illegible]

* 'ഒരുവനൊരു കഥപറകിലപരനതു കേൾക്കിലു-
ണ്ടോട്ടമേ ബുദ്ധിയില്ലെന്നു വച്ചോതുവൻ' (പാഠാന്തരം).

അ വി സു,രസ തല മഹ പ സഹിതതലവാച്യങ്ങ-
ളായുള്ളധോലോകമേഴിലുമില്ലഹോ.
അവനിധരകുഹരതലമതുലബഹുവിസ്താര
മർക്കേന്ദുനക്ഷത്രദീപ്തിക്കഗോചരം.
അവിടമുടനചലപതിജനപദമപാരമാ
മത്യുജ്ജ്വലം സദാ രത്നാവലിത്വിഷാ.
ജനതതികളനവധികൾ സുരനരതിരശ്ചാം തു;
ചാന്നവരല്ലവർ ചേന്നവരുമല്ല.
ഇഹ പുരകൾ മതിൽനിരകൾ കരകൾസരസാം തെളി-
ഞ്ഞേകരതോജ്ജ്വലമെന്നിയില്ലൊന്നുമേ.
രുചിവിജിതമിഹിരവിധുഹുതവഹമഹാരത്നാ
രൂപ്യസുവണ്ണതേജോമയമെപ്പൊഴും.
ദിനവിരതിമുകുളദശസരസിരുഹഗർഭവ-
ദ്ദൈത്യാളിദുഗ്ഗം സുഗന്ധിസുരഭിലം.
പരിമൃദുലഖലദനിലമമൃതരസമാതൃകാ
പാനീയപേശലം ദേശമേതാദൃശം.
ഇഹ മഹിയിലൊരിടമിതി പറവതുചിതം പാക്കി,-
ലീരേഴുലകിലില്ലെന്നതു ചൊല്ലുവാൻ!
ഇതു പറകിലതുമുചിതമിനിയുമഹമോതുവ-
നെപ്പൊഴും ദീപിതേ രാപ്പകലില്ലിതിൽ.
സതതമിഹ ദിവസമിതി പറകിലതുമൊക്കുമേ;
സന്ധ്യകൾ രാത്രിയുമില്ലെന്നു ചിന്ത്യമാം.
സതതമിഹ മരുവിനവർ കരുതിന പുമത്ഥമോ
ധമ്മാത്ഥകാമമോക്ഷോത്തരം പഞ്ചമം.
ഇഹ നിയതസുഖവസതി സുജനവിതതിക്കാകി-
ലേകവാരം ജന്മ പത്മജന്മായുഷി.
വലിയൊരഴൽ മദനകൃതമപരമഴലൊന്നില്ല;
ബാല്യതാരുണ്യാൽ പരം വയസ്സില്ലിതിൽ;
ധരണിധരപരിവൃഢന്ന ജനപദമതീദൃശം
തത്ര പുരം മഹദോഷധിപ്രസ്ഥമാം.
രജതമണികനകമയഗൃഹവലഭിഹർമ്മ്യാദി
രമ്യസരസ്സരിദാരാമഭാസുരം;
മുഖരപികമധുകരമയൂരഹംസാദികം;
മുഖ്യഗജവാജികാമധേനാശ്രയം;

അടവവിപടതിവിതതതൃണവിടപിവല്ലരീക-
കൃത്യന്തദുർല്ലഭദിവ്യൌഷധീമയം.
ജിതപവനജവമവിടെ വിവശരഥ നിന്നുപോയ്
ചിത്രവച്ചിത്രേണ ചിത്രശിഖണ്ഡികൾ.
"സുരനഗരമതിസുലഭമതൊരു നരകോപമം;
സ്വർഗ്ഗമെന്നാലിതേ മൃഗ്യം സുകൃതിനാം.
അജഗജവദ്ദതിനിതിന്നമറികിൽ മഹദന്തര
മപ്സരോവൈശികവശ്യരറിയുമോ?
വിവിധജനിശതനിചിതസുകൃതഫലമൊക്കവേ
വിററുതിന്മാനുള്ള ദേശം സുരപദം.
നയവിനയധനവിഭവസുഖസുകൃതപുണ്യഭ്രു-
ന്നാനാമ്നിന്റപ്പസേനാപതിയിവൻ.
നയമുടയൊരിവനുചിതമിതിന്നു പരമോക്കിലോ;
നാകം സുരാസുരവ്യാമോഹകാരണം."
ഇതി വിവിധമകതളിരിലവർ നിനവു പൂണ്ടു പൂ-
ങ്കളിത്തിരി മന്ദിച്ചു നിന്നോരളവിലേ
വളരുമൊരു കുതുകമോടു ശിഖരിപെരുമാളിഹ
വന്നെതിരേററു വന്ദിച്ചു വിനീതനായ്
നിജസഭയിലലളവുമുടനിതയിതയിതീരയൻ
നീതാ നിവേശയന്നാസനേഷു സ്വയം
പട്ടതയൊടു സുമുഖനഥ പരിജനസമാവൃതം
പാദ്യാചമനീയമർഘ്യം മധുപക്കം
ഉചിതവിധിചതുരതരമുപചിതകുതൂഹല-
മുത്തമബാലവ്യജനാനിലാദിയും
ഇവ പലവുമഴകിനൊടുമവനുടനുടൻ കൊട്ടു-
ത്തിച്ഛയാ ചെയ്താനതിഥിസപര്യയെ.
അവരവയുമവരുമുടനുടമയൊടു വീണ്ടിരു-
ന്നാലസ്യവും തീർത്തു ചാലെത്തെളിവൊടേ.
"അലമലമിതഖിലമപി; മലകൾകുലവര്യ! നി-
ന്നാസ്ഥയേ ഞങ്ങൾക്കൊരാത്തിപോക്കീ സഖേ!
വരികരികിലിരി സുമുഖ! വരമണിമയാസനേ;
വന്ദ്യൻ ഭവാനും വളരെ ദുഃഖിക്കൊലാ.
അയി ഭവതു തവ കുശല"മിതി മുനിഗിരാ വിര-

ഞ്ഞന്തികേ താനും തൊഴുതിരുന്നുരചിവാൻ.
"പ്രഥമപുരുഷസുതനയർ പ്രഥിതഗുണരെ! നിങ്ങൾ
പ്രത്യേകമത്ര വന്നാലഹം ധന്യനാം.
പ്രമദഭരമകതളിരിൽ നേദൃശം ജാനാമി
പേർത്തുമിഹ നിങ്ങളൊന്നിച്ചു വന്നതിൽ.
ഏതുപൊഴുതുമപി വരുവതിതു കരുതിയില്ല ഞാ,-
നെന്തുചെയ്താൽ മതിയാവൂ മഹോത്സവേ?
നിഖിലജനഹൃദയഗതമറിവൊരു ഭവാന്മാൎക്കു
നിൎണ്ണയം വ്യാജമല്ലെന്നറിയാമിദം.
സഫലമിനി മമ ജനനമിതുപൊഴുതിൽ നി[illegible];
സജ്ജനശ്ലാഘ്യനീ ഞാനായി മേല്ക്കുമേൽ.
മമ പദവുമുരുവിഭവമൊരുപുരമി[illegible] മററു
മത്തഗജവാജിദിവ്യൌഷധാദിയും
പ്രണയിനിയുമൊരു മകനുമൊരു തനയ കന്യയും
പ്രേഷ്യനീ ഞാനുമടിമയെന്നോൎക്കണം.
ഒരു വിധിയുമുടനുഴറിയരുളിയതു ചെയ്യിക്കി-
ലൊക്കയും കല്പിക്കിൽ വീളുവാനപ്പുയേ."
സുരമുനികൾ തുഹിനഗിരിമധുരമൊഴികേട്ടു ത-
ത്സൌജന്യമോൎത്തു സന്തോഷിച്ചു മാനസേ
മതിവിഭവനിധി സദസി സദൃശമതിനുത്തരം
മാന്യനായുള്ള മരീചി ചൊല്ലീടിനാൻ.
"കുലഗരികൾകുലതിലക! കുശലഫലമസ്തു തേ;
കോ വാ തവ സ്തുതിസാഹസീ വൎത്തതേ?
പെരുതു തവ ഗുണഗരിമപരിമള,മിതാക്കുമ്പോൾ
പ്രാഗല്ഭ്യമുള്ള പറവാൻ ജഗത്ത്രയേ?
[illegible]കില്ലട[illegible]രുവിഭവമതു മദനിദാനമാം;
മാധുൎയ്യമാ[illegible]വ്വും വന്നുകൂടും മദാൽ;
ഒരു നയവുമൊരു വിനയനെറിവുചിതചിത്തവൃ-
മൊത്തു വസിക്കുമോ വിത്തമത്തേ ജനേ?
ഉലകിലിഹ മദമുഷിതഗുണവിഭവനേവനു-
മുത്തമസ്ഥാനാധികാരിതാ മസ്ഥിരം.
പ്രചുരതരഗുണനിധി പരോപകാരീ ഭവാൻ
പ്രാൎത്ഥനീയൻ സതാം പ്രക്ഷീണകന്മഷൻ.

പ്രഥിതമതു സകലദിശി; വയമിവിടെ നിന്നോട്ട
പ്രത്യക്ഷമെന്തു വർണ്ണിക്കിലുള്ളൂ ഫലം?
പ്രതിദിവസമിവിടെ വരുവതിനു കൊതി ഞങ്ങൾക്കു
പ്രാലേയശൈലമേ, പാരമുണ്ടെങ്കിലും
അവശതയിലക്കൂട്ടിനവുമതിനു കഴിവന്നീലൊ-
രാവശ്യമിന്നു വന്നു ഭാഗ്യവൈഭവാൽ.
അവസരവുമൊരുതരവുമിഹ വരുവതിന്നിന്നൊ-
രാശ്ചര്യമീശ്വരാനുഗ്രഹാൽ സിദ്ധമായ്.
അതിശയിതബഹുമതിയൊടപചിതി ലഭിച്ചു നാ;-
മാശിസ്സു മറെറന്തു? നന്നാസ്സരിക തേ.
അലമപരകഥക,ളിനിയവഹിതമനാ ഭവാ-
നസ്മദായാന ശൃണോതു നിമിത്തവും.
പരമശിവനഖിലജഗദധിപതി സനാതനൻ
ഫാലവിലോചനൻ ബാലേന്ദുശേഖരൻ
ഭവനഭയവരദമൃഗപരശുവിലസൽകരൻ
ഭസ്മാനുലേപ,നിഭാജിനാച്ഛാദനൻ
വിജിതപുരമദനയമ,നജമുഖനികൃന്തനൻ
വിഷ്ണുപ്രിയൻ വിശ്വവന്ദ്യൻ പശുപതി
പ്രമഥപതി ഗിരിശനജനമരപതി ശങ്കരൻ
പ്രത്യക്ഷദൃഷ്ടാഷ്ടമൂർത്തി നൃത്തപ്രിയൻ
ഹര,നരുണചരണനതഭവഭയഹരൻ പരൻ
ഹർഷിതനിശ്ശേഷദേവർഷിമണ്ഡലൻ
ശ്വസിതപരിണതനിഗമശതകഥിതവൈഭവൻ
ശുക്ലവർണ്ണൻ പഞ്ചവർണ്ണമന്ത്രാത്മകൻ
സനകമുഖയതിമഹിതചരണകമലദ്വയൻ
സർവ്വസാക്ഷീ ശർവനക്ഷവരാസനൻ
തവ ശിരസി സുചിരമിഹ നിവസതി തപശ്ചരൻ
ദാക്ഷായണീദേഹമോക്ഷാദനന്തരം.
ഇതുപൊഴുതു ചിരനിചിതതപ ഇഹ സമാപയ-
ന്നിച്ഛതി തൽസുതാം വേൾപ്പാൻ സദാശിവൻ.
സകലഗിരികളിലധികമുയരമുടയോൻ ഭവാൻ;
സമ്പ്രതി നിന്നിലും നിൻപുണ്യമുന്നതം.
ദുരിതമതിനിടയിലിനി വരുതതിനായി നീ
ദുർഗ്ഗയെബ്ഭർഗ്ഗനു ശീഘ്രം കൊടുക്കെടോ.

യശസി കൊതി യദി മനസി യദി ച കുതുകം സുഖേ
യത്നം വിനാ തവ വന്നുകൂടും രണ്ടും
ഭവഗഹനമിതിലമിതകദനമൃഗസങ്കുലെ
പാഞ്ഞുമാരാഞ്ഞും ഭ്രമിക്കിലും ദുർല്ലഭം
സവിധഗത,മുരുസുകൃതവിഭവഫലസിന്ധുരം
സംശയതന്തുക്കൾ കൊണ്ടു ബന്ധിക്കൊലാ.
അധികദൃഢമുചിതവിധിനിഗളനവശീകൃത-
മാദരിച്ചാചര സൈ്വരചാരം സ്വയം."

മധുമധുരതരമിതി മരീചിവാക്യം കേട്ടു
മൌലൌ കരംകൂപ്പി മേനാസഹചരൻ
സ്ഫുരിതതനുപുളകമയകവചവുമണിഞ്ഞു താൻ
ഭൂതലം ഹർഷാശ്രു കൊണ്ടു നനച്ചുടൻ
പുകഴ്‌പെരിയ മുനിവരരെയെഴുവരെയുമാദരാൽ
ഭൂയോപി വന്ദിച്ചുനിന്നു വിനീതനായ്
"സ്വടചരണകമലപൊടിപടലമിതുകൊണ്ടു മേ
പൂതമാമന്തഃപുര"മെന്നു ചൊല്ലിനാൻ.
സദൃശമിതു സരസമിതു സമുചിതമിതെത്രയും
സംശയമെന്തെന്നു സർവ്വേ പുറപ്പെട്ടു
പൊലിമതകുമലിവിയലുമകതളിരൊടേവരും
പോയതിവേഗേന പുക്കിതന്തഃപുരം.

സഭയിലിഹ മരുവുമവർ പുരനഗരവാസികൾ
സന്തോഷസംഭ്രമൌൽസുക്യവിവശരായ്
സഹകുതുകമവരുമഥ സരസതരവാക്യങ്ങൾ
സന്ദേഹനിശ്ചയമന്യോന്യമോതിനാർ.
"ഇഹ സഭയിൽ മുനികളിവരെഴുവരെഴുന്നള്ളിനാ
രെന്തുകാര്യം ഹന്ത! കേട്ടീലയോ ഭവാൻ?"
"വിശദമവരരുളിയതു പരമരികിലേഷ ഞാൻ
വെൺചാമരം വീശി നിന്നു കേട്ടീടിനേൻ."
"പറക പറകതു കിമിതി?" "പറവനതു വേറെ ഞാൻ;
പാട്ടാക്കുവാൻ കാലമല്ല പരക്കിലും.
വിജനമിതു പറവനിഹ; വിരസത പിണയ്ക്കൊലാ;
വേളി മേളിപ്പതാമുണ്ണിയുമയ്ക്കിവർ".
"ചരിതമിതു ചരത, മതിചതുരതരനാരുപോൽ

ജാമാതൃഭാവേന നിശ്ചിതനായതും?
"പ്രകൃതിജള! വികൃതി തവ പെരുതു കരുതുംവിധൌ;
ഭ്രാന്തൻ ഭവാനെന്നുമുണ്ടു തോന്നുമേ?
പ്രമഥപതി മമ രമണനിതി നിനവു മിക്കതും
പാർത്തു തദർത്ഥം തപസ്സിന്നു പോയതും;
മൃദുനി ബത വപുഷി ഖരമരവുരി ധരിച്ചതും;
മേചകവേണി ചിടയായ് പിരിച്ചതും;
ഫലസലിലമരുദശനതപസി തനു കാച്ചതും;
പാപനാശേ പുണ്യകല്പകം കാച്ചതും;
ഒരു കിതവമുനിയിവളെ ബഹു ബത! പഴിച്ചതു-
മോടിവന്നീശൻ പ്രസാദം പൊഴിച്ചതും;
അരുതു തപമിതി ഗിരിശനിവളൊടു വചിച്ചതു-
മങ്ങനേയെന്നു വച്ചിങ്ങു വസിച്ചതും;
അഖിലമിദമവൾസഖികൾ ജയവിജയമാർ പറ-
ഞ്ഞാരുകേളാത്തതിങ്ങാരുനാൾക്കിപ്പുറം?
അതൊരുകഥ വിതതമിഹ കിമപി ധരിയാഞ്ഞ നീ-
യന്ധൻ ബധിരൻ ജഡൻ ദൃഢം നിശ്ചയം."
"അറിവനഹമഖിലമിദമുമയുടെ മനീഷിത-
മസ്മാദൃശന്മാൎക്കുമേവം മനോരഥം.
ഇവർ മുനികളിതു കിമപി മനസി ധരിയാതെ വ-
ന്നിച്ഛരിച്ചിരിക്കുന്നതന്യനെന്നോർത്തു ഞാൻ.
"വിരുതനതിചതുരനൊരു വിവശതയിൽ വീണതും
വിദ്യയാക്കിക്കൊണ്ടതെത്രയും നന്നെടോ.
തദിഹ ശൃണു മുനികളിവർ ശിവനുമയെ യാചിച്ചു
തന്നിശ്ചയാർത്ഥമന്തഃപുരം പൂക്കതും."
"പുരകുഹരചരിതമിനിയറിവതു കഥം സഖേ?"
"പൊട്ടാ പൊതി പൊളിയും ക്ഷമിക്കിൽ ക്ഷണം."
ഒരു സുകൃതഫലകുസുമസുരഭുവമതൈവ കേ-
ളുണ്ണിയുമയെന്നു നിർണ്ണീയതേ മയാ.
വളർചിടയിലമ്പിളിമതിയുമൊളികനലുമീക്ഷണേ
വാപിളർന്നുതിയുമിക്കും കടുക്കനും
ഉടൽമുഴുവനണിഭസിതമൊരു കറ കഴുത്തിലു-
മോടുന്ന മാൻ മഴു ശൂലം കരത്തിലും

ഒരുപൊഴുതു നഹി വസനമജിനമൊരുനേരമു-
ണ്ടുജ്ജ്വലമായുള്ള മേൽപരിവട്ടമായ്
ജനിമരണകടൽതരണതരണിയുഗളങ്ങാട-
ചാരുചരണദ്വയവുമിയന്നവൻ
മമ രമണനിതി മനസി നിനവു നന്ദ ഗൌരിക്കു;
മന്യേ മഹേശ്വരൻ വശ്യനായ്പ്രേമതിൽ.
അതുവരികിലനുപമമൊരനുഭവമഹോ നമു-
ക്കാക്കുവാനെന്തുവാൻ നേർച്ചനേന്നാൽ വരു!"
"അഭിമതമിതുതകിട്ടുകിലുമയിഹ രമിക്കിലാ,-
മന്യൽ ഫലം നമുക്കെന്തുള്ളതങ്ങെടോ?"
"പരമഗുണഗിരിമകളൊരരമഹിഷിയാകിലി-
പ്പാരിൽപ്പുലക്കും നമുക്ക ലാഭോ മഹാൻ.
അഖിലപതിചരണപരിചരണമണയാസ്സരു;-
മാനപോം ദിക്കിൽ വാലാർ തടഞ്ഞീടുവാൻ?"
ഇതി പുരിയിലവിടവിടെയിരുവരിരുവർ തമ്മി-
ലിക്കാര്യമൊന്നുകൊണ്ടോരോരൊ മന്ത്രമായ്.

ശുഭചരിതമഹിമഭരവസതി മിഹികാഗിരി
ശുദ്ധാന്തശുദ്ധയേ വൃദ്ധമുനികളെ
അവിടെ മൃദുബൃസികളിലിരുത്തിയാരാധിച്ചൊ-
രാത്മോറ്റുണം പൊലിക്കാണമായ് നല്കിനാൻ.
അഥ രഹസി ഗൃഹിണിയൊടു കഥയിതറിയിച്ചു താ;-
നാശങ്ക പാരമായ് മേനയ്ക്കു മാനസേ.
"അയി രമണ! മകളിവളൊരുത്തിയല്ലാതെ മ-
റ്റാരും നമുക്കില്ല; ദുഃഖിക്കരുതിവൾ.
അഖിലപതി പരമശിവനതിന നഹി സന്ദേഹ-
മാക്കുപോൽ വശ്യനായ് നില്പൂ മഹേശ്വരൻ?
ശിശുവിനിതു നഹി മനസി; ശിവനഖിലദേഹിനാം
സേവിക്കിലിഷ്ടദൻ, നിന്ദിക്കിലന്തകൻ;
മദനരിപു ശമനരിപു പുരരിപു മഹാകോപി;
മററാരു രക്ഷിപ്പതീശൻ മറുക്കിലോ?
മുനികളിവർ പറവതിലൊരനുമതി കൊടായ്ക നീ;
മോഹമിവൾക്കു വിവേകനാശാദിദം.
ഇവർ പരമശിവഭജനരസികഹൃദയാ ദൃഢ-

മീശപരാദേശേന വന്നതും നിർണ്ണയം.
ശിവനവനു തെളിയുമവനിവർ വലിയ ബന്ധുക്കൾ;
സേവകലക്ഷണമാരറിയാഞ്ഞു പോൽ?
അനഭിമതനതി ചെവിയിലശനിപതനോപമ-
മല്പഭൂപാലന്മീശപരേ കാ കഥാ?
അതു കരുതിയവസരവുമനിശമപി പാർത്തു നി-
ന്നാത്മാർത്ഥസാധനായാസവാൻ സേവകൻ.
ഒരുവരിലുമനിയതമിതറിക ശിവവാത്സല്യ-
മൊട്ടല്ലിവൾക്കഹോ പൊട്ടിക്കു മോഹമോ.
ദരമപി ച പിഴ വരികിലവർകുലമൊട്ടുക്കുമേ
ദക്ഷജാരക്ഷണോപേക്ഷി ദക്ഷാന്തകൻ.
തദിഹ മമ രമണ ശൃണു തണലിതു കണക്കല്ലേ;
താപം വരുമ്പോൾ മറുപുറത്തായ്‌വരും.
തരളതയിലിവർ മുനികൾ പറവതു കൊതിക്കിലി-
ത്താരമ്പവൈരിയെപ്പാരം ഭയം മമ.
കൃപണമിവൾ തപവുമതിലുടൽ കെട്ടതി പൂണ്ടതും
കേട്ടുകണ്ടോർ പറഞ്ഞപ്പോൾ പ്രസാദിച്ചു.
അബലയിലലസയിവളഭിലഷിതമോതിനാ-
ളങ്ങനേയെന്നനുവാദവും കേട്ടപോൽ.
അപരിചയവിലസിതമിതുപരിവരുമാധി ചെ-
റ്റാരാഞ്ഞു കാണ്മോനിവൾക്കെന്തു വൈഭവം?
കുശലനപി നയഗതിഷു പതതി; ന പതേന്മോഹ-
കൂപേ ഭവാനപത്യവാത്സല്യവാൻ."
പിതൃദുഹിതൃമൊഴികളിതി ചെവിയിൽ മിഹികാധരൻ
പ്രീതിവിഘ്നം കേട്ട കുണ്ഠിതചിത്തനായ്.
"നയമൊഴികൾ പറവതിഹ നഹി ഫലതി നാരീഷു;
നന്മ ബോധിപ്പതില്ലല്പഹൃദയമാർ.
മതമപഥി ഗതമിവിടെ; വഴിയിൽ വീഴിപ്പതോ
മററാക്കുമാമല്ലരുന്ധതിക്കെന്നിയേ."
ഇതി മനസി കുശൽ കരുതിയതിനുമൊരു സംഗതി-
യിച്ഛിച്ചവണ്ണം വരുവാൻ വരുത്തിനാൻ
പിതൃസുതയൊടതുപൊഴുതരുന്ധതി ചൊല്ലിനാൾ:
"പേശലമല്ലയോ! പേശുന്നതിന്നു നീ.

പശിമ പെരുതിതുപൊഴുതു പശുപതിമനസ്സിന്നു;
പക്ഷെയീ ഞങ്ങൾ പുറപ്പെടാം നിർണ്ണയം.
കഠിനതയുമൊരുപൊഴുതു വരു,മതിവളോടില്ല;
ഗാത്രാൎദ്ധമായതിപ്പാൎവ്വതി ശൎവ്വനോ.
ഒരു മകളിലിഹ മമത പെരുതതു നിമിത്തമാ-
യോതീടരുതു നീയൌചിത്യമെന്നിയേ.
തവ തനയ തരുണിയിവൾ താൻ ഇങ്ങിരുന്നു നീ
താതൻ മടിയിലൊ തന്റെ മടിയിലോ!
സദൃശഗുണനൊരുതരുണനിവളെയിനി നല്കുവാൻ
സംഗതിയുള്ളോരു കാലമിതല്ലയോ?
സരസഗുണവസതിയിവൾ സകലജനസമ്മതാ
സൎവ്വവും പാൎക്കേണമറ്റിീധരപ്രിയേ!
അഭിലഷതി ഹരനിവളെ;യഭിമതമതല്ലെങ്കി-
ലാൎക്കു നല്കീടുവാനോൎത്തിരിക്കുന്നു നീ?
മകളിൽ ബഹു മമത വരുമരുവയൎക്കുള്ളത്തിൽ;
മായതൻ വൈഭവമാൎക്കൊഴിക്കാവു പോൽ?
ജനനമപി ഭരണമപി ജനകജനനീഭരം;
ജാമാതൃഭോഗ്യം തു യൌവനം ഘോഷിതാം.
കവിളിണയിലണിവു മുഖകാന്തയേ കണ്ഡലേ;
കാതിനേ ഭാരവും വേധവ്യഥാദിയും.
ചരിതമിതു ജഗതി; വിധി നന്നു ചതി പിണച്ചതേ;
ചാഞ്ചല്യമെന്തിതിൽ? വാഞ്ഛിതമെന്തു തേ?
ഉചിതമിവനിതി മനസി തവ തെളികിലല്പമാ-
നൊക്കുമോ നിൻ കാന്തനെന്നാശ്ചൎയ്യമിഞ്ഞിനി
തവ മനസി തവ ധവനു മനസി ച തെളിഞ്ഞവൻ
തന്നെ നിൻ പുത്രിക്കു രോഗമതെ വാന വാ?
ത്രിതയമനമിതുമൊരുമ വരികിലിഹ പോരുമൊ?
സ്ത്രീകാമിയല്ലല്പമാണെങ്കിലെങ്ങനെ?
സഹചരനു തെളികിലതു തെളിയണമതെയാവു
സാധ്വീജനാചാരസംഗതിയോൎക്ക നീ.
തെളിക തവ ഹൃദയമിതു പൊളിപറകയല്ല ഞാൻ;
ദിവ്യചക്ഷുസ്സുണ്ടെനിക്കെന്നറിക നീ.
ഉലകുടയ പരമശിവനുപയമപരാൎങ്മുഖ

നൊട്ടുനാളായീ തപോനിഷ്ഠ നിഷ്ഠുരം;
ഇതുപൊഴുതു പഞ്ചശരമഥിതിജ്വലതപ്പൂണ്ടു താ-
നേതദപിവാഹായ ജാതതപരാഭരൻ
ഋഷികളിലുമതിശയിതമുമയുടെ തപം കണ്ടു-
മീശ്വരൻ പാരം ബഹുമതി തേടിനാൻ.
അറികിലുടനിവർ തപസി ഫലവുമിതരേതര-
മന്യോന്യതുല്യ്യം തപസ്സും പ്രയാസവും.
ഇവരിരുവരൊരുപൊഴുതു വിരഹമറിവോരല്ല,-
തിപ്പോളകപ്പെട്ടു കോപ്പേൽമിഴിയാൻ.
മിഹിരനവനൊരുപൊഴുതു വെയിൽ പിരികിലാമെടോ;
മേനേ! ശിവനെപ്പിരിയാ മകൾ തവ.
ഗുണരഹിതമപി ഗുണിനി! ശിവനെയിവൾ കൈവിടാ
കൌമുദി സോമനെക്കൈവെടിഞ്ഞീടിലും.
സകലജനജനനിയിവൾ; തവ മകളിതി ഭ്രമം;
സമ്പ്രതി താം പ്രതി സംഭ്രമമെന്തു തേ?
അമതി മതി; പരശിവനൊടയി തവ മകൾക്ക കേ-
ളത്ഥേന വാക്കിന നിത്യസംബന്ധിതാ.
അകശവത ശിവന പെരുതിവൾ പിരികി,ലൊന്നിക്കി-
ലാനന്ദതുന്ദിലനിന്ദുചൂഡൻ മൃഡൻ.
ഇവൾ പിരികിലൊരുമമത ശിവന പുനരെങ്ങുമി-
ല്ലെന്നുള്ളതിന്നോ ജനങ്ങൾക്ക സമ്മതം.
അഭിസരണമനസരണനിപുണയിവൾ ചെയ്യിലി-
ന്നച്ഛ്യനാം വിശ്വത്തിലുച്ചൈർമ്മഹേശ്വരൻ.
ഉടമ തകമിവൾ പിരികിലുടവിലളവേ പാതി-
യൊട്ടും കുറയാതെ കെട്ടുപോമീശനം.
ഉലകിലിവളഗതികളിൽ മമത പെരിയോളതി
നോക്കുമെങ്കിൽക്കേളെടയാളമൊക്കെ നീ.
ദയിതനുടലണവതിന ദലിതപിതൃപാതകാ
ദാക്ഷായണീ സതീ പുത്രിയായ് വന്നു തേ.
ഇവൾ വിരഹദശയിലഥ ശിവനുടലൊളിച്ചുത-
ങ്ങെട്ടുപത്താളൊഴിഞ്ഞാരിഞ്ഞിരുനാൾ?
ഇഹ ജഗതി പരിചിതമി,തൊരുശകലമെങ്കിലു-
മിന്ധനമില്ലായ്കിലഗ്നി നിന്നീടുമോ?
അഴൽ പെരുകിയമരമുനിനതിനതികലനപഹ-

മംബികയ്ക്കിപ്പോളവതാരകാരണം.
മുഴുവനിതു പലരറിവരറിക പിതൃപുത്രി! നീ
മുങ്ങൊലാ മോഹത്തിൽ മംഗലാംഗീ! വൃഥാ.
അനുചിതവുമുചിതവുമൊരിരുളതിലൊളിച്ചു പോ
മാശയാലാശയക്ലേശമുണ്ടായ്‌വരും.
അതുകരുതുകകതളിരിലരുതസന്താപ;-
മാരാഞ്ഞു കാണ്മതാമുണ്മിഴിക്കഞ്ജനം.
പെരുമനിധി പരമശിവനൊരുമറയിൽ മാഞ്ഞുപോയ്;
പിച്ചയെറവുണായി വാനവക്കൊക്കവേ;
പരമവിധിഹതി പകുതി ജഗതി ദിതിജക്കായി;
പത്മജന്മാദിക്ക പട്ടിണി പാരമായ്.
അജമൊഴികൾ കരുതി മുഹുരമരമുനിസേവ ക-
ണ്ടഷ്ടമൂർത്തിപ്രിയാ തുഷ്ടയായ് മാനസേ.
അതുപൊഴുതിലഗഗൃഹിണി! തവ മകൾ പുറന്നു ക-
ണ്ടമ്മയെക്കാണുന്നോരുണ്ണികൾ വിണ്ണവർ.
പെരുമതകുമവർ പലരുമൊരുമയൊട്ടു വന്നു നിൻ
പെണ്ണിനെക്കണ്ടുള്ളമൊന്നു കുളുർത്തുടൻ
ഇവളിവിടെ വളരുവതു ബഹുമതിവാദം പര
മെന്തു സൌഭാഗ്യം നിനക്കിവളെന്നിയേ.?
ഭുവനജനജനനിയുടെ ജനനീ ഭവതി; തവ
പുണ്യമഗണ്യം പുകഴ്ത്തിനാലെത്തുമോ?
ഉലകിതിനുമുരപെരിയ പരശിവനുമുൾപ്രീതി-
യൊട്ടേറെ നല്കുവാനല്പന്നയായിവൾ
ഒരു വിവശദശയിലിനിയുഴലുമഴൽ പൂണ്ടെന്നൊ-
രുന്മോഹസാഗരാൽ നീ കരേറീടെടോ.
വ്യസനമതു വിശദസുഖരസമയിയൊടെത്തുമോ?
വെള്ളത്തിനുണ്ടോ പിപാസയുണ്ടാസ്സത്രു?
അപരനൊരു പുരുഷനൊടുമിവൾ ചെറുതിണങ്ങുമോ?
അർക്കാഗ്നിദീപ്തികൊണ്ടാമ്പൽ വിരിയുമോ?
മതി മനസി ചപലതയിതകലെ വെടികാശു നീ;
മൌനാനുവാദമെന്നാൽ മതിയായ് വരാം.
കരുതരുതു കരളിലൊരു കല്പകവല്ലിയെ-
ക്കാഞ്ഞിരത്തിന്മേൽ പടർത്തുവാൻ കൌതുകം.

കരുതുകിലുമിവിടെയതു കഴിവരികയില്ല കേൾ;
കല്പവൃക്ഷം കണ്ടു നീളുന്ന വല്ലിതാൻ.
നികടഭുവി ലളിതമൃദുകിസലയകരാഗ്രേണ
നിന്നു ലാളിച്ചു വിളിക്കുന്നു കല്പകം.
ഇഹ ജഗതി പുകഴും പെരിയ മിഥുനമിതു മേളിക്കി-
ലെത്രയും സന്തോഷമെല്ലാർക്കുമാശയേ.
പ്രണയമിതു കൃതകപടമിവിടെയൊരുപേക്ഷയാ
പ്രാധാന്യഹാനി നിനക്കു വന്നീടുമേ.
കനമറിക മനതളിരിലനുപമമകന്നുപോയ്
ഖട്വാംഗധാരിക്കു കാമാർത്തിമൂർച്ഛയാ.
കരബലവുമതിനു തുണ ശരബലവുമൊന്നിച്ചു
കാമൻ ജയിച്ചിതക്കാമാരിതന്നെയും.
സലിലമിവ മരുപഥികനിതുപൊഴുതു ദയിതാം
സർവശരണ്യമാം സഞ്ജീവനൌഷധം."

ഇതി രഹസി ഗിരിമഹിഷി മുനിഗൃഹിണിവാക്കുകേ-
ട്ടീശപരിതാനെന്നുറച്ചു തന്നാത്മജാം
വഴിപിഴകൾ നിജമനസി മേളിച്ചു വചസ്സിലും
വാത്സല്യവിഭ്രമാൽ വന്നതോർത്തു തന്മാ
ചകിതമതിരിവ ഹിമപതി കൂടൽ തൊഴുതരുന്ധതീം
ചാപല്യമെല്ലാം ക്ഷമിക്കെന്നു കൂപ്പിനാൾ.
രസമൊടതിൽ മനമുഴറി രമണനെയുഴറിനാൾ;
രണ്ടിനും പോരുമീ രാമാജനമനം.
സരസമിതി തുഹിനഗിരി സപദി സകുടുംബനായ്
സപ്തമുനികളെസ്സാധു വലംവെച്ചു
ശിവഭജനകുതുകി ബഹു മധുരഫലമൂലവും
ചീരാജിനരത്നമാത്രമല്ലേതൊന്നുമേ
വ്രതനിയമമുള്ളവർ വിധികൾ പോതിലുപയുക്തമാം
വെററില പൂഗവും കാഴ്ചയായ് വച്ചുടൻ
സകലമപി ഗുണനിധി ശിവാർപ്പണമസ്തുതി
സാഷ്ടാംഗപാതം നമിച്ചുരചെയ്തിനാൾ.
„കനിവുടയ കമലഭവസുതതിലകരേ! നിങ്ങൾ
കാര്യമതുകൾചെയ്യുതിന്നും പുനീതിതം
ഭുവനഹിതചരർ മമ പുരത്തിൽ നടേ നടേ
പുക്കതേ പുണ്യലഭ്യപൂർവ്വപുണ്യം മമ.

അറിവനിതുമുതലിനിയുമിടതുടരെയെത്തുമി-
ങ്ങഭ്യുദയങ്ങൾ വന്നത്ഭുതം മേല്ക്കുമേൽ.
പ്രലപിതമിതഫലമിനി നിഖിലമരുളുടിനാൽ
പ്രത്യേകമൊന്നില്ലടിയനന്തർഗ്ഗതം.
ഇഹ ജഗതി ശുഭവിധികൾ ഝടിതി തുടരേണമേ;
ദിഷ്ടോപദിഷ്ടമോർത്തോട്ടു ചൊല്ലുന്നു ഞാൻ.
അരുളുവതിനുചിതമിഹ ശിവമൊരു മുഹൂർത്തവു-
മാജ്ഞചെയ്താദ്യന്തമൊക്കെ നോക്കീടുക."
ധരണിധരമൊഴികളിതി മുനികൾ ബഹുമാനിച്ചു
ധാരണാധ്യാനസമാധിവിനോദികൾ.
സ്മിതധവളസുമുഖർ കൃതപകുതിമിഴിയാൽ മിഥഃ
സ്മൃത്യാദിതത്വം വിചാരിച്ചുറച്ചുടൻ
അഖിലശുഭവഴിതെളിയുമടവിലമിതാശിസ്സ-
മമ്പോടു ചെയ്താരതീവ സന്തുഷ്ടരായ്.
അതിനു പുറകെ കുലപതിയൊടു മനം തെളി-
ഞ്ഞംഗിരസ്സാം മുനി താനരുളീടിനാൻ
"നയവിനയനിലയ! ശൃണു നൃകുലാവതംസ! നീ;
നാളെയന്തിക്കുണ്ടു നല്ല മുഹൂർത്തവും.
ശശധരനൊടണയുമളവുത്തരഫൽഗുനി
ശാസ്ത്രോക്തമാം ഗുണം ജാമിത്രശുദ്ധിയും.
ഗുണമധികമിവിടെയൊരു കുറവു പറവാനില്ല;
കൂട്ടുക സംഭാരമാശു വൈവാഹികം.
നിഖിലമിതു സഫലമിതി ശിവനോടറിയിച്ചു നാം,
നേരത്തു നാളെ വരുന്നുണ്ടെടോ സഖേ!"
ഇതി മധുരതരമരുളിയമരമുനിവീരര-
ങ്ങീശ്വരാദിഷ്ടം പ്രദേശം പ്രപേദിരേ.
സഫലമിതി നിജഗമനമനുസമയനിശ്ചയം
സത്വരം ശൈലനോടപ്പോളുമോതിനാർ.
കൃപപെരിയ ഗിരിശിവനു കൃതഹൃദയകൌതുകം
കൃത്യശേഷത്തിൽ പ്രവൃത്തി തുടങ്ങിനാർ.
സരസമഥ തുഹിനഗിരി തനയനെ നിരൂപിച്ചു
സസ്നേഹഗൌരവം കാര്യഭാരോചിതം.
പിതൃചരണപരിചരണരണരണികയാ ജവാൽ
പ്രീതിമാനന്തികേ വന്നു തദാത്മജൻ.

ഗരുഡനിലുമധികതരഗുരു ഗരുഡനിലസൂചിതൻ;
ഗഹ്വരനിർഝരകാന്താരകാന്തിമാൻ;
ഫണിമിഥുനരതിവസതി; നമിതബഹുനിർജരൻ;
പാവനസ്ഥാനേഷു യോഗീന്ദ്രസേവിതൻ;
സുഗുണജനവിപദുദധി മറുകരകരേററുവാൻ
സ്വൈരമായാഴിയിൽ വീണാണുവാണവൻ;
ശ്വസനസഖി വരുണസഖി ശിഖരികുലശേഖരൻ;
ശോഭനനാമാ ഹിരണ്യനാഭൻ ഗിരി
മതമറിവതിനു ഝടിതി ജനകനെ വണങ്ങിനാൻ
മാലോകർമാതുലൻ മൈനാകഭൂധരൻ.
കനിവൊടഥ തുഹിനഗിരി സുതമുരസി ചേർത്തുടൻ
ഗാഢം പുണർന്നുവാചാഘ്രായ മൂർദ്ധ്നി.
"അയി തനയ! വിദിതനയവിനയവസതേ! നിന-
ക്കായുരാരോഗ്യസൗഖ്യങ്ങളെത്തീടുക.
പെരിയഭരമിതു ശിരസി മമ തനയ! താങ്ങു നീ;
പെൺകൊടയ്ക്കിപ്പോൾ മുഹൂർത്തമാസന്നമായ്.
തവ ഭഗിനി സുകൃതനിധി ബഹുവിധതപംകൊണ്ടു
തമ്പുരാൻ തന്മനം തങ്കൽ വീഴിച്ചവൾ.
മദനരിപു മമ മകളെ വിരവോടിഹ വേൾക്കിലോ
മറെറന്തു കാര്യം നമുക്കുള്ളതിൽപരം?
സകലമിതിനുചിതവിധി മുതിരുക തെരുന്നനെ-
സ്സപ്തർഷിവാക്യം പ്രമാണീകരിച്ചു നീ."
നിജജനകമൊഴികളിതി നിരുപമമുദാ കേട്ടു
നീതിമാൻ മൈനാകമേവമൂചെ തദാ:
"ജയ ജനക! മമ കുതുകമതുലമിതു കേൾക്കയാൽ;
ജന്മസാഫല്യം നമുക്കു മറെറന്തിനി?
അഖിലജഗദധിപനിഹ വരുമളവസംശയ-
മന്തമില്ലാതെ ജനങ്ങളിങ്ങെത്തുമേ
സ്ഥലമവിടെയിതുപൊഴുതിലതിവിതതമാക്കണം
സ്ഥാനാസനശയനാദനസൗഖ്യദം
കളയരുതു സമയമിഹ; പലപല വിധേയങ്ങൾ;
കല്യാണമണ്ഡപം കർത്തവ്യമിപ്പോഴേ.

പവർ പണിക്കതിന പണി; സുകരമിതൊരുത്തനാൽ
പാകാരിവശ്യനാം വിശ്വകർമ്മാവിനാൽ."
ഉചിതമിതി നിജതനയഭണിതമിഹ കേട്ടുള്ള-
വോർത്താൻ തുഷാരാദ്രി വിശ്വകർമ്മാവിനെ.
അതുപൊഴുതിലതികുതുകമമരവരശില്പി താ-
നഭ്യാഗതനായി സഹ്യാക്ഷിലക്ഷിതൻ.
അരികിലുടനതിസുമുഖനണുമഴ മുഴക്കോലു-
മ്മാണ്ടുവന്നാശു വണങ്ങിയുരചെയ്തു.
"ജയ ശിഖരികുലതിലക! പഴുതിലിനി വൈകാതെ
ചെമ്മേ നിയോഗിക്ക; ചെയ്യേണ്ടതെന്തു ഞാൻ?"
തൊഴുതരികിലിതി മിളിതമതിലളിതഭാഷിതം
ത്വഷ്ടാവോടിഷ്ടം പറഞ്ഞു ഗിരീശ്വരൻ
വിരചയിതുമനഘമൊരു കനകമണിമണ്ഡപം
വിൺതച്ചനച്ചെരൊരുമ്പെട്ടു തൽഗിരാ
സ്ഥലമവിടമവടശതവിഷമിതമപി ദ്രുതം
തട്ടൊത്തഭൂമിയായ്ത്തീർന്നു തത്സംഗമേ.
സ്തിമിതമിഴിനിലവനൊരരനിമിഷമുണ്ടായി;
തീൎന്നു കാണായ്വന്നു മണ്ഡപമപ്പൊഴേ.
നില പലതു നിഖിലമപി കനകമണിനിൎമ്മിതം;
നീലവൈഡൂൎയ്യങ്ങൾ കാലിണക്കല്ലുകൾ;
നിലമവിടെയതിമൃദുലസുരഭിലമണീമയം;
നീളം ത്രിയോജനം വീതി നാൽക്കാതമാം.
തരളരുചി മുതൽനിലയിൽ വളയലുകൾ വാമട
തട്ടും തുലാങ്ങളും തൂണുകൾ ഭിത്തിയും.
പലമണികളിടകലരെ നിരുപധികശില്പവും
പട്ടുനിറംപൂച്ചപാവകൾ ചിത്രവും;
ജനനയനഹൃദയഹരമരുളു പുകൾവാൻ പണി;
ജാംബൂനദഫലകം കൊണ്ടു മേച്ചിലും.
ബഹളരുചി വലഭികളിലഴികൾ ചെരികാൽ പല-
ബാലക്രൂടങ്ങളും വ്യാളപ്രതിമയും.
സ്ഫടികമണിമയമൊരിടമപരദിശി വിദ്രുമ-
പത്മരാഗാഭാപരഭാഗപാടലം
മുഹുരൊരിടമരുണമണിമയമമരഭാഗതോ

മൌക്തികജ്യോത്സ്നാഗമാവദാതീകൃതം.
ഉപരി പുനരൊരുനിലയിലധിലദിശി വജ്രങ്ങ-
ളൊപ്പിച്ചു വച്ചു പണിചെയ്ത ദീപ്തിയാൽ
വിശദമിഹ പറവർ പലർ വരുവതു വിയൽഗംഗ
വെളിപ്പൊളിപ്പാനനജത്തി തന്നുടേ.
ഒരുനിലയിൽ ബഹുപണികൾ മറുനിലയിൽ വെൺപട്ട
മൊന്നിടയിട്ടതിനായിരം പൊ[illegible]
സകലനിലകളിലുമുടനുപരിനിലമൌലിയിൽ-
ത്താഴികക്കുംഭങ്ങളമ്പോടു കാൺകയാൽ
സഭയതരമതുപൊഴുതു സരസിരുഹസംഭവൻ
സത്യലോകസ്ഥിതൻ മേല്പോട്ടു നോക്കിനാൻ.
"ഇനമപി ച ശശിനമപി ശിരസി ബത വച്ചുകൊ-
ണ്ടെന്തഹോ! വിന്ധ്യൻ വളൎന്നിതോ ദുൎമ്മദാൽ?
ഇവനു മദമകലുവതിനിതുപൊഴുതുപായമെ"-
ന്നെന്നിവണ്ണം പല ചിന്തയാ മേവിനാൻ.
അപി ച പുനരതിനുപരി കൊടിമരമുയൎന്നു ക-
ണ്ടപ്പൊഴെഴുനേററു പൊല്പുയോജാസനൻ
അദിതിസുതവട്ടുചരണമിതി മനസി നിൎണ്ണയി-
ച്ചാശു കുണ്ഡീജലം കൊണ്ടു കഴുകിനാൻ.
അതിധവളസിചയമയമതിന്നുടെ കൊടിക്കൂറ-
യഭ്രസിന്ധൂൽഭവമെന്നും കരുതിനാൻ.
മധുപരുതിഭണിതമതിനുപരി മാല്യം കണ്ടു
മാൽപൂണ്ടു ധൂൎജ്ജടിമൌലിമാലാധിയാ.
അതുപൊഴുതു സരസിരുഹവസതിരഥഹംസങ്ങ-
ളത്യന്തകൌതുകാൽപ്പുക്കു തന്മണ്ഡപേ
കുഹചിദതി വിശദമണിവിരചിതവിടങ്കേഷു
കുത്തിച്ചമച്ച വരടകളെക്കണ്ടു
കുതുകമൊടുമമരധുനിവിസകിസലഖണ്ഡങ്ങൾ
കൊത്തിക്കൊടുപ്പതു മേടിയാഞ്ഞോടലാൽ
അനുസരണരണിതമതിരണരണികയാ ചെയ്തി
തജ്ഞാതകാരണകോപപ്രശാന്തയെ.
ഇതി വിവിധമുപരിതനനിലകളിലൊരോ ചിത്ര
മെത്രയുമത്ഭുതം കല്യാണമണ്ഡപം

തദനു പുനരൊരു കനകതറയതിനു ചുഴവും
തൽപ്പൃഷ്ഠഭാഗത്തു തട്ടും പലവരി.
കഥയിതുമിതരിമവരുമഹിവരനമത്ഭുതം;
കാൽക്ഷണകാലേന തീൎന്നു സമസ്തവും.
തുഹിനഗിരി ചതുരതരനതിനുചിതമായുടൻ
ത്വഷ്ടാവിനിഷ്ടം കൊടുത്തു സമ്മാനവും.
അഴകൊടവനവിടവിടെ നികടഭുവി ദൂരത്തു-
മാത്തമബന്ധുക്കൾക്കു വെച്ചിതാൾ നീളെയും.
അണിവതിനു മകളെയുടനഹതസിചയങ്ങളു-
മാഭരണങ്ങളും നല്കി മേനാകരേ.
പുരമഖിലമണിവതിനു നഗരജനമാദിശ്യ
പുത്രനെക്കല്പിച്ചു സൎവ്വകാൎയ്യത്തിനും.
പുരമഥനചരണയുഗപരിചരണകൌതുകീ
പുക്കിതു കൈലാസശൈലം ഹിമാലയൻ.
പുകൾതെളിമ മികവുടയ ഭുവനപെരുമാളുടെ
ഭോഗപുരിയുടെ പൂമുകം പൂകിനാൻ.
ശപഥശതനമദമിത[redacted]ഗണമദ്ധ്യഗം
ശൈലാദിയെക്കണ്ടു ശൈലാധിപൻ തദാ.
അലമകലെ നിലകരുതി വലതി നയനേ നമി-
ച്ചാസ്ഥകണ്ടപ്പോളവസ്ഥയുണൎത്തിനാൻ.
അവസരവുമതിലുതകി കുതുകഭയഭക്തിമാ-
നാശു മഹേശനെ നമസ്കരിച്ചാൻ മുദാ.
„ശുചിഹൃദയ! തുഹിനനഗ! സുമുഖ! സുഖമോ തവ?
ശുദ്ധബുദ്ധേ! മേ ശപ്ഥുരതാമസ്തു തേ."
പരമശിവവചനമിവ „പരമനുഗ്രഹീതോസ്മി
പാഹിമാം പോററി"യെന്നേററുണൎത്തിടിനാൻ.
„ഹര! വരദ! പരമശിവ! പുരമഥന! ധൂൎജ്ജടേ!
ഹാരീകൃതാശീവിഷാശേഷപോഷക!
ഭവ! ഗിരിശ! മൃഡ! നിഖിലനിഗമനത! ശങ്കര!
ഭക്തബന്ധോ! ഭൎഗ്ഗ! ഭസ്മാനുലേപന!
ജനിമരണകടൽനടുവിലുഴലുമടിയന്നു നീ
ജ്ഞാനാമൃതം തന്നു പാരേ കരേററുക.
പ്രഭുവിനൊരു പരിചരണവിധിയിലുതകീടുവാൻ

പ്രാഭൃതം കന്യാമയം മയാ ദീയതേ.
പൃഥഗതിന പഴമനസി മതമിദമുണൎത്തുവാൻ;
ബ്രാഹ്മം വിവാഹത്തിലാഹൂയ ദീയതെ.
അതു വിഹിതമതിമഹിതമതുമിവിടെയാവശ്യ-
മാദേശകാംക്ഷിണൊ,നീശ! പ്രസീദ മേ."
അടിതൊഴുതു പടിമയൊടൊരഭിമതമുണൎത്തിയൊ-
രദ്രീശ്വരനോടരുളി മഹേശ്വരൻ:
"അഭിലഷിതമിങ്ങു സകലമവികലമതങ്ങനേ;
യഗ്രേ നടക്ക; പുറകേ വരുന്നു ഞാൻ."
ഇതി ശിവനൊടനുമതിയുമിതമൊടു ലഭിച്ചുകൊ-
ണ്ടിങ്ങു പോന്നെത്തീ ഹിമവാൻ തദന്തരേ.
അപരിചിതമപരമിതി പരിചിതചരം പുര-
മാലോകനേ ക്ഷണേ തോന്നീ ഗിരീന്ദ്രനു.
ഫലവിനമദമരതരുനിരകൾ കുലവാഴ [illegible]
പട്ടുവിതാനം പഴുക്കാമണിഗ്രഹം;
പുതിയ മണി നിറയുമണിനിറപറകൾ ദീപങ്ങൾ;
പൂൎണ്ണകുംഭങ്ങൾ; കുടികൾതോറും കൊടി;
അഖിലദിശി പവനചലദകിൽസുരഭിധൂപവൃ-
മട്ടാക്കൾതോറുമത്യുന്നതം പന്തലും;
സരിഗമപധനിസസനിധപമഗരിസായെന്നു
സംഗീതശാലയിലഭ്യാസഘോഷവും.
അടവികളിലജിരസമ"മടി കള തളി"യെന്നു-
"മോഹര ഹേമകദളീനിര"യെന്നും
ഭണിതമപി ഘനമരവരണിതമപി നീളെയും;
ഭക്തരുടേ ശിവനാമഘോഷങ്ങളും;
വിധുവിനൊടു സമമമലതാലവൃന്തങ്ങളും;
വിദ്രുമത്തണ്ടാണ്ട വെൺചാമരങ്ങളും;
വിരവൊടിരുകരതളിരിലിടയിടയിളക്കുന്ന
വേശാംഗനാകരകങ്കണഘോഷവും;
വിവിധജനവിഭവഗുണനുതിഭണിതി വന്ദിനാം;
വേദജ്ഞയോഗവിധിവിചാരങ്ങളും;
ഇവ പലതു നിജപുരിയിലവനിധരനായക-
നീക്ഷണം ചെയ്തു കടന്നു തെരുന്നനെ

അന്നമിളിതതനയഭടസഹിവസഖബാന്ധവ
നന്തഃപുരം പുക്കിതന്തരാനന്ദവാൻ.
അതുപൊഴുതിലചലമകൾ കതളികളികാപ്പുകെ
ട്ടാപ്പട്ടിവാദ്യഗീതാത്ഭുതാഡംബരം
കുരവയൊട്ടമിടതുടരെ മുരജരവമേളവും
കൊമ്പു ചിന്നം കുഴൽ ഘോഷാരവങ്ങളും
തുടിപടഹകിട്ടപിടികൾ കിടപിടിതടീമൃദ
തുര്യ്യഭേരീശംഖകാഹളസങ്കുലം
മുരശു തകിൽ കരഡമരു തിമിലകളിലത്താള-
മൃദ്വ്യചതുർവ്വിധവാദ്യഘോഷങ്ങളും
പല ധരണിസുരതതിപു മണികനകദാനവും
പട്ടു കൊട്ടക്കയും പാദാദിവാദ്യവും
പുരയുവതികരകലിതമലർകുസുമവർഷവും
പുണ്യാഹഘോഷങ്ങളാശീർവചസ്സുകൾ;
ലളിതമിതി പലവിധികളതിനു പലർ നാരിമാർ
ലക്ഷ്മീ ധരിത്രീ സരസ്വത്യരുന്ധതീ
അദിതി ദിതി ദനു വിനത സുരഭിയൊടു കദ്രുവു
മാശു ലോപാമുദ്രതാ,നനസൂയയും
അമരമുനിസതികളിതി പലരുമവിടെ വന്ന
തപ്സരസ്ത്രീവൃതാ പൌലോമി; ഗംഗയും
യമുനയോടു വരുണനൊടു വരുണതരുണിജന-
മെത്താതെയാരുമില്ലിത്തരമുള്ളവർ.
ജയയുമഥ വിജയയുമൊരുടലിൽ ബഹു കോപ്പിട്ടു
ചെമ്പൊൽക്കുടങ്ങളിൽക്കൊണ്ടുവന്നു ജലം.
തടവി മൃദു സഖികൾ പലർ മലമകളെ മെല്ലവേ
താതനെക്കുപ്പിച്ചിരുത്തി പലകമേൽ.
കടിലതിരുമുടി ഝടിതി ചട്ടലമലരർച്ചിതം
കൌശലാൽ മന്ദം കുടഞ്ഞു വകഞ്ഞുടൻ
തളിർകുസുമകലികയൊടു കുറുകയുമുഴിഞ്ഞാശു
തൈലവും തേപ്പിച്ചു തപ്പിച്ചു ബാന്ധവർ.
തദനു പുനരിവരവളെയധിമണിഗൃഹം വച്ചു
താളിയും തേപ്പിച്ചു സാദരം വാകയും.
അഥ സലിലമമൃതസമമഖിലതീർത്ഥാനീത-

മൻപൊടാറാടിച്ചിതൌഷധവാരിയും.
കുലശിഖരികുലമകരികുളികളകളങ്ങളെ *
ക്കൂറിട്ടു കാണുവാൻ കൂരിരുട്ടേവനം.
സരസതരമതുപൊഴുതിലചലപതിമന്ദിരം
സർവേന്ദ്രിയാനന്ദനിഷ്യന്ദസുന്ദരം.
സുരതതികളഗസുതയെ മികവൊടു കുളിപ്പിച്ചു
തോർത്തിക്കുഴലിങ്കൽ ഘനേത്തൊരു വാസസാ
ഇണപുടവയിരുപുറവുമിതമിയലുമൊക്ക വ
ച്ചിഷ്ടമുടുത്തു പൊൻപട്ടുത്തരീയവും
അതിവിജനമണിമറയിലണിവതിനഗാത്മജാ
മമ്പോടിരുത്തി യഥാസുഖമാസനേ.
അകിൽ,പുഴുവു,മലയജവു,മരിയപനിനീർ,ജവാ,–
ത്തുള്ളതം കസ്തൂരി,കർപ്പൂരകുങ്കുമം,
സിതകുസുമതളിർനിരകൾ, സുരഭിമലർമാലകൾ,
സിന്ദൂരരോചനാലാക്ഷാരസങ്ങളും,
തികയുമളവതിനരികിലനവധി നിരന്നു നൽ–
ദ്ദിവ്യരത്നാഭരണങ്ങളോരോതരം.
മുടിമണികൾ മുട്ടുകവക മണിസരചലന്തികാ
മൌക്തികം മൂക്കുത്തി താടങ്കകുണ്ഡലം
ഗളമളവു ലളിതനവമണികനകഭൂഷണം
ഗാത്രികാകഞ്ചുളീഹാരഭേദങ്ങളും
കനകമണിരുചിഖചിതകടകമണികേയൂര
കങ്കണം കൈമോതിരങ്ങൾ തരം തരം
ഹരിഹയന്നു വരദയുടെ മൃദുരണിതനൂപുരം
കാമ്യങ്ങളായുള്ള കാഞ്ചീഗുണങ്ങളും
ശിവമഹിഷിയുടെ വപുഷി ചിരവസതികൌതുകം
ശിഞ്ജിതം കൊണ്ടുടൻ വ്യഞ്ജിച്ചു പുക്കിതു.
തരവഴിയിലവർ പലതു തിരകയുമെടുക്കയും
താരതമ്യാദികൾ തമ്മിൽപ്പറകയും;
നിടിലഭുവി കവിളിണയിലിളമുലയിലും ചിലർ
നിർമ്മിക്കയും ചിത്രചിത്രകപത്രങ്ങൾ;
ചിലരസിതജലദകുലസരുചി ചികുരോൽക്കരം
ശീലിതധൂപം ചിതത്തിൽത്തിരുകിയും;

* 'കുളികളിങ്ങനേ' (പാഠാന്തരം).

“കലിതമിഹ കബരമിതു കഥയത കണക്കിലോ?
കാന്തിയില്ലേ ചൊല്‍വി”നിത്തരം ചോദ്യവും.
“ഉചിതമിതു രചിതമിനി വദനമിതു ധാമ്പതി-
ന്നൊന്നേറെ വേണമെന്നു ക[illegible]ന്നമിത്തരം.”
“നലമുടയ വകയിലയി! ന ഖലു മലര്‍ മാലകം;
നന്ദനദേവതാ മന്നിരയോ സഖി?”
“ചികുരഭരമിതിനുപരി മുടിമണിയിതോ വേണ്ടു?
ചിന്താമണികുലസന്തതിയില്ലയോ?”
“കുടിലതിരുമുടിയിട മിലം മണിയെന്തിന്നു?
കൌസ്തുഭം പൂമകം കൊണ്ടന്നതേ മതി.”
“മണികനകമുരി, മണികു്മലര്‍ഗണമൊട്ടുക്കമൊം
മാണിക്യമുക്താല[illegible] വൃക്ക.”
“കുരുംനിരയില്‍ വിതരുവതിനരുവരതുവിരയം
കൊണ്ടുവന്നില്ലേ മകരന്ദമെങ്ങു[illegible]?”
“മകരമൃഗഖഗവകയിലാറമെഴുതി പത്രകം;
മാഞ്ഞുപോമോ വാന്‍ വിയര്‍പ്പുബിന്ദുക്കളാല്‍?”
“ഭയമരുത സഖി! ...

...റവും വിയര്‍പ്പുനീര്‍.”
...മഷി മിഴിയിലെഴുതീടുക;
...നല്ല സഖി!”
...മണികുഴക്കള്ളുഴകേറുമോ
...ധുരായോഗവാന്‍.”
...ശിവനിതുപൊഴുതിലുണ്ടായൊ-
...ിനത്തമം ജാതകം.”
...നിഹ വിഷഹരമ[illegible]
...ംകൈയിലേറ്റവും.
...തമണിമയതുലാകോടി
...താംവള മോതിരം.”
...നികിലലസ്തനവാമിവം
...നിയുണ്ടോ ഫലം?”
...ടയ മൃദുമധുരപൂമേനി-
...രേണായിതം.”
...ലയില്‍ നവകളഭകസ്തൂരി;

ഭസ്മപ്പൊടിവീണ വ...
“സുരഭിഘ തമിളിത...
തുലികയല്ല ശലാക ...
“അണിയുമളവനഘ...
രാസ്യേന്ദുരസ്യാ ധുര...
“ഇവളിലൊരു പരമ...
രിച്ഛാവിശേഷത്...
“വിദിതമപി പറവ...
വേണം വളകം വല...
തളവളകം സരസ...
താലിപതക്കങ്ങം ...
“അലമലമിതിനിയ...
ക്കാലസ്യമിണ്ടല്ലമെന...
“അണിയുമളവിവള...
യാഭരണങ്ങംക്കമാ...
“വിരചിതമിതിരുമു...

വീശിയുലത്തി മുലക്കച്ച കെട്ടുക.
നിറഹിതമണിനിബിഡരുചി ചട്ടലമുടഞ്ഞാണിട്ട
നീവിബന്ധത്തിന്നുറപ്പു വരുത്തുക.
„ചരണതലപൊടി ഝടിതി മമ മുടിയിലാക്കുവൻ;
ചാരുതരമാമലക്തകം ചാൎത്തുവൻ.
ചരണനതശിവശിരസി ശശികലയിലെന്നിയേ
ശാതോദരി! നീ ചവിട്ടരുതെങ്ങുമേ.”
ലളിതമിതി പറയുമൊരു സഖിയെ മുഖരേ!യെന്നു
ലീലാരവിന്ദേന താഡിച്ചു ചണ്ഡിക.
ഗുരുവിനൊടു കമലജനുമഹിവരനുമംബിക
കോപ്പിട്ടം കോപ്പുകൾ കൂപ്പിട്ടു കൂട്ടമോ?
മഹിതഭരമണവൊടഥ മലകളവിടേ വന്നു
മാമേരു മന്ദരം ഹേമകൂടാദ്രിയും
രജതഗിരി വൃഷഭഗിരിയരുണഗിരി വേങ്കടം
രത്നവിളനിലം രോഹണശൈലവും
മലയഗിരി നിഷധഗിരിയുദയഗിരി വിന്ധ്യാദ്രി
മാല്യവാൻ ചിത്രകൂടം ത്രികൂടദ്വയം
അജശിഖരി കുടചഗിരി ചരമഗിരി സഹ്യാദ്രി-
യഞ്ജനഗോവൎദ്ധനമഹേന്ദ്രാദ്രികൾ.
ത്രിദശമുനിധരണിഭരഭരണനിപുണാ ഇമേ
തെററന്നു തിക്കിത്തിരക്കിയടുക്കയും
സ്ഥലസലിലഫലകുസുമസകലസുഖസമ്പത്തു
തങ്ങൾതങ്ങൾക്കുള്ളതെല്ലാം കൊടുക്കയും
സ്വരസമിഹ സുജനകൃപ ഫലതി ബഹു പോലെന്നു
സന്തോഷവാക്യം ഹിമവാൻ വചിക്കയും
കുലവിധിഷു പുരയിലിഹ പലരുമൊരുമിക്കയും
പാവാടപട്ടുകൾ പാടേ വിരിക്കയും
സുരയുവതിതതികൾ ചില പരിഷദി നടിക്കയും
സൂരികൾ ഭാവമറിഞ്ഞു രസിക്കയും
സുരമുനികൾ പലരുമിഹ ~~വരികയുമിരി~~ക്കയും
സംബന്ധാധികാരോചിതം വ്യാപരിക്കയും.
“ജയ ജനനി! ജഗദുദയഭരണഹരണേക്ഷണേ!
ജംഗമാജംഗമബ്രഹ്മവിദ്യാമയി!
ജയ ജനനി! ശിവകമനി! ജയ ഭഗവതി! ശിവേ!

ജന്തുസന്താനസന്തോഷചിന്താമണേ!
തവ ഭവതു പരമശിവനിനി മൃഗവനിഷ്ടദൻ;
താരകബ്രഹ്മശരച്ചന്ദ്രചന്ദ്രികേ!
ജനനി! തവ മഹിമയിതു ജഗതി തതമെങ്കിലും
ജന്മാദി ഞങ്ങൾക്കുവേണ്ടി വേണ്ടതിവ.
ശരണമിഹ തവ ചരണയുഗളമിതു മാത്രമാം
ശങ്കരാലങ്കാരശൃംഗാരശൃംഖലേ!"
ഇതി സുജനതതിഷു നതിഭണിതികൾ ഭവിക്കയു-
മെന്നുവേണ്ടാ സർവ്വസൌഖ്യം മുഴക്കയും
ഇതമൊടിതു ഗിരിപുരിയിൽ വിരവിനൊടൊരുങ്ങേണ്ട-
തെല്ലാമൊരുങ്ങിയണഞ്ഞു മുഹൂർത്തവും.
കവിയുമിതു കവിരം കുഴയുമരിയ കവികൾക്കിനി-
ക്കൈലാസശൈലകോലാഹലമോതുകിൽ.
നതവരദപരമശിവമതകരണപാരീണ
നന്ദീശസങ്കല്പദൂതസംപ്രേരണാൽ
തെളിവിനൊടു സകളകളമന്വിളിതമോരോരൊ
ദേശങ്ങളിൽ നിന്നസംഖ്യം മഹാജനം.
കരളിലുരുകുതുകമൊടു കൂട്ടയിളകി വന്നിതു
കാലാഗ്നിരുദ്രരും ഹാടകാധീശനും.
അവർ വരവിലരുതിവരുമഖിലഗണമണ്ഡല-
മാടോപപാടവപാടിതദിക്തടം
അടവികളിൽ വിടപിനിര പൊടിപെടവെ;യാഴിക-
ളാകെക്കലങ്ങിമറിഞ്ഞു കവിയവേ;
കുതികളൊടു പദഹതികളിതവുമതിവേഗേന
കുന്നു കുഴിയെ,ക്കുഴികൾ കുന്നാകവേ;
അഖിലനദിനദഗതികൾ മറുവഴിതുടങ്ങവേ;
ആകാശഭൂമ്യവകാശങ്ങൾ വിങ്ങവേ;
അവനിചുമടുരഗപതി തെരുതെരെയുലർ പത്തു-
ന്നായിരം മൂർദ്ധാക്കളൊക്കെക്കുഴയവേ;
അതിചകിതമലറി നില വഴുതി ബലഹരമുഖാഷ്ടി-
ദിഗന്തികൾ പെട്ടെന്നു ഞെട്ടവേ;
അഖിലമപി ഭരമേവനിലമതമളവതുളത
മാദിക്രുമ്മത്തി കല്പരം പൊട്ടവേ;
അഴകുടയ രജതഗിരിപുരമതിൽ നിറഞ്ഞുവ-

ന്നണ്ഡാന്തരങ്ങളിൽ നിന്നു വിശൃംഖലം.
വിനതയുടെ തനയനുടെ ഗളഭുവി സമാരുഹ്യ
വിഷ്ണുഭഗവാനെഴുന്നള്ളി തൽക്ഷണം.
സനകമുഖമുനിവരരുമപി ച നവയോഗികൾ
സാരൂപ്യശാലികൾ സാലോക്യശാലികൾ;
സരസബിസധവളമൃദുസുവലിതകളേബരൻ
സങ്കർഷണസ്വാമി സാക്ഷാദനന്തനും;
വിരവൊടിഹ പരമശിവനഗരമതിൽ വന്നിതു
വൈകുണ്ഠവാസികൾ മററും മഹാജനം.
ഹരപുരിയിലതുപൊഴുതു കമലഭവനും വന്നു
ഹംസയുക്തം വ്യോമയാനമേറിദ്രുതം.
കുതുകമൊടുമനവധികയതിമുനിസമൂഹങ്ങൾ
ക്കുറിട്ടുചൊല്ലുവാനാവതല്ലാതോളം
മികവുടയ ഭൃഗുമുനിയുമഴകുടയ ദേവലൻ
മൈത്രാവരുണിയും ഗാലവൻ ഗൌതമൻ
ഭരതമുനി ശുനകമുനി കപിലമുനി പൈലനും
ഭാർഗ്ഗവൻ, മൈത്രേയനും ഭരദ്വാജനും.
കലശഭവനരിയൊരു കണാദനും പിംഗലൻ
കാശ്യപൻ കണ്വൻ മൃകണ്ഡു വിഭാണ്ഡകൻ
പകലിരവു പാഠമിതവടുപടലവേഷ്ടിതൻ
പാണിനി ജൈമിനി ദാല്ഭ്യനും രൈഭ്യനും
നലമുടയ കലഹരുചി നാരദൻ പർവതൻ
നാസ്തികദ്വേഷിയുപമന്യുമൌർവനും.
ശതമയുതമൃഷികളതുപൊഴുതിലവിടേ വന്നു
ശക്തിദത്താത്രേയയാജ്ഞവല്ക്യാദികൾ.
സുരപതിയൊടനലയമനിരൃതിവരുണാനില-
സോമേശമുഖ്യദിൿപാലരും കൂട്ടവും
അമരഗണമഖിലമപി വിരവൊടവിടേ വന്നി-
തക്കരുദ്രാശ്വിവിശ്വന്മാർ വസുക്കളും
ഉഡുതതികളൊടുമുഡുപനുടമയൊടുമെത്തിനാ-
നൊട്ടൊഴിയാതെയുപദേവവൃന്ദവും.
അസുരവരർ നിശിചരരുമരുണഗരുഡോൽപന്ന
മത്തഗദിവാപക്ഷിപ്രകരങ്ങളും.
വളരുമൊരു കുതുകമൊടു ഭുജഗവരരും വന്നു

വാസുകിതക്ഷകകാർക്കോടകാദികൾ
സുരസുരഭികുലമപി ച പുരഭിദഭിവന്ദന
സൌഖ്യലാഭൌൽസുക്യസൌമുഖ്യസങ്കുലം
ഭുവനമതിൽ മരുവുമൊരു ജനവിതതി വന്നിങ്ങു
പുക്കിതു കൈലാസശൈലം തെരുതെരെ.
ബഹുവിഭവമവരവർകളുപദയുമെടുത്തുപോയ്
വന്ദിച്ചു നന്ദിയെ വൃന്ദമായ് നില്ക്കയും
അതിനു ജഗദധിപതിയൊടവരെയറിയിക്കയു
മാജ്ഞകൂട്ടാലവരന്തികേ ചെല്കയും
കമലശരരിപുവിനുടെ പദ്മലിണ നമിക്കയും
കാഴ്ചകൾ വയ്ക്കയും വന്ദിച്ചു നില്ക്കയും
അവരവരൊടുചിതമൊഴി ഗിരിശനരുൾചെയ്കയു
മാനന്ദമേവർക്കുമുള്ളിൽ നിറകയും
അവരവർകൾ തന്റെ മുഖനികടമതൊഴിക്കയു-
മാശു വന്നന്യജനങ്ങൾ നമിക്കയു
നളിനഭവവരവിബുധ ഗിരിശനെഴുന്നേല്ക്കയും
നാന്മുഖൻ വന്ദിച്ചരികേയിരിക്കയും
മധുമഥനനണയ വരുമളവിലെതിരേല്ക്കയും
മാനിച്ചു കൈപിടിച്ചൊന്നിച്ചിരിക്കയും
അതിശയനനുചിതവിധി പലതുമറിയിക്കയു
മങ്ങനേ തന്നെയെന്നീശാജ്ഞ കേൾക്കയും
അവരവരെയരികിലുടനഴകൊടു വിളിക്കയു
മാജ്ഞാപനം ചെയ്തു വേഗമയയ്ക്കയും
വെളിയിലുടനമരഗുരു മുഹൂരടിയളക്കയും
വേളിമുഹൂത്തമാസന്നം ഗണിക്കയും
അഖിലജനഹൃദി തെളിമ വിളകയു,മത്തരം
ലായനേരം മുദാ നാളീകസംഭവൻ
വിവിധകിലവകതിന വിവിധിടിയ വിശ്വവും
വിന്യസ്തതാദൃശാലങ്കാരപൂരിതം
അജനരനിതുചിതമിതി കവിരിവ മഹാകാവ്യ-
മാഭരണപ്പെട്ടി സൃഷ്ടിച്ചു നല്കിനാൻ
"നളിനഭവകുതുകമിതു വെടിയരുതു പൊററിനി
നന്ദീശനാരായണന്മാരുണത്തിനാർ
പെടകനിധി പരമശിവനജനിഹിതമത്ഭുതം

പെട്ടകം പെട്ടെന്നു തുഷ്ട്യാ ചവിട്ടിനാൻ.
പുനരരുളി കമലജനോടയി ശൃണു സുരജ്യേഷ്ഠ!
പൂർണ്ണമാകെപ്പൊഴും തൽകൃതം പെട്ടകം
അണികലിതമരജനമണിക സുഖമൃതസമേതമാ-
യാഖണ്ഡലൻകൈയിൽ നല്കുക പെട്ടകം.
ദേവമൊഴികളിതുകരുതി മണികനകഭൂഷണ
ഭാണ്ഡം വിരിഞ്ചനിരുന്നു നല്കീടിനാൻ.
അതിലളിതമതിൽ നിഹിതമനഘമണിഭൂഷണ
മാപാദചൂഡമണിഞ്ഞു വിണ്ണോർകളും.
അതിവിവിധമവരവർകളവയവവിശേഷത്താ
ലത്യന്തവും ചേർച്ചഭംഗി വിളങ്ങവേ
കുലിശധരമുഖനിഖിലസുരവിതതി കോപ്പിട്ടു
കൊന്നക്കൊടുങ്കാട്ടു പൂത്തകണക്കിനെ.
അസികളൊടു പരിഘമുതലിതി വിവിധമായുധ-
മാണ്ടുനിന്നാരങ്ങകമ്പടികൂട്ടുവാൻ.
മണികനകമയമണിവു സുരജനമണിഞ്ഞിട്ടു
മഞ്ചമൊഴിഞ്ഞില; മിഞ്ചുന്ന പിന്നെയും
പുനരുരഗദിതിജദനുജാപ്സരോഗന്ധർവ്വ-
ഭൃത്യവൃന്ദത്തിനും നല്കീ വിഭൂഷണം.
പുരമഥനതിരുവുടലുമതുപൊഴുതു കാണായി
പൂർണ്ണേന്ദുകോടിപ്രഭാഭോഗസൌഭഗം.
അരുണരുചിജടകളുടനസിതകചഭാരമാ;-
യർദ്ധേന്ദു തത്ര്യന്തത്തംസപുഷ്പമായ്.
അഹിപടലിവിധിതലകളമരനദിയും ഭയാ-
ദഭ്യന്തരം പുക്കൊളിച്ചു ശിരോരുഹേ.
ഹരശിരസി വിലസി പുനരണിമണികിരീടവു-
മല്പേതരാഭോഗമത്ഭുതശില്പമായ്.
കനൽ ചൊരിയുമൊരുമിഴി ലലാടമദ്ധ്യോചിതം
കാശ്മീരപങ്കതിലകമായ്ക്കാണായി.
സരസിരുഹദളസദൃശമിഴികൾ പൊഴിയും കൃപാ-
സാഗരാന്തൂപമായ് സർവ്വഭുവനവും.
സരസമൃദുഹസിതമൊടു തിരുമുഖവുമാഭാതു
സൌവർണ്ണകുണ്ഡലോല്ലാസിഗണ്ഡസ്ഥലം.
ജഗദുദരഘൂർണ്ണമിതപരിമളതരംഗമായ്-

ച്ചാൎത്തുവാനംഗരാഗം നല്കി വാസവൻ;
കമലജനമരുളിയതു രജതമണിഭാജനം
കഞ്ജനാഭനും നൽക്കാഞ്ചനഭാജനം.
തിരുവരയിലഹതമൊരു കനകപട്ടാംബരം
ദിവ്യാംഗരാഗവും ചാൎത്തിനാൻ മൂൎത്തിമേൽ.
നിബിഡരുചി വിലസിതബഹുമണിഗണപ്രലാപങ്ങൾ
നീലകണ്ഠന്റെ കഴുത്തിൽ നിരന്തരം.
തരിവളകൾ പിരിവളകൾ കടകനിര തോൾവള
തങ്കജാംബൂനദരത്നാൎമ്മികാശതം.
പാദകടകമണിരശന വരമണിപതക്കങ്ങൾ
പാകാരിചാപ[illegible]ക്കാരമംബരേ.
പറകിലിതിലൊരു മണിയെയിരവുപകൽ സേവിച്ചു
പത്മാദികളാം നിധികൾ പണ്ടൊമ്പതും;
ഫലമതിനു വിഭവമിതു; പരമണികുലോത്തമൻ
പാരമൌദാൎയ്യമുള്ളോരു ചിന്താമണി;
അതിലധികഭശുഭണിതനതിഗുണിതവൈഭവ
മത്ഭുതതരത്തെ നിറയുന്ന ഭൂഷണം
അരനിമിഷമതിനിടയിലരനുടെ തിരുമേനി
യാപാദചൂഡമണിഞ്ഞുകാണായ് വന്നു.
"ജയ വരദ! പരമശിവ! ഹര! ഹര! മഹാദേവ!
ശംഭോ! മഹേശ്വര! ശൎവ്വ! സൎവ്വേശ്വര!
ഇരവുപകലിഹ വപുഷി മണികനകഭൂഷണ-
മിങ്ങനെ കാണ്മതിന്നെത്ര കൊതിച്ചു നാം!
ശരണ"മിതി നതിനുതികൾ സുരമുനികൾ ചെയ്യവേ
ശങ്കരൻ മെല്ലെന്നെഴുന്നേററിതാസനാൽ.
ചെറുതതിനു പരമജനി പരിജനപരിഭ്രമം;
ചെന്നു തൃക്കൈ താങ്ങി നിന്നിതു ശാൎങ്ഗിയും.
സ്ഫടികമണിമെതിയടികൾ പൊടികളകയും ചെയ്തു
പാട്ടിലഗ്രേ വച്ചു കുപ്പി നന്ദീശ്വരൻ.
കരതളിരിലിളകമൊരു കനകമണിവേത്രവാൻ
കാണ്മിനെന്നുന്നരുളുന്നു ഭവനാൻ ഭവാ.
തൊഴുക ചിലർ, കഴലിണയിൽ വീഴുക,യെഴുന്നേല്ക്കയും
സ്തോത്രങ്ങൾ ചൊല്ലിപ്പുകഴുകയും ചിലർ

മുനിസദസി സുരസദസി തൊഴിലൊടു മറിച്ചിലും
മോഹനനാട്യങ്ങൾ വാദ്യഗീതങ്ങളും.
ഹരനരികിലിരുപുറവുമന്നരണിതവീണരായ്
ഹാഹാഹാശ്ച ഹൂഹൂശ്ച തുംബുരുനാരദൌ
ഭുവനപതി പുതുമയൊടു മെതിയടിയിലേ ചെന്നു
ഭോഗപുരിമണിപ്പൂമുകപ്പിമനി.
കുശവർ ചില പ്രമഥവരർ കോപ്പുമിടിയിച്ചു
ക്രൂരനെക്കൊണ്ടന്നു നിർത്തി തദന്തരേ
ഖരഖുരവിലിഖിതഭൂവമുരുകകുദമുന്നതം
കാർത്തസ്വരമണികിങ്കിണിമണ്ഡിതം
ഉദ്ധൂതവാലാഗ്രതലപരിചരിതപൃഥുലാംഗമ
മുത്തുംഗശാതശൃംഗാബദ്ധചാമരം
ജഗദധിപന്ത്യകിനൊടു വൃഷവരമമ്പും ജവാ-
ജ്ജംഗമങ്ങളെ പാലനശൈലം കരേറിനാൻ.
ഗരുഡശിവനെതിരടികൾ കരതളിരിലേന്തുതാൻ
പന്നഗാരാതിഗളമേറി മാധവൻ.
കമലജനുമമ്പൊടു വിമാനമേറി നിജം
പാലാഗ്നിരുദ്രാദികളും പുറപ്പെട്ടു.
അത്തൊഴുതിലമരഭടർ നടനടനടായെന്നു-
മാർഭടിഘോഷവുമാർപ്പിന്റെ നാദവും
തിമിലയൊടു പറനിരകൾ ചെറുപറകൾ ചെണ്ടകൾ
തിത്തികൾ നാഗസ്വരങ്ങൾ ചീനക്കുഴൽ
തകിൽ പണവമുരവവക ബഹുധവളകാഹളം
തംബുരുവീണകൾ രാവണഹസ്തവും
കുടമുരളി കുറുമുരളി കാഹളം നേർക്കുഴൽ
കൊമ്പു ചിന്നം മുഖവീണ കൈത്തുടി
കട്ടരണ്ടിക്കിടുപിടികൾ മുരശു വിരലേറുകൾ
കൈമണിയും ഭേരി ഗോമുഖമാനകം
തമ്പേറു പറ തരവഴികൾ മദ്ദളം തമ്മിലും
തപ്പുകൾ ചന്ദ്രവളയമിടക്കകൾ
ശിരസി പരമുരസി പുനരപി മടിയിലും വച്ചു
ചേർത്തടിച്ചീടും ത്രിവിധം മൃദംഗവും
ചെകിടടയുമുരുരണിതഢക്കകൾ പെരുമ്പറ

ചേങ്ങലയുമിലത്താലമുട്ടുകളും
അതിവിവിധമാമരമപി മിളിതരുതിവാദ്യൌഘ
മണ്ഡകടാഹം മുഴക്കി നിരൎഗ്ഗളം.
കൊടികളൊടു കുടകളൊടു തഴകളും സിതചാമര
ക്കൂട്ടങ്ങളാലവട്ടങ്ങളും ചുരുൾകളും
കതിനവെടി കുസുമവെടിയെലിവെടി പടക്കങ്ങൾ
കൈവെടി കമ്പവെടി,യേറുവാണവും
ചരടുതിരിയമൃതുതിരി മെഴുതിരി നിലാത്തിരി
ചക്രവാണങ്ങളും കയററുവാണങ്ങളും
മുനിനിവഹനിഗമജപമുഷിതദുരിതവ്രജം
മോഹനഗന്ധൎവഗീതപ്രബന്ധവും
അമരഗണമുഖമിളിതജയജയനിനാദവു-
മപ്സരസ്ത്രീജനലാസ്യക്രമങ്ങളും
പ്രമഥഗണവിഹൃതിരണവികൃതികളുമിത്തരം
പ്രാഭവഘോഷം പറയാവതല്ലമേ.
അതിവിതതജനനടുവിലഖിലഭുവനേശ്വര
നാകാശമാൎഗ്ഗേണ മെല്ലേ നടകൊണ്ടു.
അമരതരുകുസുമചയമിളിതകളഗുഞ്ജിത
മത്ഭുത മേഘങ്ങൾ വൎഷിച്ചു തൽക്ഷണെ.
മധുമസൃണമതിലൊരിതളിഹ മററിയിൽ വീണില
മാലോകർ മാനത്തു തുറന്നു നോക്കയാൽ.
ജനവിതതി രജതഗിരിപരിസരമൊഴിച്ചില;
ചെന്നു നിറഞ്ഞു ഹിമാലയം നീളെയും.
വഴിയിലിഹ വളരെ ജനമുഴറി വിവശപ്പെട്ടു
വൎഷാത്യയനദീമന്ദം നടകൊണ്ടു.
പ്രളയദശവരുമളവിലെഴുകടലുമൊന്നിച്ചു
ചേൎന്നു പുളയ്ക്കും പ്രകാരം പ്രകാശിതം.
അഥ തുഹിനഗിരി ഗിരിശനൊടെതിരേല്പതി
ന്നഞ്ജസാ നിൎഗ്ഗതനായി നിജാലയാൽ.
ജനതതികളനവധികളവനൊടു പുറപ്പെട്ടു
ചെന്നു തമ്മിൽച്ചേൎന്നു രണ്ടു യോഗങ്ങളും.
വശതയോടു വലിമയൊടു പൊലിമയുമഹോത്സവം
വന്ന യോഗത്തിനും നിന്ന യോഗത്തിനും.

സ്ഫുരിതകളകളമൊടിഹ പരമവർ പുളപ്പോടേ
പുക്കിതഞ്ഞോഷധിപ്രസ്ഥപുരോദരേ
വിനയമെറിവൊടു ശിഖരിപരിവൃഢനനന്തരം
വിശേഷശനെക്കണ്ടു വിണ്ണിൽ വൃഷോപരി.
രജതഗിരിരുചിതടവുമനുപമകളേബരം
രത്നകിരീടിനം മേചകകൈശികം
അളികതലധൃതഘുസൃണതിലകമസിതഭ്രൂക-
മാനന്ദശൃംഗാരജാഗരൂകേക്ഷണം
ജനനയനഹൃദയഹരനിരുപമമുഖദ്യുതി-
ജാംബൂനദമണികുണ്ഡലമണ്ഡിതം
ഉടൽ മുഴുവനതിസുരഭിവിലസദനുലേപന-
മുത്തമരത്നാഭരണയോഗോജ്ജ്വലം
മുദിതസുരമുനിദനുജഗുഹ്യകഗന്ധർവ-
മൂർത്തിയാവൃതം ദീപ്തദിവ്യാംബരം
നിഖിലജഗദധിപതിയെ നിജനികടമാഗതം
നീരാജനം ചെയ്തു നത്വാ ഗിരീശ്വരൻ.
കഴൽതൊഴുതു നിറയുമൊരു ജനനദവിലഞ്ജസാ
കാളക്കഴുത്തീന്നിറങ്ങി മഹേശ്വരൻ.
പതഗപതിഗളഗളിതപരമപുരുഷാർപ്പിതേ
പാദുകേ പദ്ഭ്യാമലങ്കരിച്ചീടിനാൻ.
കമലഭവമജിതമപി വലവുമിടവും ചേർത്തു
കൈകൾ താങ്ങിച്ചുഞെളുന്നള്ളി മെല്ലവേ.
പദപതിതമഗപതിയെ മമതയൊടു മാനിച്ചു
പാവാടമേലേ പശുനാം പരിവൃഢൻ
ഗുരുകുതുകമതുപൊഴുതു ഗിരിവരമഹാപുരി-
ഗോപുരദ്വാരം കടക്കും ദശാന്തരേ
പറവതിനുമറിവതിനുമരുതരുതതിൽപ്പരം
പാരിച്ചൊരാഘോഷമോഷധിപ്രസ്ഥഗം.

പടഹരവകരവയൊടു ഭടകളകളങ്ങളും
പത്തിരട്ടിച്ചു കേട്ടപ്പോൾ പരിഭ്രമാൽ
കരളിലുരുകുതുകമൊടു പുരവനിതമാരഹോ
കാണ്മാൻ മഹോത്സവം മാടമേറീടിനാർ
"വരിക സഖി! പരമശിവനയമഹമെഴുന്നള്ളി

വാണീപതിയോടും ലക്ഷ്മീപതിയോടും
ചാലവേതകളുതരുതു സകലമപി പിന്നെയാം
ചാലകവാതിൽ തുറന്നു നില്ക്കുന്നു ഞാൻ.
ഇതി സഖിയാം വാമനമനു ഗിരിപുരപുരന്ധ്രിമാ
രീശനെക്കാണ്മതിന്നെങ്ങും നിറഞ്ഞുതേ"
ഒരു കമനിയുടൽമുഴുവനണിവുകളണിഞ്ഞോടി;
യൊട്ടൊട്ടു കോപ്പിട്ടൊരുത്തി മണ്ടീടിനാൾ.
ഒരുമിഴിയിൽ മഷിയെഴുതി മറുമിഴിയെഴുതാതെ-
യോടിനാളന്യാ മഷിക്കോലുമായ്ക്കരേ.
കരയുമൊരു ശിശുവിനൊരു കമനി മുല നല്കാതെ;
കാച്ചിപ്പാൽ വാങ്ങിവെക്കാതെയും കാചന.
ഉഴറിയൊരു കരതളിരിലുരുളയുമെടുത്തുകൊ
ണ്ടൊക്കത്തു കുട്ടിയെത്താങ്ങിവന്നാൾ പരാ.
ഒരു തരുണി കഴവിണയിലണിയുമൊരു യാവക-
മൊട്ടുമേ തോരാതെയോടി വന്നീടിനാൾ.
അവളിടയിലിടിവഴുതി വിവശമവശനായ് വീണ-
താരുമേ കാണാതെ മണ്ടിനാൾ കാചന.
ഒരു യുവതി തൃതിടയിലിടിയുമണിഹാരവു-
മൂക്കോടു പൊട്ടിച്ചു പെട്ടെന്നു മണ്ടിനാൾ.
അതിനുടയ മണികളുടനവിടവിടെ വീണതി-
ലന്യാ വഴുക്കിവീണാടൽപൂണ്ടെത്തിനാൾ.
ഹരനികടമഗമദൊരു പുരതരുണി പൂണ്ടുകൊ
ണ്ടാരം തലയിലും മാല്യങ്ങൾ മാറിലും.
അവശതയിലുചിതവുമൊരനുചിതവുമാരറി?
ഞ്ഞന്യോന്യമാരുമേ നോക്കീല തൽക്ഷണം.
മടവർകുലമഖിലമപി മനസി ബഹുസംഭ്രമാൽ
മാടങ്ങൾതോറും കരേറീ നിരന്തരം.
ചലിതധൃതി പുരസതികൾ പുരമഥനമീക്ഷിതും
ചാലകവാതിൽതോറും നിറഞ്ഞീടിനാർ
ശരദുഡുപശതസുഷമമഖിലജഗദീശ്വരം
ചാരത്തുകണ്ടാർ വരവേഷഭാസുരം.
പലമിഴികൾ പരമശിവനുടൽ മുഴുവനെക്കണ്ടു
പാരമാനന്ദിച്ചിതാപാദമാശിഖം

നഗരയുവതികളുടയ നയനകിരണാർച്ചിതൻ
നാരായണാഭിന്നനായീ തദാ ശിവൻ.
ചിരമിതരദവിദൂഷികാം ശിഖരിപുരനാരിമാർ
ശേഷേന്ദ്രിയവൃത്തി കണ്ണിലൊതുക്കിനാർ.
തെളിമയൊട കിളിമൊഴികാം മിളിതകിളികിഞ്ചിതം
ജാതേമയേ ശിവേ ചെന്നുചേന്നാർ ധിയാ.
ബഹളജനഗളഗളിതകളകളമുഴക്കവും
വാദിത്രമാററാപി വായ്ക്കുരൽപ്രൌഢിയും.
പുരസതികളിതിനിടയിൽ മുഢനെയുടയോരോരൊ
പ്രൌഢചാട്ടുക്തികാം തമ്മിൽത്തുടങ്ങിനാർ
പുലർപൊഴുതു പുരസരസി വിരിയുമൊരു താമര
പ്പൂവിൻതൊഴിൽ തോഴി! കേന നിന്നാനനേ?
പുളകമിതു ജനസദസി തവ സഖി! വൃഥാ കഥം?
പോരായ്മ ഘോരനോ ചെയ്യുന്നം വേദനേ?"
"വചനവമനമിതമി,തവഹിതമനാ മനാ-
ഗന്ദ്യനാമിന്ദുചൂഡം കാൺക തോഴി! നീ.
ഉടൽമുഴുവനമൃതൊഴുകുമര,നതു നിപീയ വൈ
റവൂദ്ഗാരമേ സഖി! ഹാസമെന്നോർത്തു നീ.
പൊളി കിമിതി സഖിയൊടയി! പകാംപെരിയ ഗൌരി
പുണ്യമോർത്തുള്ളം കുളുത്തേൻ പുളകിനീ!" [തൻ
"കഥയ സഖി! വിദിതമിതു കഥിതമപി നന്ദുരു."
"കണ്ടു നാമീശനെഗ്ഗൌരിതൻ വൈഭവാൽ.
സുമുഖി! സഖി! കുതുകമിതു പരമുമയുടേ തപം;
സ്വല്പകാലം കൊണ്ടു കല്പശാഖീ മഹാൻ.
ഉഡുപകലയണിയുമരനലകൊരുകുടുംബമാ;-
യുണ്ണിയുമിവിവണ്ണൊത്ത കുടുംബിനി."
"ഉഡുപശിശു തിരുമുടിയിലെവിടെയധുനാ സഖി!"?
"ഒട്ടൊട്ടു കാൺ കൈതമൊട്ടിൻ പ്രകാരമായ്."
"പുരമഥനതിരുമുടികാം പിടകളിതി കോപ്പു നാം."
"പൊട്ടി! വിവാഹോചിതം വേഷമല്ലയോ
ഹരശിരസി മണിമകുടമിറിവർ ചിലരാരു പ
ണ്ടന്തമില്ലാതോന്നഗാത്മജാവൈഭവം."
"വെളിയിൽ വരുമിതിനധികമപി വിരുതു ഗൌരിക്കു

വേളികഴിഞ്ഞിനി വ്രീളനീങ്ങും വിധൌ."
"സമയമതു വരുമളവിങ്ങമകൾമനോരഥം
സാധിപ്പതല്ലെന്നു ഞാനുറച്ചു ദൃഢം.
"സുഖവിഭവമനുഭവതു സുകൃതവതി നമ്മുടേ
സ്വാമിപുത്രീ ചിരം ശ്രീമതീ പാൎവ്വതീ."
"നളിനഭവഹരികളിരുപുറവുമിരുകൈതാങ്ങി
നാഥനെഴുന്നള്ളി നമ്മുടെനേരെയായ്.
നവകളഭരസമിളിതനറുമലരൊട്ടം മലർ
നന്നായ്പ്പൊഴിച്ചു നാം വന്ദിക്ക ഭൎഗ്ഗനെ."
ജഗദധിപതിരുനയനമിതയിത;വരുന്നു കാൺ!
ജന്മസാഫല്യമെത്തീ നമുക്കിന്നഹോ."
തുഹിനഗിരിവരനഗരയുവതിജനമിങ്ങനേ
തോഷമാൎന്നോരോന്നു ഭാഷിച്ചിരിക്കവെ
യുഗവിഗമഘനനിനദപടുപടഹവും വാര-
യോഷിതാം വായ്ക്കുരൽ മാറ്റൊലിക്കൊള്ളവേ
സ്ഫടികമണിമെതിയടിമെൽ മുദമുദ നടന്നങ്ങു
പർവ്വതമന്ദിരം ശർവനെഴുന്നള്ളി.
അഴകുടയ പവഴമണിഘടിതനടുമിററത്തൊ-
രാസനേ ചെന്നങ്ങിരുന്നള്ളി മെല്ലവേ.
അജനജിതനിവരിരുവരിരുപുറവുമന്തിക-
ത്തഗ്രഗൻ നന്ദിയും പൃഷ്ഠത്തു രുദ്രനും
അപരജനമഖിലമപി മരുവുക പുറത്തെന്നൊ-
രാജ്ഞയുണ്ടായ്തന്നു നന്ദീശചില്ലിയിൽ.
മമതയൊടു ജനമഖിലമഥ ജനകശാസനാൽ
മാനിച്ചിരുത്തിനാൻ മൈനാകമന്നവൻ.
സഭയിൽ മുദ ബൃസിഷു ബ്രഹ്മമുനിവരരിരുന്നിതു
സാക്ഷികളായിട്ടു സൽക്കൎമ്മത്തിനും.
തിരമറയിലൊരുപരിഷ തറകളിലഥാപരേ
തിക്കും തിരക്കും വരാതേ നിരാകുലം.
അമരഗണമസുരഗണമഹിനരഗണങ്ങളു-
മങ്ങുമിങ്ങും നാലുപാടുറച്ചു നില.
അണിസഭയിൽ നടിതുമുടനണിയറകളും മറ-
ച്ചപ്സരോഗന്ധർവവിദ്യാധരാദികൾ.

കനകമണിയറയിൽ മണി നിറപറകൾ ദീപങ്ങൾ
ഖട്വാങ്ങൾ മെത്തകൾ മേലാപ്പുനേർത്തരം
അവ്വരവർകൾ പദവിയതിനുചിതമുപചാരവു-
മത്ഭുതതാംബൂലപൂഗപത്രഗ്രഹം
സുരഭിസുരതരുകുസുമഗുണമലയജദ്രവ-
സൌഖ്യസമ്പത്തുകൾ വേണ്ടുന്നതൊക്കയും
പ്രഥിതഗുണതുഹിനഗിരിപരിജനനിവേദിതം;
പ്രത്യേകമഷ്ടദിക്പാലർ വാണു സുഖം.
അമരമുനിപരിഷകളെയഴകിനൊടു പൂജിച്ചി-
തർഘ്യപാദ്യമധുപർക്കങ്ങൾ കൊണ്ടുടൻ.
ക്വചന പുനരതിവിതതഭുവി ദനുജരക്ഷസാം
കൌതുകാപാദനം മദ്യമാംസാദിയാൽ;
കുഹചിദഥ ജനസദസി കുശലത പരീക്ഷിച്ചു
കോപ്പു കൊടുക്കയും വിദ്യോപജീവിനാം;
ക്വചിദധീതജ്ഞതവിധികൾ കുഹചിദഥ ദക്ഷിണ;
ഗോധനമോദനമാർണക്കാദരാൽ.
അഹിവരനമജനമമർത്ത്യനമാമല്ലൊ-
രംബികോദപാഹഘോഷാഡംബരസ്തവം.
സരസമിതി സകലജനമവിടെ മരുവുംവിധൌ
സംഭ്രമമൂലമൊന്നുണ്ടായി തൽക്ഷണം.
ഭുവനപതി ഗിരിശനുടെ ചരണതളിർ വന്ദിച്ചു
ഭൂമിദേവീ കരഞ്ഞേവമുണർത്തിനാൾ.
„ജഗദധിപ! ജയ ഗിരിശ! വിപുലകരുണാനിധേ!
ചേർച്ചയില്ലിപ്പോളിതെങ്കിലും കഥ്യതേ.
ജഗതി തതമഖിലജനമിവിടെയൊരിടത്തായി;
ചെമ്മേ ചരിഞ്ഞു ഞാൻ വീഴുമിന്നാഴിയിൽ.
സരസമിതിനുചിതവിധിയുഴറിയരുൾചെയ്ക നീ;
സർവംസഹയെന്നെനിക്കു പേർ നിഷ്ഫലം.
അയി! വരദ! പരമശിവ! കലയ മമ ദുർദ്ദശാ-
മൈരാവതാദികളൈവരേ വിട്ടുഞാൻ.
പൊളിവചനമിതി മനസി കരുതരുതു ശങ്കര!
പുഷ്പദന്താദികൾ മൂവർ ചതഞ്ഞുപോയ്.
ഫണിവരനു ഫണകൾ പലതൊഴിവതു കണക്കല്ല;
പാതിയും പ്രായേണ പാരം കുഴഞ്ഞുപോയ്.

പുഴകൾ പലതൊരുകരകൾ കവികയുമഹോ കാൺക;
പൊട്ടി ഞാൻ ഭ്രഷ്ടയാം; പോററി! തുണയ്ക്ക നീ."
ഇതി ധരണി കരയുമളവതിവിശദമപ്പൊഴു-
തേററക്കുറച്ചിലും കാണായി ഭൂമിയിൽ
തദനു പുനരതിനു വഴി നിജമനസി ചിന്തിച്ചു
തമ്പുരാൻ കുംഭോത്ഭവനേ വരുത്തിനാൻ.
"ക്ലേശലിഹ വരുമറിക കലശഭവ! മാമുനേ!
കാത്തുകൊൾവാൻ നാമിരുവരേയുള്ളു കേൾ.
മമ തു പുനരിതുപൊഴുതിലനവസരമാകയാൽ
മാന്ദ്യമുണ്ടാകൊലാ; പോക നീ സാമ്പ്രതം.
മലയഗിരിശിരസി വസ; മതി മനസി സംശയം;
മഗ്നയാമല്ലെങ്കിലൂഴിയിന്നാഴിയിൽ"
ഇതി സപദി ശിവവചനമവനതു ചെവിക്കൊണ്ടു
തേവമെന്നംഗീകരിച്ചൊന്നുണർത്തിനാൻ.
"കലുഷഹര! ഹര! ഗിരിശ! സുരഗിരിശരാസ! നിൻ
കല്യാണകൌതുകമെല്ലാർക്കുമുത്സവം.
അധനനിവനിതി വെടികിലഹമഗതി നിർഭാഗ്യ-
നാണ്ടുകേളായ്ക്കിലിന്നാത്മോത്സവാററതൻ.
പശുമതികൾ വയമറിക പശുപതി ഭവാൻ പ്രഭോ!
പാഹി മാമെന്നൊഴിഞ്ഞെന്തുണർത്താവതും."
അവശമിതി വിടതൊഴുതു കലശഭവനന്നേര-
മാശു ലോപാമുദ്രതാനും പുറപ്പെട്ടു.
അഥനവനെയരികിലുടനഴകൊടു വിളിച്ചു മ-
ററാരുമേ കേളാതെ വേറേയരുളിനാൻ.
"പരമസുഹൃദിഹ ജഗതി പരമൊരുവനാരുള്ളു?
പാരവശ്യം പാരമെന്തിനു മാനസേ?
നിമിഷമപയമനുടനെ ഝടിതി ഝടിയുംകൊണ്ടു
നിൻമുമ്പിൽ വന്നൊഴിഞ്ഞാരു പോകില്ല ഞാൻ.
കൊതി കളവനുഴലരുതു ചതി പറകയല്ലെന്നു
കുംഭോത്ഭവൻ കേട്ടു ശംഭോരുദീരിതം
ത്രിപുരഹരനടിതൊഴുതു ഝടിതി വിയദധ്വനാ
ദക്ഷിണദിഗ്ഭാഗമാശ്രയിച്ചീടിനാൻ,
മിഥുനമതു മലയഗിരിമുകളിലിഴിയുംവിധൌ

മേദിനീ മെല്ലെന്നു നേരെയായീ തദാ.
പുതുമയൊടു സുരമുനികൾ കലശജനെ മാനിച്ചു
ഭൂമീതലേ പൂൎവ്വസംസ്ഥാനസുന്ദരേ
ഗുണമതികൾ കരുതി പലർ മഹിതലഘടീയന്ത്ര-
ക്കൂടയിൽക്കല്ലെന്നു കുംഭോത്ഭവനുടേ.
നഗനഗരപുരിവിപിനനദനദിതടങ്ങളും
നാനാജനൌഘനിവാസവും നേരായി.

നഗപുരിയിൽ മികവുടയ സുരമുനിസതീകുലം
നായകപൂജയ്ക്കൊരുമ്പെട്ടു തൽക്ഷണം.
മിടമയൊടു മൂൎദ്ധനികടമുടനുപഗതാ തദാ
മൈനാകപാർവതീമാതാ ഗിരിപ്രിയാ.
അവൾ വരവിലഖിലജനമിഴികൾ കുളിരുമ്മാറൊ-
രംഗനാലോകവും വന്നു ശിവാന്തികെ.
അമരതരുനറുമലരുമൎഗ്ഘ്യപാദ്യാദിക-
ളുഷ്ണമംഗല്യങ്ങൾ തൃക്കവിളക്കുകൾ
നിബിഡപരിമളഭരിതവരകളഭകസ്തൂരി-
നീരാജനഭാണ്ഡവെൺചാമരാദിയും.
ഇവ പലതു കരതളിരിൽ മിളിതരസമാണ്ടുകൊ-
ണ്ടെല്ലാവരും വന്നു നല്ല[illegible]കുതൂഹലാൽ.
ശശികലമണിയുമരനരികിലഥ മേളിച്ചു
ശംഖഭേരീതൂൎയ്യനാദവും ഗീതവും.
ത്വരിതമഥ ഗിരിമഹിഷി സുരസുരഭിദുഗ്ദ്ധേന
തൃക്കാൽ കഴുകിച്ചു വിശേഷപരനുടേ.
ശിശിരമതിമധുരമതു ശിരസി ച ശരീരേ ച
ചേൎത്തു പ്രീത്യാ ശിവശ്രീപാദതീൎത്ഥവും.
അഖിലജഗദധിപനവളതിനുപിറകൎഘ്യവു-
മാചമനീയവുമാശു നല്കീടിനാൾ.
അതിസുരഭിമലർഗുണവുമനഘമനുലേപന-
മൻപോടു നല്കി നീരാജനം ചെയ്തുടൻ
അഴകുടയൊരണികുഴലിൽ നറുമലർകടന്നുകൊ-
ണ്ടാരാദ്ധ്യ സാദ്ധ്വീ നമസ്കരിച്ചീടിനാൾ.

മലമകളുമതുപൊഴുതു തൊഴുതു ജനകാഗ്രജ-
ന്മാരെയും മററു പലരെയും മാതരം

സകലജനജനനി നിജസഹചരികളൊടുമ-
സ്സർവേശ്വരനേ വരിപ്പാൻ പുറപ്പെട്ടു.
മൃദുരണിതപദകടകമിടയിടയിൽ മന്ദിച്ചു
മെല്ലെമെല്ലെച്ചെന്നു വല്ലഭം ദുർല്ലഭം
കളമധുരമളിമുരളുമൊരു വരണമാലയാ
കണ്ഠത്തിൽവച്ചു തൻകൈയിണയ്ക്കങ്ങിടം.
അടിമുടിയൊടിടകളിരുമമൃതകടൽ തന്നിൽ നീ-
രാടിയാടീരേഴിൽ വാഴും ചരാചരം
അടിമലരിലടിമപെടുമവർകളവനം കൊതി-
ച്ചംബികാ മാലയാലംബത ത്ര്യംബകം.
"അഴലൊഴിയുമെഴുമഴകുമഖിലഭുവനൈകസാ-
മ്രാജ്യത്തിനി മേലിലാക്കുമില്ലോക്കിലോ"
ഇതി വിയതി മുനിമൊഴികൾ മലർമഴകളുഴിയി-
ച്ചീശ്വരീമാലയേററീശ്വരൻ നിന്നനാൾ.
അഥ പടലമിളകി വലമിടമൊഴികെ മാലോകാ-
രമ്പോടെഴുന്നള്ളി കല്യാണമണ്ഡപേ.
അമിതമുനിസുരസദസി ഗിരിസുതയൊടും തുട-
ന്നാസനേ നാഥനിരുന്നള്ളി സാദരം.
പടുതയൊടു പരിണയനസമുചിതവിധാനങ്ങൾ
പാട്ടുപാടേ ചെയ്തു സപ്തർഷിചൊല്പടി.
അഖിലജനഭരണമതിനിഹ തുണ നമുക്കു നാ-
മന്യോന്യമെന്നു ചെയ്തു പാണിപീഡനം.
ലളിതപദചകിതഗതി ദഹനനു പ്രദക്ഷിണം
ലജ്ജാരതിസ്വേദരോമാഞ്ചചഞ്ചലം
ലസദനഘമണികനകഗുണക്ഷണനിബന്ധനം
ലാജഹോമാദിചെയ്താചാരപേശലം
അതിമൃദുലമചലമകൾ തളിരടി പിടിച്ചു താ-
നമ്മിചവിട്ടിച്ചു ധ്രുവതാ ധ്രുവേക്ഷണം
ശിവനഴകി രജതഗിരിപുരിയിലെഴുന്നള്ളുവാൻ
ചെമ്മേ സമാപ്യ ക്രിയാകലാപം ക്രമാൽ.
അമരമുനിമടവർകുലമരനുമഥ ഗൌരിക്ക-
മാർദ്രാക്ഷതംകൊണ്ടുഴിഞ്ഞു സഭാന്തരേ.
ത്രിപുരരിപു [illegible] തുഹിനഗിരി നിസ്തുലം

സ്ത്രീധനം നല്കി സമസ്തം നിജധനം.
അഥ പരമശിവനുഴറി വൃഷഭവരമേറിനാ-
നന്തൊളമേറിനാളംബികാദേവിയും.
കുടതഴകൾ ~~കൊടി[illegible]കൾ~~ തുടിപടഹമദ്ദളം
കൊട്ടുപാട്ടാട്ടംപിടിച്ചു കളികളും.
ഇതി വിവിധകളകളമൊടളകയൊളമാളുക-
ളേകാൎണ്ണവപ്രളയാഭം നടകൊണ്ടു.
ബഹളജനഗളഗളിതകളകളതിളപ്പിലി-
ബ്ബ്രഹ്മാണ്ഡഭാണ്ഡം മുഴങ്ങിവിങ്ങീ ഭൃശം.
ഭുവനപതി ജഗദവനകുതുകി കുടിയും കൊണ്ടു
ഭോഗപുരി പുക്കു ഭോഗിവിഭൂഷണൻ.
അതുപൊഴുതു തൊഴുതകലെ നിടിലനയനന്റെ ത-
ന്നാതങ്കമോൎമ്മവരുത്തീ രതി സ്വയം.
അഗതിഗതിരിഹ ജഗതി പശുപതി തദാ തെളി-
ഞ്ഞംഗജന്മാംഗനാമിങ്ങനേ ചൊല്ലിനാൻ.
“തവ രമണനുടൽ തരുവനിതുപൊഴുതിലേ രതി!
തന്വംഗി! സൌന്ദൎയ്യധുൎയ്യം നടേതിലും.
എതുപൊഴുതുമധിവസതു മമ രതി! ഗൃഹാങ്കണം
സ്വാമി; കേൾ മാമകൻ കാമുകൻ താവകൻ.
വിഹരതു സ ഭവതിയൊടു; വികിരതു ശരാനെങ്കൽ;
വീരനോടേതുമെ വൈരമില്ലുള്ളിൽ മേ.
വിധുവിനൊടു മധുവിനപി വിധുരത വൃഥാ വേണ്ട;
വിജ്വരരായ് വാഴുക നിൎജ്ജരന്മാർ സുഖം.
അഖിലജനമപി ചലതു നിജനിജനിവാസമി-
ന്നന്യോന്യമാരുമുപദ്രവിച്ചീടൊലാ.
ചില പിഴകൾ വരുകിൽ മമ കഴൽ തൊഴുവിനേവരും;
ശിക്ഷയും രക്ഷയുമെങ്കലുണ്ടക്ഷയം.”
നതവരദനിതി പലതുമരുളി വിളയും മുദാ
നന്ദിതൻ കൈപിടച്ചങ്ങിറങ്ങീ വൃഷാൽ.
അജനജിതനമരപതിശിഖിമുഖഹരിൽപാല-
രാകേ നമിച്ചങ്ങുണൎത്തിച്ചു യാത്രയായ്
കഴൽതൊഴുതു കളകളമൊടിളകി നടകൊണ്ടിതു
കാലാഗ്നിരുദ്രാദികളും ~~പുറപ്പെട്ടു.~~

അമരമുനിയുവതിജനനടുവിലചലപ്പെണ്ണു-
മന്തോളവും വിട്ടു പുക്കു പുരോദരേ.
പരമശിവമണിയറയിലനലരമണി ചെന്നു
പാടുപാടേ വച്ചു ദീപം മണിമയം.
തദനു സുരപതിമഹിഷി സഖികളൊടുമാഗത്യ
തട്ടിക്കുടഞ്ഞു വിരിച്ചിതു മെത്തയും.
കരളിലുരുകുതുകമൊടു സലിലമിഹ കൊണ്ടുവന്നു
ഗംഗാഭഗവതി ഭൃംഗാരഭാജനേ.
സുരയുവതിസമുപഹൃതസുരഭിമലർമാലകൾ
തൂക്കിനാർ മേടിച്ചു മാതൃക്കൾ നീളയും.
ശിവമഹിഷിപദഭജനസുകൃതപരിപാകേന
ശൃംഗാരയോനി തൻമേനി ലഭിച്ചുടൻ
ശിവശയനഗൃഹമതിനു ബഹിരജിരസീമയിൽ-
ച്ചെന്നു രതിയോടു ചേർന്നു ശിവാജ്ഞയാ
കുസുമമയശരനിരകൾ തിരികയുമെടുക്കയും
കോട്ടങ്ങൾ തീർക്കയുംചെയ്തു മരുവിനാൻ.
കയിൽനിനദവിരുതുമുതുവരമധുവിലാസവും
കൂലങ്കഷപുഷ്പഗന്ധപ്രബന്ധവും.
സവിധഭുവി സതതമഥ സകലജഗദീശനും
സംസാരഭോഗേ രിരംസാതിമൂലമായ്
ചിരമുമ യോടൊരുമയൊടുമരമത മഹേശ്വരൻ
ചീർത്തൊരു ലജ്ജയെത്തീർത്തു ദിനേ ദിനേ.
പരിചിനൊടു ഗിരിശനിതി ഗിരിസുതയെ വേട്ടതും
പാരിച്ച സങ്കടം പാരിൽക്കെട്ടതും
ദുരിതഹരമിതി കിമപി ചതി പറകയല്ല ഞാൻ
ദുഃഖഹരമെന്നെനിക്കുണ്ടു നിശ്ചയം.
ബഹുസുഖദമിതു ജഗതി ബഹുമതപദം പരം
ബ്രഹ്മസഭയിലും പ്രൌഢിയാം പാടിയാൽ.
ഗിരിശനുടെ ചരിതമിതു രചിതമധുനാ മയാ
ഗീർവാണകേരളഭാഷാവിമിശ്രിതം.
കഠിനതയുമിടയിടയിൽ വരുമതുമിരുമ്പിനാൽ-
ക്കപ്പൽ മരംകൊണ്ടു കല്പിക്കിലേവനും.
അഭയമിതു ഭവജലധിനടുവിലടിയുന്ന കപ്പൽ,-

ലഭ്യസിച്ചീടിനാലതിനമുണ്ടാം [illegible].
മറുകരയിലണവതിനുമറികിൽ മതിയായ് വരും
മാലോകരെ! ഘോരസംസാരസാഗരേ.
പരിണയനവിധികളിലുമിതു സദസി പാടിയാൽ
പ്രായേണ സർവമംഗല്യകർമ്മത്തിനും
അംഘശമനമതിസുഖദശുഭസുഭഗതാവഹ,-
മാരറിയാത്തതി,താരോടു ചൊല്ലു നാം?
കൃതമിതതിവിതതമിഹ ഗിരിദുഹിതൃകല്യാണ-
ഗീതപ്രബന്ധം മുദേ'സ്തു മേധാവിനാം.

ഇതി ഗിരിജാകല്യാണേ ഗിരിജോദ്വാഹഖണ്ഡം സമാപ്തം.

ശുഭമസ്തു.

അനുബന്ധം.

ഉണ്ണായിവാരിയരുടെ വടക്കുന്നാഥസ്തോത്രങ്ങൾ.

അലമലമലമല്ലകമേകം
മലമലിനിതമപി കില വസനം
തിലമശനം ഫലമപി മൂലം
നിലമശിഥിലമപി കില ശയനം.
നിലയധനസുജനാകുലതയി-
ലവചപലത നിഖിലസിതമലസത.
പരശിവ! നിൻ പാദഭജനത്തിനു
വരമരുളു വടക്കുന്നാഥാ. ൧

ആലവുമുണ്ടാശു ജഗൽപരി-
പാലനപര! പരമൊരു മാമുനി-
ബാലനിലനുകൂലതയാ കില
കാലനെവെന്നവനതബന്ധോ!
നാലമാറും തവ നമനേ ശിവ!
കാലിനു തൊഴുതേനവനപര!
പാലയ മാമുരുദയയാ മമ
വരമരുളു വടക്കുന്നാഥാ. ൨

ഇഹലോകസുഖേച്ഛ തഴച്ചുതി-
ലഭിപ്പോളമമതു ഹതവിധിയാൽ
വിഫലേ ലോതി ഭ്രമതി കഥഞ്ചന
സഫലോ ന മുദേതി ച ഹൃദയം.
ന ഖലോ ന ജഹാമി ജരസ്യപി
മൃഗലോചനമാരിൽ മനോരതി-
മവലോകയ മാമുരുദയയാ
വരമരുളു വടക്കുന്നാഥാ. ൩

ഈശപരനായതു നീ കേവല-
മാശ്രയണീയോऽസി സദാപദി.
താഴ്ചവരാമോഹമഹോ മുറ്റ-
രോച്ച വരാ ചരണാർച്ചനയിൽ

കാച്ച്യോരു പാലായുരിദം ലഭ്യ
പൂച്ചരനാം പൂച്ച രസജ്ഞം.
നേച്ച്യിതേ ധൂർജ്ജടയേ! തേ
വരമരുള്ള വടക്കുന്നാഥാ. ൨

ഉലകീരേഴിലുമോരോവക
കുലതതിഷു ജനിച്ചു മരിച്ചേൻ.
ഫലമതിനാലെന്തിഹ വന്നതു
മലമകൾധവ! മമ വാതപകട-
മലർമകൾനിലമിനി മമ നിലയം.
മൂലതരികിലുമിടനില നീ താൻ.
ബലവദിദം മമ രുദിതം ശൃണു
വരമരുള്ള വടക്കുന്നാഥാ. ൩

ഊർത്തുജപിച്ചന്തിമുടിപ്പവ
രോർത്തുപഠിച്ചറിവു തദർത്ഥം.
ക്രുത്തധിയാ കർമ്മ കഴിപ്പവർ
ധൂർത്തതതൻ വാർത്ത തൊടാതേ,
പാർത്തലസുരർ പോലുമമീ തവ
വാസ്തവമറിയാഞ്ഞുഴലുമ്പോൾ.
ഊർദ്ധ്വഗതിക്കുള്ളൊരു വഴികളിൽ
വരമരുള്ള വടക്കുന്നാഥാ. ൪

എത്രയുമതിചിത്രമിതാ നിൻ
മസ്തകമതിനുപരി ജടാവന-
ഗർത്തഗതാ ഗളിതബഹിർഗ്ഗതി
വർത്തത ഏവാമരതടിനീ.
സത്യമതെന്നില്ലൊരുറപ്പിതു
പുത്രവതിക്കദ്രിസുതയ്ക്കും
നൃത്തവിധാവപി; ബഹുധാ മമ
വരമരുള്ള വടക്കുന്നാഥാ. ൫

ഏകൻ പ്രഥമോദിതനേവം
ലോകങ്ങളും ചമച്ചവനാദൌ
ദേഹം പൂരികാന്തരതസ്തവ
വാഗംബികതൻപതി ധാതാ

ശോകം പരിഹൃത്യ വിധായ വി-
വേകം മതതത്ത്വമജാനൻ
ആകമ്പത ഏവ ധിയാ; മമ
വരമരുൾക വടക്കുന്നാഥാ. ൮

ഐരാവതമേറി നടക്കിലു-
മൈരാവതിപോലെയിരിക്കിലു-
മോരോ ജനതാഢ്യരൊടൊക്കിലു-
മാരാദ്ധ്യരൊടൊപ്പമിരിക്കിലു-
മാരോമലൊരാപഗയാകിലു-
മീരേഴുലകോട്ടകിലും ചിര-
മാരാരറിവോർ തവ മഹിമകൾ?
വരമരുൾക വടക്കുന്നാഥാ. ൯

ഒരു വഴി പുനരുരുതരതപസാ-
മൊരു പരിണതിയാൽ മുനികളി-
ലൊരു മുനിവരനൊരുദിനമൊരു
പൊഴുതെങ്കിലുമമയായ്കിലുമാം.
സുരമുനിനുത! പരിചരണം തവ
ഹരമൃഡശിവനാമജപാദിക-
പരിചേതും പരശുധരപ്രിയ
വരമരുൾക വടക്കുന്നാഥാ. ൧൦

ഓമിതി ഭവതോ മനനം മതി-
ജേമനമിതി യാ മതി ധീമതി
ജേമനമിതി നാമനി തേ ശിവ!
... ...
സാ മതി മതി ധാമഗതെയ്തവ.
കാമരിപോ! കാമദയാമത്ര
നാമതിനധികാരികളാമോ?
വരമരുൾക വടക്കുന്നാഥാ. ൧൧

ഔദരശിഖിയായതു നീ പര-
മോദനസമിദാഹുതി മേ ത്വയി.
മോദരസം ഭവതു ല്യതാഹുതി-
രാദരമമുനാ യദി ഹൃദയേ

ഭൂതപതേ! പൂതപദം നയ.
ഭൂധരജാജാനേ ഞാനൊരു
പാതകിയെന്നാലുമെനിക്കൊരു
വരമരുള്ക വടക്കുന്നാഥാ. ൧൨

അൎക്കനിശാകരശിഖിലോചന!
സൽകരുണാവരുണനികേതന!
ദുഷ്കൃതിനാം ദൂരോപാസന!
രുക്മമഹാശൈലശരാസന!
ഭൎഗ്ഗ! വിഭോ! ഭസ്മവിലേപന!
ഭദ്രകരോ ഭവ വൃഷകേതന!
ഭക്തജനേ മാദൃശി ദീനേ
വരമരുള്ക വടക്കുന്നാഥാ. ൧൩

ഹര! ഹലധരവസനദ്യുതിഗള!
ശിവ! ശിപിവിഷ്ടാഷ്ടകളേബര!
കരതലധൃതശൂലപരശ്വധ-
ഹരിണവരാഭയ! പരമേശ്വര!
ധരതനയാധവ! ഗണരാജേശ്വര!
ധനദസഖേ! ധാൎമ്മികവത്സല!
ഭരതനയാശ്രയ! ജയ ശങ്കര!
വരമരുള്ക വടക്കുന്നാഥാ. ൧൪

---

(൨)

നരകമുണ്ടിനി മേലിൽ വരുവാനെന്നൊരു പേടി
പെരുതായേ മനതാർ വെരുളുകീടുന്നു.
തിരുനാമമുരചെയ്വാൻ വരമൻപോടരുളേണം
കരുണാവാരിധേ! ശംഭോ! വടക്കുന്നാഥാ. ൧

മടിക്കൊല്ലേ ജഗന്നാഥാ! നിനക്കല്ലേ പരിഭവം?
ഇളപ്പമില്ലെനിക്കേതും തടുത്തീടായ്കിൽ.
തിരുപ്പാദം വണങ്ങി ഞാനിരിക്കെ വന്നവർ ചെയ്യു-
മതിക്രമം തടുക്കേണം വടക്കുന്നാഥാ. ൨

ശിരസ്സിലമ്പിളിഗംഗ ധരിച്ചു പാമ്പെലുമ്പിരു
കരത്തിൽ മാൻ മഴു ശൂലം തലയുമായി
ഇരിക്കേണമൊരുനേരം പിരിയാതെൻ മനതാരിൽ
ഭജിക്കുന്നേനതിനു ഞാൻ വടക്കുന്നാഥാ. ൩

വടക്കുന്നാഥനെക്കണ്ടു മരിക്കേണം നമുക്കിപ്പോ-
ളൊട്ടുക്കും നിൻ പാദത്തിങ്കലിരിക്കവേണം.
ഗുണംപോരാ നമുക്കെന്നു പറകിലും ഭവാൻപോക്കൽ
സമസ്തവും വഴങ്ങിനേൻ വടക്കുന്നാഥാ. ൪

യമൻതന്റെ പുരത്തിങ്കലയയ്ക്കൊല്ലായിനി നമ്മെ-
ശ്ശിവൻതന്റെ പുരത്തിങ്കലിരുത്തീടേണം.
ജഗത്തൊക്കെ നിറഞ്ഞുള്ള പരബ്രഹ്മം മനക്കാമ്പിൽ
സ്മരിക്കേണം മരിക്കുമ്പോൾ വടക്കുന്നാഥാ. ൫

---

(൩)*

അമ്പിളിത്തെല്ലും പിച്ചകമാലയും
തുമ്പമാലയും ചാർത്തി വിളങ്ങുന്ന
അമ്പിൽ നല്ല തിരുമുടി കാണണം
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧
ബാലചന്ദ്രനോടൊത്തു വിളങ്ങുന്ന
ഫാലദേശേ തിളങ്ങും നയനവും
ലീല കോലുന്ന ചില്ലീയുഗളവും
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൨
ലീലകൊണ്ടു ജഗത്തിനെസ്സൃഷ്ടിച്ചു
പാലനംചെയ്തു സംഹരിച്ചീടുന്ന
നീലപത്മസമാനനയനങ്ങൾ
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൩
ചാരുതൈലസുമസമനാസയും
പാരം മിന്നുന്ന ദന്തവസനവും
നേരേ കാണണം ദന്താവലികളും
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൪
പന്നഗപതികുണ്ഡലഭംഗിയും
മിന്നും ഗണ്ഡയുഗളം മുഖാബ്ജവും
മുന്നിലാമ്മാറു കാണായ്വരേണമേ
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൫
കണ്ഠശോഭയും കാളകൂടാഭയും
കണ്ടാൽ കൌതുകമേറും തിരുമാറും

---

* ഇതിന്റെ കർത്തൃത്വത്തെപ്പററി സംശയമുണ്ടു്.

കണ്ടാവൂ നീലകണ്ഠ! ദയാനിധേ!
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൬

എപ്പൊഴും തിരുമാറിലണിയുന്ന
സർപ്പമാലകൾ പൊന്മണിമാലകൾ
പുഷ്പമാലകൾ കാണായ്‌വരേണമേ
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൭

മാനും വെണ്മഴുവുമഭയം പരം
മാനമെന്യേ വിളങ്ങും തൃക്കൈകളും
മാനസതാരിലെപ്പോഴും തോന്നണം
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൮

വിശ്വമെല്ലാം പ്രളയേ ലയിക്കുന്ന
വിശ്വയോനേ! നിൻ നല്ലോരുദരവും
നിശ്ചലം മമ മാനസേ തോന്നണം
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൯

നാഗചർമ്മലസിതകടീതടം
നാഗകാഞ്ചീഗുണാഞ്ചിതശോഭയും
നാഗരാജകരാഭം തുട രണ്ടും
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൦

കാന്തികോലുന്ന ജാനുയുഗളവും
കാമബാണധിക്കൊത്ത കണങ്കാലും
ചന്തമേറും പുറവടി നൂപുരം
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൧

പാദപങ്കജയുഗ്മസുഷമയും
പാരം ശോഭകലരും വിരലുകൾ
ആദരവോടു നിത്യം വണങ്ങുന്നേൻ
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൨

ഭസ്മഭൂഷിതമായ തിരുമേനി
ഭക്തിയോടേ വണങ്ങി സ്തുതിക്കുന്നേൻ.
അസ്മദാദിമനസ്സിൽ വിളങ്ങേണം
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൩

ഈശ്വരാ നിൻ മടിയിൽ മരുവുന്ന
വിശ്വമോഹനസുന്ദരഗാത്രിയാം

ഈശപരിതൻ കടാക്ഷമുണ്ടാകണം
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൪

ഒററക്കൊമ്പനും താരകവൈരിയു-
മററമില്ലാത്ത ഭൂതഗണങ്ങളും
ചുററും നിന്നു സ്തുതിപ്പതു കാണണം
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൫

താരിൽമാനിനീകാന്തൻ മുകുന്ദനും
സാരസാസനൻതാനും സുരന്മാരും
നാരദാദിമുനികളും സേവിപ്പതും
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൬

സിദ്ധചാരണഗന്ധർവ്വഗുഹ്യക-
സാദ്ധ്യവിദ്യാധരാപ്സരോവൃന്ദവും
ബദ്ധമോദം വണങ്ങിസ്തുതിപ്പതും
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൭

യക്ഷരാക്ഷസപന്നഗകിന്നര-
ഋക്ഷപൈശാചദൈതേയവീരരും
അക്ഷീണാനന്ദം വാഴ്ത്തിസ്തുതിപ്പതും
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൮

ഭൂസുരന്മാർ പുഴവേലിയുന്നടൻ
ഭാസുരമായ വേദഗണം കൊണ്ടു
വാസരംതോറും വാഴ്ത്തിസ്തുതിപ്പതും
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൧൯

വെള്ളിമാമല പോലെ വിളങ്ങുന്ന
വെള്ളക്കാളതന്നത്ഭുതകാന്തിയും
ഉള്ളിൽ കാണാസ്സുരേണം കൃപാനിധേ!
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൨൦

തൃക്കഴൽക്കൂപ്പി വന്ദിക്കും ഞങ്ങളേ
നൽകാരുണ്യം കലർന്നു ഭവാംബുധേ!
രക്ഷിച്ചീടുകവേണമേ സന്തതം
തൃശ്ശിവപേരൂർ വാഴും ശിവ! ശംഭോ! ൨൧

(൪)

അനൎഗ്ഗളം ദുരിതം ചെയ്തിരിക്കും കാലവും പോക്കു-
മട്ടുക്കമന്തകനായുസ്സൊടുക്കത്തിങ്കൽ.
നട്ടുക്കമുണ്ടവൻ വന്നിങ്ങടിക്കുമെന്നതിനാൽ നി-
ന്നടിക്കോളമട്ടത്തേൻ ഞാൻ വടക്കുന്നാഥാ. ൧

ആദിയും നിന്നവധിയും ജാതിയും പേർ മഹിമയും
മാധവനുമറിഞ്ഞീല ചതുർമ്മുഖനും.
ആതിര നിന്തിരുനാളെന്നേതു ഹേതു ജനം ചൊല്ലാൻ?
ഭൂതനാഥാ! ശിവ! ശംഭോ! വടക്കുന്നാഥാ. ൨

ഇരിക്കുന്നു ഗിരികന്യ തിരുത്തുടയിലെപ്പോഴും;
രമിക്കുന്നു സുരധുനി ജടമുടിയിൽ.
ഭരിക്കുന്നു ജഗദ്ഭാരികളേ; നിന്റെ ചരിത്രങ്ങൾ
ധരിക്കാവല്ലെനിക്കേതും വടക്കുന്നാഥാ. ൩

പലവിധങ്ങൾ നിരൂപിച്ചോർ സേവചെയ്യാനധികാരം
ദേവകൾക്കും മുനികൾക്കുമെനിക്കുമൊക്കും.
ആവോളം ഞാൻ ഭജിക്കുന്നേൻ താവകം മേ പരം തത്വം
ഭാവനയിലുദിക്കേണം വടക്കുന്നാഥാ. ൪

ഉററവരും പററുപാങ്ങും വിത്തപൂരം വസ്തുസാരം
ചെററുപോരാ ചെററുപോരാ എന്നൊഴിഞ്ഞുണ്ടോ?
അററുപോമായുസ്സൊരുനാൾ; ചെററുണ്ടോ ചിന്ത ഗുണാം
വിററുതിന്നും. വിധേയ പുണ്യം? വടക്കുന്നാഥാ. ൫

ഊട്ടുവൻ ഭൂസുരകോടി; വേട്ടു വംശമുറപ്പിപ്പൻ;
നാട്ടിലെല്ലാം ഗുണൈരീട്ടുംകൂട്ടുവൻ കീർത്തിം;
കൂട്ടുവനീശചരചിത്തമെന്നിരിക്കേ യമരാജൻ-
തീട്ടുവന്നു പലക്ക്യോ! വടക്കുന്നാഥാ. ൬

എന്നിലേക കൃപാം മുൻപേ; സമ്പദമിങ്ങയയ്ക്കേണ്ട;
മന്ദധീകൾ പുരന്മാർക്കും വന്നു പോയ് നാശം;
ദന്തിവക്ത്രനൊരിൽ ക്രൂട്ടം? കുന്തിപുത്രൻ? ഭവൽഭക്തൻ
നന്ദികേശനഹം വന്ദേ വടക്കുന്നാഥാ. ൭

എത്തുപുണ്യമേതുപാപമാരറിഞ്ഞു? ദേഹി നീ മേ
പ്രീതിഭൂതിസ്ഥിതമേധാമോദിതാം ദൃഷ്ടിം;

പാർവ്വതിക്കും നിധിപതിക്കും പാരദകിക്കും ഗണപതിക്കും
പാതിപോരും ഭക്തബന്ധോ! വടക്കുന്നാഥാ. ൮

ഹേതിഹാസം ചാന്ദ്രമൈന്ദ്രം ഭൂതബാണം ....
ശ്വേതഫാലം ധൂതശൂലം പീതകാകോളം
പാർവ്വതിയും ഗംഗയേവം തവ ചരിത്രം ബഹുവിചിത്രം
സർവ്വകാലം നിനയ്ക്കുന്നേൻ വടക്കുന്നാഥാ. ൯

ഒഴിക്കേണം പുനർജ്ജന്മം പിഴക്കേണമിനിബ്ഭയം
ലഭിക്കേണമപവർഗ്ഗമെനിക്കെന്നാശ.
മനക്കാമ്പു നിനവാർത്തിൽ ജലികാറല്ലതിനൊത്ത
വഴിക്കെന്നെ നയിയ്ക്കൊല്ലേ വടക്കുന്നാഥാ. ൧൦

ഓപ്പമേറും ജടമുടിയും തിരുപ്പൊരിയും തിരുമിഴിയും
കൂപ്പുവോരിൽ കൃപാപൂരോദ്ബാഷ്പമാം നോക്കും
വായ്പെഴും വക്ത്രവും വന്ദേ ഭസ്മനാംഗരാഗനാം നിൻ
തോൾപ്പടവും നാൽപ്പദവും വടക്കുന്നാഥാ. ൧൧

....

വായ്പെഴും സപ്തമമന്ത്യം യജമാനൻ പോൽ
അഷ്ടമൂർത്തേ വദ ഗാത്രമെട്ടെണ്ണത്തിനൊരേടത്തു
വിഷ്ടപേ വിദ്യതേ/ന്യസ്മ? വടക്കുന്നാഥാ. ൧൨

അർക്കചന്ദ്രശിഖിനേത്രം പാശുരാകീർണ്ണവൃതഗാത്രം
ദുഷ്ടതോത്സാരണഹേത്രം സദ്ഗുണസ്തോത്രം
രക്ഷ സച്ചിൽസുഖമാത്രം വിശ്രാന്തപ്രാണിതപാത്രം
.... സുചരിത്രം വടക്കുന്നാഥാ. ൧൩

അക്ഷയോക്ഷവരവാഹ! ദക്ഷയാഗക്ഷതിദക്ഷ!
ലക്ഷകോടിജഗദണ്ഡരക്ഷണതൽപ്പക്ഷ!
ഭൈക്ഷവൃത്തിപര സിംഹ ....
ദക്ഷിണകൈലാസവാസ! വടക്കുന്നാഥാ. ൧൪

ശുദ്ധിപത്രം.

പുറം.	വരി	അബദ്ധം.	സുബദ്ധം.
vii.	൨൪.	പാദപാതാ.	പാദപാനാം.
,,	൨൮.	പുരാ.	പുരഃ.
ix.	൪.	കവെ.	കവേ.
xiv.	൮.	പ്രൊഫസർ	പ്രൊഃഫെസർ.
3.	൯.	നിലപ്പൂ,	നില്പൂ.
4.	൨൬.	നിരസ.	നീരസ.
6.	൩൩.	ബിജ.	ബീജ.
11.	൧൭.	മിതരൊ.	മിതമൊ.
12.	൪.	ശായിതംകായം.	ശായിതകായം.
,,	൯.	വിസ്മരനായ.	വിസ്മരനായ്
,,	൩൧.	കാൺമത്.	കാൺമൂന്ന്.
13.	൧.	മൃദ്രസ.	മൃദ്രസാ.
15.	൧൩.	കാണായ.	കാണായ്.
18.	൧൯.	ഷഡ.	ഷഡ്.
32.	൨൦.	പ്രതിസീരവും.	പ്രതിസീരയും.
,,	൨൭.	ചെമ്പോൽ.	ചൊമ്പോൽ.
36.	൧൨.	ബാഹേ.	ബാഹ്വേ.
37.	൧൭.	ചേത്ര.	ചേത്ത്ര.
,,	൨൧.	വളർപ്പ.	വളൎത്ത.
39.	൨൧.	വചനിതം.	വാചനിതം.
48.	൧൦.	അംഗിത്സുഖം.	ആത്മൽസുഖം.
56.	൧൫.	സംവിധാ.	സംവിദാ.
57.	൧൭.	ഉറംഗാമ്പിലാളി.	ഉറംഗാമ്പിനാളി.
58.	൨.	നിന്നോളം.	നിന്നോളം."
,,	൩.	കേറപ്പതെ.	"കേറപ്പതെ.
,,	൧൭.	എന്തപ്രവുംനന്നു.	എന്തപ്രപന്നനു.
61.	൨.	രധനം.	രാധനം.
,,	൧൮.	തളിക്കേ.	തെളിക്കേ.
64.	൧.	തർഷം	മർഷ.
66.	൨൧.	ദേവിയൊ.	ദേവിയോ.
74.	൨൦.	പോകന്നു,	പോകുന്നു.
76.	൧൩.	[illegible]പസ്യാ.	[illegible]പസ്യാ.
85.	൧൨.	[illegible]	[illegible]
90.	൧൨.	[illegible]നി!.	[illegible]
92.	൭.	ഹരി.	ഗ[illegible].
93.	൩.	അരുളി.	അരുളീ.
,,	൧൭.	കുചാവതംസ.	കുചാവതംസ.
,,	൩൦.	ഉരദേി.	[illegible]ദേി.
94.	൧൯.	വിരവോ.	വിരവൊ.
96.	൩.	ളോപ്പിച്ചു.	ളൊപ്പിച്ചു.

പുറം.	വരി.	അബദ്ധം.	സുബദ്ധം.
99.	൧൭.	കൃ.	കൃ്.
105.	൧൫.	നമിക്കയു.	നമിക്കയും.
107.	൨൮..	നതന്തതി.	നതിന്തതി.
111.	൩.	ഞാൻ.	ഞാൻ".
,,	൫.	നിറഞ്ഞുതേ."	നിറഞ്ഞുതേ.
114.	൨.	നേർതരം.	നേർതിര.
116.	൫.	കുംഭോത്ഭവന്റേ.	കുംഭോത്ഭവനുടൽ.
,,	൩൦.	കടന്നു.	കടന്ന.
117.	൧.	കളൊട്ട.	കളോട്ട.
118.	൨൧.	ഏഴുമെ.	ഏഴുമേ.
,,	൨൩.	വാഴക.	വാഴ്ക.
iv.	൧൬.	ഗിര.	ഗിരി.



READY FOR SALE.

ശ്രീമൂലംമലയാളഭാഷാഗ്രന്ഥാവലി.

	രൂ.	ച.	കാ.
No. 1—ശുകപക്ഷിണിപ്പാട്ട്	0	7	0
No. 2—[illegible]രാമായണം (കിളിപ്പാട്ട്)	0	7	0
No. 3—[illegible] (കിളിപ്പാട്ട്)	0	10	വലി.
No. 4—പാർവ്വതീപരിണയം (കിളിപ്പാട്ട്)	0	12	0
No. 5—[illegible]പ്പാട്ട് (കിളിപ്പാട്ട്)	0	14	0
No. 6—കല്യാണസൌഗന്ധികം (ഭാഷാചമ്പു)	0	6	0
No. 7—പ്രഹ്ലാദചരിതം (ഹംസപ്പാട്ട്)	0	5	0
No. 8—[illegible] (തിരു[illegible])	1	0	8



കേരളസാഹിത്യ
അക്കാദമി